


# വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്

# വികസനരേഖ

55- 6



"സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ താങ്കൾക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമദരിദ്രനു പോലും അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന വർഗ്ഗക്കാരോ ഇല്ലാത്തൊരു ഭാരതം, എല്ലാ സമുദായങ്ങളും പരിപൂർണ്ണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം-അതു കെട്ടിപ്പടുക്കുന്നതിനുവേണ്ടി ഞാൻ പ്രവർത്തിക്കും"

-മഹാത്മാഗാന്ധി


കോട്ടയം


കോട്ടയം ജില്ല
ERNAKULAM
IDUKKI
ALLEPPEY
കുറിച്ചി
PATHANAMTHITTA


MAP OF VAZAPPALLY · PANCHAYAT
DISTRICT · KOTTAYAM
TALUK . CHANGANACHERRY
ALLEPPEY DISTRICT
CHANGANACHERRY VILLAGE
RAILWAY STATION
BOAT JETTY
M.C. ROAD
SCHOOL
INDEX
MAIN ROADS
OTHER ROADS



രമേശ് ചെന്നിത്തല M.P.



സി. എഫ്. തോമസ് M. L. A.



എബ്രഹാം മാത്യു
*ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്*



ഏലിയാമ്മ ഫിലിപ്പ്
*ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്*



സജി ഓലിക്കര
*ജില്ലാ പഞ്ചായത്തു മെമ്പർ*



ലീലാമ്മ വർഗീസ്
*ജില്ലാ പഞ്ചായത്തു മെമ്പർ*



അഡ്വ. ജോസഫ് ഫിലിപ്പ്
*ബ്ലോക്കു പഞ്ചായത്തു മെമ്പർ*



ലീലാമ്മ തോമസ്
*ബ്ലോക്കു പഞ്ചായത്തു മെമ്പർ*



ലീലാമണിയമ്മ
*ബ്ലോക്കു പഞ്ചായത്തു മെമ്പർ*

# നന്ദിയോടെ.....

ചരിത്രപരമെന്നു വിശേഷിപ്പിക്കാവുന്ന ഒരു പ്രവർത്തനത്തിന്റെ അവസാനഘട്ടത്തിലേക്കു നാം കടക്കുകയാണ്. നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കാൻ പോകുന്ന ഒമ്പതാംപദ്ധതിയുടെ നെട്ടുംതൂണാണ് ഇവിടെ അവതരിപ്പിക്കുന്ന വികസന രേഖ. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന വിവിധ വാർഡുകളിലെ പ്രശ്നങ്ങൾ – പരിഹാരനിർദേശങ്ങൾ – വിവരശേഖരണങ്ങളിലൂടെ സമാഹരിച്ച ജനജീവിതത്തിന്റെ വിവധതലങ്ങളെക്കുറിച്ചുള്ള പൊതു അവസ്ഥ – സാമൂഹ്യസാംസ്കാരിക ചരിത്രം ഇവയൊക്കെയാണ് ഇതിലെ ഉള്ളടക്കം. ഒട്ടേറെപ്പേരുടെ ത്യാഗപൂർണമായ പ്രവർത്തനങ്ങളാണ് ഈ രേഖ രൂപപ്പെടുത്തുവാൻ സഹായിച്ചത്. വികസനരേഖ തയ്യാറാക്കുവാൻ സഹായങ്ങൾ നൽകിയ ഒരോരുത്തരോടും വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും പേരിൽ ഞങ്ങൾ നന്ദിപറയുന്നു.

ഇനിയും ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. വികസന രേഖ പദ്ധതിയായി മാറണം. രേഖയിലെ ഓരോ നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതികവിവരങ്ങൾ. എസ്റ്റിമേറ്റ്. നിർമ്മാണകാലം. മുതലായ വിവരങ്ങൾ തയ്യാറാക്കണം. ഈ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കിയേ മതിയാകൂ. ഇക്കാര്യങ്ങൾക്കും എല്ലാവരുടെയും സഹായങ്ങൾ അപേക്ഷിക്കുന്നു.

ഒരു കാര്യംകൂടി – നമ്മുടെ ഗ്രാമത്തെ അറിയാൻ നമുക്കുകഴിഞ്ഞു. പഞ്ചായത്തിന്റെ ഇന്നലെകളിലെ രൂപപരിണാമങ്ങൾ ചരിത്രമായി നാം രേഖപ്പെടുത്തി. പ്രശ്നങ്ങളും പരിഹാരങ്ങളും തിട്ടപ്പെടുത്തി. പദ്ധതി രൂപം കൊള്ളുന്നു – ജനപങ്കാളിത്തത്തോടെ. ജനങ്ങളുടെമേൽനോട്ടത്തിൽ. ചരിത്രപരമായ ഈ ദൗത്യം നിർവഹിക്കുന്നതിന് പ്രേരണയേകിയവരോട് – ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ശില്പികളായ സംസ്ഥാന ഗവൺമെന്റിനോടും. ആസൂത്രണ ബോർഡിനോടുമുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തട്ടെ.

ഈ രേഖ പരിപൂർണ്ണമാണെന്ന അവകാശമില്ല. കുറവുകൾ ഉണ്ടാകാം. തിരുത്തലുകൾ സ്വാഗതം ചെയ്യുന്നു.

സന്തോഷപൂർവം വികസനരേഖ നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു. ഇതിനു രൂപം നൽകുവാൻ ഒത്തുചേർന്ന എല്ലാവരേയും നന്ദിയോടെ സ്മരിച്ചുകൊണ്ട്.

ഷേർളി ജോസഫ്
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

കെ. ജി. സോമനാഥൻ നായർ
ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ചെത്തിപ്പുഴ
5.1.1997

# മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ



റ്റി. എം. കൃഷ്ണക്കുറുപ്പ്
*ആദ്യ പ്രസിഡൻറ്*



പ്രൊഫ. പി. വി.
ഉലഹന്നാൻ മാപ്പിള



കെ. കെ. ജോസഫ്
കൈനിക്കര



ജോർജ് ഫ്രാൻസിസ്

# ഇപ്പോഴത്തെ ഭരണസമിതി



മേഴ്സി ജോസഫ്
*പ്രസിഡൻറ്*



പാപ്പൻ കറുമ്പൻ
*വൈസ് പ്രസിഡൻറ്*



രാജാ കിഴക്കെ
*സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ*



കെ. എ . ഏബ്രഹാം



അനിത സാബു



ആലിച്ചൻ തൈപ്പറമ്പിൽ



ജെസ്സി ജോസഫ്



തോമസ് നമ്പിമഠം



എം. ഡി. ദേവരാജൻ



ലിസ്സമ്മ ജോണിക്കുട്ടി



സാബു കലക്കുളം

മുൻ പ്രസിഡൻറ്



കെ. എം. മാത്യു പാത്തിക്കൽ

*(മെമ്പർ)*



കെ. ജി. സോമനാഥൻ നായർ

*സെക്രട്ടറി*



# ഉള്ളടക്കം


| | |
|---|---|
| നന്ദിയോടെ | 7 |
| പത്രാധിപസമിതി | 11 |
| പൊതുവിവരം | 12 |
| ആമുഖം | 13 |
| ജനകീയാസൂത്രണപ്രവർത്തനങ്ങൾ | 14 |
| സാമൂഹികസാംസ്കാരീകചരിത്രം | 15 |


## വികസനമേഖലകൾ


| | | |
|---|---|---|
| 1 | കൃഷി, ജലസേചനം | 22 |
| 2 | മൃഗസംരക്ഷണം | 34 |
| 3 | മത്സ്യബന്ധനം | 38 |
| 4 | വ്യവസായം | 40 |
| 5 | വിദ്യാഭ്യാസം | 43 |
| 6 | സംസ്കാരം | 49 |
| 7 | കുടിവെള്ളം, പൊതുജനാരോഗ്യം | 53 |
| 8 | ഗതാഗതം, ഊർജ്ജം | 61 |
| 9 | പാർപ്പിടം, സാമൂഹ്യക്ഷേമം | 78 |
| 10 | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 83 |
| 11 | ചേരികൾ കോളനികൾ | 90 |
| 12 | വനിതാ ക്ഷേമം | 95 |
| 13 | സഹകരണം | 98 |
| 14 | വിഭവസമാഹരണം | 107 |
| | ഉപസംഹാരം | 109 |
| | ഇത്രയുംകൂടി (പത്രാധിപക്കുറിപ്പ്) | 110 |
| | ജനകായാസൂത്രണം വിവിധ സമിതികൾ | 111 |

## എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| മാത്യു. ജെ. മുട്ടത്ത് | – ചീഫ് എഡിറ്റർ |
| അന്ത്രയോസ് മാറാട്ടുകളം | – എഡിറ്റർ |
| കെ. എ. എബ്രഹാം | – മെംബർ |
| എം. ഡി. ദേവരാജൻ | " |
| അഡ്വ. ജോസഫ് ഫിലിപ്പ് | " |
| ഡി. അനിൽകുമാർ കുന്നിൽ | |
| അപ്പുക്കുട്ടൻ കപ്ളാംമൂട്ടിൽ | " |
| എ. ജെ. സ്കറിയ | " |
| കെ. ജി. സോമനാഥൻ നായർ | " |



| | |
|---|---|
| രൂപകല്പന | : എ. വി. പ്രതീഷ്, പ്രാക്സിസ്, ചങ്ങനാശ്ശേരി |
| കവർചിത്രം<br>(ദൃശ്യങ്ങൾ) | തുരുത്തി അരിസ്രാക്കൽ പാടശേഖരം<br>ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്<br>തൂപ്രം പാടശേഖരത്തിലെ മത്സ്യകൃഷി<br>ഹരിതജ്യോതി |
| ഫോട്ടോ | ചാക്കോച്ചൻ, മഞ്ചാടിക്കര |
| ഡി. റ്റി. പി. | ചിപ്ടെക്, പുല്ലുകാടൻ, കംപ്യൂസെർവ്,<br>രോഹിണി, അപെക്സ് |
| അച്ചടി | സിജ്ജോ ഓഫ്സെറ്റ്, പെരുന്ന. |

പ്രസാധക:

ജെസ്സി ജോസഫ്.
(പ്രസിഡന്റ്, വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത്)

5-1-97.

# പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിൻെറ പേര് ........................................ വാഴപ്പള്ളി
ഉൾപ്പെടുന്ന വില്ലേജുകൾ ........................................ 1. വാഴപ്പള്ളി പടിഞ്ഞാറ്
........................................ 2. ചെത്തിപ്പുഴ.
ജില്ലാ പഞ്ചായത്ത് ........................................ കോട്ടയം
ബ്ലോക്ക് പഞ്ചായത്ത് ........................................ മാടപ്പള്ളി
താലൂക്ക് ........................................ ചങ്ങനാശ്ശേരി
അസംബ്ലി മണ്ഡലം ........................................ ചങ്ങനാശ്ശേരി
പാർലമെൻറ് മണ്ഡലം ........................................ കോട്ടയം

അതിരുകൾ

കിഴക്ക് ........................................ മാടപ്പള്ളി പഞ്ചായത്ത്
പടിഞ്ഞാറ് ........................................ വെളിയനാട്, നീലംപേരൂർ പഞ്ചായത്തുകൾ
വടക്ക് ........................................ കുറിച്ചി, വാകത്താനം പഞ്ചായത്തുകൾ
തെക്ക് ........................................ തൃക്കൊടിത്താനം പഞ്ചായത്ത്,
........................................ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി

ജനസംഖ്യ ........................................ 29527
പുരുഷൻ ........................................ 14635
സ്ത്രീകൾ ........................................ 14892
ജനസാന്ദ്രത ........................................ 1358.81
അക്ഷരാഭ്യാസമുള്ളവർ ........................................ 23925
വാർഡുകൾ ........................................ 12
പ്രസിഡണ്ടിൻെറ പേര് ........................................ മേഴ്സി ജോസഫ്
വൈ. പ്രസിഡണ്ടിൻെറ പേര് ........................................ പാപ്പൻ കറുമ്പൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ........................................ രാജാ കിഴക്കൈ



# ആമുഖം

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ജനകീയ ആസൂത്രണ പ്രസ്ഥാനം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. മാമൂൽ വികസന സങ്കൽപ്പങ്ങൾക്കും പദ്ധതികൾക്കും ഒരു ബദൽ വികസന തന്ത്രം ആവിഷ്ക്കരിക്കുന്നതിലൂടെ വീണ്ടും കേരളം മാതൃക ആകുകയാണ്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ അരനൂറ്റാണ്ടു കാലത്തെ വികസന പ്രവർത്തനങ്ങൾ വേണ്ടുവോളം വിജയിച്ചിട്ടില്ല എന്ന തിരിച്ചറിവാണ് ഇങ്ങനെ ഒരു ബദൽ അന്വേഷണത്തിന് നമ്മെ പ്രേരിപ്പിച്ചത്. പഞ്ചവത്സരപദ്ധതികൾ ലക്ഷ്യമാക്കിയ വളർച്ചയും നേട്ടവും വെറും പതിനഞ്ചുശതമാനം മാത്രമായി. 85% തട്ടിയും, തൂകിയും നഷ്ടമായി. ക്ഷേമം ന്യൂനപക്ഷത്തിനുമാത്രം. ഭക്ഷണം, പാർപ്പിടം, തൊഴിൽ തുടങ്ങിയ രംഗങ്ങളിലെല്ലാം മഹാഭൂരിപക്ഷത്തിന് പേറേണ്ടിവരുന്ന ദാരിദ്രത്തിന്റെ തോത് ഏറിവരുന്നു.

വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ പ്രത്യക്ഷമോ പരോക്ഷമോ ആയി യാതൊരു പങ്കും സാധാരണപൗരന് ഉണ്ടായിരുന്നില്ല. ഭരണയന്ത്രത്തിന്റെ മേൽത്തട്ടിലുള്ള ഒരു പറ്റം "വിദഗ്ദ്ധർ" തയാറാക്കുകയും, നടപ്പാക്കുകയും ചെയ്യുന്നവ ആയിരുന്നു ഇന്നലെകളിലെ പദ്ധതികളത്രയും. അവയൊന്നും തന്നെ പൂർണ്ണമായും ദരിദ്രവിഭാഗങ്ങളുടെ സമഗ്രവികസനം വിഭാവനം ചെയ്യുന്നതോ സമൂഹത്തിന്റെ സന്തുലിത വികസനം സാധ്യമാക്കുന്നവയോ ആയിരുന്നില്ല. രാജ്യ താൽപര്യത്തിന് നിരക്കാത്ത, സങ്കുചിതവും, വിഭാഗീയവുമായ സാ

മൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക-സമ്മർദ്ദങ്ങളുടെ നീരാളിക്കൈകൾ പല പദ്ധതികളുടെയും പരാജയത്തിന് കാരണങ്ങളായി. ചിലപ്പോൾ പദ്ധതികൾ നഷ്ടപ്പെടുവാൻ തന്നെ മേൽപ്പറഞ്ഞകാരണങ്ങൾ ഇടയാക്കിയിട്ടുണ്ട്. ഫലമോ മഹാഭൂരിപക്ഷം ജനതയുടേയും അവരുടെ വരുംകാല തലമുറയുടേയും പുരോഗതി ധ്വംസിക്കപ്പെടുക എന്നതു തന്നെ.

ഈ തിരിച്ചറിവാകാം വളരെ ആവേശപൂർവ്വം ജനകീയ ആസൂത്രണപ്രസ്ഥാനത്തെ ഏറ്റെടുക്കുവാൻ നമ്മെ പ്രേരിപ്പിച്ചത്. 12 വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകൾ സമയബന്ധിതമായി പൂർത്തിയായി. ഗ്രാമസഭകളിലെ ഹാജർനില 65 മുതൽ 331 വരെ. എല്ലാഗ്രാമസഭകൾക്കും വാർഡിന്റെ സമഗ്രപ്രാതിനിധ്യം ഉണ്ടായിരുന്നു എന്ന് അവകാശപ്പെടാൻ ആവില്ല. സ്ത്രീകളുടേയും തൊഴിലാളികളുടേയും പ്രാതിനിധ്യം ആപേക്ഷികമായി വർദ്ധിച്ചിരുന്നു. ജനങ്ങൾ അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ഗ്രൂപ്പുകളായി ചർച്ചചെയ്തു, അക്കമിട്ടു ക്രോഡീകരിച്ചു. ഭാവിയിലെ വികസനപ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ നേതൃത്വവും സംഭാവനയും ഉണ്ടാകുമെന്ന് ഉറപ്പായി. ജനങ്ങൾക്കുവേണ്ടി ജനങ്ങൾതന്നെ രൂപകല്പന ചെയ്യുന്ന ജനകീയ ആസൂത്രണപദ്ധതി വിജയിക്കുമെന്ന് തീർച്ചയായും പ്രതീക്ഷിക്കാം.

കാർഷികപ്രാധാന്യമുള്ള ഈ പഞ്ചായത്ത് പുനരർപ്പണദിനത്തിൽ ഒരു പുതിയ കാർഷിക പദ്ധതി സമുദ്ഘാടനം ചെയ്തു. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളെയും പച്ചക്കറി ഉൽപ്പാദനത്തിനുപ്രേരിപ്പിക്കുക എന്നതാണ് "ഹരിതജ്യോതി" പദ്ധതിയുടെ ലക്ഷ്യം. ആവശ്യമുള്ളത്രയും വിത്തിനങ്ങളുടെ വിലയിനത്തിൽ മാത്രം ഏകദേശം 24000- രൂപചെലവായിട്ടുണ്ട്. ഈ പദ്ധതി വളരെ ഉൽസാഹപൂർവ്വം ജനങ്ങൾ ഏറ്റെടുത്തുരിക്കുന്നു എന്നു കാണുന്നതിൽ നാം പ്രത്യേകം അഭിമാനിക്കുന്നു. വരാൻ പോകുന്ന പുതിയ പദ്ധതിപ്രവർത്തനങ്ങളിൽ കൂട്ടുചേർന്ന് സഹകരിക്കാനുള്ള ജനസാമാന്യത്തിന്റെ ഇച്ഛാശക്തിയിൽ നാം വിശ്വാസമർപ്പിച്ചിരിക്കുന്നു.

## വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണ പ്രസ്ഥാനം - പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | തീയതി | സ്ഥലം | ഇനം | പങ്കെടുത്തവർ |
|---|---|---|---|---|
| 1. | | ഇത്തിത്താനം ആയുഷ്യ | ജില്ലാ റിസോഴ്സ് പേഴ്സൺസ് പരിശീലനം | 9 |
| 2. | 20.9.96 | ചെത്തിപ്പുഴ പാരിഷ്ഹാൾ | പഞ്ചാ. പരിശീലനം | 107 |
| 3. | 2.10.96 2 p.m | Vivekananda LPS, Paral | 1ാംവാർഡ് ഗ്രാമസഭ | 310 |
| 4. | 6.10.96 2 p.m | അംഗൻവാടിക്കു സമീപം മുളയ്ക്കാംതുരുത്തി | 2-ാം വാർഡ് | 203 |
| 5. | 2.10.96 10 a.m | St. Tomas LPS Thuruthy | 3-ാം വാർഡ് | 173 |
| 6. | 28.9.96 2 p.m | Govt LPS Thuruthy | 4-ാം വാർഡ് | 206 |
| 7. | 2.10.96 9 a.m | Govt H.S Vadakkekara | 5-ാം വാർഡ് | 206 |
| 8. | 2.10.96 2 p.m | Govt H.S Vadakkekara | 6-ാം വാർഡ് | 212 |
| 9. | | Lissuex LPS Ithithanam | 7-ാം വാർഡ് | |
| 10. | 28.9.96 1.30 | PI Community Hall | 8-ാം വാർഡ് (128 പു+203 സ്ത്രീ) | 331 |
| 11. | 29. 9.96 | മറ്റപ്പറമ്പിൽ ബാബുവിന്റെ വീടിനു സമീപം | 9-ാം വാർഡ് | 160 |
| 12. | 22. 9.96 | Govt LPS | 10-ാം വാർഡ് | 155 |
| 13. | 28.9.96 9.30 a.m | St. Mary's LPS Veroor | 11-ാം വാർഡ് | 109 |
| 14. | 28.9.96 1.30 p.m | St. Mary's Veroor | 12-ാം വാർഡ് | 65 |



# സാമൂഹിക സാംസ്കാരിക ചരിത്രം

ചങ്ങനാശ്ശേരി പട്ടണത്തിന് ഓരം ചേർന്നു കിടക്കുന്ന ഭൂഭാഗമാണ് വാഴപ്പള്ളി പഞ്ചായത്തു പ്രദേശം. ഇടനാടിന്റെ ഭാഗമായ കണ്ണവട്ടപാലം മുതൽ തീരപ്രദേശത്തിന്റെ കിഴക്കനതിർത്തിവരെ കിഴക്കു പടിഞ്ഞാറായി കിടക്കുന്ന വിസ്തൃതമായ ഭൂഭാഗം. തെക്ക് തൃക്കൊടിത്താനം പഞ്ചായത്തും ചങ്ങനാശ്ശേരി - ആലപ്പുഴ കനാലും അതിരിടുമ്പോൾ വടക്ക് നീലമ്പേരൂർ, കുറിച്ചി, വാകത്താനം പഞ്ചായത്തുകൾ അതിരിടുന്നു. പടിഞ്ഞാറ് വെളിയനാട്, നീലംപേരൂർ പഞ്ചായത്തുപ്രദേശങ്ങളുൾപ്പെട്ട മുട്ടാർ - നീലംപേരൂർ തോടും, കിഴക്ക് മാടപ്പള്ളി വാകത്താനം പഞ്ചായത്തുകളെ വേർതിരിക്കുന്ന മുണ്ടുപാലം - കണ്ണവട്ട തോടും ആണ് അതിരുകൾ.

നാലുന്നാക്കൽ, ചീരംചിറ വഴി വടക്കോട്ടു കൊടൂരാറ്റിലേയ്ക്ക് ഒഴുകിയിരുന്ന തോടിനെ ഗതി മാറ്റി ചാലച്ചിറ - കല്ലുകടവു - തുരുത്തി വഴി വേമ്പനാട്ടു കായലിലേക്കൊഴുക്കി വിടുന്നു. വർഷകാലത്ത് കിഴക്കൻ വെള്ളത്തിന്റെ കുത്തൊഴുക്ക് ഈ തോടുവഴിയാണ്.

പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളായ വെരൂർ, ചീരഞ്ചിറ ഭൂഭാഗങ്ങൾ കടൽ നിരപ്പിൽ നിന്ന് ഏതാണ്ട് 100 അടി ഉയരത്തിലായി സ്ഥിതി ചെയ്യുമ്പോൾ പടിഞ്ഞാറൻ പ്രദേശങ്ങളായ പറാൽ, വെട്ടിത്തുരുത്ത്, തുരുത്തി, വടക്കേക്കര ഉൾപ്പെടുന്ന പുഞ്ചപ്പാട ഭൂഭാഗങ്ങൾ കടൽ നിരപ്പിൽ നിന്നും നാലഞ്ചടി താഴ്ന്ന പ്രദേശങ്ങളാണ്. അതിനാൽ

വർഷകാലത്ത് പ്രസ്തുത പ്രദേശങ്ങളധികവും വെള്ളപ്പൊക്കക്കെടുതിയിൽ പെട്ടുപോകുന്നു. കുട്ടനാടൻ പ്രദേശങ്ങളിലെ അശാസ്ത്രീയമായ റോഡു-കലുങ്ക് നിർമ്മാണം ഈ കെടുതിക്ക് ആക്കം കൂട്ടാൻ കാരണമാകുന്നു.

കിഴക്കു നിന്നു പടിഞ്ഞാറോട്ടു ചരിഞ്ഞതാണു പൊതുവേ ഭൂമിയുടെ കിടപ്പ്. ഒന്നും രണ്ടും വാർഡുപ്രദേശങ്ങളിൽ മൂന്നിൽ രണ്ടു ഭാഗവും പുഞ്ച നിലങ്ങളാണ്. നെൽകൃഷി അനാദായകരമായി ത്തീർന്നിരിക്കുന്നു. ഭാഗികമായി പുഞ്ചപ്പാടങ്ങളാൽ തലോടപ്പെട്ടു കിടക്കുന്ന മേഖലകളാണ് മൂന്ന് നാല് അഞ്ച് ആറ് ഏഴ് വാർഡുപ്രദേശങ്ങൾ. ഈ പ്രദേശങ്ങളൊക്കെയും നഗരസമാനം ജനസാന്ദ്രമാണ്. എട്ടു മുതൽ പന്ത്രണ്ടുവരെ വാർഡുപ്രദേശങ്ങളിൽ അവിടവിടെ മുണ്ടകൻ കൃഷി പാരമ്പര്യമായി ഉണ്ടായിരുന്നത് നാമമാത്രമായി ചുരുങ്ങിയിരിക്കുന്നു. മരച്ചീനി കൃഷി മാറിപ്പോയിരിക്കുന്നു. കർഷകർ നാണ്യ വിളയായ റബ്ബർകൃഷിയെ ആശ്രയിച്ചിരിക്കുന്നു.

## വ്യവസായ മേഖല

ഈ പഞ്ചായത്തിലെ സുപ്രധാന തൊഴിൽ ദായക മേഖല ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തന്നെ. 1962-ൽ ചെറുകിട വ്യവസായ എസ്റ്റേറ്റായി പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം ഇന്ന് ദക്ഷിണേന്ത്യയിലെ റബ്ബർ - പ്ലാസ്റ്റിക് - വ്യവസായ രംഗത്ത് പ്രമുഖസ്ഥാനം അലങ്കരിക്കുന്നു. പഞ്ചായത്തു പ്രദേശത്തു പ്രവർത്തിച്ചുപോരുന്ന മറ്റൊരു പ്രമുഖ സ്ഥാപനമായി സൗത്ത് കേരള ഫുഡ് പ്രോസസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (നിറപറ) വളർന്നു വരുന്നു. കാനറ പേപ്പർ മിൽ മറ്റൊരു തൊഴിൽ ദായക സ്ഥാപനമാണ്.

## ജനവാസ ചരിത്രം

ഈ പഞ്ചായത്തിലെ പുരാതന ജനവാസകേന്ദ്രം തുരുത്തി ആണ്. മറ്റിടങ്ങളിലൊന്നും ആൾ പാർപ്പുണ്ടായിരുന്നില്ല. കാട്ടുമൃഗങ്ങൾ ഏറെയും ഇന്നത്തെ കൊച്ചീത്ര കടവിന്തറ, ചങ്ങനാശ്ശേരി - കോട്ടയംതോടിനും പടിഞ്ഞാറുഭാഗത്ത് ജനങ്ങൾ പാർത്തിരുന്ന തുരുത്ത് ആയിരുന്നു പില്ക്കാലത്ത് തുരുത്തി എന്നു പേരു പതിഞ്ഞ കര. ഈ പ്രദേശമാകെയും ഇടപ്പള്ളി രാജകുടുംബം വകയായിരുന്നത്രേ. ഇവിടത്തെ നടത്തിപ്പുകൾക്കായി ഗുരുവായൂർ അടുത്ത് വന്നേരി ദേശത്തുള്ള ചാത്തനാട്ടു കുറുപ്പിനെ അധികാരപ്പെടുത്തി അയച്ചു. അദ്ദേഹത്തോടൊപ്പം കുറെ നായന്മാരും നസ്രാണികളും കൂടി എത്തിയിരുന്നതായി പഴമക്കാർ പറയുന്നു. അതിൽപ്പെട്ട പല കുടുംബങ്ങളും കാലക്രമത്തിൽ അസ്തോന്മുഖമായിപ്പോയി. എന്നാൽ അതിൽ അവശേഷിച്ചതാണത്രേ തോട്ടായിയിൽ കുടുംബം. പണ്ട് തെക്കുംകൂർ രാജാവിൻെറ പടത്തലവന്മാരായിരുന്ന അവർ കളരിക്കുറുപ്പന്മാരായിരുന്നു. ആയുധപൂജ നടത്തിയിരുന്ന കളരിയമ്പലം കുടുംബ വകയായിട്ടിന്നുമവിടെയുണ്ട്.

പിന്നീടാണ് വെരൂർ കര ജനവാസകേന്ദ്രമായിത്തീർന്നത്. വാഴപ്പള്ളിക്കു വടക്കുള്ള കരയായതിനാൽ ആവാം വടക്കേക്കര എന്നു സ്ഥലനാമം രൂപപ്പെട്ടത്. പിന്നീടാണ് ചീരഞ്ചിറ അറിയപ്പെടാൻ തുടങ്ങുന്നത്. വളരെ പഴയ ആധാരങ്ങളിലൊന്നും ചീരഞ്ചിറ എന്നൊരു സ്ഥലനാമം കാണുന്നില്ല. 'മഞ്ചാടിക്കര പ്രവർത്തിയിൽ വാഴപ്പള്ളി കിഴക്കും ഭാഗം പകുതിയിൽ വെരൂർ മുറിയിൽ' എന്നേ കാണാനുള്ളു ചുറ്റുപാടും ഉയർന്ന കരപ്രദേശങ്ങളും അതിനു നടുവിലും പടിഞ്ഞാറുകുറെ വയലുകളും. അങ്ങനെയാണു ഭൂപ്രകൃതി. ഈ നിലങ്ങളത്രയും ചീരൻെറ വക ഭൂമിയായിരുന്നു ചീരനും മൈലനും കുഞ്ചനും അവകാശപ്പെട്ടതായിരുന്നു അവിടമാകെ. തുരുത്തി, വടക്കേക്കര ഭാഗങ്ങളിൽ നിന്ന് ആളുകൾ ഇവിടെ കുടിയേറി. സർക്കാർ വക ഭൂമികൾ പതിച്ചുവാങ്ങി. പിന്നീടങ്ങോട്ട് പുതിയ കുടിയേറ്റക്കാരുടെ സ്വാധീനത്തിൻ കീഴിൽപ്പെട്ടു പോയി എല്ലാം. പഴമക്കാരും അവരുടെ സംസ്കാരവും.

അടുത്ത കാലം വരെ വാണിജ്യപ്രസിദ്ധമായിരുന്നു ചെത്തിപ്പുഴയും ചെത്തിപ്പുഴക്കടവും. കാഞ്ഞിരപ്പള്ളി മുതൽ ഇങ്ങോട്ടുള്ളവരുടെ പ്രധാന തൊണ്ടുവിപണന കേന്ദ്രമായിരുന്നു ഒരുകാലത്ത് ചെത്തിപ്പുഴക്കടവ്. കുട്ടനാട്ടിൽ നിന്നെത്തിയിരുന്ന കാലിവളം വാങ്ങിനിറച്ചുപോയ കാളവണ്ടികളുടെ കടകട ശബ്ദം ചെത്തിപ്പുഴക്കാരുടെ കാതുകളിൽ

മുഴങ്ങിയിരുന്നു. ആലപ്പുഴയ്ക്ക് അന്ന് ഇവിടെ നിന്നും ബോട്ട് സർവീസ് ഉണ്ടായിരുന്നു. ഇന്നത്തെ പ്ലാസിഡ് വിദ്യാവിഹാർ സ്ഥിതി ചെയ്യുന്ന സ്ഥലം മധ്യകേരളത്തിലെ പേർപെറ്റ ചെത്തിപ്പുഴ കാളച്ചന്ത എന്ന സ്ഥലമാണ്.

## ആരാധനാലയങ്ങൾ

നാനാജാതി മതസ്ഥർ ഇവിടെ ഒത്തുചേർന്നു ജീവിച്ചു പോരുന്നു. എല്ലാ മതസ്ഥർക്കും അവരുടേതായ ആരാധനാലയങ്ങളുണ്ട്. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കം കൂടിയ ക്ഷേത്രങ്ങളാണ് തുരുത്തി ശ്രീധർമ്മ ശാസ്താ ക്ഷേത്രം. വെരൂർ ശ്രീധർമ്മ ശാസ്താ ക്ഷേത്രം എന്നിവ. തുരുത്തിയിലെ ഈശാനത്തു കാവു ദേവീ ക്ഷേത്രം, ചെറുവള്ളിക്കാവു ദേവീക്ഷേത്രം എന്നിവ അഞ്ചീശ്വരന്മാരുടെ ക്ഷേത്രങ്ങളാണ്. പറാൽ അറയ്ക്കൽ ദേവീ ക്ഷേത്രവും കാലപ്പഴക്കം അവകാശപ്പെടുന്നതുതന്നെ. എന്നാൽ വടക്കേക്കരയിലെ ശ്രീ ധർമ്മ ശാസ്താ ക്ഷേത്രം സ്വയം ഭൂവിഗ്രഹമുള്ള ക്ഷേത്രമാണെന്ന് പഴമക്കാർ പറയുന്നു. കുംഭത്തിലെ ഉത്രം തിരുനാളിലാണ് ഇവിടത്തെ പ്രധാന ഉത്സവം.

തുരുത്തിയിലെ സെൻറ് മേരീസ് കത്തോലിക്കാപ്പള്ളിയാണ് ഏറെ പഴക്കമുള്ള ദേവാലയം. 1838-ൽ സ്ഥാപിതമായി. പള്ളി സ്ഥാപിക്കാനുള്ള സ്ഥലം തുരുത്തിയിലെ പുരാതനമായ തോട്ടായിയിൽ കുടുംബം വക ദാനമായി ലഭിച്ചിട്ടുള്ളതാണ്. ചെത്തിപ്പുഴ തിരുഹൃദയ പള്ളി, വെരൂർ സെൻറ് ജോസഫ്സ് പള്ളി, തുരുത്തി സി. എസ്. ഐ. പള്ളി, സെൻറ് ജോർജ് ക്നാനായ പള്ളി, ചീരംചിറയിലെ സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളി, രക്ഷാസൈന്യ പള്ളി, എന്നിവയും പുരാതനവും പ്രസിദ്ധവുമാണ്. വടക്കേക്കരയിലും പറാലും പള്ളികൾ സ്ഥാപിതമായിട്ടുണ്ട്.

പറാൽ, വടക്കേക്കര, വെരൂർ എന്നിവിടങ്ങളിലെ മുസ്ലീം പള്ളികൾ ഈ പഞ്ചായത്തിലെ ആരാധനാലയങ്ങളുടെ പട്ടികയിൽ പെടുന്നു. കൂനന്താനത്തു സ്ഥിതി ചെയ്യുന്ന ശ്രീനാരായണ ഗുരുമന്ദിരം എൻ. എസ്. എസ്. കരയോഗങ്ങൾ, എസ്. എൻ. ഡി. പി.; കെ. പി. എം. എസ്, പുതുച്ചിറ, ചേരമർ ഹിന്ദു മഹാസഭ, എല്ലാം തന്നെ നമ്മുടെ നാടിൻെറ ഈശ്വര ബോധത്തിൻെറയും മതസൗഹാർദത്തിൻെറയും പ്രതീകങ്ങളായി വിരാജിക്കുന്നു.

## വിദ്യാഭ്യാസപരം

വളരെ പ്രശസ്തമായൊരു വിദ്യാഭ്യാസപാരമ്പര്യം ഉണ്ടെന്നത് നമുക്കഭിമാനകരമാണ്. ഉന്നത വിദ്യാഭ്യാസം നേടുന്നതിന് തൊട്ടുചേർന്നുകിടക്കുന്ന പട്ടണത്തിലെ കോളജുകളെ നാം ആശ്രയിക്കുന്നു. ആകെ ഒമ്പതു വിദ്യാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വിദ്യാഭ്യാസരംഗത്തെ മുത്തശ്ശി തുരുത്തി ഗവൺമെൻറ് എൽ. പി. സ്ക്കൂളാണ്. വിദ്യാദാന പാരമ്പര്യം ഒരു നൂറ്റാണ്ടിലേറെ. യശ്ശഃശരീരനായ ഭാരത കേസരി മന്നത്തു പത്മനാഭൻ ഇവിടെ അധ്യാപകനായിരുന്നു. ഇവിടത്തെ പൂർവ്വവിദ്യാർത്ഥികൾ എത്രയോ പ്രഗല്ഭന്മാരായവരുണ്ട്. എൻ. എസ്. എസ്. ജനറൽ സെക്രട്ടറി പി.കെ. നാരായണപണിക്കർ അക്കൂട്ടത്തിൽപ്പെടുന്നു. ഇന്ന് നാടിൻെറ പ്രകാശമായി ശോഭിക്കുന്ന വടക്കേക്കര ഗവൺമെൻറ് ഹൈസ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തിയിട്ട് 16 വർഷമേ ആയിട്ടുള്ളു. ചീരംചിറയിലെ മുതിർന്ന തലമുറക്കാരത്രയും പഠിച്ചുവളർന്ന മാതൃവിദ്യാലയമാണ് ചീരഞ്ചിറ ഗവൺമെൻറ് യു. പി. സ്ക്കൂൾ. പഞ്ചായത്തുടമയിലുള്ള പറാൽ വിവേകാനന്ദാ എൽ. പി. സ്ക്കൂൾ, തുരുത്തിയിലെ സെൻറ് തോമസ് എൽ. പി. സ്ക്കൂൾ, ഇത്തിത്താനം ലിസ്യൂകാർമൽ എൽ. പി. സ്ക്കൂൾ, വെരൂർ സെൻറ് മേരീസ് എൽ. പി. സ്ക്കൂൾ എന്നിവ കൂടാതെ ഇംഗ്ലീഷ് മീഡിയമായി പ്രവർത്തിച്ചുവരുന്ന രണ്ട് അൺഎയിഡഡ് വിദ്യാലയങ്ങളും നമുക്കുണ്ട് - ചീരഞ്ചിറയിലെ ഫാദർ റ്റി. സി. ജേക്കബ്ബ് മെമ്മോറിയൽ യു. പി. സ്ക്കൂളും, ചെത്തിപ്പുഴയിലെ ക്രിസ്തുജ്യോതി ഹൈസ്ക്കൂളും.

## കലയും സാംസ്ക്കാരവും

അനുഗൃഹീത പ്രതിഭകളായ ഒട്ടേറെപ്പേർക്കു ജന്മം നല്കിയ നാടാണു നമ്മുടേത്. ഈ നാടിനു തിളക്കമുള്ള സാംസ്ക്കാരികമുഖം രൂപപ്പെടുത്താൻ അവർ ആവതെല്ലാം ചെയ്തു. പ്രധാനമായും നാലു ഗ്രന്ഥശാലകൾ നമുക്കു സമ്പത്തായുണ്ട്. 1950 കളിലായി പ്രവർത്തനം തുടങ്ങിയ ഗ്രന്ഥശാലകൾ

- 1. ചീരഞ്ചിറ കോസ്മോ പൊളിറ്റൻ ലൈബ്രറി, 2. വെരൂർ പബ്ലിക് ലൈബ്രറി, 3. വടക്കേക്കര വള്ളത്തോൾ പബ്ലിക് ലൈബ്രറി, 4. കൂനന്താനം ടാഗോർ സ്മാരക ഗ്രന്ഥശാല. അന്നുള്ളവരുടെ വിജ്ഞാന തൃഷ്ണയെ തൃപ്തിപ്പെടുത്തുവാൻ ഈ ഗ്രന്ഥശാലകൾ പോരുമായിരുന്നു. പക്ഷേ ഇന്ന് വായനക്കാർ കുറയുന്നു എന്നു പറയാതെ വയ്യാ.

മലയാളിയെ വായിക്കാൻ പഠിപ്പിച്ച സുപ്രസിദ്ധ നോവലിസ്റ്റ് മുട്ടത്തുവർക്കിസാർ നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. പാടാത്ത പൈങ്കിളിയും ഇണപ്രാവുകളും മയിലാടും കുന്നും മലയാളി മടികൂടാതെയും മതിവരാതെയും ഇന്നും വായിക്കുന്നു. മലയാളക്കരയിലാകെ ഓടി നടന്ന എല്ലാവരെയും ഒരുപോലെ കുടുകുടെ ചിരിപ്പിച്ച സുപ്രസിദ്ധ ഹാസ്യനടൻ ശ്രീ. ആലുംമൂടൻ ഇന്നും നമുക്കു ഹരമാണ്. സുപ്രസിദ്ധ നാടക കൃത്ത് ശ്രീ. എസ്. തൈക്കാട്ടുശ്ശേരി നമ്മുടെ അഭിമാനമാണ്. നാടകകലാരംഗത്ത് സുപ്രസിദ്ധരായിത്തീർന്ന ജോസ് ആലഞ്ചേരിയും ജോസ് ചെത്തിപ്പുഴയും. ലീലാമ്മ ചെത്തിപ്പുഴയും നമുക്ക് മുതൽക്കൂട്ടാണ്. സുപ്രസിദ്ധ ശില്പി ജീയോ വക്കച്ചൻ ഈ നാടിന് അഭിമാനമാണ്. ശ്രീ. കെ.ജെ.വി. എഴുത്തുകാരുടെ നിരയിലെ ഉന്നത ശീർഷനാണ്. നോവലിസ്റ്റ് ജോയിക്കുട്ടി പാലത്തിൽ വാഴപ്പള്ളി പഞ്ചായത്തിൽ ജനിച്ചു വളർന്ന ആളാണ്. കലാസാഹിത്യരംഗത്ത് രണ്ടാം നിരക്കാരായി പ്രവർത്തിക്കുന്ന ഒരു പിടി പേർ ഈ നാടിൻെറ അഭിമാനമായി ഇവിടെയുണ്ട്. വിസ്തരഭയത്താൽ അവരുടെയെല്ലാം പേരുകൾ ഇവിടെ ചേർക്കുവാൻ മുതിരുന്നില്ലായെന്നു മാത്രം.

യശഃശരീരനായ മുട്ടത്തുവർക്കിയുടെ പേരിൽ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള "മുട്ടത്തുവർക്കി ഫൗണ്ടേഷൻ അവാർഡ്" മലയാള നോവൽ സാഹിത്യത്തിൽ ഇന്നേവരെയുള്ള പുരസ്ക്കാരങ്ങളിൽ ഏറ്റവും വലിയതാണ്.

അമേരിക്കൻ ബഹിരാകാശ കേന്ദ്രമായ 'നാസാ'യിലെ പ്രമുഖശാസ്ത്രജ്ഞനായിരുന്നു ഫാദർ തെക്കേക്കര. ഈ പഞ്ചായത്തിലെ 7-ാം വാർഡിൽപ്പെട്ട ഇത്തിത്താനമാണ് അദ്ദേഹത്തിൻെറ ജന്മസ്ഥലം.

സ്വാതന്ത്ര്യ സമര പ്രക്ഷോഭങ്ങളിൽ പങ്കെടുത്ത ധീരദേശാഭിമാനികളുടെ നാടാണിത്. താമ്രപത്രം ബഹുമതി നേടിയ ഗ്രിഗറി കണ്ടങ്കരിയെ സ്വാതന്ത്ര്യ സമര സേനാനിയെന്ന നിലയിൽ നാം ആദരിക്കുന്നു. ഇന്ത്യാ-പാക്ക് യുദ്ധത്തിൽ ഭാരതാംബയ്ക്കുവേണ്ടി വീരചരമമടഞ്ഞ ജോർജ് തോമസ് തേവലക്കര സ്വരാജ്യ സ്നേഹികൾക്കാവേശമാണ്. ആ വീര സൈനികൻെറ സ്മാരകം കുരിശുംമൂട്ടിൽ തലയുയർത്തി നിൽക്കുന്നു.

## സാമൂഹ്യസേവന്തുറകൾ

ജീവകാരുണ്യ സേവനരംഗത്ത് നമ്മുടെ പഞ്ചായത്ത് ഒരു വലിയ മാതൃകയായിത്തീർന്നിരിക്കുന്നു. മന്ദബുദ്ധികളായ കുട്ടികളെ പോറ്റുന്ന ആശാഭവൻ, അംഗവൈകല്യമുള്ള കുഞ്ഞുങ്ങളെ പരിപാലിച്ചു പോരുന്ന ചെത്തിപ്പുഴയിലെ മേഴ്സി ഹോം, വൃദ്ധ ജനങ്ങളുടെ ആശാകേന്ദ്രമായ രക്ഷാഭവൻ ശാന്തിഭവൻ എന്നിവയൊക്കെ വെളിച്ചത്തിൻെറ തെളിനാളങ്ങളായി പ്രശോഭിക്കുന്നു. മദ്യമയക്കു മരുന്നുകൾക്കെതിരെ പടവാളുയർത്തി അവയ്ക്കടിമയായവരുടെ മോചന കേന്ദ്രമായി തുരുത്തിയിൽ പ്രവർത്തിക്കുന്ന "കാന" സാമൂഹ്യസേവനരംഗത്ത് മറ്റൊരു പൊൻതൂവൽ തുന്നിച്ചേർക്കുന്നു. ആയുഷ്യ മറ്റൊരു പ്രവർത്തന കേന്ദ്രമാണ്. യാതൊരുവിധ മരുന്നു പ്രയോഗങ്ങളും കൂടാതെയുള്ള പ്രകൃതി ചികിത്സ ഇവിടെ നടത്തി വരുന്നു. വിവിധ ഇനം ഔഷധസസ്യങ്ങളുടെ ഒരു തോട്ടവും, അതിനോടനുബന്ധിച്ചുണ്ട്.

കൂനന്താനം കേന്ദ്രമായി മോർക്കുളങ്ങര റെയിൽവെ പുറമ്പോക്കു നിവാസികളുടെ പുനരധിവാസകേന്ദ്രമായ "സങ്കേതം" ഈയവസരത്തിൽ സ്മരണീയമാണ്. സഹനത്തിൻെറയും ക്ഷമയുടെയും മൂർത്തിമദ് ഭാവമായ സി. ജയിസി പൊടിപാറയുടെ ത്യാഗോജ്വലമായ നേതൃത്വം സർവ്വാദരണീയമത്രെ.

## ആതുരസേവനരംഗം

ഈ രംഗത്ത് നമ്മുടെ സംഭാവന നിസ്തുലമാണ്. 1951-ൽ ചെത്തിപ്പുഴയിൽ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ച സെൻറ് തോമസ് ആശു

പത്രി എല്ലാവിധ ആധുനിക സാമഗ്രികളോടെയും ചികിൽസാരംഗത്ത് മുൻപന്തിയിൽ നിൽക്കുന്നു. ചങ്ങനാശ്ശേരി, കുട്ടനാട്, കിഴക്കൻ പ്രദേശങ്ങൾ ഉൾപ്പെടുന്ന വിസ്തൃതമായ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ പരിപാലനരംഗമാണ്. ആശുപത്രിയോടനുബന്ധിച്ച് ഒരു നേഴ്സിംഗ് സ്കൂൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഒരു ആയുർവ്വേദ ആശുപത്രി 8-ാം വാർഡിൽ ഉണ്ട്. പാരമ്പര്യ ആയുർവ്വേദ ചികിസാരംഗത്തെ പ്രസിദ്ധരായ 'മുറിയായ്ക്കൽ' വൈദ്യന്മാർ ഈ പഞ്ചായത്തിൽ താമസിക്കുന്നു. കുടുംബക്ഷേമ കേന്ദ്രം, കൃഷിഭവൻ, മൃഗാശുപത്രി എന്നിങ്ങനെയുള്ള പൊതുസ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു പോരുന്നു.

## ഭരണപരമായ ചരിത്രം

ചരിത്രപശ്ചാത്തലത്തിൽ സൂചിപ്പിച്ചതുപോലെ വാഴപ്പള്ളി പഞ്ചായത്തിൽ അതിൻെറ പേരിനോട് ബന്ധപ്പെട്ട ഒരു വാർഡോ, കരയോ പോലും ഇല്ല. വാഴപ്പള്ളി പടിഞ്ഞാറ്, കിഴക്ക് വില്ലേജുകളിൽ ഉൾപ്പെട്ടുകിടന്നതിനാലാകാം ഈ പഞ്ചായത്തിന് 'വാഴപ്പള്ളി' എന്ന് നാമകരണം ചെയ്യപ്പെട്ടതെന്ന് അനുമാനിക്കാം. വാഴപ്പള്ളി കിഴക്ക് വില്ലേജ് ഇന്ന് മുനിസിപ്പാലിറ്റി മാത്രമാകുകയും പഞ്ചായത്തിൻെറ 5 മുതൽ 12 വരെ വാർഡുകൾ ഉൾപ്പെടുത്തി ചെത്തിപ്പുഴ വില്ലേജ് രൂപീകൃതമാകുകയും ചെയ്തു.

പഞ്ചായത്തിൻെറ തെക്കുനിന്നും തുടങ്ങുന്ന 5, 6, 4, 3 വാർഡുകളെ കീറി മുറിച്ചു കൊണ്ട് M.C. റോഡ് തെക്കു-വടക്കു കടന്നു പോകുന്നു. ഇതിനു കിഴക്കു വശത്ത് ഒരുകിലോമീറ്റർ മാറി 5, 6 വാർഡുകളെ വെട്ടി മുറിച്ച് സതേൺ റെയിൽവേയും കടന്നു പോകുന്നു. ചങ്ങനാശ്ശേരി പട്ടണത്തോടു ചേർന്നു കിടക്കുന്ന ഒരു പഞ്ചായത്തു പ്രദേശമായതിനാൽ വാണിജ്യപരമായ പുരോഗതി ഇവിടെ ഉണ്ടായിട്ടില്ല. പൊതുമാർക്കറ്റ്, ബസ്സ്റ്റാൻറ് തുടങ്ങിയ വികസന സങ്കേതങ്ങൾ ഈ പഞ്ചായത്തിന് ആദായകരമാകാനിടയില്ല. എന്നാൽ പട്ടണത്തിന് ചുറ്റുമുള്ള മറ്റ് പഞ്ചായത്ത് പ്രദേശങ്ങളെ അപേക്ഷിച്ച് ഏറ്റവും അധികം ജനസാന്ദ്രതയുള്ള പഞ്ചായത്താണ് നമ്മുടേത്. ഗതാഗത പ്രാധാന്യമുള്ള പി.ഡബ്ല്യു.ഡി. റോഡുകൾ പലതുണ്ട്. ചങ്ങനാശ്ശേരി വാഴൂർ റോഡിൽ പെടുന്നു. കുരിശുംമൂട് മുതൽ കണ്ണവട്ട വരെയുള്ള ഭാഗം. കുരിശുംമൂട്, കൂനന്താനം, ചാലച്ചിറ വഴി ഉള്ള റോഡ് കോട്ടയം പട്ടണവുമായി പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നു. കുരിശുംമൂട് ഗ്ന വലിയകുളം - ചീരംചിറ റോഡ്, തുരുത്തി - മുളയ്ക്കാംതുരുത്തി റോഡ്, കുരിശുംമൂട് - കണ്ണംപേരൂർ ചിറ റോഡ് എന്നിവ പഞ്ചായത്തിലെ പ്രധാന നിരത്തുകളാണ്. തുരുത്തി - മുളയ്ക്കാംതുരുത്തി റോഡ്, കുരിശുംമൂട് - കണ്ണംപേരൂർചിറ റോഡും പ്രധാന നിരത്തുകളാണ്.

1953-ൽ ആദ്യത്തെ പഞ്ചായത്ത് കമ്മറ്റി നിലവിൽ വന്നു. ഇന്നത്തെ കുറിച്ചി പഞ്ചായത്തിൽപ്പെട്ട 9, 10, 11, 12 വാർഡുകളായ മലകുന്നം, ചാലച്ചിറ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഇത്തിത്താനം കര അന്ന് നമ്മുടെ പഞ്ചായത്തിൻെറ ഭാഗമായിരുന്നു. ഇന്നത്തെ 1-ാം വാർഡ് പ്രദേശമായ പറാൽ വെട്ടിത്തുരുത്ത് ഭാഗങ്ങൾ ഉൾപ്പെട്ടിരുന്നില്ല.

### 1953 ലെ ഭരണസമിതിയംഗങ്ങൾ

1. റ്റി. എം. കൃഷ്ണക്കുറുപ്പ് (പ്രസിഡണ്ട്)
2. എൻ. റ്റി. ജോസഫ് (മെംബർ)
3. പി. ഗോപാലപിള്ള (മെംബർ)
4. മുട്ടത്തുവർക്കി (മെംബർ)
5. സി.എ. ജോസഫ് (മെംബർ)
6. കെ.കെ. ചാണ്ടി (മെംബർ)
7. വി.കെ. രാഘവൻ (മെംബർ)
8. പി. സുകുമാരൻ (മെംബർ)
9. വി.കെ. ദാമോദരൻനായർ (മെംബർ)

ആനാരിൽ എ.പി. ഗോപാലൻ നായരുടെ വീടിനോടു ചേർന്നുള്ള ചാവടിയിലായിരുന്നു ആദ്യത്തെ ഓഫീസ് പ്രവർത്തനം. തുടർന്ന് ഇന്ന് ചാലച്ചിറയിൽ പ്രാഥമികാരോഗ്യ ഉപകേന്ദ്രമായി പ്രവർത്തിച്ചു വരുന്ന, കെട്ടിടത്തിലേക്ക് ഓഫീസ് പ്രവർത്തനം മാറ്റി. കോയിപ്പുറത്ത് ഈശ്വരൻ നായർ സംഭാവനയായി നൽകിയ 25 സെൻറ് സ്ഥലത്ത് വാഴപ്പള്ളി പഞ്ചായത്ത് സ്വന്തമായി പണികഴിപ്പിച്ച കെട്ടിടമായിരുന്നു അത്.

1962 ൽ നിലവിൽ വന്ന പുതിയ പഞ്ചായത്ത് ആക്ടിനെ തുടർന്ന് പഞ്ചായത്തുകൾ പുനർ വിഭജനം ചെയ്തു. വെളിയനാട് വില്ലേജിലും, പഞ്ചായത്തിലും പെട്ടിരുന്ന പറാൽ- വെട്ടിത്തുരുത്ത് പ്രദേശങ്ങൾ ഈ പഞ്ചായത്ത് പ്രദേശങ്ങളായി മാറി. ഇത്തിത്താനം കര കുറിച്ചി പഞ്ചായത്തിൽ പെട്ടു. പുനർവിഭജിക്കപ്പെട്ട പഞ്ചായത്തിൻെറ പുതിയ ഭരണസമിതി 1963-ൽ നിലവിൽ വന്നു.

**ഭരണസമിതിയംഗങ്ങൾ**

1. പ്രൊഫ. പി.വി. ഉലഹന്നൻമാപ്പിള (പ്രസിഡണ്ട്)
2. മാത്യു മുളകുപാടം (വൈസ് പ്രസിഡണ്ട്)
3. എം.ജെ. സേവ്യർ മാറാട്ടുകളം (മെംബർ)
4. റ്റി.എം. രാമചന്ദ്രകുറുപ്പ്, തോട്ടായിൽ (മെബർ)
5. ജോർജ് ജോസഫ്, കുന്നത്ത് (മെംബർ)
6. വി.ഓ. ജോസഫ്, വണ്ടാനം (മെംബർ)
7. ഔസേഫ് ഔസേഫ്, കറുകപ്പള്ളി (മെംബർ)
8. റ്റി. സി. തോമസ്, തലക്കുളം (മെംബർ)
9. പി.കെ. ഗോപാലൻ, പാലയ്ക്കാപറമ്പിൽ (മെംബർ)
10. മറിയാമ്മ അന്ത്രയോസ്, മൂലയിൽ (നോമിനേറ്റഡ്)

എന്നാൽ 3-ാം വാർഡു മെംബർ ജോർജ് ജോസഫ് ഉദ്യോഗാർത്ഥം വിദേശത്തേക്കുപോയ ഒഴിവിൽ എം.ജെ. ജോസഫ്, മാറാട്ടുകളം മെംബറായി തെരെഞ്ഞെടുക്കപ്പെട്ടു.

ആഫീസ്മുറി വീണ്ടും മാറി – കുരിശുമ്മൂട്ടിലുള്ള ചെത്തിപ്പുഴ കൊവേന്തവക ഇരുനിലകെട്ടിടത്തിലേക്ക് വാടകയ്ക്ക്. എങ്കിലും താമസംവിനാ കുരിശുംമൂട്ടിൽ തന്നെയുള്ള ഉലഹന്നൻ മാപ്പിളയുടെ ഇരുനില കെട്ടിടത്തിലേയ്ക്ക് വീണ്ടും മാറ്റുകയുണ്ടായി. ഈ പഞ്ചായത്തിന് സ്വന്തമായി ഒരാസ്ഥാനമുണ്ടാകണമെന്ന കമ്മറ്റിയുടെ ഉല്ക്കടമായ ആഗ്രഹം താമസംവിനാ സാക്ഷാത്ക്കരിക്കപ്പെട്ടു. ചെത്തിപ്പുഴ കൊവേന്തവക കൈവശത്തിലും കുത്തകപ്പാട്ടത്തിലുമായിരുന്ന സ്ഥലം ആശ്രമ ശ്രേഷ്ഠൻ (പ്രിയോർ) ആയിരുന്ന ഫാദർ പ്രൊബൂസ് സി.എം.ഐ.യുടെ സഹായത്താൽ ദാനമായും പൊന്നുംവില സർക്കാരിനു കൊടുത്തും സ്വന്തമായി വാങ്ങി കെട്ടിടം പണി കഴിപ്പിച്ചു. 1972 ജൂലായ് 16 ന് ഇന്നത്തെ ആഫീസായി പ്രവർത്തിച്ചുപോരുന്ന പുതിയ കെട്ടിടത്തിലേയ്ക്ക് ആഫീസ് മാറി പ്രവർത്തനം ആരംഭിച്ചു. ഈ ഭരണ സമിതി 1978 ൽ പിരിച്ചു വിടുന്നതുവരെ തുടർന്നു.

അടുത്ത പഞ്ചായത്തു സമിതി 1979 സെപ്തംബറിൽ നിലവിൽ വന്നു.

| | |
|---|---|
| കെ.കെ. ജോസഫ് കൈനിക്കര | പ്രസിഡൻറ് |
| കെ.സി. ചാക്കോ കൊടുപ്പുന്നപോളയ്ക്കൽ | വൈസ് പ്രസിഡൻറ് |
| എൽസമ്മ മാത്യു വലിയപറമ്പിൽ | മെമ്പർ |
| എൻ.ടി. ജോബ് നെടുമ്പറമ്പിൽ | മെമ്പർ |
| ജയിംസ് ആൻറണി കടവിൽ | മെമ്പർ |
| കെ.എം. ദേവസ്യ കല്ലുകളം | മെമ്പർ |
| ഇസ്മയിൽ പാറപ്പറമ്പിൽ | മെമ്പർ |
| പി.വി. ഫ്രാൻസിസ് പാണ്ടിശ്ശേരി | മെമ്പർ |
| ജോർജു ഫ്രാൻസീസ് | മെമ്പർ |
| കുര്യാക്കോസ് കുരുവിള എടത്തറ | മെമ്പർ |
| പി.കെ. ഗോപാലൻ പാലയ്ക്കാക്കുന്നേൽ | മെമ്പർ |

കെ.കെ. ജോസഫ് രാജിവച്ച ഒഴിവിൽ ജോർജ് ഫ്രാൻസിസ് പ്രസിഡൻറായി ചുമതലയേറ്റു. ഈ ഭരണ സമിതിയാണ് പഞ്ചായത്തു കമ്യൂണിറ്റി ഹാൾ പണികഴിപ്പിച്ചത്.

1989-ൽ ആണ് അടുത്ത പഞ്ചായത്തു സമിതി നിലവിൽ വന്നത്.

| | | |
|---|---|---|
| 1. | കെ.എം. മാത്യു പാത്തിക്കൽ | പ്രസിഡൻറ് |
| 2. | എ.വി. ശാസ്താവുകുട്ടി | വൈ. പ്രസി. |
| 3. | കുഞ്ഞമ്മ ജോയി കാർത്തികപ്പള്ളി | മെമ്പർ |
| 4. | കെ.എ. ഏബ്രഹാം കാവിത്താഴ | മെമ്പർ |
| 5. | വി.കെ. രാജേന്ദ്രബാബു വടക്കേടത്ത് | മെമ്പർ |
| 6. | മാത്തുക്കുട്ടി പ്ലാത്താനം | മെമ്പർ |

7. അന്ത്രയോസ് മറാട്ടുകളം മെമ്പർ
8. തോമസ് ജോസഫ് നമ്പിമഠം മെമ്പർ
9. ലീലാമ്മ നമ്പിമഠം മെമ്പർ
10. ചക്കോസ്ക്കറിയാ പീരഞ്ചിറ കണ്ണമ്പള്ളിൽ മെമ്പർ
11. പി.കെ. ഗോപാലൻ പാലയ്ക്കാകുന്നേൽ മെമ്പർ
12. മാത്യു മുളകുപ്പാടം മെമ്പർ

ഈ ഭരണ സമിതിയുടെ കാലത്താണ് ഇരുപതിന പരിപാടിയിൽപ്പെടുത്തി പഞ്ചായത്തു സാംസ്കാരിക നിലയം പണികഴിപ്പിച്ചത്.

73-ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത്രാജ് ആക്ട് നിലവിൽ വന്നതിനുശേഷം ആദ്യമായി 1995 സെപ്തംബറിൽ ത്രിതല പഞ്ചായത്തു ഭരണ സംവിധാനത്തിനുവേണ്ട തെരഞ്ഞെടുപ്പു നടന്നു. ഇതേ തുടർന്ന് 1995 ഒക്ടോബർ 2-ാം തീയതി നിലവിലുള്ള ഭരണസമിതി അധികാരത്തിൽ വന്നു.

## ഭരണസമിതി

1. മേഴ്സി ജോസഫ് പ്രസിഡൻറ്
2. പാപ്പൻ കറുമ്പൻ വൈസ് പ്രസിഡൻറ്
3. രാജാ കിഴക്കൈ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ
4. കെ.എ. എബ്രഹാം മെമ്പർ
5. അനിതാ സാബു മെമ്പർ
6. ആലിച്ചൻ തൈപ്പറമ്പിൽ മെമ്പർ
7. ജസ്സി ജോസഫ് മെമ്പർ
8. തോമസ് ജോസഫ് മെമ്പർ
9. എം.ഡി ദേവരാജൻ മെമ്പർ
10. ലിസമ്മ ജോണിക്കുട്ടി മെമ്പർ
11. സാബു സക്കറിയാ മെമ്പർ
12. കെ.എം. മാത്യു പാത്തിക്കൽ മെമ്പർ

ഈ പഞ്ചായത്തിലെ പന്ത്രണ്ടു വാർഡുകളിൽ നാലു വനിതാ വാർഡുകളും ഒരു പട്ടികജാതി സംവരണ വാർഡുമാണ് ഉള്ളത്.

പഞ്ചായത്തിൻെറ സാമൂഹ്യ സാംസ്ക്കാരിക ചരിത്രം വളരെ ചുരുക്കമായി ഒന്നു സൂചിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. വിദ്യാസമ്പന്നരുടെ നാടാണ് നമ്മുടേത്. സാംസ്ക്കാര സമ്പന്നരുടെ പഞ്ചായത്ത്. ജാതിമത വിഭാഗീയതയ്ക്കതീതമായ ഒരുമയുടെ ബലത്തിൽ നമുക്കു മുന്നേറാം. ●●



# കൃഷി

വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. കുന്നിൻ പ്രദേശങ്ങളും സമതലങ്ങളും നാലു തുരുത്തുകളും ഉൾപ്പെട്ടതാണ് ഇവിടത്തെ ഭൂപ്രദേശം. വില്ലേജ് രേഖകൾ പ്രകാരം മൊത്തം 3670.18 ഹെക്ടർ കൃഷിഭൂമി ഉള്ളതിൽ 2002.42 ഹെക്ടർ കര പ്രദേശവും 1661.76 ഹെക്ടർ നെൽപാടങ്ങളും ഉണ്ട്. മുഖ്യ കൃഷി, നെല്ല്, തെങ്ങ്, റബ്ബർ, കുരുമുളക് ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ, വാഴ മുതലായവ കൃഷി ചെയ്തു വരുന്നു. പരീക്ഷണാർത്ഥം രണ്ടുപാടശേഖരങ്ങളിലായി 120 ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷിയും ചെയ്യുന്നു. ജനങ്ങളുടെ മുഖ്യ ജീവിതോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു തൊഴിൽമേഖലകളുമാണ്. നെൽപാടങ്ങളിൽ 1165 ഹെക്ടർ സ്ഥലത്ത് പുഞ്ചകൃഷിയും 80 ഹെക്ടർ സ്ഥലത്ത് മുണ്ടകൻ കൃഷിചെയ്തുവരുന്നു. കരപ്രദേശങ്ങളിലെ മുഖ്യ കൃഷിയയി തെങ്ങ് 550 ഹെക്ടറിളും റബ്ബർ 500 ഹെക്ടറിലും കൃഷി ചെയ്യുന്നു. പച്ചക്കറികൾ, മരച്ചീനി, കുരുമുളക്, വാഴ എന്നീ കൃഷികൾക്ക് ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം 30 ഹെക്ടറിൽ താഴെയാണ്. കമുകു കൃഷിയാകട്ടെ നാമമാത്രമായ 5 ഹെക്ടറിൽ മാത്രമെ നടത്തുന്നുള്ളു. എം.സി. റോഡ് പഞ്ചായത്തിനെ രണ്ടായി വിഭജിക്കുന്നു. റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് പഞ്ചായത്തിലെ 1,2,3,4 വാർഡുകൾ സ്ഥിതിചെയ്യുന്നു. 1,2,3,4 വാർഡുകൾ നെൽപാടങ്ങളും കേരവൃക്ഷക്ഷങ്ങളും, വാഴത്തോപ്പുകളും ചെറിയതോടുകളും നിറഞ്ഞ പ്രകൃതിരമണീയമായ ഭൂപ്രദേശമാണ്. ഇവിടെ അദ്ധ്വാനശീലരായ കർഷകരും, കർഷകത്തൊഴിലാളികളും ഇടതിങ്ങി പാർക്കുന്നു. എം.സി. റോഡിനു കിഴക്കുഭാഗം മുട്ടകുന്നുകളും, നിരപ്പായസ്ഥലങ്ങളും, ചരിഞ്ഞ പ്രദേശങ്ങളും ഉൾപ്പെട്ടതാണ്. 5,6,7,8,9,10,11,12 വാർഡുകൾ ഇവിടെ സ്ഥിതിചെയ്യുന്നു. ഇവിടത്തെ മുഖ്യ വിള റബ്ബർ, തെങ്ങ്, കുരുമുളക്, വാഴ, പച്ചക്കറികൾ മുതലായവയാണ്.

ആകെ ഭൂമിയുടെ 50% നെൽകൃഷി ചെയ്യുന്ന വയലുകളാണ്. ഇതിൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിലെ (1,2,3,4 വാർഡുകൾ) ജനങ്ങളുടെ പ്രധാന കൃഷി നെല്ലാണ്. പരമ്പരാഗത കൃഷി രീതിയിൽ മൃഗങ്ങളെ ഉപയോഗിച്ചുളള ഉഴവ്, ചവറ്, ചാമ്പൽ, ചാണകം എന്നിവ കൊണ്ടുളള വളപ്രയോഗം ഇവ പാടെ ഉപേക്ഷിച്ചുകഴിഞ്ഞു. പകരം ടാക്ടർ, ട്രില്ലർ ഉല്പാദനശേഷി കൂടിയ പുതിയ വിത്തിനങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ എന്നിവ കർഷകർ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. പുതിയ കൃഷിരീതികൾ സ്വീകരിച്ചതുമൂലം നെൽകൃഷിയുടെ ഉല്പാദനം ഹെക്ടറിന് 1500 കി.ഗ്രാം ആയിരുന്നത് ഹെക്ടറിന് 4000 കി.ഗ്രാം മുതൽ 5000 കി.ഗ്രാം വരെയായി വർദ്ധിച്ചിട്ടുണ്ട്.

**പട്ടിക**

വിള, വിസ്തീർണ്ണവും ഉല്പാദനക്ഷമതയും
(കൃഷി ഭവൻ രേഖ)

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് ഒന്നാംവിള | 80 ഹെക്ടർ | 150 ടൺ | 2 ടൺ |
| നെല്ല് പുഞ്ച | 1165ഹെക്ടർ | 2330 ടൺ | 3 ടൺ |

സങ്കരയിനം നെൽവിത്തുകളോടാണ് കർഷകർക്ക് ഏറെ ആഭിമുഖ്യമുളളത്. ജ്യോതി നെൽവിത്താണ് ഭൂരിഭാഗം കർഷകരും ഉപയോഗിക്കുന്നത്.

പുതിയ കൃഷി സമ്പ്രദായത്തിന് അതിന്റേതായ ദോഷഫലങ്ങൾ അനുഭവപ്പെട്ടു തുടങ്ങിയിരിക്കുന്നു.

അമിതമായ രാസവള പ്രയോഗം മൂലം മണ്ണിന്റെ ഘടന വ്യത്യാസപ്പെടുകയും വർദ്ധിച്ച കീടനാശിനിയുടെ പ്രയോഗം മൂലം കീടങ്ങളുടെ പ്രതിരോധശേഷി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പരിഹാരമായി ജൈവവളങ്ങളും, ജൈവകീടനാശിനികളും, സുഹൃദ്കീടങ്ങളുമുപയോഗിച്ച് ഉപദ്രവകാരികളെ നശിപ്പിക്കുന്ന രീതികളും (IPM) കാർഷികസർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും സഹകരണത്തോടുകൂടി നമ്മുടെ പഞ്ചായത്തിലെ 90 ഹെക്ടർ വരുന്ന തൂപ്രം പാടശേഖരത്തിൽ പരീക്ഷിച്ചുനോക്കി തൃപ്തികരമാണെന്ന് കണ്ടു കഴിഞ്ഞു. ഈ രീതി മറ്റു പാടശേഖരങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നത് അഭികാമ്യമായിരിക്കും.

നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം കാലക്രമേണ കുറഞ്ഞുവരുന്നതായി കാണുന്നു. വളം, കീടനാശിനികൾ, കൂലിചിലവ് എന്നീ ഇനങ്ങളിൽ ഉളള ക്രമാതീതമായ വർദ്ധനവും കർഷകതൊഴിലാളികളുടെ ലഭ്യത കുറവും ഈ പ്രതിഭാസത്തിന് കാരണമായിട്ടുണ്ട്. എന്നാൽ കർഷകന് അതിനനുസരണമായ വർദ്ധനവ് ആദായത്തിൽ ലഭിക്കുന്നില്ല. പ്രത്യേകിച്ച് വിളവെടുപ്പ് കാലത്ത് കുറഞ്ഞ വിലയ്ക്ക് നെല്ല് വിൽകക്കുന്നതിന് കർഷകൻ നിർബന്ധിതനാകുന്നു. പിന്നീടുണ്ടാകുന്ന വിലവർദ്ധനയുടെ പ്രയോജനം വ്യാപാരികൾക്കാണ് ലഭിക്കുന്നത്. ഈസ്ഥിതിക്കും പരിഹാരം കാണേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ കൃഷിഭൂമിയുടെ വിസ്തീർണ്ണം കൂടുന്നതിനൊട്ടുംതന്നെ സാദ്ധ്യതയില്ല. അതിനുപകരം വർദ്ധിച്ചുവരുന്ന ഉല്പാദനചിലവിന്റെ ഒരു ഭാഗം കർഷകന് സബ്സിഡിയായി നൽകുകയും ഉല്പാദം വർദ്ധിപ്പിക്കുന്നതിന് വിദഗ്ദ്ധോപദേശം നൽകി നെൽകൃഷി ആദായകരമാക്കിത്തീർക്കുകയേ മാർഗ്ഗമുളളു.

കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിൽ രണ്ടാം സ്ഥാനത്തുനിൽക്കുന്ന തെങ്ങ്കൃഷി അനുദിനം അധഃപതനത്തെ നേരിടുന്നു. ഇതിനൊരു പ്രതിരോധമാർഗ്ഗം കണ്ടുപിടിക്കാൻ സാധിക്കാത്ത കാറ്റുവീഴ്ച രോഗമാണ് ഇതിനു മുഖ്യ കാരണം. വെളിച്ചെണ്ണയ്ക്ക് എതിരായ വ്യവസായലോബികളുടെ ദുഷ്പ്രചരണവും ഈ അവസ്ഥയ്ക്ക് ആക്കം കൂട്ടുന്നു. കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകി മാറാരോഗം ബാധിച്ച തെങ്ങുകൾ ഒന്നടങ്കം വെട്ടിമാറ്റി ഈ രോഗം നാട്ടിൽ നിന്ന് ഉന്മൂലനം ചെയ്യേണ്ടിയിരിക്കുന്നു. കേരകൃഷിയിൽ മുൻപന്തിയിലായിരുന്ന കേരളത്തെ തമിഴ്നാട് കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങൾ പിന്തളളിക്കൊണ്ടിരിക്കുകയാണ്. സർക്കാർ മുൻകൈ എടുത്ത് മതിയായ സഹായം നൽകി ഈ കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**നെൽകൃഷിയെ സ്ബന്ധിച്ച വിവരങ്ങൾ**
(കൃഷിഭവൻ രേഖ)

| തെങ്ങ് എണ്ണം | | | | രഗേം ബാധിച്ചതെങ്ങ് | | |
|---|---|---|---|---|---|---|
| തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | കാറ്റുവീഴ്ച | ഓലകരിയൽ | കൂമ്പുചീയൽ |
| 550 ഹെക്ടർ | 10385 | 98950 | 109335 | 27051 | 26794 | 770 |

കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിൽ മൂന്നാം സ്ഥാനത്തു നില്ക്കുന്ന രബ്ബർ 500 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. മറ്റു കൃഷികളെ അപേക്ഷിച്ച് പരിചരണത്തിനും വിളവെടുപ്പിനും ആവശ്യമായ ബുദ്ധിമുട്ടുകൾ കുറവ്, റബ്ബർബോർഡിന്റെ പ്രോത്സാഹനം ന്യായമായ ഉല്പന്നവില മുതലായ സാഹചര്യങ്ങളിൽ ഈ കൃഷി കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു. കർഷകനു ലഭിക്കേണ്ട വില വർദ്ധന വ്യാപാരികളും വ്യവസായികളും കൈയ്യടക്കാതിരിക്കുന്നതിന് വേണ്ട നടപടികൾ സർക്കാർ ഭാഗത്തുനിന്ന് ഉണ്ടായാൽ ഈ നാണ്യവിളയുടെ ഭാവി ശോഭനമായിരിക്കും.

**റബ്ബർകൃഷിയെ സംബന്ധിച്ച വിവിരങ്ങൾ** (കൃഷിഭവൻ രേഖ)

| വിസ്തീർണ്ണം | മൊത്ത ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടർ) |
|---|---|---|
| 500 ഹെക്ടർ | 500 ടൺ | 1 ടൺ |

കൃഷിയിൽ അടുത്ത സ്ഥാനം കുരുമുളകിനാണ് ദ്രുതവാട്ടം മൂലം അനുദിനം നശിച്ചുകൊണ്ടിരിക്കുന്ന ഒരു വിളയാണ് കുരുമുളക്. പൗരാണിക കാലം മുതൽ വിദേശവ്യാപാരികളെ കേരളത്തിലേയ്ക്ക് ആകർഷിച്ചുകൊണ്ടിരുന്ന "കറുത്തപൊന്ന്" എന്ന് കീർത്തിപ്പെട്ടിരുന്നതുമായ ഈ ഉല്പന്നം ഈ നാട്ടിൽനിന്ന് തിരോധാനം ചെയ്യാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഈ കൃഷിയുടെ ഇപ്പോഴത്തെ നില താഴെ ചേർക്കുന്നു.

**കുരുമുളക് കൃഷിയെ സ്ബന്ധിച്ച വിവിരങ്ങൾ** (കൃഷിഭവൻ രേഖ)

| വിസ്തീർണ്ണം | മൊത്ത ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടർ) |
|---|---|---|
| 25 ഹെക്ടർ | 250 ടൺ | 0.85 ടൺ |

വാഴയിനത്തിൽ നേർവിളയായി ഏത്തവാഴയും പൂവൻ എന്നീ ഇനങ്ങളും പാളയൻകോടൻ, കണ്ണൻ, കാളി തുടങ്ങിയ ഇനങ്ങളും കൃഷി ചെയ്തുവരുന്നു. വാഴയിന ങ്ങളിൽ പൊതുവെ ബാധിക്കുന്ന തണ്ടുതുളയ്ക്കുന്ന പുഴുവിന്റെ ശല്യം കർഷകരെ ഈ കൃഷിയിൽനിന്നും പിന്തിരിപ്പിക്കാൻ ഇടയാക്കുന്നു. അതിനുവേണ്ട പ്രതിരോധ നടപടികൾ കണ്ടെത്തേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഏകദേശം 30 ഹെക്ടർ സ്ഥലത്ത് ഇടവിളയായി വാഴ കൃഷി ചെയ്തുവരുന്നു.

**വിള വിസ്തീർണ്ണവും ഉല്പാദനവും**(കൃഷിഭവൻ രേഖ)

| വിസ്തീർണ്ണം | മൊത്ത ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടർ) |
|---|---|---|
| വാഴ 30ഹെക്ടർ | 450 ടൺ | 15 ടൺ |

മുൻകാലങ്ങളിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ പ്രധാന ഭക്ഷണമായിരുന്നു മരച്ചീനി. വളത്തിന്റെ വിലകൂടുതലും തൊഴിലാളികളുടെ ലഭ്യതക്കുറവും എലികളുടെ ശല്യവും കർഷകരെ ഈ കൃഷിയിൽ നിന്ന് പിന്തിരിപ്പിക്കുകയും അത്തരം ഭൂമികൾ റബ്ബർതോട്ടങ്ങളായി മാറുകയും ചെയ്യുന്നു. ചേന, കാച്ചിൽ, ചേമ്പ്, ചെറുകിഴങ്ങ് മുതലായ കിഴങ്ങുവർഗ്ഗങ്ങളുടെയും സ്ഥിതി ഇതിൽ നിന്നും വ്യത്യസ്ഥമല്ല.

ഈ പഞ്ചായത്തിൽ എന്നല്ല നമ്മുടെ സംസ്ഥാനത്ത് പൊതുവെ കുറഞ്ഞുകൊണ്ടിരിക്കുന്ന കൃഷിയാണ് പച്ചക്കറി. ഇക്കാര്യത്തിൽ ഏതാണ്ട് പൂർണ്ണമായും നാം തമിഴ്നാടിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഉല്പാദനശേഷി കുറഞ്ഞ വിത്തിനങ്ങൾ കീടങ്ങളുടെ ശല്യം, കാലാവസ്ഥയിലുണ്ടായ വ്യതിയാനം എന്നിവ ഈ കൃഷിയെ സാരമായി ബാധിച്ചു. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം ഉണ്ടാക്കി

ഇതിൽ സ്വയം പര്യാപ്തത കൈവരിക്കു ന്നതിന് നമ്മുടെ പഞ്ചായത്ത് വിഭാവനം ചെയ്ത "ഹരിത ജ്യോതി" പദ്ധതി (സമഗ്ര പച്ചക്കറി വികസനപ ദ്ധതി) വളരെ പ്രയോജനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

കമുക്, കൊക്കോ എന്നിവയുടെ കൃഷിയിൽ ഈ പഞ്ചായത്തിൽ ഇടവിളയായി നടക്കുന്നുണ്ട്. കമുകിന്റെ കേടും, കൊക്കോയിലെ എലി, അണ്ണാൻ ഇവയുടെ ശല്യവും ഒഴിച്ചാൽ ഈ കൃഷികൾ വളരെ ആദായകരമാണ്. ഇതിന് പരിഹാരം കാണേണ്ടി യിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പരീക്ഷണാർത്ഥം തുടങ്ങിയിരിക്കുന്ന കൃഷിയാണ് ശുദ്ധജല മത്സ്യകൃഷി. നെൽകൃഷി കഴിഞ്ഞ് പാടശേഖരത്തിൽ വെള്ളം കയറികിടക്കുന്ന സമയത്ത് ചെയ്യാവുന്ന മത്സ്യകൃഷിക്ക് നമ്മുടെ പഞ്ചായത്തിൽ വലിയ സാധ്യത ഉണ്ട്. ഇപ്പോൾ ഏകദേശം 120 ഹെക്ടർ പുഞ്ചപ്പാടത്ത് ഈ കൃഷി നടത്തിവരുന്നു. നെൽകൃഷിയിൽ നിന്ന് പിന്തിരിയാൻ ശ്രമിക്കുന്ന കർഷകരെ പിടിച്ചുനിർത്താൻ ഈ സംരഭത്തിന് സാധിക്കും. കർഷകരുടെ കൂട്ടായ്മ പ്രകടമായി കാണാൽ സാധിക്കുന്നത് ഈ കൃഷിയുടെ ഒരു പ്രത്യേകതയാണ്. മത്സ്യകൃഷി കഴിഞ്ഞുള്ള നെൽകൃഷിക്ക് മുന്നോടിയായുള്ള കള നശിപ്പിക്കലും, ഉഴവുജോലികളും ഒഴിവാക്കാനാവുമെന്നും, രാസവളം, കീടനാശിനി എന്നിവയുടെ ഉപയോഗം കുറച്ച് ഭീമമായ ചിലവ് കുറയ്ക്കാമെന്നും, വിളവിൽ 25% വർദ്ധനവ് ഉണ്ടാകുമെന്നും ഉള്ളത് ഈ കൃഷിയുടെ പ്രധാന നേട്ടങ്ങളാണ്. നമ്മുടെ പഞ്ചായത്തിലെ തൂപ്രം പാടശേഖരത്തിൽ ചെയ്തിരിക്കുന്ന മത്സ്യകൃഷി കുട്ട നാടിന്റെ മാർഗ്ഗദീപമായി മാറാൻ സാദ്ധ്യതയുണ്ട്. ഈ കൃഷിയിലൂടെ നമ്മുടെ ഗ്രാമപഞ്ചായത്തിന് സംസ്ഥാന ത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റാൻ സാധിക്കും.

കൃഷി വികസനത്തിന് ഉല്പാദനം, സംരക്ഷണം, വിപണനം എന്നീ മൂന്നു ഘട്ടങ്ങളിൽ ശ്രദ്ധിക്കേണ്ടി യിരിക്കുന്നു.

### (1) ഉല്പാദനം

മണ്ണിലെ പോരായ്മകൾ മനസ്സിലാക്കി വളപ്ര യോഗം നടത്തുന്നതുമൂലം നഷ്ടം ഒഴിവാക്കി ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും. ഇതിന് എല്ലാ കൃഷി യിടങ്ങളിലെയും മണ്ണ് പരിശോധനയ്ക്ക് വിധേയ മാക്കേണ്ടിയിരിക്കുന്നു. ഇതിലേയ്ക്ക് കർഷകരെ ബോധവാന്മാരാക്കുകയും കൃഷിക്കാരിൽ നിന്ന് ലഭിക്കുന്ന മണ്ണിന്റെ സാമ്പിളുകൾ പരിശോധിച്ച് യഥാസമയം കൃഷിക്കാരെ ഫലം അറിയിക്കുകയും ചെയ്യുന്നതിന് കൃഷിവകുപ്പ് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഉഴവുമൃഗങ്ങളുടെയും തൊഴിലാളികളുടെയും ലഭ്യത ബുദ്ധിമുട്ടായിരിക്കുന്ന ഈ സാഹചര്യത്തിൽ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് കൃഷിക്കാർക്ക് സഹായധനം നൽകേണ്ടതാണ്. അതുപോലെ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ് ഉല്പാദനശേഷിയുള്ള വിത്തിനങ്ങളും, നടീൽ വസ്തുക്കളും കർഷകർക്ക് ലഭ്യമാകുക എന്നത്. ഇതിന് സർക്കാർ കൃഷിഫാമുകളോ അതിന് സാദ്ധ്യത ഇല്ലാത്ത സ്ഥലങ്ങളിൽ കർശനമായ ഗുണമേന്മ ഉറപ്പുവരുത്തുന്ന തരത്തിൽ സ്വകാര്യകൃഷി ഫാമുകളോ സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിച്ച് കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കണം.

**വളം വിൽപ്പനയുടെ വിശദവിവരം താഴെ ചേർക്കുന്നു (കൃഷിരേഖ)**

പട്ടിക

| വർഷം | നൈട്രജൻ | ഫോസ്ഫേറ്റ് | പൊട്ടാഷ് |
|---|---|---|---|
| 1993–94 | 4250 Kg. | 2125 Kg | 8500 Kg. |
| 1994–95 | 4760 Kg. | 2380.Kg. | 9520 Kg. |
| 1995–96 | 4760 Kg. | 2380 Kg. | 9520 Kg. |

### (2) സംരക്ഷണം

#### (a) വളം

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന രണ്ടും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന അഞ്ചും വളവിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ശാസ്ത്രീയമായ രീതിയിലുള്ള വളപ്രയോഗം ഇന്ന് കാര്യക്ഷമമല്ല. അതുകൊണ്ട് കൃഷിചിലവിന്റെ അനാവശ്യമായ വർദ്ധനയ്ക്ക് കാരണമാകുന്നു. 90% രാസവളം ഉപയോഗിക്കുന്ന കർഷകരെ അതിൽ നിന്ന് നിരുത്സാഹപ്പെടുത്തി അനുപാതികമായിട്ടെങ്കിലും ജൈവവളം പ്രയോഗി ക്കാൻ പ്രേരിപ്പിക്കണം.

**(b) കീടനാശിനി**

നെല്ല്, തെങ്ങ്, റബ്ബർ, കുരുമുളക്, പച്ചക്കറികൾ മുതലായവയ്ക്കാണ് കീടനാശിനികൾ ഉപയോഗിക്കുന്നത്. ജൈവകീടനാശിനികൾ ഉപയോഗിക്കുവാൻ കർഷകർക്ക് പ്രേരണ നൽകേണ്ടിയിരിക്കുന്നു. മിത്രപ്രാണികളെ നശിപ്പിക്കാതെ കീടങ്ങളെ നശിപ്പിക്കുവാൻ (IPH) ആവശ്യമായ വിദഗ്ദ്ധോപദേശം കർഷകർക്ക് കൃഷിഭവൻ വഴി നൽകണം.

## (3) വിപണനം

ഉല്പാദകന് വിപണിയിൽ യാതൊരു സ്വാധീനവും ചെലുത്താൻ സാധ്യമല്ലാത്ത രംഗമാണ് കൃഷി. കാർഷികത വിഭവങ്ങൾ കേടുകൂടാതെ ശേഖരിച്ചു വയ്ക്കാനുളള ബുദ്ധിമുട്ടും കൃഷി ചെലവിനു വേണ്ട പണം ലഭിക്കുവാനുളള അത്യാവശ്യവും കൃഷിക്കാരുടെ അസംഘടിത നിലയും മറ്റുമാണ് ഇതിനുളള മുഖ്യ കാരണങ്ങൾ. വ്യവസായികൾക്ക് വന്നുചേരുന്ന ഉല്പാദനവർദ്ധനവ് ഉല്പന്നവില വർദ്ധിപ്പിച്ച് ഈടാക്കാൻ കഴിയും. ഈ സൗകര്യം ഉപയോഗപ്പെടുത്തുവാൻ കഴിവില്ലാത്ത കൃഷിക്കാരന്റെ രക്ഷയ്ക്ക് സർക്കാർ എത്തിയേ മതിയാകൂ.

**കാർഷികോപകരണങ്ങൾ**

മുൻകാലങ്ങളിൽ നാടൻ ജലസേചന ഉപകരണങ്ങളായ ചക്രം കയറ്റുകൊട്ട (തേക്ക്കൊട്ട) മുതലായവ ഉപയോഗിച്ചിരുന്നു. ഇന്ന് അതുമാറി യന്ത്രോപകരണങ്ങളായി. നമ്മുടെ പഞ്ചായത്തിലെ '9' പാടശേഖരങ്ങൾക്ക് ബ്ലോക്കുവഴിയായി മോട്ടോറും പെട്ടിയുംപറ ഇവ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൃഷിഭവൻ മുഖേന ഉഴവ് ഉപകരണങ്ങളായ രണ്ട് ട്രില്ലർ 50 നാടൻ കലപ്പ മരുന്നു തളിക്കുന്നതിനാവശ്യമായ 25 റോക്സ്പ്രെയർ, 200 നാപ്സ്റ്റാക് പ്രെയർ, 1 മെതിയന്ത്രം, 6 തെങ്ങുകയറ്റു യന്ത്രം, 4 പോർട്ടബിൾ പമ്പ്സെറ്റ് എന്നിവ കർഷകർക്ക് സൗജന്യനിരക്കിൽ നൽകിയിട്ടുണ്ട്. കൂടാതെ സമീപ സ്ഥലങ്ങളിലെ സ്വകാര്യവ്യക്തികളുടെ ട്രില്ലറുകളും

**കാർഷികോപകരണങ്ങൾ (കൃഷിഭവൻ)**

പട്ടിക

| ഉഴവുപകരണങ്ങൾ | | മരുന്നുതളി | ഉപകരണങ്ങൾ | മെതിയന്ത്രം | തെങ്ങ്കയറ്റ്യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|
| ട്രില്ലർ | നാടൻ കലപ്പ | റോക്സ് പ്രേയർ | നാപ്സ്റ്റാക്സ് പ്രേയർ | | | |
| 2 | 50 | 25 | 200 | 1 | 6 | 4 |

സ്പ്രേ യറുകളും, പമ്പുസെറ്റുകളും കൃഷിക്ക് ഉപയോഗിക്കുന്നുണ്ട്.

**പാടശേഖരസമിതികൾ**

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട 30 പാടശേഖര നെല്ലുല്പാദക സമിതികൾ ആണ് ഇപ്പോൾ നിലവിലുളളത്. കർഷകരുടെ കൂട്ടായ്മ ഉറപ്പുവരുത്തുവാൻ വേണ്ടി സംഘടിപ്പിക്കപ്പെട്ടിട്ടുളള സമിതികളിൽ പലതും വേണ്ടത്ര ഫലപ്രദമായ പ്രവർത്തിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാടശേഖരസമിതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ 17 പാടശേഖരങ്ങൾക്ക് കൃഷിയിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയിൽ (PMP) താഴെ പറയും പ്രകാരം സാമ്പത്തിക സഹായം ലഭിച്ചു. പുറബണ്ട് കരിങ്കൽ കെട്ടി

| നമ്പർ | പാടശേഖരത്തിന്റെ പേര് | വിസ്തീർണ്ണം ഏ. സെന്റ് | കൃഷിക്കാരുടെ എണ്ണം |
|---|---|---|---|
| 1. | ഓടേറ്റി വടക്ക് പാടശേഖരം | 562.50 | 310 |
| 2. | ഓഡേറ്റി തെക്ക് | 512.50 | 255 |
| 3. | ഗാരത്രഗഞ്ചൻതുരുത്ത് | 350.00 | 225 |
| 4. | കടം പാടം ചേരിക്കലും | 348.00 | 192 |
| 5. | തൂപ്രം | 226.91 | 93 |
| 6. | പാറയിൽ കടവ് | 17.01 | 9 |
| 7. | കാവുനട തോട്ടായിൽ കടവ് | 22.71 | 13 |
| 8. | അമ്പഴത്തിനാടി | 29.63 | 28 |
| 9. | അരിശ്രാക്കൽ വാളനോടി | 19.30 | 12 |
| 10. | പുറത്തേത | 108.83 | 57 |
| 11. | പട്ടിത്താനം | 80.80 | 64 |
| 12. | ഉടമ്പ്ര | 31.88 | 25 |
| 13. | തെക്കുംതുരുത്ത് | 50.30 | 52 |
| 14. | ആലഞ്ചേരികടവ് ഉറുവേലി | 40.91 | 33 |
| 15. | അയ്യൻപടവ് ശപ്പകണ്ടം | 13.50 | 12.00 |
| 16. | തുണ്ടിക്കടവ് | 21.89 | 9 |
| 17. | കുഴിക്കരി | 36.47 | 23.00 |
| 18. | ചെമ്പ് | 17.22 | 17 |
| 19. | ചെമ്പ് മിനി ബ്ലോക്ക് | 8.76 | 7 |
| 20. | ആഞ്ഞിലിക്കുടി | 96.72 | 54 |
| 21. | ഇലഞ്ഞിപടവ് | 10.47 | 10 |
| 22. | പെരുന്നാകരി | 16.90 | 9 |
| 23. | കോങ്കണ്ടം | 19.34 | 16 |
| 24. | ളാവടി | 19.46 | 14 |
| 25. | മരുതിക്കുഴി മണലാടി | 17.37 | 14 |
| 26. | മേനിലം കളിയാടി | 23.70 | 16 |
| 27. | തൈപറമ്പ് വടക്കേബ്ലോക്ക് | 62.50 | 24 |
| 28. | ചീരഞ്ചിറ പുതുച്ചിറ കണ്ണവട്ട | 100.00 | |
| 29. | കടം പാടം മിനി ബ്ലോക്ക് | 13.33 | 7 |
| 30. | കരിമ്പുംതറ കൂശവൻകരി | 22.92 | 14 |
| 31. | തോട്ടടി മണ്ണാട് | 24.24 | (കൃഷിയില്ല) |

ബലപ്പെടുത്തുക, മൺവേല ചെയ്യുക വാച്ചാലുകൾ, മോട്ടോർ, മോട്ടോർതറ, മോട്ടോർപുരകൾ ഷട്ടറുകൾ, റാമ്പുകൾ ഇവകളുടെ പണികൾക്കായി ആണ് സഹാ യധനം ലഭിച്ചിരുന്നത്. ഓരോ പണിക്കും എടുത്ത

വിവധ പാടശേഖരത്തിന് ലഭിച്ച സഹായത്തിന്റെ കണക്ക്

| നമ്പർ | പാടശേഖരത്തിന്റെ പേര് | വിസ്തീർണ്ണം | അനുവദിച്ചിട്ടുള്ളതുക | ചിലവഴിച്ചതുക |
|---|---|---|---|---|
| 1. | ഓടേറ്റിവടക്ക് | 562.50 | 1419000.00 | 653402.00 |
| 2. | ഓഡേറ്റി തെക്ക് | 512.50 | 1544000.00 | 858964.00 |
| 3. | കടംപാടം ചേരിക്കലകം | 348.00 | 3931000.00 | 2638366.00 |
| 4. | ഈറത്തറ ഇഞ്ചൻതുരുത്ത് | 350.00 | 2425000.00 | 2367041.00 |
| 5. | തൂമ്പ്രം | 226.91 | 863000.00 | 456033.00 |
| 6. | പാറയിൽകടവ് | 17.01 | 257000.00 | 222035.00 |
| 7. | കാവുനട തോട്ടായിൽ കടവ് | 22.71 | 374200.00 | 374200.00 |
| 8. | അമ്പഴത്തിനാടി | 29.63 | 632000.00 | 561248.00 |
| 9. | അരിശ്രാക്ക, വാളനോടി | 19.30 | 505000.00 | 446767.00 |
| 10. | പുറന്തേരി | 108.83 | 1231000.00 | 778872.00 |
| 11. | കുഴിക്കരി | 36.47 | 750000.00 | 750000.00 |
| 12. | തെക്കുംതുരുത്ത് | 50.30 | 790500.00 | 755367.00 |
| 13. | തുണ്ടിക്കടവ് | 21.89 | 346000.00 | 338264.00 |
| 14. | ആലഞ്ചേരിക്കടവ് കുറുവേലി | 40.591 | 686000.00 | 626429.00 |
| 15. | അയ്യൻപടവ് ശപ്പക്കണ്ടം | 13.50 | 185000.00 | 185000.00 |
| 16. | ഉടമ്പ്ര | 31.88 | 217000.00 | 191862.00 |
| 17. | പട്ടിത്താനം | 80.80 | 800000.00 | 583046.00 |

എസ്റ്റിമേറ്റിലെ റേറ്റ് കുറവായിരുന്നതിനാൽ പണി കൾ മുഴുവൻ ചെയ്തു തീർക്കാൻ പാടശേഖരത്തിലെ കൃഷിക്കാർക്ക് സാധിച്ചിട്ടില്ല.

പ്രകൃതിക്ഷോഭവും വെള്ളപ്പൊക്കവും മൂലം ഉണ്ടായ

| പാടശേഖരത്തിന്റെ പേര് | അനുവദിച്ച തുക | പണിയുടെ സ്വഭാവം |
|---|---|---|
| ഈറത്ത ഉഞ്ചൻതുരുത്ത് | 30000.00 | നടപ്പാലം |
| ആഞ്ഞിലിക്കുടി | 100000.00 | പുറംബണ്ട് ബലപ്പെടുത്തൽ |
| തുണ്ടിക്കടവ് | 75000.00 | പുറംബണ്ടിൽ മൺവേല |
| കുശവൻകരികരിമ്പിൻതറ | 100000.00 | പുറംബണ്ട്ബലപ്പെടുത്തൽ |

നഷ്ടം പരിഹരിക്കുന്നതിന് നമ്മുടെ പഞ്ചായത്തിലെ പാടശേഖര സമിതികൾക്ക് സർക്കാരിൽ നിന്നും നൽകിയ സഹായധനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

## കൂലിനിരക്ക്

പഞ്ചായത്തിൽ പൊതുവെ ഏകീകൃത കൂലിനി രക്ക് നിലവിലില്ല. കൂലി നിരക്ക് ഏകീകരിക്കുകയും മണിക്കൂർ കണക്കിന് നിജപ്പെടുത്തുകയും ചെയ്യ ണം. കർഷകരും കർഷകതൊഴിലാളികളും തമ്മിലു ള്ള ഉറ്റബന്ധം കാർഷികാഭിവൃദ്ധിക്ക് അത്യന്താപേ ക്ഷിതമായ ഒരു ഘടകമാണ്.

## കാർഷിക വായ്പ

രണ്ട് സഹകരണബാങ്കുകളിൽ നിന്നും വിവിധ ഷെഡ്യൂൾബാങ്കുകളിൽ നിന്നും പന്ത്രണ്ട് ശാഖക ളിൽ നിന്നുമായി കാർഷിക വായ്പ ലഭിക്കുന്നുണ്ട്. കൃഷിക്കുവേണ്ടി അനുവദിക്കുന്ന വായ്പകൾ പല പ്പോഴും മറ്റാവശ്യങ്ങൾക്കാണ് വിനയോഗിക്കുന്നത്. ഇത് ഒഴിവാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളും പൊതുവായി താഴെപറയുന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും ഉന്നയിച്ചിട്ടുണ്ട്.

### (1) യന്ത്രോപകരണങ്ങൾ

കർഷകതൊഴിലാളികളുടെ സേവനലഭ്യത അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആദായകരമായി കൃഷിചെയ്യുന്നതിന് ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത് യന്ത്രം, മെതിയന്ത്രം, വെള്ളംപമ്പുചെയ്യുന്നതിന് മോട്ടോറുകൾ തുടങ്ങിയ. യന്ത്രോപകരണങ്ങൾ അത്യന്താപേക്ഷികമായിരിക്കുന്നു. ഇത് പൊതുഉടമസ്ഥതയിലോ സ്വകാര്യുടമസ്ഥതയിലോ സ്ഥാപിക്കാവുന്നതാണ്. പാടശേഖരസമിതികൾ വഴി കൃഷിക്കാർക്കുന്ന നൽകുന്നതാണ് അഭികാമ്യം. അതിന് സാദ്ധ്യതയില്ലാത്ത സ്ഥലങ്ങളിൽ വ്യക്തികൾക്കും സബ്സിഡി നൽകി മേൽത്തരം യന്ത്രോപകരണങ്ങൾ നൽകേണ്ടതാണ്. ഈ വക ഉപകരണങ്ങളുടെ അറ്റകുറ്റപണികൾ നടക്കുന്നതിന് പഞ്ചായത്തു തലത്തിൽ റിപ്പയറിംഗ്യൂണിറ്റുകളും പരിശീലനകേന്ദ്രങ്ങളും ഏകോപിപ്പിച്ച് നടത്തേണ്ടതാണ്.

### (2) വിത്തും വളവും

(a) നെൽവിത്ത്

തെരഞ്ഞെടുത്ത പാടശേഖരങ്ങളിൽ നിന്നും വിത്ത് സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകണം. N.S.C. വഴി ഇപ്പോൾ സമയം കഴിഞ്ഞ് നൽകുന്നത് ഒഴിവാക്കുന്നു.

(b) തെങ്ങ് , ഔഷധസസ്യങ്ങൾ, പുഷ്പകൃഷിക്ക് ആവശ്യമായ തൈകൾ, കൂൺ വിത്തുകൾ, കുരുമുളക് വള്ളികൾ, തേനീച്ച തുടങ്ങിയ കൃഷികൾക്കുള്ള വിത്തുകളും തൈകളും ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്. അതിന് സാധ്യത ഇല്ലാത്ത സ്ഥലങ്ങളിൽ ഈ ചുമതല സ്വകാര്യ ഏജൻസികൾക്ക് വിട്ടുകൊടുക്കാവുന്നതാണ്.

### (3) നേഴ്സറികൾ

ധാരാളം വിപണന സാധ്യതയുള്ള ഫ്ളോറികൾച്ചർ, ഓർക്കിഡ്, ആന്തൂറിയം ഇവ നേഴ്സറികളുടെ സഹായ ത്തോടെ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് എത്തിക്കണം. കുറ്റിമുല്ല കൃഷിയ്ക്കും നമ്മുടെ പഞ്ചായത്തിൽ സാധ്യത കൾ ധാരാളം ഉണ്ട്.

### (4) വളം

രാസവള വിൽപന കേന്ദ്രങ്ങൾ സഹകരണ മേഖല യിൽ കൂടുതലായി സ്ഥാപിക്കണം. തെങ്ങിന് സബ്സിഡി നിരക്കിൽ നൽകിവരുന്ന വളം വിതരണം പഞ്ചായത്തിലെ എല്ലാ കേരസമിതി അംഗങ്ങൾക്കും കിട്ടത്തക്കവണ്ണം വ്യാപകമാക്കുകയും അത് യഥാസമയം കർഷകർക്ക് കിട്ടുവാൻ ശ്രദ്ധിക്കുകയും വേണം. കാലം തെറ്റിയുള്ള വളം വിതരണം മൂലം വേണ്ടത്ര പ്രയോജനം കൃഷിക്കാർക്ക് ലഭിക്കുന്നില്ല. നെൽകൃഷിക്ക് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ഉല്പാദന ബോണസ് ഏക്കറിന് 500 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

### (5) സസ്യസംരക്ഷണം

ജലസേചനം

മഴയെമാത്രം ആശ്രയിച്ചുള്ള കൃഷി ഒരു ഭാഗ്യപരീക്ഷണം ആയതിനാൽ സാധ്യമായ സ്ഥലങ്ങളിൽ എല്ലാ ജലസേചന മാർഗ്ഗങ്ങളും സ്വീകരിക്കേണ്ടിയിരിക്കുന്നു. മഴവെള്ളം ഒലിച്ചുപോകാതെ ഭൂമിയിൽ താഴുന്നതിന് ആവശ്യമായ മണ്ണ്സംരക്ഷണ ജോലികൾ ചെയ്യുക. നീരൊഴുക്കുള്ള പ്രദേശങ്ങളിൽ തടയണ നിർമ്മിച്ച് കൃഷി ആവശ്യത്തിനു വേണ്ട വെള്ളം സംഭരിക്കുക. ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ചാലുകൾ വഴി വെള്ളം വിതരണം ചെയ്യുക പ്രായോഗികമല്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ തുള്ളിജലസേചനമാർ ഗ്ഗമാണ് അനുയോജ്യമായിട്ടുള്ളത്. കിഴക്കൻ ഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻകൂടി ഉൾപ്പെടുത്തണം. ഇതിലേയ്ക്കുവേണ്ട സാമ്പത്തിക സഹായവും സാങ്കേതിക സഹായവും ഏർപ്പെടുത്തേണ്ടതാണ്.

### (6) വിള ഇൻഷ്വറൻസ്

വിളവ് ഇൻഷ്വർ ചെയ്യുന്ന സമ്പ്രദായം വ്യാപകമാക്കേ ണ്ടതാണ്. നെൽകൃഷിക്ക് പ്രദേശം ഒട്ടാകെ കെടുതി സംബന്ധിച്ചു എന്നു പ്രഖ്യാപിച്ചാൽ മാത്രമെ ആനുകൂല്യം കിട്ടൂ എന്നത് ഒഴിവാക്കണം. കൂടാതെ മൊത്തം പാടശേഖരവും സ്വമേധയാ ഇൻഷ്വറൻസ് പരിപാടിയിൽ പെടുത്തണം. പ്രീമിയം നിരക്ക് കർഷകർക്ക് താങ്ങാവുന്ന തരത്തിൽ നിലനിർത്താനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കഴിയുന്നിടത്തോളം കൂടുതൽ കർഷകർ വിള ഇൻഷ്വർ ചെയ്യുന്നതായാൽ ഇൻഷ്വറൻസ് കമ്പനികൾക്കും പ്രീമിയം നിരക്ക് കുറയ്ക്കാൻ സാധിച്ചേക്കും എന്നുള്ളതിനാൽ ഈ പദ്ധതിയിൽ ചേരുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.

### (7) നെല്ലു ശേഖരണം

കൊയത്തുകാലത്ത് നെല്ലിന് വില കുറവുണ്ടാകുക സാധാരണയാണ്. ന്യായവില നിശ്ചയിച്ച് നെല്ല്

സംഭരിച്ചു വയ്ക്കുന്നതിന് (കീ ലോൺ സംവിധാനം) ഗോഡൗണുകൾ ഉണ്ടാകണം.

### (8) ബണ്ടുകളുടെ സംരക്ഷണം

പല പാടശേഖരങ്ങളുടെയും പുറം ബണ്ടുകൾ വേണ്ടത്ര ഉയരവും വീതിയും ഇല്ലാതെ കാണുന്നു. ബണ്ടുകളുടെ ഉയരവും വീതിയും ആവശ്യമായ വിധത്തിൽ വർദ്ധിപ്പിക്കുക. കാലാകാലങ്ങളിൽ ഇവയുടെ സംരക്ഷണത്തിന് സംവിധാനം ഉണ്ടാക്കേണ്ടതാണ്. തണ്ണീർമുക്കം ബണ്ട് ഈ പഞ്ചായത്തിലെ നെൽകൃഷിയെ പൊതുവെ ബാധിക്കുന്ന ഒരു ഘടകമാണ്. ഇത് പലപ്പോഴും നിശ്ചിതദിവസമായ മാർച്ച് 15–ാം തീയതിയോടുകൂടി തുറക്കാറില്ല. ഇതിന്റെ ഫലമായി തോടുകളിലെ വെള്ളം മലിനമാകുകയും ഉയർന്ന പ്രദേശങ്ങളിലെ നെൽകൃഷിക്ക് വെള്ളം കിട്ടാതെ വരുകയും കിണറുകളിലെ വെള്ളം വറ്റുകയും ചെയ്യുന്നു. കൃഷിക്കാവശ്യമായ വെള്ളം തോടുകളിലുള്ള സമയം തന്നെ (കാർത്തിക ഞാറ്റുവേല സമയം) ബണ്ട് അടയ്ക്കുകയും മാർച്ച് 15നു തന്നെ കൃത്യമായി ബണ്ട് തുറന്നു വിടുകയും വേണം.

### (9) മോഡേൺ റൈസ്മിൽ

ഒരേ സമയം തന്നെ നെല്ല് അരി ആക്കുന്നതിന് തക്ക സംവിധാനമുള്ള ഒരു മോഡേൺ റൈസ് മിൽ പഞ്ചായ ത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ പൊതു മേഖലയിൽ സ്ഥാപിക്കുന്നതായാൽ കർഷകർക്ക് ന്യായമായ വിലയും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ സാധ്യതയും ലഭിക്കുന്നതും ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും സാധിക്കും.

### (10) മത്സ്യകൃഷി

അനുയോജ്യമായ സ്ഥലങ്ങളിൽ മത്സ്യകൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായവും വിദഗ്ദ്ധോപദേശവും നൽകണം. മത്സ്യകൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുമ്പോൾ മത്സ്യകുഞ്ഞുങ്ങൾക്ക് ക്ഷാമമുണ്ടാകാൻ ഇടയുണ്ട്. ഇത് പരിഹരിക്കുന്നതിന് ഈ മേഖലയിൽ സൗകര്യപ്രദമായ സ്ഥലത്ത് പൊതുമേഖലയിൽ മത്സ്യകുഞ്ഞുങ്ങളുടെ ഉല്പാദനകേന്ദ്രം ആരംഭിക്കേ ണ്ടതാണ്.

### (11) കൃഷിപരിശീലനപരിപാടികൾ

ഉല്പാദനക്ഷമതയുള്ള പുതിയ വിത്തിനങ്ങൾ, പുതിയ കൃഷി സമ്പ്രദായങ്ങൾ, കാര്യക്ഷമതയുള്ള യന്ത്രപക രണങ്ങൾ എന്നിവ ഉപയോഗിച്ച് കൃഷി നടത്തുന്ന സമ്പ്രദായം എന്നിവ കർഷകരെ പരിശീലിപ്പിക്കുന്നതിനുള്ള പരിപാടികൾ കാലാകാലങ്ങളിൽ നടത്തണം. മറ്റു പരിപാടികൊളോടൊപ്പം കൃഷി പരിശീലനവും നടത്തുന്നതിന് വാർഡുതലത്തിൽ അയൽ കൂട്ടങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

### (12) മണ്ണുപരിശോധന

മണ്ണറിഞ്ഞ് വളം ചേർക്കുന്നതും കൃഷിയുടെ വിജയത്തിനും നഷ്ടം ഒഴിവാക്കുന്നതിനും അത്യാവശ്യമാണ്. ഇതിന് എല്ലാ സ്ഥലങ്ങളിലും എല്ലാ തരത്തിലുമുള്ള മണ്ണ് പരിശോധിച്ച് മണ്ണിന്റെ പോരായ്മകൾ ഉണ്ടെങ്കിൽ കർഷകരെ ധരിപ്പിക്കേണ്ടതാണ്. നെൽ പാടങ്ങളിൽ സാധാരണ കണ്ടുവരുന്ന പോരായ്മയാണ് അമ്ലത്വം. ഇതു പരിഹരിക്കുന്നതിന് കുമ്മായം ചേർക്കേണ്ടത് പ്രയോജനകരമാണെന്ന് അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. ആവശ്യമായ നിലങ്ങളിൽ ചേർക്കുന്നതിനാവശ്യമായ കുമ്മായം സബ്സിഡി നിരക്കിൽ കൃഷിവകുപ്പിൽ നിന്ന് നല്കേണ്ടതാണ്.

### (14) കൃഷിഭവനും കൃഷി ഉദ്യോഗസ്ഥന്മാരും

കൃഷിവകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സേവനം പഞ്ചായ ത്തിന്റെ എല്ലാ സ്ഥലങ്ങളിലും ലഭ്യമാക്കേണ്ടതാണ്. ഇതിന് സഹായം ആകത്തക്കവണ്ണം കൃഷിഭവന്റെ ആസ്ഥാനം പഞ്ചായത്തിന്റെ കേന്ദ്ര സ്ഥാനത്ത് ആയിരിക്കേണ്ടത് ആവശ്യമാണ്. അതുപോലെ തന്നെ കൃഷിക്കാർക്ക് സാങ്കേതിക ഉപദേശം നൽകേണ്ട ഉദ്യോഗസ്ഥന്മാരെ ആഫീസ് ജോലികളിൽ നിന്നും ഒഴിവാക്കി കൃഷിയിടങ്ങളിലേയ്ക്ക് അയക്കുന്നതിന്വേണ്ട സംവിധാനം ഏർപ്പെടുത്തുന്നതിന് സർ ക്കാർതലത്തിൽ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### (15) നെൽകൃഷി വികസന ബോർഡ്

രാജ്യത്തെ പ്രധാന വിളകളായ സുഗന്ധവർഗ്ഗങ്ങൾ കാപ്പി, തേയില, ഏലം, റബ്ബർ എന്നിവയുടെയെല്ലാം പ്രോത്സാഹനത്തിന് ബോർഡുകൾ നിലവിലുണ്ട്. ആദായകരമല്ലാത്തതിനാൽ അനുദിനം ക്ഷയിച്ചു കൊണ്ടിരിക്കുന്ന നെൽകൃഷിയുടെ സംരക്ഷണത്തിന് ഒരു ബോർഡ് ആവശ്യമായിരിക്കുന്നു. ഉദ്യോഗസ്ഥന്മാരുടെ സാങ്കേതിക വിജ്ഞാനവും,, കർഷകരുടെ അനുഭവ ജ്ഞാനവും, കർഷകതൊഴിലാളികളുടെ പ്രാതിനിധ്യവും ഉറപ്പുവരുത്തികൊണ്ട് നെൽകൃഷി ബോർഡ് രൂപീകരി ക്കുന്നതിന് സർക്കാർ തലത്തിൽ ശ്രദ്ധചെലുത്തേണ്ടതാണ്.

### (16) കർഷക അവാർഡുകൾ

കർഷകരെ അംഗീകരിക്കുന്ന തരത്തിലുളള അവാർഡുകൾ സംസ്ഥാനതലത്തിൽ ഇപ്പോൾ കൊടുക്കു ന്നതുപോലെ പഞ്ചായത്തു തലത്തിലും ഏർപ്പെടുത്തണം.

## ഗ്രാമസഭകളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും

### (1) വാർഡ് I

വെട്ടിത്തുരുത്ത്, പറാൽ, കുമരങ്കരി ഫാം റോഡ് യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിക്കേണ്ടതാണ്. ഇതിന് ആവശ്യമായ ചിലവിൽ 20% മനുഷ്യപ്രയ ത്നമായോ, പണമായോ നൽകാൻ ഗ്രാമസഭ തീരു മാനിച്ചു. പുറംബണ്ട് കരിങ്കൽ കെട്ടാത്ത പാടശേഖര ങ്ങളുടെ പുറംബണ്ട് കരിങ്കൽ കൊണ്ട് ബലപ്പെടു ത്താനും പുറംബണ്ടിന്റെ വീതി 3 മീറ്റർ ആക്കുവാനും തീരുമാനിച്ചു. സ്വന്തമായി മോട്ടോറുകൾ ഇല്ലാത്ത പാടശേഖരത്തിന് മോട്ടോർ, പെട്ടി, പറ ഇവ സൗജന്യമായി നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

### (2) വാർഡ് II

ശാസ്താകണ്ടം, കൊടുമൂല, കാവിത്താഴെക്കടവ് എന്നീ പാടശേഖരങ്ങൾക്ക് പുറംബണ്ട് കരിങ്കൽ കെട്ടി ബലപ്പെടുത്താനും, അമ്പഴത്തിനാടി പാടശേഖര ങ്ങൾക്ക് പുറംബണ്ടിൽ കരിങ്കൽ കെട്ടാത്ത ഭാഗത്ത് കരിങ്കൽ കെട്ടുകയും വേണം. കാവുന്നട, അരിത്രാക്ക എന്നീ പാടശേഖരങ്ങളിലെ പുറംബണ്ടിന്റെ ഉയരവും വീതിയും കൂട്ടണം. കടമ്പാടം പാടശേഖരത്ത് പുറംബണ്ട് ബലപ്പെടുത്തണം. തൂമ്പ്രം–കടമ്പാടം പാലം നിർമ്മിക്കണം. സ്വന്തമായി മോട്ടോറുകളില്ലാത്ത അരിത്രാക്ക പാടശേഖരത്തിനും, കാവിത്താഴെ പാടശേഖരത്തിനും മോട്ടറും, പെട്ടിയും, പറയും സ്ഥാപിക്കുക. തൂമ്പ്രം പാടശേഖരത്തിന്റെ കരിങ്കൽ കെട്ടാത്ത മോട്ടോർതറയ്ക്ക് കരിങ്കൽ കെട്ടണം. ഈ പാടത്ത് മൂന്നു തറയ്ക്കും സ്ഥിരമായ ഷെഡും വൈദ്യുതി കണക്ഷനും ലഭ്യമാക്കണം. 3000 മീറ്റർ നീളമുളള വാച്ചാലുകൾ 2 വശവും കരിങ്കൽ കെട്ടി ബലപ്പെടുത്തണം. 3 ഷട്ടർ മടകൾ തീർക്കുക. മേൽപറഞ്ഞ ജോലികളെല്ലാം പാടശേഖരകമ്മറ്റിയുടെ മേൽനോട്ടത്തിൽ നടത്തണമെന്ന് അഭ്യർത്ഥിച്ചു. ഈ പാടശേഖരത്ത് ഇപ്പോഴുപയോഗിച്ചുവരുന്ന 20 HP മോട്ടോർ മാറ്റി 30 HP മോട്ടോർ സ്ഥാപിക്കണം. ഈ പാടശേഖരത്തേയ്ക്ക് 50HPയുടെ ഒരു പമ്പ്സെറ്റ് സൗജന്യമായി അനുവദിച്ചു തരണം. കാവിത്താഴെ കടവിൽ നിന്ന് തൂമ്പ്രം പാടശേഖരത്തിലേയ്ക്കും, അമ്പഴത്തിനാടി പാടശേഖരത്തിൽനിന്നും കോണം ആര്യാടൻ പാക്ക പാടശേഖരത്തിലേയ്ക്കും അട്ടിക്കടവ് – മുഴുവൻവേലി പാടശേഖരത്തിലേ യ്ക്കും ഓരോ നടപ്പാലം നിർമ്മിക്കണം.

### (3) വാർഡ് III

അയ്യൻപടവ് പാടശേഖരത്തിന് 10 HPയുടെ ഒരു മോട്ടോർ സൗജന്യമായി അനുവദിക്കണം. കൃഷിക്ക് ഉപയുക്തമല്ലാത്ത 10 ഏക്കർ സ്ഥലത്ത് മത്സ്യകൃഷി തുടങ്ങുവാനും ഈ പാടത്തിന്റെ അടുത്തുകിടക്കുന്ന തോടുകൾ താഴ്ത്തുവാനും വേണ്ട നടപടി സ്വീകരിക്കണം. കരിച്ചൻതറ–നേര്യൻപറമ്പ് കടവ് പാട ശേഖരത്തിന്റെ പുറംബണ്ട് കരിങ്കൽ കെട്ടി ബല പ്പെടുത്തണം.

### (4) വാർഡ് IV

ഇലഞ്ഞിപറമ്പ് പാടശേഖരത്തിനും, ആലഞ്ചേരി കടവ്–കുറുവേലിപാടശേഖത്തിന്റെ കരിങ്കൽ കെട്ടാത്ത ഭാഗത്തും പുറംബണ്ട് കെട്ടണം. കൃഷിചെയ്യാതെ കിട ക്കുന്ന അകത്തേവിള പാടശേഖരത്തിന്റെ പുറംബണ്ട് കിരിങ്കൽ കെട്ടി കൃഷിക്ക് ഉപയുക്തമാക്കണം. എല്ലാ പാടശേഖര ങ്ങളുടെയും പുറംബണ്ടിന്റെ ഉയരം വർദ്ധിപ്പിക്കുകയും 3 മീറ്റർ വീതി ആക്കുകയും ചെയ്യണം. ആലഞ്ചേരി കടവ് പാടശേഖരത്തിന് 15HPയുടെ മോട്ടോർ, പെട്ടി, പറ ഇവ സൗജന്യമായി അനുവദിക്കണം. ആലഞ്ചേരി കുറുവേലി പാടവും– കവല അറുപതു പാടശേഖരവും, കുറിച്ചി പഞ്ചായ ത്തുമായി ബന്ധിപ്പിക്കുന്ന മന്നത്തുകടവു പാലം പണിയുക. വലിയപറമ്പിൽ പുരയിടവും–പുറത്തേരിയു മായുളള നടപ്പാലവും, ഫാം റോഡും നിർമ്മിക്കുക. പുന്നമൂട് ജംഗ്ഷനിൽ നിന്നും കുറുവേലി പാടശേഖരത്തിലേയ്ക്ക് നടപ്പാത നിർമ്മിക്കണം. ചക്കായിൽ പടിക്കൽ റാമ്പ് നിർമ്മിക്കണം. കണ്ണമ്പേരൂർ പാടത്തുനിന്ന് പുറത്തേരിയി ലേയ്ക്കുളള നടപ്പാത സഞ്ചാരയോഗ്യമാക്കണം. മേന്നിലം കളിയാടി പാടശേഖരത്തിന്റെ പുറം ബണ്ട് കരിങ്കൽ കെട്ടി ബലപ്പെടുത്തുകയും മോട്ടോർതറ കരിങ്കൽ കെട്ടി ബലപ്പെടുത്തുകയും, സൗജന്യമായി മോട്ടോർ, പെട്ടി ഇവ അനുവദിക്കുകയും ചെയ്യണം.

### (5) വാർഡ് V

ഉടമ്പ്ര പാടശേഖരത്തിൽ 15HPയുടെ മോട്ടോറും, പെട്ടിയും, പറയും അനുവദിക്കണം. തരിശുഭൂമി കൃഷിക്ക് ഉപയോഗപ്പെടുത്തണം.

### (6) വാർഡ് VI

പട്ടിത്താനം–ഞാറയ്ക്കാക്കരി പാടശേഖരത്തിലേയ്ക്ക് ഫാംറോഡ് നിർമ്മിക്കുക. വാച്ചാലുസകളുടെ ആഴവും വീതിയും വർദ്ധിപ്പിക്കണം. കോങ്കണം, ഋാവടി, ഋാവടി സെന്റർ എന്നീ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മിക്കുക. ഇതിന് ഏകദേശം 2200 മീറ്റർ നീളമുണ്ട്. ഞാവടി, ഞാറയ്ക്കാക്കരി പാടശേഖരങ്ങൾക്ക് മോട്ടോർതറ, മോട്ടോർ, പമ്പ് ഇവ അനുവദിക്കണം.

### (7) വാർഡ് VII

15 ഏക്കർ വരുന്ന പാറച്ചിറ പാടം നിലവിൽ നെൽ കൃഷിക്ക് യോഗ്യമല്ല. ഇത് കൃഷിക്ക് യോഗ്യമാക്കണം. പൊങ്ങമ്പുഴ പാടത്ത് നെൽകൃഷി ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കണം. തെങ്ങിൻതുരുത്ത് പാടശേഖരത്തിൽ 20HP മോട്ടോറും, പമ്പും, എഞ്ചിൻ തറയും പുരയും അനുവദിക്കണം. ഈ പാടശേഖരത്ത് ബണ്ടുകെട്ടിയിട്ടില്ലാത്ത 560 മീറ്റർ നീളത്തിൽ കരിങ്കൽ ബണ്ട് നിർമ്മിക്കണം ഏനാചിറ പാടത്തിന്റെ മദ്ധ്യത്തിൽകൂടിയുള്ള തോട് വീതിയും, ആഴവും കൂട്ടണം.

### (8) വാർഡ് VIII

പുതുച്ചിറ പാടത്തിന്റെ നടുതോടിന് ആഴം കൂട്ടുകയും, രണ്ടുവശവും കരിങ്കൽ കെട്ടുകയും ചെയ്യണം. പുതുച്ചിറ കുളം മത്സ്യകൃഷിക്ക് ഉപയുക്തമാക്കണം.

### (9) വാർഡ് IX

പുതുച്ചിറ പാടശേഖരത്തിൽ കൃഷിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തണം. പമ്പുഹൗസ്സ്–പുതുച്ചിറ തോടിന്റെ വശങ്ങൾ കരിങ്കൽ കെട്ടിയും ആഴംകൂട്ടിയും കൃഷിക്ക് ഉപയുക്തമാക്കണം.

### (10) വാർഡ് X

വട്ടച്ചാൽ–കളമ്പാട്ടുചിറ, പുതുച്ചിറ–പൊങ്ങമ്പുഴക്കടവ് എന്നീ പാടശേഖരങ്ങൾക്ക് ആവശ്യാനുസരണം കലുങ്കുകളും, തടഅണകളും നിർമ്മിക്കണം. ടി പാടശേഖരങ്ങളിൽ തോടിന്റെ സൈഡ് ബണ്ട് നിർമ്മിച്ചിട്ടില്ലാത്തിടത്ത് (ഉദ്ദേശം 7200 മീറ്റർ നീളം) ബണ്ട് കെട്ടണം. പുളിയാക്കുന്നുകടവിൽ മോട്ടോർതറയും, വാച്ചാലുകളും നിർമ്മിക്കണം. രണ്ടാം കൃഷി ചെയ്യുന്നതിന് ഉമ്പുക്കാട് പുളിയാക്കുന്നു കടവ് പൊങ്ങമ്പുഴക്കടവ് കിഴക്കും, പടിഞ്ഞാറും മൂലേഴിപാടശേഖരത്തും ഓരോ മോട്ടോർ സ്ഥാപിക്കണം. പൊങ്ങമ്പുഴക്കടവിൽ കിഴക്കും, പടിഞ്ഞാറും പാടത്ത് മോട്ടോർ വച്ച് വെള്ളം വറ്റിച്ചാൽ ഉദ്ദേശം 100 ഏക്കർ സ്ഥലത്ത് രണ്ടാം കൃഷി ചെയ്യുവാൻ സാധിക്കും. കൊല്ലമറ്റം റോഡിന്റെ ഇരുവശത്തേക്കും ഇടത്തറക്കടവിൽ പടിഞ്ഞാറുവശത്തേക്കും ട്രാക്ടർ ഇറക്കുവാൻ റാമ്പുകൾ നിർമ്മിക്കണം. പുതുച്ചിറയിൽനിന്നും വെട്ടിക്കാട്ടമറ്റം പാടത്തേയ്ക്ക് ട്രാക്ടർ ഇറക്കുവാൻ തോടിനു കുറുകെ ഒരു കലിങ്ക് അത്യാവശ്യമാണ്. പൊങ്ങമ്പുഴ പടിഞ്ഞാറു പാടത്തിൽ നിന്നും കച്ചിയും നെല്ലും കൊണ്ടുപോകുന്നതിന് തോടിനു കുറുകെ ഒരു നടപ്പു പാലം പണിയേണ്ടത് അത്യാവശ്യമാണ്. ടി പാടങ്ങൾക്ക് ട്രില്ലർ അനുവദിക്കണം.

### (11) വാർഡ് XI

ചീരഞ്ചിറ പാടശേഖരത്തിൽ ഒരു ട്രില്ലർ അനുവദിക്കുക, വേട്ടോടിച്ചിറ കണ്ണവട്ട, ചീരഞ്ചിറ എന്നീ പാടശേഖരങ്ങൾക്ക് ജലസേചന സൗകര്യം ഉണ്ടാക്കുക.

### (12) വാർഡ് XII

കണ്ണവട്ട ചേരിക്കൽ പാടത്ത് ബണ്ടും ചെക്ക്ഡാമും നിർമ്മിച്ചാൽ 30 ഏക്കർ വരുന്ന പാടശേഖരങ്ങൾക്ക് പ്രയോജനപ്രദമാണ്.

## തരിശുനിലങ്ങൾ

തരിശുനിലങ്ങൾ ഏറെയാണ്. കൃഷിഭൂമി തരിശുനിലമായി മാറിപോകുവാൻ നിരവധിയാണ് കാരണങ്ങൾ. ഓരോ പ്രദേശത്തിനും അതിന്റേതായ കാരണങ്ങൾ ഉണ്ട്. അതു സംബന്ധിച്ച് കൂടുതൽ സൂക്ഷ്മവും വിശദവുമായ പഠനങ്ങൾ അനിവാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുവാനും പരിമാവധി കൃഷിയോഗ്യമാക്കുവാനും വേണ്ട നടപടികൾ ഉണ്ടാകേണ്ടതാണ്. പദ്ധതി കാലത്ത് ഈ ലക്ഷ്യം നമുക്ക് കൈവരിക്കാനാവണം.

## മരച്ചീനികൃഷി

കേരളീയന്റെ ആഹാരക്രമത്തിൽ മരച്ചീനിക്ക് മുഖ്യപങ്ക് ഉണ്ട്, ഉണ്ടായിരുന്നു. ഏറെ ആദായകരമായ റബ്ബർകൃഷി കൂടുതൽ വ്യാപിച്ചതോടെ മരച്ചീനികൃഷി നമ്മുടെ നാട്ടിൽ ഇന്ന് നാമമാത്രമായി ചുരുങ്ങിയിരിക്കുന്നു. എങ്കിലും മുണ്ടകപ്പാട നിലങ്ങളിൽ ആറുമാസ കപ്പകൃഷി വ്യാപകമായിട്ടുണ്ട്. ഇത് താരതമ്യേന ആദായകരമാണ്. ഭക്ഷണത്തിനു വേണ്ടിയുള്ള കൃഷി എന്ന പരിഗണന മരച്ചീനി കൃഷിക്ക് ലഭിക്കേണ്ടതുണ്ട്; ആവശ്യമായ പദ്ധതി തയ്യാറാക്കേണ്ടിയിരിക്കുന്നു.

### ഫാം റോഡുകൾ

നെൽകൃഷി ഏറെ ആദായകരമാക്കേണ്ടിയിരിക്കുന്നു. നവീന കൃഷിരീതികൾ സ്വീകരിക്കുന്നതോടൊപ്പം പുഞ്ചപ്പാടങ്ങളിലേയ്ക്ക് യന്ത്രസാമഗ്രികൾ എത്തിക്കുന്നതിന് ആവശ്യമായ പുതിയ റോഡുകൾ തീർക്കേണ്ടതുണ്ട്. നിരവധി പാടങ്ങൾക്ക് ഫാം റോഡുകൾ ആവശ്യമുണ്ട്.

### ഹരിതജ്യോതി

പുനരർപ്പണദിനമായിരുന്ന നവംബർ ഒന്ന്. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളും പ്രത്യുല്പാദനപരമായ പദ്ധതിക്ക് അന്ന് രൂപം കൊടുത്തു. നമ്മുടെ പഞ്ചായത്തിന്റെ പദ്ധതിയാണ് 'ഹരിതജ്യോതി' മുഴുവൻ കുടുംബങ്ങൾക്കും വീട്ടാവശ്യത്തിനുള്ള പച്ചക്കറി ഇനങ്ങൾ സ്വന്തമായി കൃഷി ചെയ്ത് ഉല്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതി. വിത്തിനങ്ങളുടെ വിതരണവും, കൃഷിരീതി പരിശീലിപ്പിക്കൽ വിലയിരുത്തൽ എല്ലാം പഞ്ചായത്തിന്റെ നേതൃത്വത്തിലാണ്. വരും വർഷങ്ങളിൽ ഈ പദ്ധതി വാണിജ്യാടിസ്ഥാനത്തിൽ വിപുലീകരിക്കുകയും അനുബന്ധമായി വിവിധ ഫലവൃക്ഷകൃഷിയും നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

### പുഷ്പകൃഷി

ആദായകരമായ പുതിയ കൃഷിയിനങ്ങളിൽ ഒരു മുഖ്യ ഇനമാണ് പുഷ്പകൃഷി. ഇതിനു വാണിജ്യ പ്രാധാന്യമുണ്ട്. ഒരു സ്വയംതൊഴിൽരംഗംകൂടിയാണ്. നമ്മുടെ കാലാവസ്ഥ അനുകൂലമാണ്. എങ്കിലും ഈ കൃഷി വിജകരമാ ക്കുന്നതിന് കൂടുതൽ പരിശീലനം ആവശ്യമാണ്.

ജൈവവൈവിദ്ധ്യത്തിൽ സമൃദ്ധമാണ് നമ്മുടെ പഞ്ചായത്ത്. ഔഷധ സസ്യങ്ങളുടെ പ്രാധാന്യം കുറച്ചുകാണാൻ ആവില്ല. സസ്യജാതികളുടെ കൃഷിയും സംരക്ഷണവും ഉറപ്പാക്കുന്നതിലൂടെ മാത്രമെ പ്രകൃതിയുടെ സന്തുലിതാവസ്ഥയും സംരക്ഷിക്കപ്പെടുക യുള്ളു.

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ കാർഷിക ഭൂപടത്തിലെ മുഖ്യവിളകളായ നെല്ല്, തെങ്ങ്, മരച്ചീനി, വാഴ, പച്ചക്കറിഇനങ്ങൾ, റബ്ബർ മുതലായവയുടെ പുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയുന്ന കുറേനിർദ്ദേശങ്ങൾ മാത്രം ഇവിടെ കുറിച്ചിരിക്കുന്നു. ഒരു പുതിയ കാർഷിക സംസ്കാരം ഉൾക്കൊള്ളാൻ കഴിയണം എന്നാണ് ആഗ്രഹം.



വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് ആരംഭിച്ച 'ഹരിത ജോതി' – സമഗ്ര പച്ചക്കറി കൃഷി പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം വിദ്യാഭ്യാസ– പൊതുമരാമത്തു വകുപ്പു മന്ത്രി ശ്രീ. പി. ജെ. ജോസഫ് നിർവ്വഹിക്കുന്നു.



# മൃഗസംരക്ഷണം

നമ്മുടെ പഞ്ചായത്ത് പൊതുവേ വളർത്തുമൃഗങ്ങൾക്ക് അനുയോജ്യമായ സാഹചര്യങ്ങൾ ഉള്ള ഒരു മേഖലയാണ്, കാരണം 1, 2, 3 വാർഡുകളിൽ നെൽകൃഷിക്ക് അനുയോജ്യമായ സാഹചര്യം നിലവിലുണ്ട്. ആയതിനാൽ മൃഗപരിപാലനത്തിനാവശ്യമായ വൈക്കോൽ (കച്ചി), പുല്ല്, എന്നിവ അവിടെനിന്നും ധാരാളമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിച്ചേരുന്നു. നമ്മുടെ പഞ്ചായത്തിൽ പശു, ആട് എന്നിവയാണ് , വളർത്തുമൃഗങ്ങളിൽ പ്രാധാന്യമർഹിക്കുന്നവ. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. വളരെ ചെറിയ തോതിൽ താറാവും വളർത്തുന്നുണ്ട്. ചുരുക്കം ചിലരെങ്കിലും വ്യവസായാടിസ്ഥാനത്തിൽ പട്ടിവളർത്തൽ ചെയ്തു വരുന്നു. ഇപ്പോൾ പഞ്ചായത്തിൽ 1238 .സങ്കരയിനം കറവയുള്ള പശുക്കളും, 551 കറവയില്ലാത്തവയും 18 എരുമയും, 870 ആടുകളും ഉണ്ട്. 140 പോത്ത്, 18 നാടൻ കാളകൾ, രണ്ടു സങ്കരയിനം കാളകൾ, 690 പട്ടികൾ, 19680 കോഴികൾ, 15040 താറാവുകൾ, അലങ്കാര പക്ഷികളിൽപെടുന്ന നൂറിൽ ചിലാനം കിളി, കൽക്കം, പേത്ത, 75 മുയൽ, 15 പന്നി എന്നിവയും ഇവിടെ വളർത്തപ്പെടുന്നു.

ഒന്നും രണ്ടും മൂന്നും വാർഡുകൾ ഒഴിച്ചാൽ ബാക്കിയുള്ള വാർഡുകളിൽ നെൽകൃഷി നടത്തുന്നത് മുണ്ടകപ്പാടങ്ങളിലാണ്. ഇവയിൽ ഏതാണ്ടു മൂന്നിൽ രണ്ടു ഭാഗവും പിന്നോക്കാവസ്ഥയിൽ (സാമ്പത്തികമായി) നിൽക്കുന്ന ജനങ്ങളുടെ മേഖലയാണ്. പാർപ്പിടാവശ്യത്തിലേക്ക് ഉപയോഗിക്കുന്നതും വേണ്ടത്ര ഇറിഗേഷൻ സൗകര്യമില്ലാത്തതിനാൽ നെൽകൃഷി കുറഞ്ഞതുമായ പാടങ്ങൾ ഏറെയുണ്ട്. നെൽകൃഷിയുള്ള ഫറാൽ, തുരുത്തി എന്നീ ഭാഗങ്ങളിൽ നിന്നും വൈക്കോൽ, പുല്ല് എന്നീ സാധനങ്ങൾ എത്തുവാനുള്ള റോഡുകളുടെ കുറവ് അവയുടെ വിലക്കയറ്റത്തിന് കാരണമാവുന്നു. മേൽപറഞ്ഞ കാരണങ്ങളാൽ സാധാരണക്കാരായ കാലി വളർത്തുകാർക്ക് തങ്ങളുടെ തൊഴിൽ തുടരുവാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നു.

1996–ലെ സാമൂഹിക സാമ്പത്തിക സർവ്വേ പ്രകാരം പ്രതിദിനം 2600 ലിറ്റർ പാൽ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നു. എന്നാൽ ഈ പഞ്ചായത്തിൽ ആവശ്യമായ പാലിന്റെ 1/3 ഭാഗം മാത്രമേ ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കാനാവുന്നുള്ളു.

ഇതിൽ ഏറിയ പങ്കും മിൽമ പോലെയുള്ള ക്ഷീര വികസന രംഗത്തു പ്രവർത്തിക്കുന്ന ഏജൻസികളാണ് വിതരണം ചെയ്യുന്നത്. മിൽമ നമ്മുടെ സംസ്ഥാനത്തിനാവശ്യമായ പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്നു. ആയതിനാൽ മൃഗസംരക്ഷണരംഗത്ത് വലിയ വികസനം പ്രതീക്ഷിക്കാവുന്ന വാഴപ്പള്ളി പഞ്ചായത്തിലെ പിന്നോക്ക സമുദായക്കാരുടെയും ചേരി നിവാസികളുടെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മറ്റു ജനവിഭാഗത്തിന്റെയും 80% തൊഴിലില്ലായ്മ പരിഹരിക്കുവാൻ കന്നുകാലി വളർത്തൽ ഒരു ഉത്തമ പരിഹാരമാർഗ്ഗം തന്നെ. സംസ്ഥാനം ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന വൈദ്യുതി, കുക്കിംഗ് ഗ്യാസ് (പാചക വാതകം) എന്നിവയുടെ ക്ഷാമത്തിനു ഗോബർ ഗ്യാസ് പ്ലാന്റ് നിർമ്മാണം വളരെ പ്രയോജനകരമാണ്. എന്നാൽ വാഴപ്പള്ളി പഞ്ചായത്തിലെ കർഷകരുടെ ഇതു സംബന്ധിച്ചുള്ള അജ്ഞത ഈ മേഖലയിലുള്ള വൻ നേട്ടത്തിന്റെ തടസ്സത്തിനു കാരണമാകുന്നു. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയൊരുഭാഗം ഗോബർ ഗ്യാസ് പ്ലാന്റുണ്ടെങ്കിൽ കണ്ടെത്തുവാൻ കഴിയും. മൃഗസംരക്ഷണ വകുപ്പ് മുഖേന ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡി ഉണ്ടെങ്കിലും ഇവയൊന്നും തന്നെ ജനങ്ങളിൽ എത്തിയിട്ടില്ല.

കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ വലിയ ഒരു പങ്ക് നിറവേറ്റുവാൻ കാലിവളർത്തലിലൂടെ നമുക്കു കഴിയും. കാലികളിൽ പ്രധാനമായി കണ്ടുവരുന്ന നാടൻ കന്നുകാലികൾക്കു പകരം വർദ്ധിച്ച ക്ഷീരോൽപ്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളുടെ വളർത്തൽ ഈ രംഗത്ത് സാമ്പത്തികമായി ഉയർച്ച ഉണ്ടാക്കും.

വാഴപ്പള്ളി പഞ്ചായത്തിനു നിലവിലുള്ള മൃഗാശുപത്രി പഞ്ചായത്തിന്റെ തുരുത്തി വാർഡിൽ സ്ഥിതി ചെയ്യുന്നതുകൊണ്ട് 4 മുതൽ 12 വരെയുള്ള 9 വാർഡുകളിൽ ഇതിന്റെ പ്രയോജനം വേണ്ട സമയങ്ങളിൽ എത്താതെ പോവുന്നു. ആയതിനാൽ ചികിൽസ കിട്ടാതെ വളരെയധികം കന്നുകാലികൾ നശിക്കുന്നുണ്ട്. ഇതിനു പരിഹാരം കാണേണ്ടതുണ്ട്. 1–ാം വാർഡിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുന്നതു കൂടുതൽ പ്രയോജനം ചെയ്യും.

കാലികളിൽ പൊതുവേ കണ്ടു വരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗങ്ങൾ, പനി (കാലാവസ്ഥാ മാറ്റത്തിനനുസരിച്ച്) എന്നിവയാണ്. രോഗ പ്രതിരോധ നടപടികളെ സംബന്ധിച്ചും കാലിക്കർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലേ ചികിൽസിച്ചു മാറ്റുന്നതിന് തടസ്സമാവുന്നുണ്ട്.

നല്ലയിനം പശുക്കളെ വാങ്ങുവാനുള്ള സാമ്പത്തിക ബുദ്ധിമുട്ടാണ് കർഷകർക്കുള്ള മറ്റൊരു പരാജയം. കന്നുകാലിക്കൂടിന്റെ തറ സിമന്റിടാത്തതു മൂലം ശുചിത്വപരിപാലനമില്ലാത്തതിനാൽ കുളമ്പുരോഗത്തിനു കാരണമാകുന്നു. നല്ലയിനം പശുക്കളെ ദിവസേന 2 പ്രാവശ്യമെങ്കിലും നന്നായി തണുപ്പിച്ച് കുളിപ്പിക്കേണ്ടതാവശ്യമായതിനാൽ കൃഷിക്കെന്നപോലെ പമ്പുസെറ്റും അത്യാവശ്യമാണ്. പശുക്കളുടെ തീറ്റപ്പുല്ല് വച്ചുപിടിപ്പിക്കാൻ സബ്സിഡി റേറ്റിൽ ധനസഹായം കിട്ടുന്നതും നന്നായിരിക്കും. പഞ്ചായത്തിലുള്ള എല്ലാ വാർഡുകളിലും കൃത്രിമ ബീജസങ്കലനത്തിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതും മൃഗസംരക്ഷണ മേഖലയെ പോഷിപ്പിക്കുവാൻ മാസത്തിലൊരിക്കലെങ്കിലും സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കേണ്ടതുമാണ്. നല്ലയിനം പശുക്കളെ പഞ്ചായത്തു തലത്തിൽ ശേഖരിച്ച് വിതരണം ചെയ്യുന്നത് നന്നായിരിക്കും.

ഈ പഞ്ചായത്തിൽ 12 ഓളം ഇറച്ചിക്കോഴി ഫാമുകൾ പ്രവർത്തിക്കുന്നു. മുനിസിപ്പാലിറ്റിയോട് ഏറ്റവും അടുത്ത പഞ്ചായത്ത് എന്ന നിലയിൽ ഇറച്ചിക്കോഴി വളർത്തൽ ഏറ്റവും ആദായമുള്ള മറ്റൊരു മാർഗ്ഗമാണ്. മുട്ടയുടെ ആവശ്യത്തിലേയ്ക്ക് കൂടുതൽ മുട്ടയിടുന്ന തരം കോഴികളെ പഞ്ചായത്തു തലത്തിൽ ശേഖരിച്ച് കൊടുക്കുന്നത് ഏറ്റവും ഉചിതമാണ്. ഈ ജോലിക്ക് പുരുഷൻമാരോടൊപ്പം പണം സമ്പാദിക്കാൻ സ്ത്രീകൾക്ക് (വീട്ടമ്മമാർക്ക്) സാധിക്കും. ഇത് ശരാശരി കുടുംബ വരുമാന വർദ്ധനവിന് കാരണ

മാവും. കോഴിക്കാഷ്ഠം നല്ല ഒരു ജൈവവളം കൂടിയാണ്. അത് ഗുണപ്രദമായി ശേഖരിച്ചാൽ കാർഷികമേഖലയിൽ പച്ചക്കറികൃഷി, ഗാർഡനിംഗ് എന്നിവയ്ക്കും വളരെ പ്രയോജനകരമാണ്.

മുയൽകൃഷി മറ്റു കൃഷികളെപ്പോലെ ആദായകരമായ ഒരു കൃഷിയാണ്. മുയലുകൾക്ക് പ്രത്യുൽപ്പാദനശേഷി കൂടുതലുള്ളതിനാലും പൊതുവെ ചിലവു കുറവായതിനാലും ആദായം കിട്ടാൻ സാധ്യതയുണ്ട്.

പന്നി വളർത്തൽ പൊതുവേ നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. ഇവിടെ വളരെ സാധ്യതയുള്ള ഒരു മേഖലയാണിത്. ചങ്ങനാശ്ശേരി ടൗണിലെ ഹോട്ടലുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ ഭക്ഷണാവശിഷ്ടങ്ങൾ, അറവുശാലയിലെ വേസ്റ്റ് എന്നിവ പന്നികൾക്ക് ആഹാരമാക്കാവുന്നതാണ്.

സാമ്പത്തിക ബുദ്ധിമുട്ടുകളാൽ ഞെരുക്കപ്പെടുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് ഏറ്റവും ആദായകരമായ ഒരു മാർഗ്ഗമാണ് ആടുവളർത്തൽ. പാലും ഇറച്ചിയും ഒരുപോലെ ഗുണപ്രദമാണ്. ഇത് കൂട്ടായോ ഒറ്റയ്ക്കോ ചെയ്യുവാൻ പറ്റുന്ന ഒരു കൃഷിയാണ്.

കുട്ടനാടൻ മേഖലയോട് അടുത്തുള്ള വാർഡുകളിൽ ഏറ്റവും ആദായകരമായി ചെയ്യാവുന്ന ഒരു കൃഷിയാണ് താറാവുവളർത്തൽ. ഒന്നും രണ്ടും മൂന്നും വാർഡുകളിൽ താറാവുകൃഷി നന്നായി നടക്കുന്നുണ്ട്. എന്നാൽ പഴയ ആൾക്കാരല്ലാതെ പുതിയ തലമുറയിൽപ്പെട്ടവർ മുന്നോട്ടു വരാത്ത ഒരു മേഖല കൂടിയാണിത്. കൂടെക്കൂടെയുള്ള താറാവു വസന്തകൾ വൻ നഷ്ടം ഉണ്ടാക്കുന്നു. ഈ മേഖലയിൽ നല്ല പരിചരണവും ബോധവൽക്കരണവും സാധാരണക്കാർക്കു നൽകിയാൽ വളരെ മെച്ചപ്പെട്ട ആദായമുണ്ടാക്കാവുന്നതാണ്. മാത്രമല്ല കൂടുതൽ മുട്ട സംഭരിച്ചു വയ്ക്കുവാനും നല്ലയിനം താറാവുകളെ സംഭരിച്ച് കൃഷിക്കാരിലെത്തിക്കുവാനും സഹകരണ സംഘങ്ങൾ അത്യാവശ്യമാണ്.

കൽക്കം, കിളി, പേത്ത മുതലായ അലങ്കാരപ്പക്ഷികളെ വളർത്തുന്നതും ആദായകരമായ ഒരു മാർഗ്ഗമാണ്. മുട്ടയ്ക്കും ഇറച്ചിക്കും പുറമെ വീടിന് അലങ്കാരത്തിനും ഇത് വളരെ നല്ല ഒരു കൃഷിയാണ്.

ദ്വിതീയ വിവരശേഖരണത്തിൽ നിന്നുള്ള പട്ടിക ചുവടെ ചേർക്കുന്നു.

### വളർത്തു മൃഗങ്ങൾ

| പശു | | എരുമ/പോത്ത് | | ആട് | | പട്ടി | മുയൽ |
|---|---|---|---|---|---|---|---|
| കറവയുള്ളത് | കറവയില്ലാത്തത് | | | | മുട്ടൻ | | |
| 1238 | 1551 | 18 | 140 | 870 | 840 | 690 | 410 |

### വളർത്തു പക്ഷികൾ

| പൂവൻകോഴി | കോഴി മുട്ടയിടുന്നത് | ഇറച്ചിക്കോഴി | താറാവ് | | ഇറച്ചിത്താറാവ് | കിളി, കൽക്കം, പേത്ത |
|---|---|---|---|---|---|---|
| | | | മുട്ടയിടുന്നത് | പൂവൻ | | |
| 3120 | 13232 | 19680 | 12000 | 3000 | 3800 | 130 |

## അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലക്കൂടുതൽ

2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത ക്കുറവ്.

ലഭിക്കുന്നവ ശേഖരിച്ചുവയ്ക്കുവാനുള്ള സംവി ധാനമില്ലായ്മ.

3. കൂടുതൽ യൂണിറ്റുകൾ ഒന്നിച്ച് പ്രവർത്തിപ്പി ക്കുവാനുള്ള സ്ഥലത്തിന്റെ പരിമിതി. (കന്നുകാലി ക്കൂട്)

4. മൃഗാശുപത്രിയുടെ സഹായം ലഭിക്കുന്നതി നുള്ള തടസ്സം.

വാഴപ്പള്ളി പഞ്ചായത്തിന്റെ പടിഞ്ഞാറേ അറ്റത്തു സ്ഥിതിചെയ്യുന്ന തുരുത്തി വാർഡിലാണ് ഇപ്പോൾ മൃഗാശുപത്രി പ്രവർത്തിക്കുന്നത്. ആയതി നാൽ പഞ്ചായത്താഫീസിനോടു ചേർന്നുതന്നെ മൃഗാശുപത്രി പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കുക. കൊതുക് നിവാരണ മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

5. വസന്തകൾക്കുള്ള പ്രതിരോധ നടപടികൾ യഥാവസരം നടപ്പാക്കുക.

6. പശുക്കളുടെ അകിടുവീക്കം, കുളമ്പുരോഗം എന്നിവമൂലം നഷ്ടമാവുന്ന കർഷകന്റെ സാമ്പത്തിക നഷ്ടം മുഴുവനും നികത്തത്തക്കവിധം ഇൻഷുറൻസ് പദ്ധതികൾ ചെയ്തുകൊടുക്കുക.

7. അലഞ്ഞുതിരിയുന്ന പട്ടികൾ പലപ്പോഴും വിഷഭീഷണി ഉണ്ടാക്കുന്നുണ്ട്. അവയെ നശിപ്പിക്കു ന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

8. കന്നുകാലികളെ വളർത്തുന്നതിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രയാസം. (ലഭിക്കേണ്ട മാർഗ്ഗങ്ങളുടെ അറിവില്ലായ്മ)

## സാദ്ധ്യതകൾ

1. എല്ലാ വാർഡുകളിലും ക്ഷീര വ്യവസായ സഹകരണ യൂണിറ്റ് രൂപീകരിക്കുക.

2. കൂടുതൽ കന്നുകാലികളെ വളർത്തുവാനുള്ള സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊടുത്ത് തൊഴിലില്ലായ്മ പരിഹരിക്കുവാനും പഞ്ചായത്തുകളിൽ പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടുവാനും ശ്രമിക്കുക.

3. സഹകരണ സംഘങ്ങൾ മുഖേന കുറഞ്ഞ ചിലവിൽ കാലിത്തീറ്റ ലഭ്യമാക്കുക. തീറ്റപ്പുൽ കൃഷിക്ക് പ്രോത്സാഹനം നല്കുക.

4. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ കോഴിക്കുഞ്ഞ്, താറാവുംകുഞ്ഞ്, മുയൽ, പന്നിക്കു ഞ്ഞുങ്ങൾ, കിനി, കൾക്കം, മുതലായവ ഉല്പാദിപ്പിക്കു ന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക. രോഗപ്രതിരോധ കുത്തിവയ്പുകൾ സമയാസമയങ്ങളിൽ നൽകുക. കുറഞ്ഞ വിലയ്ക്ക് കോഴിത്തീറ്റകൾ ലഭ്യമാക്കുക.

5. മുയൽ വളർത്തൽ പ്രോൽസാഹിപ്പിക്കുക. പന്നി വളർത്തലിന്റെ ആദായത്തെപ്പറ്റി ജനങ്ങൾക്ക് മനസ്സിലാക്കുവാനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടപ്പിലാക്കുക.

കിനി, കൾക്കം, പേത്ത എന്നിവയെ വളർത്തുന്ന തിനാവശ്യമായ സഹായങ്ങൾ പഞ്ചായത്തു മുഖേന നടപ്പിലാക്കുക..

6. ഗോബർ ഗ്യാസ് പ്ലാന്റ് നിർമ്മാണം വളരെ പ്രയോജനകരമാണ്. വൈദ്യുതി, കുക്കിംഗ് ഗ്യാസ് എന്നിവയുടെ ക്ഷാമത്തിന് ഇതു പരിഹാരമാകും.

7. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.

8. കന്നുകാലി കർഷകർക്ക് അവരുടെ മുതൽമുട ക്കു സംഖ്യയുടെ ആനുപാതികമായി സബ്സിഡി അനുവദിക്കുക. കർഷകർക്ക് ദീർഘകാല അടവ് കിട്ടത്തക്ക വിധത്തിൽ വായ്പ കൊടുക്കുക.

# മത്സ്യ ബന്ധനം

തോടുകളും കുളങ്ങളും പാടശേഖരങ്ങളുമായി വിസ്തൃതമായ ജലസമ്പത്ത് വാഴപ്പള്ളി പഞ്ചായത്തിൽ മാറ്റത്തിന്റെ പുത്തൻ ദീപങ്ങൾ തന്നെ തെളിക്കുന്നു. മത്സ്യങ്ങൾക്ക് വൻനാശം സംഭവിക്കുന്ന ഈ കാലയളവിൽ ഹ്രസ്വകാലമത്സ്യവിളയുടെ ആവശ്യകത നമ്മുടെ പഞ്ചായത്തും അറിഞ്ഞിരിക്കുന്നു. അതിന്റെ ഭാഗമായാണ് തുപ്പുറം പാടശേഖരത്ത് വ്യവസായാടിസ്ഥാനത്തിൽ വൻതോതിൽ മത്സ്യകൃഷി ആരംഭിച്ചിരിക്കുന്നത്. മത്സ്യത്തിന്റെ കാര്യത്തിൽ ചങ്ങനാശ്ശേരിയിൽ വൻസാധ്യതയാണ് ഉള്ളത്. ഒരു സീസൺ കൃഷിക്കു മാത്രം ആറുലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയാണ് കർഷകർ പാടത്തിറക്കിയിരിക്കുന്നത്. അവയിൽ നാലു ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെങ്കിലും പൂർണ്ണവളർച്ചയെത്തി വിളവെടുക്കാൻ കഴിയുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വളർച്ചയെത്തിയ ഒരു മത്സ്യത്തിന് 2 മുതൽ 3 കിലോവരെ തൂക്കമുണ്ടാവും. അങ്ങനെയായാൽ ശരാശരി ഈ പാടശേഖരത്തു നിന്നുമാത്രം ഏകദേശം 1000 ടൺ മത്സ്യം ലഭിക്കും.

ഒന്നാം വാർഡിലെ ഓഡേറ്റി പാടശേഖരവും 2-ാം വാർഡിലെ തുപ്പുറം പാടശേഖരത്തിനു പുറമേ കടമ്പാടം പാടശേഖരവും അമ്പഴത്തിനടിച്ചിറ പാടശേഖരവും ഈരത്തറ ഇഞ്ചൻതുരുത്ത് പാടശേഖരവും കാവുന്നട പാടശേഖരവും 4-ാം വാർഡിലെ പുറത്തേരി പാടശേഖരവും 6-ാം വാർഡിലെ പട്ടിത്താനം പാടശേഖരവും പുഞ്ചപ്പാടങ്ങളായതിനാൽ വെള്ളത്തിന്റെ കാര്യത്തിൽ ഒരിക്കലും കുറവ് അനുഭവപ്പെടുകയില്ല. അതുകൊണ്ടുതന്നെ മത്സ്യകൃഷിക്ക് പ്രകൃതിയാൽതന്നെ അനുഗൃഹീതമായ ഒരു പഞ്ചായത്താണ് വാഴപ്പള്ളി പഞ്ചായത്ത് എന്നതിൽ തർക്കമില്ല. ഈ ജലസമ്പത്ത് വേണ്ടവിധം വിനിയോഗിച്ചാൽ ചങ്ങനാശ്ശേരിയിലെന്നല്ല ജില്ല മൊത്തവും മറ്റു ജില്ലകളിലും മത്സ്യക്കമ്പോളങ്ങൾ നമുക്കു കണ്ടെത്തേണ്ടിവരും. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളും സമയാസമയങ്ങളിലുള്ള പോഷകാഹാരങ്ങളും കൃഷിക്കാർക്കെത്തിച്ചു കൊടുക്കുന്നതിനോടൊപ്പം വേണ്ട സാമ്പത്തിക സഹായവും ബോധവൽക്കരണവും കൃഷിനാശത്തിൽ നിന്നുള്ള

മുൻകരുതൽ എന്ന വണ്ണം ഇൻഷുറൻസ് പദ്ധതികളും പഞ്ചായത്തു തലത്തിലും ബ്ലോക്കു തലത്തിലും ജില്ലാതലത്തിലും ഉണ്ടാകണം. മറ്റു വ്യവസായ ങ്ങളേക്കാൾ സാമ്പത്തികലാഭം ഉണ്ടാക്കിത്തരുവാൻ ഈ മേഖലയ്ക്കു കഴിയും. ഉദാഹരണത്തിന് മുമ്പു പറഞ്ഞതുപോലെ 1000 ടൺ മത്സ്യം ഉത്പാദിപ്പിക്കാൻ കഴിഞ്ഞാൽ മത്സ്യവില കിലോ ഒന്നിന് ശരാശരി 40 രൂപ നിരക്കിൽ ഏകദേശം നാലുകോടി രൂപ സംഭരിക്കുവാൻ കഴിയും. എന്നാൽ ഇതിലേക്കു ചിലവാകുന്ന രൂപ അറുപതു ലക്ഷം വരും. എങ്കിൽ ഒരേക്കറുള്ള ഒരു മത്സ്യകർഷകന്റെ ഒരു വർഷത്തെ വരുമാനം ഏകദേശം 1½ ലക്ഷം രൂപയാവും. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഉപയോഗ ശൂന്യമായിക്കിടക്കുന്ന കുളങ്ങൾ ആഴം കൂട്ടിയും കല്ലുകെട്ടി സംരക്ഷിച്ചും മത്സ്യകൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾ പൊതുവേ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഈ മേഖലയിൽ അവരുടെ പങ്കാളിത്തം കൂടി ഉറപ്പാക്കിയാൽ (സഹകരണ സംഘങ്ങൾ) മത്സ്യ വ്യവസായത്തിനും ഈ കുടുംബങ്ങളുടെ ക്ഷേമത്തിനും പദ്ധതി പ്രയോജനപ്പെടും. തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതിനോടൊപ്പം പോഷകഗുണമുള്ള മത്സ്യം ലഭ്യമാക്കുവാനും സാദ്ധ്യതയേറും.

### പ്രധാന പ്രശ്നങ്ങൾ

1. മത്സ്യക്കുഞ്ഞുങ്ങൾ യഥാസമയം ആവശ്യാനുസരണം ലഭ്യമാകാത്തത്.

2. മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദന കേന്ദ്രം ഇല്ല എന്നത്.

3. കൃഷിയിറക്കേണ്ട സമയവും പരിപാലനവും സംബന്ധിച്ച് വേണ്ടത്ര അറിവില്ലായ്മ.

4. അനുയോജ്യമായ സ്ഥലങ്ങളുണ്ടെങ്കിലും ഭൂ ഉടമകൾക്ക് ഒത്തു ചേർന്നു പ്രവർത്തിക്കുവാനും ഈ മേഖലയിലെ ആദായം മനസ്സിലാക്കുവാനും കഴിയാത്തത്.

5. വിപണനത്തിനുള്ള സൗകര്യക്കുറവുകൾ.

6. ഈ മേഖലയിലെ തൊഴിലാളികളെ പ്രോൽസാഹിപ്പിക്കാത്തത്.

7. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലെ ആരോഗ്യപരിപാലനം-(പരിസര ശുചീകരണം, കക്കൂസ്, കൊതുകു നിർമ്മാർജനത്തിനുള്ള മരുന്നടിക്കൽ) പുഴയിലും മറ്റു ഉൾനാടൻ ജലാശയങ്ങളിലും ഉള്ള മത്സ്യങ്ങളിൽ കണ്ടു വരുന്ന രോഗങ്ങൾ തടയുവാനുള്ള ഫലപ്രദമായ മാർഗങ്ങൾ.

9. രോഗങ്ങളെപ്പറ്റിയുള്ള പഠനവും പരിഹാര മാർഗ്ഗവും.

10. തൊഴിലാളികൾക്ക് വള്ളം, വല, സൈക്കിൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായവും അതിൻ മേലുള്ള 50% ത്തിൽ കുറയാത്ത സബ്സിഡിയും യഥാ കാലം ലഭിക്കാത്തത്.

11. പാടശേഖരങ്ങളുടെ പുറം ബണ്ടുകളുടെ ബലമില്ലായ്മ.

### സാദ്ധ്യതകൾ

1. സ്ത്രീ തൊഴിലാളികൾക്ക് തങ്ങളുടെ തൊഴിലവസരങ്ങൾ കൂട്ടുന്നതിന് ഉപകരിക്കും.

2. മത്സ്യ മേഖലയിൽ സഹകരണ സംഘങ്ങളുടെ ആവശ്യം, ബോധവത്ക്കരണം, സെമിനാറുകൾ, ക്ലാസ്സുകൾ-ഇതിലൂടെ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉണ്ടാക്കുവാൻ പ്രേരിപ്പിക്കുക.

3. മേൽപ്പറഞ്ഞ പാടശേഖരങ്ങളിലെല്ലാം തന്നെ ഇടവിളയായി മത്സ്യകൃഷി തുടങ്ങുകവഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും ഭക്ഷ്യസാധനങ്ങൾ ഉണ്ടാക്കുവാനും മത്സ്യസമ്പത്തിന്റെ സമഗ്രവളർച്ച ത്വരിതപ്പെടുത്തുവാനും സാഹചര്യമുണ്ടാവും.

4. 5-ാം വാഡിലെ കാനറാ പേപ്പർ മില്ലിന്റെ പരിസര പ്രദേശങ്ങളിലുള്ള പാടങ്ങൾ പേപ്പർ മില്ലിന്റെ വേസ്റ്റു വാട്ടർ തള്ളിക്കളയുന്നതിനായി ഉപയോഗിക്കുന്നു. ഈ പാടശേഖരങ്ങളിൽ ഇപ്പോൾ നെൽ കൃഷിയില്ല. ആ സ്ഥലം ചേറുമീൻ പോലുള്ള മത്സ്യങ്ങളെ വളർത്തുവാൻ കൂടുതൽ അനുയോജ്യമാണെന്നു കരുതപ്പെടുന്നു. അവിടെ വളരുന്ന മത്സ്യങ്ങൾക്ക് പേപ്പർമില്ലിൽ നിന്നുള്ള വെയിസ്റ്റ് ആഹാരമാവുകയും അതുവഴി പരിസര ശുചീകരണം സാധ്യമാവുകയും ചെയ്യും.



# വ്യവസായം

വാഴപ്പള്ളിപഞ്ചായത്ത് കാർഷികപ്രധാനമാണ്. ഈ പഞ്ചായത്തിന്റെ വളർച്ചയ്ക്ക് വ്യാവസായികമേഖല വളർത്തിയെടുക്കേണ്ടത് ആവശ്യമെന്നു മനസ്സിലാക്കി 25 വർഷങ്ങൾക്കു മുൻപ് ആരംഭിച്ച വ്യവസായ കേന്ദ്രമാണ് വെരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്. ഇവിടെയുള്ള 57 യൂണിറ്റുകളിലായി 850 തൊഴിലാളികൾ പണിയെടുക്കുന്നു. റബ്ബറും, പ്ലാസ്റ്റിക്കും അടിസ്ഥാനമാക്കിയുള്ള ഈ യൂണിറ്റുകൾ ഇന്ന് പ്രതിസന്ധിയെ നേരിടുകയാണ്. ഇതിന് അടിയന്തിരമായി പരിഹാരം കാണേണ്ടിയിരിക്കുന്നു.

വെരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച്

| നമ്പർ | യൂണിറ്റുകളുടെ സ്വഭാവം | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | ഹവായ് ഷീറ്റ് | 7 | 140 |
| 2. | ഹവായ് സ്ട്രാഫ് | 16 | 200 |
| 3 | റബ്ബർബുഷ് | 3 | 18 |
| 4 | ത്രെഡ്ഫ്ലാപ്പ് | 2 | 30 |
| 5 | കയർമാറ്റ് | 5 | 50 |
| 6 | സർവ്വീസ് മിക്സിംങ് | 5 | 35 |
| 7 | പ്ലാസ്റ്റിക് ഉല്പന്നങ്ങൾ | 3 | 15 |
| 8 | മറ്റു റബ്ബർ ഉല്പന്നങ്ങൾ | 16 | 200 |
| | അനുബന്ധതൊഴിലാളികൾ | | 162 |
| | ആകെ | 57 | 850 |

**അനുഭവപ്പെടുന്ന പ്രതിസന്ധി**

1. വൈദ്യുതക്ഷാമം
2. ആവശ്യമായ ജലത്തിന്റെ ദൗർലഭ്യം
3. ടൈറ്റാനിയം ഡയോക്സൈഡ് തുടങ്ങിയ വസ്തുക്കളുടെ അപര്യാപ്തത.

**പരിഹാര മാർഗ്ഗങ്ങൾ**

I
1. പ്രത്യേക ഫീഡർലൈൻ സ്ഥാപിക്കുക.
2. ദിവസേനയുള്ള ലോഡ് ഷെഡിംഗ് നിർത്ത ലാക്കി ആവശ്യമെങ്കിൽ ആഴ്ചയിൽ ഒന്നോ രണ്ടോ പൂർണ്ണദിവസങ്ങളിൽ ആക്കുക.
3. മറ്റു ദിവസങ്ങളിൽ ഫാക്ടറികൾ പൂർണ്ണമായി പ്രവർത്തിപ്പിക്കുക.

II
1. ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കുളത്തിന്റെ ആഴവും വിസ്തൃതിയും വർദ്ധിപ്പിക്കുക.
2. സ്ഥിരമായി പമ്പ് ഓപ്പറേറ്ററെ നിയമിക്കുക.

III
1. SIDCOയുടെ ആഭിമുഖ്യത്തിൽ ഒരു സബ് ഡിപ്പോ എസ്റ്റേറ്റിനുളളിൽ ആരംഭിക്കുക.

**വ്യവസായരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം**

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒറ്റപ്പെട്ട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

**പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിലുള്ള വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച്**

| നമ്പർ | വ്യവസായ ഇനം | എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1. | പേപ്പർ മിൽ | 1 | 125 |
| 2. | കാറ്റിൽൽഫീഡ് നിർമ്മാണം | 1 | 15 |
| 3. | ഹോളോബ്രിക്സ് നിർമ്മാണം | 3 | 30 |
| 4. | തടിമിൽ | 6 | 42 |
| 5. | ജൈവവളം | 2 | 20 |
| 6. | കീടനാശിനി | 1 | 5 |
| 7. | റൈസ് മിൽ | 15 | 15 |
| 8. | ഹവായ് സ്ട്രാഫ് | 5 | 33 |
| 9. | റൈസ്പോളീഷ് | 1 | 7 |
| 10 | തുകൽ സംഭരണം | 2 | 8 |
| 11. | മെറ്റൽ ക്രഷർ | 2 | 30 |
| 12. | തടിഫർണിച്ചർ | 5 | 15 |
| 13. | മൊസൈക്ക് | 3 | 30 |
| 14. | ആൽബം നിർമ്മാണം | 1 | 2 |
| 15. | സോഡാ ഫാക്ടറി | 3 | 18 |
| 16. | പ്ലാസ്റ്റിക് ഇൻഡസ്ട്രി | 7 | 42 |
| 17. | പ്രിന്റിംഗ് പ്രസ് | 6 | 24 |
| 18. | ബുക്ക് ബെയന്റിംഗ് | 1 | 5 |
| 19. | ഇറച്ചിക്കോഴി വളർത്തൽ | 3 | 6 |
| 20. | ഓയിൽമിൽ | 2 | 6 |
| 21. | കാപ്പിക്കുരു പൊടിക്കൽ | 3 | 6 |
| 22. | വർക്ക്ഷോപ്പ്, വെൽഡിംങ്, സർവ്വീസ്സ്റ്റേഷൻ | 3 | 20 |
| 23. | ഫുഡ് പ്രോസസിംഗ് | 3 | 85 |
| 24. | അലൂമിനിയം ഷീറ്റ് | 1 | 10 |
| 25. | ഹവായ് ഷീറ്റ് | 6 | 120 |
| 26. | മറ്റുറബ്ബർ ഉല്പന്നങ്ങൾ | 10 | 75 |
| | ആകെ | 98 | 804 |

പഞ്ചായത്തിൽ നടക്കുന്ന വ്യാവസായിക സംരംഭങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. പട്ടിക IIIൽ വനിതായൂണിറ്റുകൾ.

വ്യവസായ വികസനത്തിന് അനുയോജ്യമായ സാഹചര്യമുള്ള വാഴപള്ളി പഞ്ചായത്തിൽ മൂന്നോ നാലോ ഏക്കർ സ്ഥലമെടുത്ത് പുതുതായി ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കേണ്ടതുണ്ട്.

പട്ടിക III

| നമ്പർ | യൂണിറ്റിന്റെ സ്വഭാവം | യൂണിറ്റിന്റെ എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | പാൽ ഉല്പന്ന നിർമ്മാണം | 1 | 4 |
| 2 | കറിപൗഡർ നിർമ്മാണം | 3 | 9 |
| 3 | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 3 | 21 |
| | ആകെ | 7 | 34 |

### പുതുതായി ആരംഭിക്കാവുന്ന വ്യവസായങ്ങൾ സംബന്ധിച്ച ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1. സിമന്റിഷ്ടിക നിർമ്മാണം.
2. അച്ചാറുകൾ നിർമ്മാണം.
3. കറിപൗഡർ
4. റബ്ബർ ഉല്പന്നങ്ങൾ
5. വാഷിംങ് സോപ്പ് & പൗഡർ
6. ഇരുമ്പുകൊണ്ടും സിമന്റുകൊണ്ടും ഉള്ള കട്ടിളകൾ
7. നോട്ടുബുക്കു നിർമ്മാണം.
8. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.
9. മൊസൈക്ക് ടൈൽസ് നിർമ്മാണം.
10. നെല്ലുകുത്തു മിൽ
11. ഫ്ലവർ മിൽ
12. തടി ഉപയോഗിച്ചുള്ള ഫർണിച്ചർ
13. കാലിത്തീറ്റ നിർമ്മാണം.
14. ഉമി ഉപയോഗിച്ച് ഹാർഡ്ബോർഡ് നിർമ്മാണം.
15. കരകൗശലവസ്തു നിർമ്മാണം.
16. മത്സ്യവ്യവസായം
17. തേങ്ങ ഉപയോഗിച്ച് ഭക്ഷ്യവസ്തുക്കളും സോഫ്ട് ഡ്രിംഗ്സും ഉല്പാദിപ്പിക്കുക.
18. കക്കാ നീറ്റൽ.

### വ്യവസായ വളർച്ചയ്ക്കുള്ള പ്രതിസന്ധികളും പരിഹാരമാർഗ്ഗവും

| പ്രതിസന്ധികൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| 1. നടത്തിപ്പിനെക്കുറിച്ചുള്ള അജ്ഞത | 1. KITCO, SISI, NSIC, SIDCO ജില്ലാ വ്യവസായ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുക. |
| 2. വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം | 2. നിയമങ്ങൾ ലഘൂകരിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. |
| 3. സാമ്പത്തിക ബുദ്ധിമുട്ട് | 3. ധനകാര്യസ്ഥാപനങ്ങൾ നിയമങ്ങൾ ഉദാരമാക്കുക. |
| 4. വൻകിട വ്യവസായികളുമായി മത്സരിക്കുന്നതിനുള്ള കഴിവുകുറവ്. | 4. ഗുണമേന്മയുള്ള ചെറുകിട വ്യവസായ ഉല്പന്നങ്ങൾ സഹകരണസംഘങ്ങൾ മാവേലിസ്റ്റോറുകൾ, റേഷൻ കടകൾ വഴിക്കും, ഡോർ ടു ഡോർ വില്പന വഴിയും ,, പ്രോത്സാഹിപ്പിക്കുക.സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ വാർഡുതോറും ബോധവൽക്കരണ സെമിനാറുകൾ നടത്തുക. |
| 5. അധികാരകളിൽ നിന്നുമുള്ള അവഗണന | 5. വ്യവസായികളെ എങ്ങനെ നശിപ്പിക്കണം എന്നതിലുപരി അവരെ രക്ഷിക്കുവാനുള്ള പ്രോത്സാഹന നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടാവുക. |



# വിദ്യാഭ്യാസം

ഈ പഞ്ചായത്തിന്റെ സാംസ്കാരിക പൈതൃകം വിലപ്പെട്ടതാണ്. നോവൽസാഹിത്യത്തിൽ തിളക്കമാർന്ന പ്രതിഭാവിലാസം പ്രദർശിപ്പിച്ച് ഗ്രാമീണ പ്രകൃതി സൗന്ദര്യവും സാമാന്യജന സമൂഹത്തിന്റെ ഹൃദയത്തുടിപ്പുകളും ഒപ്പിയെടുത്തു പകർത്തിയ മുട്ടത്തുവർക്കിക്കും അമേരിക്കൻ നാസാ ശൂന്യാകാശ ഗവേഷണ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചു ശാസ്ത്രനേട്ടങ്ങൾ കൊയ്തെടുക്കുവാൻ നേതൃത്വം നല്കിയ ഫാ: മാത്യു പി. തെക്കേക്കരയ്ക്കും ഒട്ടനവധി കലാപ്രതിഭകൾക്കും ജന്മം നല്കിയ പുണ്യഭൂമിയാണ് വാഴപ്പള്ളി പഞ്ചായത്ത്. ഭാഷാ പണ്ഡിതശ്രേണിയിൽ ഉന്നതസ്ഥാനീയനായിരുന്ന പ്രൊഫ. ഉലഹന്നാൻ മാപ്പിളയുടെ കർമ്മഭൂമിയും ഇവിടം തന്നെയായിരുന്നു.

ഈ പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതിയിലെ വിദ്യാഭ്യാസ വിഭാഗത്തിൽ പന്ത്രണ്ടു വാർഡുകളിലും നടന്ന ഗ്രാമസഭകളിലെ ഗ്രൂപ്പുചർച്ചകളിൽ ഉയർന്നുവന്നതും ഉരുത്തിരിഞ്ഞതുമായ വികസന ആവശ്യങ്ങളുടെ സമഗ്രമായ റിപ്പോർട്ട്:-

## 1. അംഗൻവാടികൾ:-

വിദ്യാഭ്യാസത്തിന്റെ ബാലപാഠം കുറിക്കുന്ന വിലപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളാണിവ. മാതൃ ശിശു സംരക്ഷണ പരിപാടികളും ആരോഗ്യ സമ്പന്നരായ പുത്തൻ തലമുറയെ വാർത്തെടുക്കുന്നതിനുള്ള പോഷകാഹാര വിതരണവും ഈ പ്രസ്ഥാനത്തിലൂടെ ശിശുക്കൾക്കു ലഭ്യമാകുന്നു.

ഈ മഹത്തായ പ്രസ്ഥാനത്തിൽ ഉൾപ്പെട്ട പഞ്ചായത്തിൽ വാർഡുകൾ തോറും നിലവിലുള്ള അംഗൻവാടികൾക്ക് പ്രാദേശികഭേദമെന്യേ സ്ഥിരമായ കെട്ടിടങ്ങളും പഠനോപകരണങ്ങളും പോഷകാഹാര വിതരണ സൗകര്യവും വൈദ്യസഹായ ലഭ്യതയും ഉറപ്പാക്കണം.

## 2. ബാലവാടി:-

പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ ഒരു

ബാലവാടി പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനം കൂടുതൽ മെച്ചപ്പെട്ട സൗകര്യം കണ്ടെത്തിയും, കൂടുതൽ പഠനോപകരണങ്ങളും മറ്റും ലഭ്യമാക്കിയും, ഇനിയും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

### എൽ. പി. സ്കൂളുകൾ:-

പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സ്കൂളുകളെപ്പറ്റി വാർഡ് അടിസ്ഥാനത്തിൽ പറയാം.

### ഒന്നാം വാർഡ്:-

വാഴപ്പള്ളി പഞ്ചായത്തിന്റെ മാനേജ്മെന്റിൽ ഈ പഞ്ചായത്തിൽ ഒന്നാം വാർഡിൽപ്പെട്ട പറാലിൽ പ്രവർത്തിച്ചു വരുന്ന 'വിവേകാനന്ദ' എൽ. പി. സ്കൂൾ വികസനത്തിന്റെ കാര്യത്തിൽ ശോചനീയാവസ്ഥയിലാണ്. വിദ്യാർത്ഥികളുടെ എണ്ണം ആണ്ടുതോറും കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇതിന്റെ കാരണം ആ പ്രദേശത്തെ ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തതയാണ്. വാസ്തവത്തിൽ ഒറ്റപ്പെട്ട ഒരു തുരുത്തായി സ്ഥിതിചെയ്യുന്ന ഈ ഭൂവിഭാഗത്തിന്റെ പുരോഗതി ഗതാഗത സൗകര്യത്തെ മാത്രം ആശ്രയിച്ചിരിക്കുന്നു. ഇതിനു പരിഹാരം ഉണ്ടാക്കണം. ശുദ്ധജല ലഭ്യതയും ചുറ്റുമതിൽ നിർമ്മാണവും അടിയന്തിര പ്രാധാന്യമർഹിക്കുന്നു. പ്രത്യേകിച്ച് വർഷകാലങ്ങളിൽ പ്രകൃതി ക്ഷോഭത്തിന്റെ നിഷ്ഠൂരതാണ്ഡവത്തിനിരയാകുന്ന സാമാന്യജനങ്ങളുടെ ഒരു അഭയകേന്ദ്രം കൂടിയാണീ സ്ഥാപനം. ഇതു പരിരക്ഷയർഹിക്കുന്നു.

### രണ്ടാം വാർഡ്.

മുളയ്ക്കാംതുരുത്തി പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സാഹചര്യം കണക്കിലെടുത്ത് ആ പ്രദേശത്തെ പ്രാഥമിക വിദ്യാഭ്യാസ സൗകര്യത്തെ പരിഗണിച്ച് ഒരു എൽ. പി. സ്കൂൾ പുതിയതായി ആരംഭിക്കേണ്ടതാണ്.

### നാലാം വാർഡ്.

നൂറ്റാണ്ടുകളോളം പഴക്കമുള്ള ഏക പ്രാഥമിക വിദ്യാലയമാണ് തുരുത്തി ഗവ: എൽ. പി. സ്കൂൾ. കേരള വിദ്യാഭ്യാസ മേഖലയിൽ ഒട്ടനവധി സ്ക്കൂളുകളും, കോളേജുകളും സ്ഥാപിച്ച അസാമാന്യ വ്യക്തിത്വത്തിന്റെ ഉടമയായ ഭാരത കേസരി മന്നത്തു പത്മനാഭന്റെ ഔദ്യോഗിക സേവനം ലഭ്യമായ ഈ സരസ്വതീക്ഷേത്രം ഇന്നു ശോചനീയാവസ്ഥയിലാണ്ടു കിടക്കുകയാണ്. വിദ്യാർത്ഥികളുടെ സംഖ്യ ആണ്ടുതോറും കുറഞ്ഞുവരുന്നു. പൊളിഞ്ഞു തുടങ്ങിയ മേൽക്കൂരയും ചുറ്റുമതിലിന്റെ അഭാവവും പരിഹരിച്ച് ഒരു മാതൃകാ വിദ്യാലയമാക്കി ഇതിനെ മാറ്റേണ്ടതാണ്.

### ഏഴാം വാർഡ്:-

വിദ്യാഭ്യാസ നിലവാരത്തിൽ ഉന്നതസ്ഥാനം സ്ഥിരമായി നിലനിർത്തിക്കൊണ്ട് പ്രശംസനീയമായ പ്രകടനം കാഴ്ചവയ്ക്കുന്ന ഒരു സ്വകാര്യ വിദ്യാലയമാണ് "ലിസ്യൂ കാർമ്മൽ എൽ. പി. സ്കൂൾ" ഇത്തിത്താനം. എൽ. എസ്സ്. എസ്സ്. മത്സര പരീക്ഷകളിൽ എൽ. പി. സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് മികച്ച വിജയം കരസ്ഥമാക്കി വരുന്ന ഈ മാതൃകാ വിദ്യാലയം അപ്ഗ്രേഡു ചെയ്തു ഒരു യു. പി. സ്കൂൾ ആക്കേണ്ടതാണ്.

### സെന്റ് മേരീസ് എൽ. പി. സ്കൂൾ വെരൂർ:- (11-ാം വാർഡ്)

പതിനൊന്നാം വാർഡിൽ പ്രവർത്തിച്ചുവരുന്ന സ്വകാര്യ എൽ. പി. സ്കൂളാണിത്. പ്രശസ്തമായ ശിക്ഷണം കാഴ്ചവെക്കുന്ന ഈ സ്ഥാപനം ഒരു യു. പി. സ്കൂൾ ആയി ഉയർത്തി ഒരു ടെക്നിക്കൽ കോഴ്സുകൂടി ആരംഭിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ സാമീപ്യം അനുകൂല ഘടകമാണ്.

### യു. പി. സ്കൂളുകൾ:-

### (10-ാം വാർഡ്)

ചീരംചിറ ഗവ: യു. പി. സ്കൂളിന് നൂറുവർഷത്തോളം പഴക്കമുണ്ടെന്നു കണക്കാക്കപ്പെടുന്നു. ഒട്ടേറെ പ്രശസ്ത വ്യക്തികളെ വാർത്തെടുത്ത ഈ മഹത്സ്ഥാപനം 1980-ലാണ് യു. പി. സ്കൂളായി ഉയർത്തപ്പെട്ടത്. ഈ പ്രദേശത്തെ കുട്ടികളുടേയും, രക്ഷിതാക്കളുടേയും സൗകര്യത്തെ പരിഗണിച്ച് ഇതൊരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനമാക്കിമാറ്റുകയും നിലവിലുള്ള ക്ലാസ്സുകൾക്കു പുറമെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൂടി ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

### സെന്റ് മേരീസ് യു. പി. സ്കൂൾ തുരുത്തി:- (4–ാം വാർഡ്)

ഇതൊരു സ്വകാര്യ വിദ്യാലയമാണ്. മികച്ച വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന ഈ സ്കൂളിൽ നിന്നും ആണ്ടുതോറും വിദ്യാർത്ഥികളെ യു. എസ്. എസ്സ്. മത്സരപരീക്ഷകളിൽ പങ്കെടുപ്പിച്ച് പ്രശംസ നീയമായ വിജയം നേടിയെടുത്തുവരുന്നു. എന്നാൽ ഇത്തരം വിദ്യാർത്ഥികൾക്ക് ഗവ. തലത്തിൽ അംഗീകാര രേഖയായ മെറിറ്റുസർട്ടിഫിക്കറ്റുകൾ നൽ കാറില്ല. മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന ഈ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രോത്സാഹനാർത്ഥം മെറിറ്റുസർട്ടിഫിക്കറ്റുകൾ ഗവ: തലത്തിൽ നല്കുക യും സ്കോളർഷിപ്പുതുക കാലാനുസൃതമായി മാന്യ മായ നിരക്കിൽ പരിഷ്കരിക്കുകയും ചെയ്യേണ്ടതാണ്.

### വടക്കേക്കര ഗവ: ഹൈസ്കൂൾ:- (6–ാം വാർഡ്)

വാഴപ്പള്ളി പഞ്ചായത്തിലെ ഏക ഹൈസ്കൂളാ ണിത്. എസ്. എസ്. എൽ. സി. വിജയ ശതമാന ത്തിലും പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും കുറെ വർഷങ്ങളായി ജില്ലയിൽ ഉന്നതനിലവാരം പുലർത്തി പ്പോരുന്ന ഈ സരസ്വതീക്ഷേത്രത്തിന് കെട്ടിലും മട്ടിലും ഒരു ഹൈസ്കൂളിന്റെ പ്രൗഢി തീരെയില്ല. ആയിരത്തോളം വിദ്യാർത്ഥികൾ. എല്ലാ സൗകര്യങ്ങ ളോടും കൂടിയ ഇരുനില കെട്ടിടമാണ് അടിയന്തിര മായി ഉണ്ടാകേണ്ടത്. രക്ഷാകർത്താക്കളുടേയും, നാട്ടുകാരുടേയും ആത്മാർത്ഥമായ സഹകരണം കൊണ്ട് ഒരു ക്ലാസ്സ് മുറി പണിതീർത്ത് കമ്പ്യൂട്ടർ പഠനകേന്ദ്രം ആരംഭിക്കുവാൻ കഴിഞ്ഞു എന്നത് വലിയ നേട്ടമായി കാണുന്നു. ആണ്ടുതോറും പഞ്ചായ ത്തു തലത്തിലുള്ള കലാകായിക മേളകൾ സംഘടിപ്പി ക്കുന്നതിനു പറ്റിയ കേന്ദ്രമെന്ന നിലയിൽ ഈ സ്കൂ ളും ഗ്രൗണ്ടുമാണ് നിശ്ചയിക്കാറ്. സ്കൂളിൽ ഒരു ആഡിറ്റോറിയവും സ്കൂൾ ഗ്രൗണ്ടിൽ സ്റ്റേഡിയവും പണിചെയ്യുന്നതിന് പഞ്ചായത്ത് നേതൃത്വം കൊടുക്കേ ണ്ടിയിരിക്കുന്നു. അതുപോലെ തന്നെ പ്രധാനമാണ് ഗ്രൗണ്ടിലേയ്ക്ക് വാഹനമെത്താൻ സൗകര്യപ്രദമായ വിധം മതിയായരീതിയിൽ ഒരു വഴി തീർക്കുക എന്ന തും. അഞ്ചാം ക്ലാസ്സുമുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സു കൾ ആരംഭിക്കുവാനുള്ള നടപടികളും ഉണ്ടാകണ മെന്നും, പ്ലസ് ടു വിദ്യാലയമായി ഉയർത്തണമെന്നും സ്കൂൾ പി. റ്റി. എ: യും നാട്ടുകാരും ആഗ്രഹിക്കുന്നു. ഈ സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടത് 1981 ൽ മാത്രമാണ്. S. S. L. C. യുടെ ആദ്യബാച്ച് ആരംഭിച്ചത് 1983ലാണ്. കഴിഞ്ഞ മൂന്നു വർഷത്തെ വിജയശതമാനം പ്രത്യേകം ചേർത്തിട്ടുണ്ട്.

### സാങ്കേതിക വിദ്യാഭ്യാസം:-

അശാസ്ത്രീയവും തത്വദീക്ഷാ രഹിതവും ദീർഘ വീക്ഷണമില്ലാത്തതുമായ വിദ്യാഭ്യാസ പദ്ധതിയുടെ ഫലമായി അഭ്യസ്തവിദ്യരുടെ ദയനീയാവസ്ഥ ആവർ ത്തിക്കപ്പെടാതിരിക്കുന്നതിനും, ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ താല്പര്യം വളർത്തിയെടുക്കുന്നതിനും വരും തലമുറയ്ക്ക് അവസരം ലഭ്യമാക്കുന്നതിനുമായി സാങ്കേതിക വിദ്യാഭ്യാസത്തിനു പ്രാധാന്യം നല്കി കമ്പ്യൂട്ടർ ടെക്നോളജി–ടൈപ്പ്റൈറ്റിംഗ്, വൈദ്യുതി വയറിംഗ് കോഴ്സുകളും, കമ്പോസിംങ്, ബുക്കു ബയന്റിംഗ്, തയ്യൽ എന്നിവയ്ക്കുള്ള പരിശീലനങ്ങളും സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

### സാക്ഷരതാ തുടർ വിദ്യാഭ്യാസം:-

സമൂഹത്തിലെ നിരക്ഷരത സാമൂഹ്യ, സാംസ് കാരിക, സാമ്പത്തിക വികസന രംഗങ്ങൾക്ക് തടസ്സ മായതിനാൽ സമ്പൂർണ്ണസാക്ഷരത കൈവരി ക്കുന്നതി നായി സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടിക്ക് പുനർജീവൻ നല്കേണ്ടതാണ്.

### സാംസ്കാരിക സ്ഥാപനങ്ങൾ:-

ഈ ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളി ലായി പ്രവർത്തിച്ചുവരുന്ന ഗ്രന്ഥശാലകളും, സാംസ് കാരിക സംഘടനകളും, വിദ്യാഭ്യാസ മേഖലയ്ക്ക് സഹായകരമാണ്. അതുകൊണ്ടുതന്നെ അവയുടെ വികസനവും വിദ്യാഭ്യാസ വികസനത്തിന്റെ ഭാഗമാണ്. അത്തരം സ്ഥാപനങ്ങൾക്ക് അർഹമായ ഗ്രാന്റുകളും മറ്റും നല്കി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ആറാം വാർഡിലെ വള്ളത്തോൾ സ്മാരക പബ്ളിക്ക് ലൈബ്രറി, ടാഗോർ സ്മാരക ഗ്രന്ഥശാല, പന്ത്രണ്ടാം വാർഡിലെ വെരൂർ പബ്ളിക്ക് ലൈബ്രറി, എന്നിവയും മറ്റു നിരവധി ക്ലബ്ബുകളും, യുവജന സംഘടനകളും സാംസ്കാരിക രംഗത്ത് നമ്മുടെ മുതൽക്കൂട്ടുകളാണ്.

### കുടിപ്പള്ളിക്കൂടകൾ:-
### (ആശാൻ കളരികൾ)

ആധുനികതയുടെ പേരിൽ പുത്തൻ വിദ്യാഭ്യാസരീതി പരക്കെ വ്യാപിച്ചതോടെ ഭാഷയുടെയും, സംസ്ക്കാരത്തിന്റേയും, തനിമയിലൂന്നിയ ആശാൻ കളരികൾ അസ്തോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. പ്രാചീനകാലം മുതൽക്കേ ഔദ്യോഗിക വിദ്യാഭ്യാസം ആരംഭിക്കുന്നതിന് ഒരുമുഖം കണക്കെ, പരിഗണിക്കപ്പെട്ടുപോന്നിരുന്ന കുടിപ്പള്ളിക്കൂടങ്ങൾക്ക് ഉണ്ടായിരുന്ന പ്രാധാന്യം പ്രത്യേകം പ്രസ്താവ്യമാണ്. പൈതൃകത്തേയും, പാരമ്പര്യത്തേയും ബഹുമാനിക്കുന്നവരുടെ പക്ഷം കുടിപ്പള്ളിക്കൂടങ്ങളുടെ നിലനില്പിനായി മതിയായ ഗ്രാന്റുകളും മറ്റെല്ലാ പ്രോത്സാഹ നങ്ങളും നല്കണമെന്നാണ്. നിലവിൽ നമ്മുടെ പഞ്ചായത്തിൽ ഏഴ് കുടിപ്പള്ളിക്കൂടം ആശാന്മാർക്ക് ഗ്രാന്റു നല്കിവരുന്നു.

### പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളും വിദ്യാഭ്യാസവും:-

വിദ്യാഭ്യാസത്തെ പ്രായോഗിക തലത്തിൽ വിലയിരുത്തുകയും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മുന്നോക്കവിഭാഗത്തിനൊപ്പമർഹമായ പ്രാതിനിധ്യവും, പരിരക്ഷയും ലഭിക്കുമാറ് വിഭജിക്കുകയും, ഫലലഭ്യത ഉറപ്പുവരുത്തുകയും ചെയ്യണം. പരമ്പരാഗതമായ സാമ്പത്തിക അസന്തുലിതാവസ്ഥ മാറ്റപ്പെടുന്ന തരത്തിൽ അവർക്കു അപ്രാപ്യമായ പൊതുമത്സര പരീക്ഷകളിൽ പരിഗണന ലഭിക്കുമാറുള്ള സംവിധാനമുണ്ടാക്കി അവരേയും ദേശീയമുഖ്യധാരയിലേക്ക് ഉയർത്തുന്ന വികസനപ്രക്രിയ ഉണ്ടാകണം.

ലഭ്യമായ ജീവിത ചുറ്റുപാടുകളിൽനിന്നുകൊണ്ട് എല്ലാ അനുകൂല സാഹചര്യങ്ങളുമുള്ള കുട്ടികൾക്കൊപ്പം ഈ വിഭാഗം വിദ്യാർത്ഥികളെ തേടിപ്പിടിച്ച് പുനരധിവസിപ്പിക്കത്തക്ക തരത്തിൽ ഒരു ഹരിജൻ വെൽഫയർ ഹോസ്റ്റൽ പഞ്ചായത്തു പ്രദേശത്തു സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാകുന്നു.

### നിർദ്ദേശങ്ങൾ:-

1. വിദ്യാലയങ്ങളിലെ അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും, അവിടുത്തെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും, സുദൃഢമായ വിദ്യാർത്ഥി അദ്ധ്യാപക രക്ഷാകർതൃ ബന്ധം അനിവാര്യമാകയാൽ അദ്ധ്യാപക രക്ഷാകർതൃസമിതിക്ക് കൂടുതലധികാരങ്ങളും, പ്രാധാന്യവും ഉറപ്പും വരുത്തണം. എല്ലാ സ്കൂളുകളിലും പി. റ്റി. എ. യ്ക്കു പ്രത്യേക ആഫീസുമുറി ഉണ്ടാക്കുന്നത് അഭികാമ്യമാണ്.

2. എൽ. എസ്. എസ്, യു. എസ്, എസ്, മത്സരപരീക്ഷകൾക്ക് പ്രാധാന്യം നല്കുകയും കൂടുതൽ വിദ്യാർത്ഥികളെ വിജയിപ്പിക്കുന്ന സ്കൂളിന് പ്രോത്സാഹനം നല്കുകയും വിജയിക്കുന്ന കുട്ടികൾക്ക് ഗവ: തലത്തിൽ മെറിറ്റുസർട്ടിഫിക്കറ്റു നല്കി അംഗീകരിക്കുകയും വേണം.

3. കലാകായിക രംഗങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന പ്രതിഭകൾക്ക് പ്രോത്സാഹനം നല്കണം. പരിശീലകർക്ക് മതിയായ അംഗീകാരം നല്കണം.

**പഞ്ചായത്തു പ്രദേശത്തെ സ്കൂളുകളിലെ**
**S. S. L. C വിജയ ശതമാനം**

| സ്കൂളിന്റെ പേര് | വർഷം | | |
|---|---|---|---|
| | 1994 | 1995 | 1996 |
| 1) ഗവ: ഹൈസ്ക്കൂൾ, വടക്കേക്കര. | 79% | 88% | 84% |
| 2) ക്രിസ്തുജോതി ഹൈസ്ക്കൂൾ, ചെത്തിപ്പുഴ | 100% | 100% | 100% |

4. ആസ്ഥാന മന്ദിരങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് അതാതു പ്രദേശത്തെ സ്കൂളുകളിൽ ഒഴിവുള്ള ക്ലാസ്സുമുറികൾ ലഭ്യമാക്കണം.

5. പ്രതിരോധ കുത്തിവെയ്പുകൾ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു നടത്തണം. ആരോഗ്യപരിശോധന നിർബന്ധമാക്കണം.

6. എല്ലാ വിദ്യാലയങ്ങൾക്കും കുടിവെള്ള ലഭ്യത ഉറപ്പാക്കണം.

7. സർവ്വീസിൽ നിന്നും വിരമിച്ച പരിചയസമ്പന്നരായ അദ്ധ്യാപകരുടെ സേവനം വീണ്ടും സമൂഹത്തിനു ലഭ്യമാകത്തക്കവിധത്തിൽ, പഞ്ചായത്തു പ്രദേശത്ത് ഒരു ആസ്ഥാന മന്ദിരം ഉയർത്തുന്നതു അഭികാമ്യമായിരിക്കും.

8. മികച്ച പ്രകടനം കാഴ്ചവെക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡും, മറ്റു പ്രോത്സാഹനങ്ങളും നല്കി ആദരിക്കേണ്ടതാണ്.

9. ശാരീരിക ആരോഗ്യ സംരക്ഷണത്തിനുതകുന്ന യോഗാഭ്യാസം പരിശീലിപ്പിക്കുന്നതിനുള്ള സംവിധാനം എല്ലാ വിദ്യാലയത്തോടും അനുബന്ധിച്ച് ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും.

10. നിലവിലുള്ള വിദ്യാലയങ്ങളുടെ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്ക് ലബോറട്ടറി, ലൈബ്രറി, തുടങ്ങിയ സംവിധാനങ്ങൾ വിപുലപ്പെടുത്തുക.

11. വിദ്യാർത്ഥികളുടെ കായികരംഗത്തെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിദഗ്ദ്ധപരിശീലകരുടെ സേവനം ഉറപ്പുവരുത്തുക.

## ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ:-

ചെത്തിപ്പുഴയിൽ 'ക്രിസ്തുജ്യോതി' എന്ന പേരിൽ ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ പ്രവർത്തിച്ചു വരുന്നു. എസ്. എസ്, എൽ. സി., വിജയ ശതമാനത്തിൽ ഈ സ്ഥാപനം വളരെ മുൻപന്തിയിലാണ്. ഗവ: മാനേജ്മെന്റ് സ്കൂളുകളിൽ നിന്നു വ്യത്യസ്തമായി വിദ്യാഭ്യാസ ചെലവേറെയുള്ള ഇത്തരം സ്ഥാപനങ്ങളിൽ എല്ലാ വിഭാഗം കുട്ടികൾക്കും എത്തിപ്പെടുവാൻ കഴിയില്ലാ എന്നുള്ളത് യാഥാർത്ഥ്യമാണ്.

ചീരൻചിറ കേന്ദ്രമായി ഫാ: ജേക്കബ് മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം യു. പി. സ്ക്കൂൾ എന്ന സ്ഥാപനവും നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു.

ഒരു ജനതയുടെ സംസ്കൃതിയിലും പുരോഗതിയിലും ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന അടിസ്ഥാനഘടകം വിദ്യാഭ്യാസമാണല്ലോ. ശാസ്ത്രരംഗത്തെ പുരോഗതികൾ ഉൾക്കൊണ്ട് പുതിയ പാഠ്യപദ്ധതിയും പ്രവൃത്യധിഷ്ഠിത ബോധനക്രമവും നടപ്പാക്കുന്നതിലൂടെ മാത്രമേ വിദ്യാഭ്യാസം അർത്ഥവത്തും പ്രയോജനപ്രദവുമാകൂ.

# ലൈബ്രറികളുടെ ചാർട്ട്

| | പേര് | സ്ഥാപന വർഷം | അംഗ ങ്ങളുടെ എണ്ണം | സംഗീത നാടക അക്കാഡമി/ സ്പോർട്ട്സ് കൗൺസിൽ അഫിലിയേ ഷൻ ഉണ്ടോ? | റേഡിയോ, റ്റി.വി. ഉണ്ടോ? | സ്വന്തമായി കെട്ടിടം ഉണ്ടോ? | പ്രവർത്തന ങ്ങൾ |
|---|---|---|---|---|---|---|---|
| 1. | കോസ്മോ പോ ളിറ്റൻ ലൈ ബ്രറി ആൻഡ് റീഡിംഗ് റൂം ചീരംചിറ | 1954 | 154 | ഇല്ല | റ്റി.വി. ഉണ്ട്. | ഉണ്ട് | ഗ്രന്ഥശാല, വായനശാല, ക്ലബ്, സാക്ഷര താപ്രവർത്തനം, സേവനപ്രവർ ത്തനങ്ങൾ |
| 2. | വെരൂർ പബ്ളി ക്ക് ലൈബ്രറി മടുക്കംമൂട് | 1955 | 165 | ഇല്ല | റ്റി.വി. ഉണ്ട് | ഉണ്ട് | ഗ്രന്ഥശാല, വായനശാല, ക്ലബ്. |
| 3. | ടാഗോർ സ്മാരക ലൈബ്രറി കുന്നന്താനം | 1971 | 110 | ഇല്ല | റ്റി.വി. ഉണ്ട്. | ഉണ്ട് | ഗ്രന്ഥശാല, വായനശാല, ക്ലബ്, സേവന പ്രവർത്തനം |
| 4. | വള്ളത്തോൾ സ്മാരക ലൈബ്രറി വടക്കേക്കര | 1958 | 200 | ഇല്ല | റ്റി.വി. ഉണ്ട് | ഉണ്ട് | ഗ്രന്ഥശാല, വായനശാല! ക്ലബ്, സേവനപ്ര വർത്തനം, നേഴ്സറി |
| 5. | ഫ്രണ്ട്സ് ക്ലബ് ആൻറ് വായന ശാല മുളയ് ക്കാംതുരുത്തി | 1993 | 55 | ഇല്ല | ഇല്ല | ഇല്ല | വായനശാല |
| 6. | സഹൃദയ വായ നശാല മുളയ് ക്കാംതുരുത്തി | 1993 | 60 | ഇല്ല | ഇല്ല | ഇല്ല | വായനശാല |
| 7. | പഞ്ചായത്ത് സാംസ്ക്കാരിക നിലയം | 1990 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | വായനശാല |



# സംസ്ക്കാരം

ഒരു ജനതയുടെ ചരിത്രത്തിന്റേയും, ജീവിത സാഹചര്യങ്ങളുടേയും പശ്ചാത്തലത്തിൽ രൂപം കൊള്ളുന്നതാണ് സംസ്ക്കാരം. മാറിവരുന്ന കാലത്തിന്റെ വെല്ലു വിളികളും പ്രതിസന്ധികളും ഏറ്റുവാങ്ങി വ്യത്യസ്തങ്ങളായ രൂപഭാവങ്ങൾ ആർജിച്ച് അത് നില നിൽക്കുന്നു. ചങ്ങനാശ്ശേരി പട്ടണവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടു കിടക്കുന്ന ഗ്രാമപ്രദേശങ്ങളാണ് വാഴപ്പളി പഞ്ചായത്തിലുളളത്. കാർഷിക ജീവിതവൃത്തികളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെട്ടുവന്ന ഒരു ജീവിത സംസ്കൃതിയാണ് ഇവിടെ നിലനിൽക്കുന്നത്. ഹിന്ദു – മുസ്ലീം – ക്രിസ്ത്യൻ മതവിഭാഗങ്ങളിൽപ്പെട്ടവരും ദളിത്–പിന്നോക്ക വിഭാഗക്കാരുമായ ജനങ്ങളുടെ അധിവാസ മേഖല എന്ന നിലയിൽ നൂറ്റാണ്ടുകളുടെ ചരിത്രവും സാംസ്കാരിക പ്രത്യേകതകളും ഈ പഞ്ചായത്തിനുണ്ട്.

ഈ പഞ്ചായത്തിലെ–വെട്ടിത്തുരുത്ത്–തുരുത്തി ഭാഗങ്ങൾ അപ്പർ കുട്ടനാടിന്റെ ഭാഗമായി വ്യക്തമായ കാർഷിക, രാഷ്ട്രീയ പശ്ചാത്തലമുളള മേഖലകളാണ്. ചെത്തിപ്പുഴ, ഏനാചചിറ, ചീരഞ്ചിറ, ഇൻഡസ്ട്രിയൽ നഗർ, കുരിശുംമൂട് മേഖലകളാകട്ടെ ചെറുകിട കർഷകരുടെയും, കച്ചവടക്കാരുടെയും, തൊഴിലാളികളുടെയും, ഉദ്യോഗസ്ഥരുടെയും അധിവാസമേഖലയാണ്. ഈ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും വിവിധ ഹിന്ദുവിഭാഗങ്ങളുടെ ക്ഷേത്രങ്ങളും വിവിധ ക്രിസ്ത്യൻ വിഭാഗങ്ങളുടെ ആരാധനാലയങ്ങളും മുസ്ലീംപളളികളുമുണ്ട്. ക്രിസ്ത്യൻ, ഹിന്ദു ആരാധനാലയങ്ങളിൽ എല്ലാവർഷവും പെരുന്നാളുകളും ഉത്സവങ്ങളും നടന്നുവരുന്നു. മതപരമായ പരിമിതികളില്ലാതെ എല്ലാവിഭാഗം ജനങ്ങളും ഇവയിൽ ഭാഗഭാക്കാകുന്നു. കൂടാതെ പഞ്ചായത്തിലെ മിക്ക വാർഡുകളിലും ജാതിമതാദി പരിഗണനകൾക്കതീതമായി ഗ്രന്ഥശാലകളും ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. പാടശേഖരങ്ങളിൽ പണിയെടുക്കുന്ന കർഷക തൊഴിലാളികളുടെ നാടൻകലാ പാരമ്പര്യവും എടുത്തുപറയേണ്ടതും ശ്രദ്ധിക്കപ്പെടേണ്ടതുമായ ഒരു സാംസ്കാരികവശമാണ്.

കേരളത്തിന്റെ സാംസ്കാരിക സാഹിത്യ മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച സാഹിത്യകാരന്മാരും, കലാകാരന്മാരും വാഴപ്പള്ളി പഞ്ചായത്തിന്റെ പൊതു വിലുളള സാംസ്ക്കാരിക കാഴ്ചപാടുകളെ കാലാകാലങ്ങളിൽ സ്വാധീനിച്ചിട്ടുണ്ട്.

കഥാസാഹിത്യത്തെ ജനകീയമാക്കിയ മലയാളികളുടെ പ്രിയങ്കരനായ മുട്ടത്തു വർക്കി ജനിച്ചുവളർന്ന നാടാണിത്. അദ്ദേഹത്തിന്റെ സ്മരണയ്ക്കായി രൂപംകൊണ്ട മുട്ടത്തുവർക്കി ഫൗണ്ടേഷന്റെയും ആസ്ഥാനം ഈ പഞ്ചായത്തിൽ തന്നെ. സാഹിത്യ സാംസ്കാരിക മേഖലകളിൽ മികച്ച പുരസ്കാരങ്ങൾ നല്കുന്ന പ്രസ്ഥാനമെന്ന നിലയിൽ ഈ ട്രസ്റ്റ് പ്രസിദ്ധി നേടിയിരിക്കുന്നു.

മലയാളത്തിലെ പ്രൊഫഷണൽ അമച്വർ നാടകരംഗങ്ങളിൽ പ്രവർത്തിക്കുന്ന കലാകാരന്മാരുടെ ഒരു നല്ല നിര ഇവിടെയുണ്ട്. എസ്. തൈക്കാട്ടുശേരി, ജോസ് ആലഞ്ചേരി, ഉഷാ നെൽസൺ, മഹാശയൻ, ജോസ് ചെത്തിപ്പുഴ, അന്ത്രയോസ് മനാട്ടുകളം, പനാമ ജോസ്, അഭിനയപ്രതിഭയായിരുന്ന ആലുംമൂടന്റെ നാടകസംഘത്തിൽപ്പെട്ടവർ എന്നിവരെ ഈ ശ്രേണിയിൽപ്പെടുത്താം. ആധുനിക നാടക, സിനിമ മേഖലകളിൽ വളർന്നുവരുന്ന ഒരു പ്രതിഭയാണ് ജോസഫ് പാണാടൻ.

ബഹുഭാഷാ പണ്ഡിതനും എസ്.ബി. കോളജ് പൗരസ്ത്യഭാഷാ വിഭാഗം അദ്ധ്യക്ഷനുമായിരുന്ന പ്രൊഫ. ഉലഹന്നാൻ മാപ്പിള നമ്മുടെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ സ്ഥാപിക്കപ്പെട്ട സ്മാരകട്രസ്റ്റിന്റെ കേന്ദ്രവും ഈ പഞ്ചായത്തിൽ തന്നെ.

നിരവധി അവാർഡുകൾ കരസ്ഥമാക്കിയ അച്ഛനും ബാപ്പയും അടക്കം മികച്ച സിനിമകൾ നിർമ്മിച്ച് മലയാളസിനിമയുടെ അഭിമാനമായി മാറിയ വി.എം. ചാണ്ടി, മലയാള കഥാസാഹിത്യരംഗത്ത് ശ്രദ്ധേയനായ ജെ.കെ.വി., സാഹിത്യ അക്കാഡമി അവാർഡ് നേടിയ ശ്രീപാദം ഈശ്വരൻ നമ്പൂതിരി എന്നിവർ ഈ നാടിന്റെ അഭിമാനമാകുന്നു.

ചെണ്ടവിദ്വാൻ ചേന്നംപടവിൽ വല്യകൊച്ച്, ശില്പകലയിൽ പ്രശസ്തനായ ജിയോ വക്കച്ചൻ (കെ.കെ. ജോർജ്ജ് കിഴക്കുംവേലിത്തറ), ചിത്രകാരന്മാരായ സി.എ. ആന്റണി, കെ.സി. പത്രോസ്, ഈ ജില്ലയിലെ ഏറ്റവും മികച്ച സാംസ്ക്കാരിക സംഘടനയായ കോട്ടയം ബീക്കണിന്റെ സാരഥി വി.ഡി. രാജൻ എന്നിവർ താന്താങ്ങളുടെ മേഖലകളിൽ അദ്വിതീയന്മാരായി എല്ലാവരുടെയും അംഗീകാരം നേടിയിരിക്കുന്നു.

കെ.കെ. പടിഞ്ഞാറേപ്പുറം, സന്തോഷ് ജെ.കെ.വി., ജെ. പുതുച്ചിറ എന്നീ അറിയപ്പെടുന്ന എഴുത്തുകാരും ഈ നാട്ടുകാരാണ്. ഇവരോടൊപ്പം ഓർക്കേണ്ട മറ്റൊരു പ്രതിഭയാണ് കാഥികനായ കെ.കെ. ചങ്ങനാശ്ശേരി.

ഈ പഞ്ചായത്തിലെ പ്രമുഖരായ കലാകാരന്മാരെയും പ്രസ്ഥാനങ്ങളെയും കുറിച്ച് ഇത്രയും വിശദമായി പറഞ്ഞതിന് ഒരു ലക്ഷ്യമുണ്ട് – നാടിന്റെ ഹൃദയത്തുടിപ്പുകളായ ഗ്രന്ഥശാലാ പ്രവർത്തകരെ ഇവയുമായി കണ്ണിചേർക്കണം. എങ്കിൽ കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാനും ജീർണ്ണതകളെ മറികടന്ന് നവീനമായ ഒരു സാംസ്കാരിക ബോധത്തിന് ഇഴയിടാനും നമുക്കാവും.

ആധുനിക മാധ്യമ സംസ്കാരം ജനതയുടെ അഭിരുചികളെയും കാഴ്ചപ്പാടിനെയും അതിശക്തമാം വിധം സ്വാധീനിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. പ്രാചീനതയുടെയും പാരമ്പര്യത്തിന്റേയും ശക്തിമത്തായ വസ്തുക്കളെയെല്ലാം വരട്ടിക്കളയുന്ന നവീന മാധ്യമ സംസ്കാര സമസ്ത മേഖലയെയും അടിപ്പെടുത്തികൊണ്ട് മുന്നേറുന്നു. നവീന കമ്പോള സംസ്കാരവും നമുക്കു കടുത്ത വെല്ലുവിളികൾ ഉയർത്തിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പഴയ നാട്ടുവെളിച്ചത്തിൽ നിന്ന് മാനവികതയുടെ സാംസ്കാരിക വെളിച്ചത്തിലേയ്ക്ക് ഉയർന്നു വരുവാനുള്ള പദ്ധതികളാണ് രൂപപ്പെടുത്തേണ്ടത്. നാടോടി കലാപാരമ്പര്യത്തെ പുനരുജ്ജീവിപ്പിക്കണമെന്നർത്ഥം.

സാംസ്കാരിക പശ്ചാത്തലത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ എടുത്തുപറയേണ്ട പ്രധാനപ്പെട്ട ഘടകമാണ് ഗ്രാമീണ ഗ്രന്ഥശാലകൾ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വാഴപ്പള്ളിയുടെ വിവിധ ഭാഗങ്ങളിൽ ഗ്രന്ഥശാലകൾ പ്രവർത്തനം ആരംഭിച്ചു. 1954ൽ വാഴപ്പള്ളി പഞ്ചായത്തിന്റെ വടക്കുഭാഗമായ ചീരഞ്ചിറയിൽ 'കോസ്മോപോളിറ്റൻ ലൈബ്രറി ആൻഡ് റീഡിംഗ് റൂം' ആരംഭിച്ചതോടെയാണ് പഞ്ചായത്തിൽ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് സംഘടിതരൂപം കൈവന്നത്. കുളങ്ങര ശ്രീ. കെ.സി. പുന്നന്റെ നേതൃത്വത്തിലാണ് ഈ ഗ്രന്ഥശാല സ്ഥാപിക്കപ്പെട്ടത്. തുടർന്ന് 1955ൽ വാഴപ്പള്ളി പ്രദേശത്തിന്റെ കിഴക്കു പ്രദേശമായ വെരൂരിൽ ശ്രീ. എസ്. തൈക്കാട്ടുശ്ശേരിയുടെ നേതൃത്വത്തിൽ 'വെരൂർ പബ്ലിക്ലൈബ്രറി' എന്ന

പേരിലും 1958ൽ വടക്കേക്കരയിൽ ശ്രീ. ഗോപാലപിള്ളയുടെ നേതൃത്വത്തിൽ 'വള്ളത്തോൾ സ്മാരക ലൈബ്രറി' എന്ന പേരിലും 1971 കുന്നന്താനത്ത് ശ്രീ ആർ. നാരായണൻ നായരുടെ നേതൃത്വത്തിൽ 'ടാഗോർ സ്മാരക ഗ്രന്ഥശാല'എന്ന പേരിലും ഗ്രന്ഥ ശാലകൾ ആരംഭിക്കുകയുണ്ടായി. സമീപകാലത്ത് 1993ൽ മുളയ്ക്കാംതുരുത്തിയിൽ ക്ഷേത്രത്തിനു സമീപം 'സഹൃദയ വായനശാല' എന്ന ഒരു ഗ്രന്ഥശാല കൂടി സ്ഥാപിതമാ യിട്ടുണ്ട്. അതേ വർഷം തന്നെ മുളയ്ക്കാംതുരുത്തിയിൽ ഫ്രണ്ട്സ് ക്ലബ് & ലൈബ്രറിയും സ്ഥാപിതമായി.

ചീരഞ്ചിറയിലെ കോസ്മോപോളിറ്റൻ ലൈബ്രറി ഒരു ഗ്രന്ഥശാല എന്നതിലുപരി കലാസമിതി , രാഷ്ട്രീയ സംവാദകേന്ദ്രം, ഗ്രാമോദ്ധാരണ സമിതി, ഗ്രാമവികസന ചർച്ചാകേന്ദ്രം എന്നിവയൊക്കെയായി രുന്നു. ലൈബ്രറിയുടെ ഉപവിഭാഗങ്ങളായി വനിതാവിഭാഗം, യുവജനവിഭാഗം, ബാലവിഭാഗം എന്നിവയുണ്ടായിരുന്നു. ബാലവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'പൊൻപുലരി' എന്ന കൈയെഴുത്തു മാസിക പ്രസിദ്ധീകരിക്കുകവഴി നാട്ടിലെ ജനങ്ങളുടെ സാഹിത്യാഭിരുചിയെ കണ്ടറിയുവാനും പ്രോത്സാഹനം നൽകുവാനും കഴിഞ്ഞു. ദേശീയബോധത്തിൽ ഒതുങ്ങിനിന്നുകൊണ്ടുള്ള കൈയ്യെഴുത്തു മാസിക യുടെ പ്രവർത്തനം ദേശസ്നേഹമുള്ള തലമുറയെ വാർത്തെടുക്കുവാനുള്ള ശ്രമങ്ങൾക്ക് തുടക്കമായി.

ഇപ്പോൾ പഞ്ചായത്തിൽ 7 ഗ്രന്ഥശാലകളുള്ളതിൽ 5 എണ്ണത്തിലും ഗ്രന്ഥശാല പ്രവർത്തിക്കുന്നുണ്ട്. ഒരെണ്ണം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും 1990ൽ സ്ഥാപിച്ചതുമണ്. പഞ്ചായത്തിലുള്ള ഗ്രന്ഥശാലകളുടെ വരുമാന മാർഗ്ഗം മാസവരിയും സംഭാവനയുമാണ്. അഞ്ചു ഗ്രന്ഥശാലകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്. മുളയ്ക്കാംതുരുത്തി ക്ഷേത്രത്തിനു സമീപമുള്ള സഹൃയ വായനശാ ലയ്ക്കും മുളയ്ക്കാംതുരുത്തിയിലെ ഫ്രണ്ട്സ് ക്ലബ് & ലൈബ്രറിയ്ക്കും സ്വന്തമായി കെട്ടിടങ്ങളില്ല.

സമീപകാലത്തായി ടി.വി. സംസ്കാരം ആളുകളുടെ വായനാശീലത്തെ കടന്നാക്രമിക്കുകയും അതിൻ പ്രകാരം ഗ്രന്ഥശാലയുമായി ബന്ധപ്പെടുന്ന ആളുക ളുടെ എണ്ണം ക്രമാതീതമായി കുറയുകയും ചെയ്തിട്ടുണ്ട്. കൂടാതെ കഴിഞ്ഞ തലമുറയുടെ ത്യാഗ സന്നദ്ധത ഏറ്റെടുത്ത് അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന യുവതലമുറയുടെ വിമുഖത ഗ്രന്ഥശാലാ പ്രസ്ഥാന ത്തെ ഒരു പരിധിവരെ തളർത്തിയിട്ടുണ്ട്.

ഗ്രന്ഥശാലകൾക്കു പുറമെ ഇരുപതിലധികം കലാ-കായിക-സാംസ്കാരിക സംഘടനകളും പഞ്ചായ ത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഒരെണ്ണം ഒഴികെ മറ്റൊരു സംഘടനയ്ക്കും സ്വന്തമായി കെട്ടിടമില്ല. ചില ആഘോഷങ്ങളെ മാത്രം കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തുന്നതാണ് ഭൂരിഭാഗം സംഘടനകളും.

കായിക രംഗത്തും തിളക്കമാർന്ന വ്യക്തിമുദ്ര പതിപ്പിച്ച കായിക താരങ്ങൾ പഞ്ചായത്തിലുണ്ട്. അവർക്കാ വശ്യമായപ്രോത്സാഹനം നൽകുവാൻ കഴിഞ്ഞിട്ടില്ല. കാലിക്കട്ട് വാഴ്സിറ്റി അത്‌ലറ്റായ ചീരഞ്ചിറ കൊച്ചുപറമ്പിൽ അച്ചൻകുഞ്ഞിന്റെ മകൾ കുമാരി അഞ്ജു കെ. മർക്കോസ് ഇതിനുദാഹ രണമാണ്. ഈ അടുത്തകാലത്തായി വളർന്നു വരുന്ന പാശ്ചാത്യ കളികളോടുള്ള പ്രേമം നമ്മുടെ ഗ്രാമ പ്രദേശങ്ങളിൽ നിലനിന്നിരുന്ന നാടൻ കളികളെ വിസ്മൃതിയിൽ മറയ്ക്കുവാൻ കാരണമായിട്ടുണ്ട്. ഇതിനു പരിഹാരം കാണുവാനുള്ള പദ്ധതികൾക്കാണ് മുൻതൂക്കം നൽകേണ്ടത്.

### പ്രശ്നങ്ങൾ

1. 1, 3, 4, 5, 7, 9, 11 വാർഡുകളിൽ ഗ്രന്ഥശാലയോ വായനശാലയോ ഇല്ല. രണ്ടാം വാർഡിലെ സഹൃദയ വായനശാലയ്ക്ക് സ്വന്തമായി കെട്ടിടമില്ല.
2. ചീരഞ്ചിറ കോസ്മോപോളിറ്റൻ ലൈബ്രറിയ്ക്ക് ആവശ്യമായ മുറികളില്ല.
3. പഞ്ചായത്ത് സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.
4. ജനങ്ങളുടെ സാംസ്കാരിക നിലവാരം മോശമായി വരുന്നു.
5. മദ്യം, മയക്കുമരുന്ന് ഉപയോഗം വ്യാപകമാകുന്നു.
6. ദൈനം ദിന കാര്യങ്ങൾ അറിയുന്നതിനുള്ള മാധ്യമ ങ്ങളുടെ കുറവ്.
7. കലാ-സാഹിത്യ-കായിക രംഗത്തെ പ്രതിഭകൾക്ക് ആവശ്യമായ പരിശീലനം ഇല്ല.
8. പാരമ്പര്യ കലാരൂപങ്ങൾ നശിക്കുന്നു.
9. ഗ്രന്ഥശാലകളിൽ കലാ, സാഹിത്യ, കായിക രംഗത്തെ പ്രവർത്തനം സജീവമല്ല.
10. കോളജുകളിലും, സ്കൂളുകളിലും പഠിക്കുന്ന മികവുറ്റ കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകുന്നില്ല.
11. നാടൻ കളികൾ നിലനിൽക്കുവാനുള്ള പ്രവർത്തനങ്ങൾ ഇല്ല.

12. വാർഡുതലത്തിൽ കളിസ്ഥലം ഇല്ല.

13. മികച്ച പരിശീലനത്തിന്റെ അഭാവം കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനുള്ള അവസരം നഷ്ടമാക്കുന്നു.

**പരിഹാരങ്ങളും നിർദ്ദേശങ്ങളും**

1. ഗ്രന്ഥശാലയോ വായനശാലയോ ഇല്ലാത്ത വാർഡുകളിലും പ്രദേശങ്ങളിലും മികച്ച ക്ലബ്ബുകളെ ഗ്രന്ഥശാലകളാക്കി ഉയർത്തുവാനുള്ള നടപടികൾ സ്വീകരിക്കുക.

2. പഞ്ചായത്തിലെ പഴക്കമേറിയ ഗ്രന്ഥശാലയായ കോസ്മോപോളിറ്റൻ ലൈബ്രറിയ്ക്കും മറ്റു ലൈബ്രറി കൾക്കും അറ്റകുറ്റപണികൾക്കുള്ള സഹായം ചെയ്യുക. കോസ്മോപോളിറ്റൻ ലൈബ്രറിയോടു ചേർന്ന് വനിതാ വിഭാഗത്തിനും, കുട്ടികളുടെ വിഭാഗത്തിനും കാര്യക്ഷമമായി പ്രവർത്തിക്കാൻ അനുയോജ്യമായ മുറികളും പൊതുജനങ്ങൾക്ക് ടി.വി. കാണുന്നതിന് ഒരു ഹാളും പണിതു നൽകുക.

3. പഞ്ചായത്തിലെ എല്ലാ ഗ്രന്ഥശാലകൾക്കും, ക്ലബ്ബുകൾക്കും സംഗീത ഉപകരണങ്ങളും സ്പോർട്ട്സ് ഉപകരണങ്ങളും നൽകുക.

4. പഞ്ചായത്തിലെ ഗ്രന്ഥശാലകൾക്ക് മാസത്തി ലൊരിക്കൽ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തുവാനുള്ള സാമ്പത്തിക സഹായം നൽകുക.

5. നിലവിലുള്ള പഞ്ചായത്തു ഗ്രാന്റ് മാസത്തിൽ ആയിരം രൂപാ എന്ന നിലയ്ക്ക് വർദ്ധിപ്പിക്കുക.

6. ഗ്രന്ഥശാലകളോടു ബന്ധപ്പെട്ട് വയോജന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുവാനുള്ള സഹായം ചെയ്യുക. കൂടാതെ സാക്ഷരതാ പ്രവർത്തനം ഗ്രന്ഥശാലകളും ക്ലബ്ബുകളും കേന്ദ്രീകരിച്ച് കാര്യക്ഷമമായ രീതിയിൽ നടത്തു വാനുള്ള നടപടികൾ സ്വീകരിക്കുക.

7. മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരായിട്ടുള്ള ക്യാമ്പെയിനുകൾ നടത്തുവാനുള്ള സഹായങ്ങൾ ഗ്രന്ഥശാലകൾക്ക് നൽകുക.

8. അശ്ലീലപോസ്റ്ററുകൾ നിരോധിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുക.

9. കോളനികളിലും, ചേരിപ്രദേശങ്ങളിലും ഗ്രന്ഥശാലകൾ സ്ഥാപിച്ച് ടി.വി. പോലുള്ള ആധുനിക വാർത്താമാധ്യമങ്ങൾ ഏർപ്പെടുത്തു വാനുള്ള സഹായം ചെയ്യുക.

10. വിസ്തൃതങ്ങളായിക്കൊണ്ടിരിക്കുന്ന നാടോടി കലാരൂപങ്ങളായ നാടൻപാട്ടുകൾ, കോൽകളി, പരിചമുട്ടുകളി തുടങ്ങിയവയും, വിവിധ തുള്ളൽ രൂപങ്ങൾ ഇവയെക്കുറിച്ച് പഞ്ചായത്തു തലത്തിൽ പഠനങ്ങൾ നടത്തുകയും പരിശീലനം നൽകുകയും ചെയ്യുക.

11. കൃഷിപ്പാട്ട്, നടിച്ചിപ്പാട്ട്, വിവിധ ജനവിഭാഗ ങ്ങളുടെ ആചാരാനുഷ്ടാനുങ്ങളുമായി ബന്ധപ്പെട്ട നാടൻ പാട്ടുകൾ സമാഹരിച്ച് പുസ്തകരൂപത്തിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രസിദ്ധീകരിക്കണം. ഇതിനായി മലയാളസാഹിത്യവും സംസ്കാരവും പ്രധാനവിഷയമായി കൈകാര്യം ചെയ്യുന്ന പണ്ഡി തന്മാരുടെ ഉപദേശം ആരായണം.

12. ചീരഞ്ചിറ, മണ്ണാത്തിപ്പാറ, പുതുച്ചിറ, പറാൽ തുടങ്ങിയ പ്രദേശങ്ങളിൽ കോൽകളി പോലുള്ള ദൃശ്യരൂപങ്ങൾ അവതരിപ്പിക്കുന്ന കലാകാരന്മാരെ കൂട്ടിച്ചേർത്ത് പ്രോത്സാഹനം നൽകുവാനുള്ള നടപടികൾ സ്വീകരിക്കണം.

13. മേൽ വിവരിച്ച ലക്ഷ്യങ്ങൾ മുൻനിർത്തി ഒരു സാംസ്കാരിക സമിതി രൂപീകരിക്കുക.

14. എല്ലാ ഗ്രന്ഥശാലകൾക്കും ക്ലബ്ബുകൾക്കും സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്യുക.

15. കോളജുകളിലും സ്കൂളുകളിലും പഠിക്കുന്ന കായിക താരങ്ങളെ കണ്ടെത്തുവാൻ സർവ്വേ നടത്തണം.

16. മേൽ സൂചിപ്പിച്ച കായിക താരങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണം.

17. ഗ്രൗണ്ടില്ലാത്ത വാർഡുകളിലും ഓരോ പൊതു ഗ്രൗണ്ടു നിർമ്മിക്കണം.

18. വടക്കേക്കര സ്കൂൾ ഗ്രൗണ്ട് മതിൽകെട്ടി സംരക്ഷിക്കുക.

19. ചീരഞ്ചിറ പ്രദേശത്ത് നിലനിൽക്കുന്ന നാടൻ പന്തുകളിപോലുള്ള നാടൻ കളികൾക്ക് പഞ്ചായത്തു തലത്തിൽ പ്രത്യേകം മത്സരങ്ങൾ നൽകേണ്ടതാണ്.

20. കായിക താരങ്ങളെ പഞ്ചായത്തു തലത്തിൽ ആദരിക്കണം.

21. ചീരഞ്ചിറ കോസ്മോപോളിറ്റൻ ലൈബ്രറിയ്ക്ക് പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

22. പഞ്ചായത്തുതലത്തിൽ കായിക സമിതി രൂപീക രിക്കുക.



# കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധജലം, ശുദ്ധവായു, പാർപ്പിടം എന്നീ മൂന്നു ഘടകങ്ങളും നമുക്കത്യന്താപേക്ഷിതമാണല്ലോ. പൊതുജനാരോഗ്യപരിരക്ഷയിൽ ശുദ്ധജലം, ശുദ്ധവായു എന്നിവയുടെ സ്വാധീനം സുപ്രധാനമാണ്. പുതിയ വികസനത്തിന്റെ മറവിൽ വായുമലിനീകരണം ത്വരിതഗതിയിലായിരിക്കുന്നു. ഈ പ്രശ്നം പരിസ്ഥിതിയിൽ ദൂരവ്യാപകമായ ഭവിഷ്യത്തുളവാക്കുക തന്നെ ചെയ്യും. വായുമലിനീകരണം പോലെതന്നെ ഏറെ ഗുരുതരമായ പ്രശ്നമാണ് ജലമലിനീകരണം. ശുദ്ധമായ കുടിവെള്ളം ലഭിക്കുക എന്നത് മുഖ്യമായും ജലസ്രോതസ്സുകളെ ആശ്രയിച്ചിരിക്കുന്നു. ഈ പഞ്ചായത്തിലെ 84% ജനങ്ങളും കുടിനീരിനായി ആശ്രയിക്കുന്നത് കിണറുകളെയാണ്. എങ്കിലും തുലാവർഷം സമൃദ്ധമായി കിട്ടാത്തയാണ്ടുകളിൽ വേനൽക്കാലമെത്തിയാൽ കുടിനീർക്ഷാമം അതിരൂക്ഷമാണ്. വറ്റാത്ത കിണറുകൾ ചുരുക്കമാവും. ഏറെ വറുതിയനുഭവപ്പെടുന്നിടങ്ങളിൽ ഗ്രാമപഞ്ചായത്ത് ലോറികളിൽ വെള്ളമെത്തിക്കാറുണ്ടെങ്കിലും അതൊന്നും ആളുകളുടെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമാവാറില്ല.

ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ പഞ്ചായത്തിലെ 1-ാം വാർഡ് വർഷം മുഴുവൻ ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശമാണ്. വേനൽക്കാലമായാൽ കുടിവെള്ളത്തിനായി ചീരഞ്ചിറയിലേയും തുരുത്തിയിലേയും ജനങ്ങൾ ഏറെ വലയുകയാണ്. സൂക്ഷ്മവും വിശദവുമായ പരിശോധനയിൽ പഞ്ചായത്തിലെ 12 വാർഡുകളിലും ശുദ്ധജലക്ഷാമം അടിയന്തിരപ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ട വിഷയമാണെന്നു കാണാനാവും.

### ശുദ്ധജലസ്രോതസ്സുകൾ

പട്ടിക 1

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | | |
| വെള്ളം ഉള്ളത് | വെള്ളം വറ്റുന്നത് | വെള്ളം ഉള്ളത് | വെള്ളം വറ്റുന്നത് | | |
| 6 | 5 | 3684 | 842 | 3 | 4540 |

പട്ടിക 2

### KWA പദ്ധതികൾ

| പഞ്ചായത്തിലെ ഓരോ വാർഡിലെയും ടാപ്പുകളുടെ എണ്ണം | | | | | | | | | | | | മൊത്തം ടാപ്പുകൾ | സ്വകാര്യ കണക്ഷൻ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | | |
| 26 | 18 | 16 | 22 | 5 | 20 | 8 | 9 | 10 | 8 | 9 | 17 | 168 | 1769 |

ശുദ്ധജലത്തിന്റെ അഭാവത്താൽ ജലജന്യരോഗങ്ങൾ 1995-96 വർഷത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ചു വളരെ കൂടുതലായി കാണപ്പെട്ടു.

പട്ടിക 3

## കുടിവെള്ള പ്രശ്നപ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | പരിഹാരമാർഗ്ഗം |
|---|---|---|
| 1 | പഞ്ചായത്തു സ്കൂൾ വടക്കു വശം കുമരങ്കരി പള്ളി ഭാഗം വരെ | കിണർ ശുദ്ധീകരിച്ച് പണികൾ പൂർത്തിയാക്കണം. |
| 2 | നത്തനാടിച്ചിറ, ആലഞ്ചേരി ജംഗ്ഷൻ, അരിസ്രാക്കൽ പാടശേഖരം, തുപ്പുറം, വേളാച്ചിമംഗലം, ചാമപ്രദേശം | പൈപ്പുലൈനുകൾ നീട്ടി പ്രശ്നം പരിഹരിക്കാവുന്നതാണ്. ഉപ്പുരസമുണ്ടാകുന്ന പ്രദേശത്തും പൈപ്പുലൈൻ സ്ഥാപിക്കണം. |
| 3 | വാർഡ് 3ൽ ജലക്ഷാമം രൂക്ഷം | CSI പള്ളിക്കു സമീപമുള്ള ടാങ്കിൽ ജലം നിറയ്ക്കുന്ന കുളം വൃത്തിയാക്കി വിസ്തൃതമാക്കി വ്യാസം കൂടുതലുള്ള പൈപ്പുകൾ സ്ഥാപിക്കണം. |
| 4 | ആശാൻ റോഡിലും പരിസരത്തും | തുരുത്തി ഇരട്ടക്കുളത്തോടു ചേർന്ന് ഒരു അണ്ടർഗ്രൗണ്ട് ടാങ്ക് ഉണ്ടാക്കി ജലം ശേഖരിച്ച് നിലവിലുള്ള O.H. ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്യുക. |
| 5 | ചെത്തിപ്പുഴ, വടക്കേക്കര | തട്ടാരപ്പള്ളിയിലെ പുതിയ ടാങ്ക്, ജല വിതരണം നടത്തുക. |
| 6 | റെയിൽവേ പാളത്തിനു പടിഞ്ഞാറു ഭാഗം, തൊമ്മച്ചൻ മുക്ക് വടക്കുവശം, MLA റോഡിനു പടിഞ്ഞാറു വശം | വാട്ടർ ടാപ്പുകൾ സ്ഥാപിക്കുക. കുഴൽ കിണറുകൾ നിർമ്മിക്കുക. |
| 7 | ലിസ്യൂ L.P. സ്കൂൾ, സമീപപ്രദേശം | കീച്ചാക്കേരിക്കുന്നിൽ ഒരു കുഴൽക്കിണർ കുഴിപ്പിക്കണം. |
| 8 | പട്ടാണിച്ചിറ, പുതുച്ചിറ, കുന്നന്താനം, ഏനാച്ചിറ, ചെത്തിപ്പുഴ | പട്ടാണിച്ചിറ വഴി നടുത്തോടിന്റെ സൈഡിലൂടെ പൈപ്പുലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കണം. |
| 9 | പട്ടാണിച്ചിറ, പുതുച്ചിറ, മേലാട്ടുഭാഗം, പമ്പ് ഹൗസ് റോഡ് | പൊതുടാപ്പുകൾ സ്ഥാപിക്കണം. |
| 10 | പത്താം വാർഡിൽ മുഴുവൻ | താഴ്ന്ന സ്ഥലത്ത് കുളം കുഴിച്ച് വട്ടക്കുന്നേൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് പമ്പിംഗ് നടത്തണം. |
| 11 | 11-ാം വാർഡിലും പൂർണ്ണമായി ശുദ്ധജലക്ഷാമം | പത്താം വാർഡിലെ പദ്ധതിയുമായി ബന്ധിപ്പിക്കുക. കല്ലിശ്ശേരി പദ്ധതി കൊണ്ട് താഴ്ന്ന ചില പ്രദേശങ്ങൾക്ക് ഉപയുക്തം. |
| 12 | ശാന്തിനഗർ പ്രദേശം കടമാൻചിറ. പുന്നശ്ശേരിപ്പടി - മറ്റത്തിൽ റോഡ് | പൊതുടാപ്പുകൾ മാറ്റി സ്ഥാപിച്ച് പരിഹരിക്കാം. പുന്നശ്ശേരി പടി - മറ്റത്തിൽ റോഡിൽ അടിയന്തിരമായി പൈപ്പ് ലൈൻ ഇടുക. |

★ കല്ലിശ്ശേരി പദ്ധതി കമ്മീഷൻ ചെയ്യുന്ന മുറയ്ക്ക് നിലവിലുള്ള പ്രാദേശിക പദ്ധതികളെ അതുമായി ബന്ധിപ്പിക്കുന്നതു വഴി ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കാം.

## കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

വാർഡ് - 1: പഞ്ചായത്തു സ്കൂളിന്റെ വടക്കുവശത്തെ കിണർ ശുദ്ധീകരിച്ച് പണികൾ പൂർത്തിയാക്കണം. പറാലിന്റെ വടക്കുവശം മുതൽ പടിഞ്ഞാറോട്ട് കുമരങ്കരി പള്ളി വരെ പൈപ്പു ലൈൻ ഇടണം. അറ്റകുറ്റ പണികൾ ചെയ്തു തീർക്കണം.

വാർഡ് - 2: രണ്ടാം വാർഡിൽ നത്തനാടിച്ചിറ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശ

മാണ്. ഒന്നാം വാർഡിൽനിന്നും ഏകദേശം 200 മീറ്റർ പൈപ്പുലൈൻ നത്തനാടിച്ചിറ ഭാഗവുമായി ബന്ധിപ്പിച്ച് ജലക്ഷാമം പരിഹരിക്കണം. ആലഞ്ചേരി ജംഗ്ഷൻ മുതൽ അരിസ്രാക്കൽ പാടശേഖരം വരെയുള്ള വീടുകൾക്ക് കുടിവെള്ളം ലഭിക്കാൻ ബുദ്ധിമുട്ടാണ്. ഈ ഭാഗത്ത് നിലവിലുള്ള പൈപ്പുലൈനുമായി ബന്ധിപ്പിച്ച് ഒരു ടാപ്പ് സ്ഥാപിക്കണം. ഇപ്പറം ഭാഗത്തേക്ക് പോകുന്ന പൈപ്പ് ലൈനിൽ നിന്ന് മുട്ടഞ്ചേരി പ്രദേശത്തേക്ക് പൈപ്പുലൈൻ സ്ഥാപി ക്കണം. കേടായ ടാപ്പുകൾ നീക്കം ചെയ്തു കൂടുതൽ ടാപ്പുകൾ ലഭ്യമാക്കണം. വേളാച്ചിമംഗലം ഭാഗത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. 3-ാം വാർഡിൽനിന്ന് 400 മീറ്റർ പൈപ്പുലൈൻ വലിച്ചാൽ ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാം. രണ്ടാംവാർഡിന്റെ വടക്കേ ഭാഗമായ ചാമപ്രദേശത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാണ്. നീലംപേരൂർ ലൈനുമായി ബന്ധപ്പെടുത്തി ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. തോട്ടുങ്കൽ ഭാഗത്തെ കോതക്കുളം കരിങ്കൽ കെട്ടി ശുദ്ധജലം ലഭ്യമാക്കുന്ന രീതിയിൽ പമ്പുസെറ്റ് സ്ഥാപിക്കേണ്ടതാണ്. വേനൽക്കാലത്ത് വെള്ളത്തിനു ഉപ്പുരസമുണ്ടാകുന്ന പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കണം.

വാർഡ് - 3: മൂന്നാം വാർഡിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. തുരുത്തി സി.എസ്.ഐ ചർച്ചിനു സമീപമുള്ള ടാങ്കിൽ വെള്ളം നിറയ്ക്കുന്ന കുളം വിസ്തൃതമാക്കി വ്യാസം കൂടുതലുള്ള പൈപ്പുകൾ സ്ഥാപിച്ച് വിതരണം നടത്തണം. 3-ാം വാർഡിൽ ലക്ഷം വീടുകോളനി, ശങ്കരമംഗലം കോളനി, നെടുംതറ കോളനി തുടങ്ങിയവയിൽ അടിയന്തിരമായി പൈപ്പു ലൈൻ സ്ഥാപിക്കുക.

വാർഡ് - 4: കല്ലിശ്ശേരി പദ്ധതി കമ്മീഷൻ ചെയ്യുമ്പോൾ തുരുത്തി ഇരട്ടക്കുളത്തോടു ചേർത്ത് ഒരു അണ്ടർഗ്രൗണ്ട് ടാങ്ക് ഉണ്ടാക്കി ജലം ശേഖരിച്ച് മോട്ടോർ ഉപയോഗിച്ച് നിലവിലുള്ള O.H ടാങ്കിൽ കയറ്റിയാൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് പ്രയോജനപ്രദമാകും. സി.എസ്.ഐ പള്ളിക്കുസമീപമുള്ള കുളത്തിന് ആഴം കൂട്ടി നിലവിലുള്ള പമ്പിംഗ് ലൈൻ മാറ്റി വ്യാസം കൂടിയ ലൈൻ സ്ഥാപിക്കേണ്ടതാണ്. ആശാൻ റോഡിലും നിലവിൽ പൊതുടാപ്പ് ഇല്ലാത്ത എം.സി. റോഡിലും ടാപ്പ് ഇടേണ്ടതാണ്.

വാർഡ് - 5: ചെത്തിപ്പുഴയിൽ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുവാൻ ജലസംഭരണി നിർമ്മിക്കുക. വടക്കേക്കരയിൽ തട്ടാരപ്പള്ളിയിൽ പുതിയ ടാങ്ക് ജല വിതരണം നടത്തുക. കാനറ പേപ്പർ ഫാക്ടറിയിൽനിന്നും പുറന്തള്ളപ്പെടുന്ന മാലിന്യം മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുക. ജലസംഭരണി നിർമ്മാണത്തിനാവശ്യമായ തുകയുടെ 25% മനുഷ്യശേഷിമുഖേന കണ്ടെത്താവുന്നതാണ്.

വാർഡ് - 6: റെയിൽവേ പാളത്തിനു പടിഞ്ഞാറുഭാഗം, തൊമ്മച്ചൻ മുക്കിനു വടക്കുവശം M.L.A. റോഡിനു പടിഞ്ഞാറു വശം എന്നീ ഭാഗങ്ങളിൽ വാട്ടർ ടാപ്പുകൾ സ്ഥാപി ക്കണം. സ്വന്തമായി സ്ഥലമുള്ളവർക്ക് കിണർ കുഴിക്കുന്നതിനുള്ള ധനസഹായം നൽകണം. അല്ലാത്ത സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിക്കുവാൻ സഹായസഹകരണങ്ങൾ നൽകുവാനും ഞങ്ങൾ സന്നദ്ധരാണെന്ന് ഉറപ്പു തരുന്നു. ആറാം വാർഡിൽ പുത്തൻ കുളങ്ങരയിൽ സ്ഥാപിതമായിരിക്കുന്ന കുഴൽ കിണറിൽ നിന്ന് വെള്ളം പമ്പു ചെയ്ത് നിലവിലുള്ള വാട്ടർ ലൈനുമായി ബന്ധിപ്പിച്ചുകൊണ്ട് ഒരു മിനി വാട്ടർ സപ്ലൈ സ്കീം ആരംഭിക്കുക.

വാർഡ് - 7: ഏഴാം വാർഡിൽ ലിസ്യു L.P. സ്കൂളിൽ പഠിക്കുന്ന 600ൽ പരം കുട്ടികൾക്ക് കുടിക്കുന്നതിനും 160 ഓളം കുട്ടികൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനും ഇവിടെയുള്ള കിണറ്റിലെ വെള്ളമാണ് ഉപയോഗിക്കുന്നത്. എന്നാൽ ഡിസംബർ മാസം ആകുമ്പോൾ ഇവിടെത്തെയും പരിസര പ്രദേശങ്ങളിലെയും വെള്ളം വറ്റിപ്പോകുന്നു. ജല ദൗർലഭ്യം മൂലം ഉച്ചഭക്ഷണ പരിപാടി നിർത്തലാക്കേണ്ടതായും വന്നിട്ടുണ്ട്. ആയതിനാൽ ആവശ്യത്തിനു വെള്ളം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുവാൻ അപേക്ഷിക്കുന്നു. ഇതിനു ചിലവാകുന്ന തുക

യുടെ 25% P.T.A. വഹിക്കുന്നതാണ്. കീച്ചാക്കേരിക്കുന്നിൽ ഒരു കുഴൽകിണർ കുത്തിയാൽ ഈ പ്രദേശത്തുള്ളവർക്ക് കുടി വെള്ളക്ഷാമം പരിഹരി ക്കുവാൻ കഴിയും.

വാർഡ് - 8: കുടിനീർക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ പട്ടാണിച്ചിറ, പുതുച്ചിറ, കൂനന്താനം, ചെത്തിപ്പുഴ, ഏനാച്ചിറ എന്നിവിടങ്ങളാണ്. പുതിച്ചിറ, പട്ടാണിച്ചിറ എന്നി വിടങ്ങളിലെ 500 ഓളം ദരിദ്ര കുടുംബങ്ങളുടെ കുടിവെ ളളക്ഷാമം അടിയന്തിരമായി പരിഹരി ക്കണം. ഇതിനായി കുരിശുംമൂട്ടിൽനിന്നും പട്ടാ ണിച്ചിറവഴി നടുത്തോടിന്റെ സൈഡിലൂടെ പൈപ്പുലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കണം. അപ്പിമുക്ക്, പുതുച്ചിറക്കുഴി, ചെത്തിപ്പുഴ എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക. മുട്ടത്തുവർക്കി റോഡു പൈപ്പ് ലൈൻ നീട്ടി രണ്ടു ടാപ്പു സ്ഥാപിക്കുക. മുട്ടത്തുവർക്കി റോഡുമുതൽ പട്ടാണിച്ചിറ വരെയും അപ്പിമുക്കുമുതൽ പുതുച്ചിറ ക്കുഴിവരെയും പൈപ്പുലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക. മണത്തുരുത്തിപടി മുതൽ പത്തു വീട്ടിൽ കോളനിവരെയും ചെത്തിപ്പുഴ K.E. സബ് സ്റ്റേഷന്റെ മുന്നിലും ടാപ്പുകൾ സ്ഥാപിക്കുക. മുന്തിരിക്കവല മുതൽ ചെത്തിപ്പുഴ പള്ളി റോഡിനും (പുറമ്പോക്ക്) ഇടയിൽ ടാപ്പു സ്ഥാപിക്കുക. പാത്തിക്കൽ പടി - സങ്കേതം - പുതുച്ചിറ റോഡ് പൈപ്പു ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കണം. കൂനന്താനം ചാപ്പൽ - മുട്ടുചിറമറ്റം റോഡ് പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.

വാർഡ് - 9: ഈ വാർഡിൽ പട്ടാണിച്ചിറ ഭാഗത്ത് 40 ൽ കൂടുതൽ ഭവനങ്ങൾ ഉണ്ട്. ഈ ഭാഗത്ത് ഒരു പൊതുടാപ്പ് സ്ഥാപിക്കണമെന്ന് 1984 മുതൽ നിരന്തരമായി ആവശ്യപ്പെടുന്നു. പുതുച്ചിറ മേലാട്ട് ഭാഗത്ത് പൊതുടാപ്പുണ്ടെങ്കിലും വെള്ളം കിട്ടുന്നില്ല. പുതുച്ചിറ പമ്പ് ഹൗസ് റോഡിൽ പൊതുടാപ്പ് ഇല്ലാത്തതിനാൽ കുടിവെള്ളത്തിന് ബുദ്ധിമുട്ടുന്നു.

വാർഡ് - 10: പത്താം വാർഡിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുന്നത് കുടിവെള്ളത്തിനാണ്. കല്ലിശ്ശേരി പദ്ധതിയിൽ നിന്നും ചീരംചിറ ഭാഗത്ത് കുടിവെള്ളം ലഭിക്കുകയില്ല. ഇപ്പോൾ ഉള്ള ചെറുകരക്കുന്ന് വാട്ടർ ടാങ്കിൽ നിന്നും ഞങ്ങൾക്ക് വെള്ളം കിട്ടുന്നില്ല. കാരണം ചെറുകരക്കുന്നിനേക്കാൾ ഉയർന്ന പ്രദേശമാണ് ചീരംചിറ വട്ടക്കുന്ന്. ഈ പ്രദേശത്ത് ശുദ്ധജലം ലഭിക്കണമെങ്കിൽ വട്ടക്കുന്നിൽ ഒരു വാട്ടർ ടാങ്ക് സ്ഥാപിക്കുകയും താഴ്ന്ന സ്ഥലത്ത് ഒരു കുളം കുഴിച്ച് മോട്ടോർ വച്ച് ജലം പമ്പുചെയ്ത് ഈ പ്രദേശത്തിന് ആവശ്യമായ ശുദ്ധജലം ലഭിക്കു വാൻ സത്വര നടപടി സ്വീകരിക്കുവാൻ അപേക്ഷിക്കുന്നു. പ്രസ്തുത പരിപാടിക്കാവ ശ്യമായ പണവും വിഭവസമാഹരണവും നടത്തുവാൻ സമീപ വാസികളുടെ നിരന്തമായ സഹായവും വാഗ്ദാനം ചെയ്യുന്നു. മേൽപ്പറഞ്ഞ പരി പാടിക്ക് കാലതാമസം വരുമെന്നുള്ള തിനാൽഅടുത്ത വേനൽക്കാലത്ത് ഉപയോ ഗപ്രദമായരീതിയിൽ ഈ വാർഡിൽ നാലു കിണറുകൾ കുഴിച്ച് ജലക്ഷാമം പരിഹ രിക്കുവാൻ ശ്രദ്ധിക്കണമെന്ന് അപേക്ഷി ക്കുന്നു. 10-ാം വാർഡിൽ കുറഞ്ഞത് ആറു ടാപ്പുകളുടെ ആവശ്യകത പ്രസക്തമാകുന്നു.

വാർഡ് - 11: കുടിവെള്ളക്ഷാമം ഏറ്റവും കൂടുതലായി അനുഭവപ്പെടുന്ന വാർഡ് എന്ന് പതിനൊന്നാം വാർഡിനെ വിശേഷിപ്പിക്കാം. കുടിവെള്ളത്തി നായി പാത്രങ്ങളുമായി പരക്കം പായുന്ന സ്ത്രീകളുടെയും കുട്ടകളുടെയും ക്ലേശങ്ങൾ അവർണ്ണനീയമാണ്. നിലവിലുള്ള സംവിധാ നത്തിൽ ഈ പ്രദേശങ്ങളിൽ ഒട്ടും തന്നെ വെള്ളം ലഭിക്കുന്നില്ല. മഴയുള്ള സമയങ്ങളിൽ പോലും പൈപ്പിൽ വെള്ളമില്ല. കല്ലിശ്ശേരി പദ്ധതി കമ്മീഷൻ ചെയ്ത് 11-ാം വാർഡിനെ യും 10-ാം വാർഡിനെയും ബന്ധിപ്പിച്ച് ജലവിതരണം നടത്തുവാൻ സത്വരനടപടി സ്വീകരിക്കണം. ചീരംചിറ-എസ്റ്റേറ്റ് റോഡിൽ 250 മീറ്റർ നീളത്തിലെങ്കിലും പൈപ്പ്ലൈൻ സ്ഥാപി ക്കണം. പൊതുടാപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ച് കിണറുകൾ ഇല്ലാത്ത ഉൾപ്രദേശങ്ങളിലും വെള്ളം ലഭിക്കുവാൻ ക്രമീകരണം നടത്തണം. ഈ പഞ്ചായത്തിലെ 10-ാം വാർഡും 11-ാം വാർഡും ചെറുകരക്കുന്നി നേക്കാൾ ഉയർന്നസ്ഥലം ആയതുകൊണ്ട് ഒരു മിനി വാട്ടർ സപ്ലൈ സ്കീം അനുവദിച്ച് നടപ്പാക്കണം. ഇതും പ്രായോഗികമല്ലെങ്കിൽ ചീരംചിറയിൽ ഒരു അണ്ടർഗ്രൗണ്ട് ടാങ്കും ഒരു ഓവർഹെഡ് ടാങ്കും നിർമ്മിച്ച് ചെറുകര

ക്കുന്നിൽനിന്നു വരുന്ന വെള്ളം ശേഖരിച്ച് വിതരണം ചെയ്താൽ ഈ പ്രദേശത്തുള്ള എല്ലാ ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാകും. ഈ സംരംഭങ്ങൾക്ക് സാമ്പത്തികമായും പ്രയത്നപരമായും പൊതുജനസേവനം പ്രതീക്ഷിക്കാം.

വാർഡ് - 12: ശാന്തിനഗർ പ്രദേശത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ചില സാങ്കേതിക കാരണങ്ങളാൽ ജല അതോറിറ്റി അടച്ചിട്ടിരിക്കുന്ന ടാപ്പുകൾ ജലക്ഷാമം അനുഭവിക്കുന്ന മറ്റു സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുക. ഉദാ:- വാഴൂർ റോഡിൽ തേവലക്കര വീടിന്റെ മുൻവശത്തുള്ള ടാപ്പ് മാലൂക്കാവ് ജംഗ്ഷനിലേക്ക് മാറ്റി സ്ഥാപിക്കുക. തേവലക്കരപ്പടി ശാന്തിനഗർ റോഡിന്റെ മദ്ധ്യഭാഗത്ത് നിർത്തലാക്കിയ ടാപ്പ് കല്ലുക്കുടി (കടമാൻചിറ) റോഡിലേക്ക് മാറ്റി സ്ഥാപിക്കുക. ശാന്തിനഗർ, കടമാൻചിറ ഭാഗത്ത് കുടിവെള്ളക്ഷാമം പരിഹരിക്കാൻ കല്ലിശ്ശേരി പദ്ധതി ആവിഷ്ക്കരിക്കുക. കുടിവെള്ളത്തിന്റെ അതിരൂക്ഷത അനുഭവപ്പെടുന്ന പുന്നശ്ശേരിപ്പടി റോഡിൽ പൈപ്പു ലൈൻ ഇട്ട് പ്രശ്നപരിഹാരം കാണുക.

## ഇടത്തരം പദ്ധതികൾ

ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുവാൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇടത്തരം പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്. ഇപ്പോഴുള്ള ചെറുകരക്കുന്നിലെ വാട്ടർ ടാങ്കിനെക്കാൾ ഉയർന്ന പ്രദേശമായ ചീരംചിറകരയിൽ കുടിനീർക്ഷാമം പരിഹരിക്കുവാൻ ഇടത്തരം പദ്ധതികൾ പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു. ഏതാണ്ട് രണ്ടായിരത്തോളം ഭവനങ്ങളിൽ മറ്റു സ്രോതസ്സുകൾ ഉപയുക്തമല്ലാത്തതിനാൽ പത്താം വാർഡിനെയും പതിനൊന്നാം വാർഡിനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. പത്താം വാർഡിലെ വട്ടക്കുന്നു പ്രദേശത്ത് ഒരു ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുകയും താഴ്ന്ന പ്രദേശത്ത് ഒരു കിണർ (കുളം) കുഴിച്ച് ജലം പമ്പ് ചെയ്ത് ശേഖരിച്ച് വിതരണം നടത്തുകയും ചെയ്തെങ്കിൽ മാത്രമേ രണ്ടായിരത്തോളം വീടുകൾ സ്ഥിതിചെയ്യുന്ന ഈ വാർഡുകൾക്ക് പ്രയോജനം ലഭിക്കുകയുള്ളൂ. നിലവിൽ പതിനൊന്നാം വാർഡിൽ ഒരു കോളനിയുണ്ട്. കോളനിയേക്കാൾ കൂടുതൽ വീടുകളുള്ള പത്താം വാർഡിന്റെയും പതിനൊന്നാം വാർഡിന്റെയും സ്ഥിതി കുടിവെള്ളത്തെ സംബന്ധിച്ച് വളരെ ദുഃഖകരമാണ്.

### നിർദ്ദേശങ്ങൾ

1) ഉപയോഗശൂന്യമായി കിടക്കുന്ന കിണറുകൾ, കുളങ്ങൾ മുതലായവ ആഴം കൂട്ടി കുഴിച്ച് വൃത്തിയാക്കി അവയിൽ നിന്നും ജലം സംഭരിച്ച് വിതരണം ചെയ്യുക.

2) ഉയർന്ന പ്രദേശങ്ങളിൽ നീർക്കുഴികൾ സൃഷ്ടിച്ച് ജലം സംഭരിക്കുന്നതുകൊണ്ട് കടുത്ത വേനലിൽ നിന്നും ആശ്വാസം ലഭിക്കും.

3) ഇങ്ങനെ ജലം സംഭരിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.

4) നിലവിലുള്ള തോടുകളിൽ തടയണകൾ നിർമ്മിച്ച് നീരൊഴുക്കുതടഞ്ഞ് മണ്ണിന്റെ ഈർപ്പം നിലനിർത്തുക.

### പൊതുജനാരോഗ്യം

വ്യക്തിയുടേയും, കുടുംബത്തിന്റെയും, സമൂഹത്തിന്റേയും ആരോഗ്യമാണ് പൊതുജനാരോഗ്യംകൊണ്ട് വിവക്ഷിക്കുന്നത്. ബോധപൂർവ്വമായ പ്രവർത്തനങ്ങൾ വഴി പൊതുജനാരോഗ്യം ഉറപ്പാക്കാനാകും. ചേരികൾ, കോളനികൾ, മറ്റു ജനനിബഡമായ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ ശുചിത്വം പരമപ്രധാനമാണ്.

വർഷകാലത്തും വേനൽക്കാലത്തും വെള്ളത്തിൽ ക്കൂടി വ്യാപിക്കുന്ന പകർച്ചവ്യാധികൾ നിരവധിയാണ്. തുറസ്സായ സ്ഥലത്തു മലമൂത്രവിസർജ്ജനം, വെള്ളം കെട്ടിനില്ക്കുന്ന ചതുപ്പുനിലങ്ങൾ, കിണറുകളോടു ചേർന്നുള്ള കന്നുകാലിത്തൊഴുത്ത്, മുതലായവയെല്ലാം കൊതുക്, ഈച്ച, പ്രാണികൾ, എന്നിവയുടെ വ്യാപനത്തിനുള്ള സാഹചര്യങ്ങളാണ്. പരിസരശുചീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ആരോഗ്യവകുപ്പുദ്യോഗസ്ഥന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധ വൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതുവഴി ആരോഗ്യരക്ഷയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാൻ കഴിയും.

ഏറെ ചെലവുള്ള ഏർപ്പാടാണ് ചികിത്സാരംഗം. താഴ്ന്ന വരുമാനക്കാർക്ക് സ്വകാര്യ ആശുപത്രി അപ്രാപ്യമാണ്. അതുകൊണ്ട് പഞ്ചായത്ത് കേന്ദ്രമാക്കി അലോപ്പതി, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുവാനുള്ള ഏർപ്പാടുണ്ടാക്കണം. നിലവിലുള്ള ആയുർവ്വേദ ഡിസ്പൻസറിയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തണം. രോഗികളെ കിടത്തിചികിത്സിക്കുവാൻ വേണ്ടി 10 കിടക്കകളോടു കൂടി ആയുർവേദാശുപത്രിയെങ്കിലും വികസിപ്പിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ മുഴു

വൻ ആളുകളുടേയും രക്തഗ്രൂപ്പു നിർണ്ണയം നടത്തുന്നതു നന്നായി രിക്കും.

### നിലവിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ

| | |
|---|---|
| വാർഡ് -1 | ഫാമിലി വെൽഫയർ സബ് സെൻറർ പറാൽ |
| വാർഡ് - 2 | • • തുരുത്തി |
| വാർഡ് - 3 | എ.ജെ. ഹോസ്പിറ്റൽ, തുരുത്തി |
| വാർഡ് - 4 | അൽഫോൻസാ മെഡിക്കൽ സെൻറർ തുരുത്തി |
| വാർഡ് - 8 | ചെത്തിപ്പുഴ മിഷൻ ഹോസ്പിറ്റൽ<br>ഗവ. ആയുർവേദാശുപത്രി |

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

**വാർഡ് - 1**

പറാൽ, വെട്ടിത്തുരുത്ത്, കുമരങ്കരി പ്രദേശങ്ങൾ അപ്പർ കുട്ടനാട്ടിൽ പെടുന്ന ഭൂഭാഗമാണ്. അതു കൊണ്ടു തന്നെ വർഷം രണ്ടു പ്രാവശ്യമെങ്കിലും വെള്ളപ്പൊക്കമുണ്ടാവുന്നു. വീടും തൊടിയും മുങ്ങി പ്പോവുന്നു. അടിസ്ഥാനാവശ്യങ്ങൾ നിർവ്വഹിക്കാൻ കൂടി സൗകര്യമില്ലാതാകുന്നു. സാമ്പത്തിക ഭദ്രത യില്ലാത്ത മഹാഭൂരിപക്ഷം തിങ്ങിപ്പാർക്കുന്ന പ്രസ്തുത പ്രദേശത്തിൻെറ പൊതുജനാരോഗ്യം ഉറ പ്പാക്കുന്നതിന് ചുവടെ ചേർക്കുന്ന പ്രശ്നപരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

1. ആവശ്യമുള്ള മുഴുവൻ കുടുംബം [illegible] കക്കൂസ് നിർമ്മിക്കുന്ന പദ്ധതിക്കു രൂപം നൽകുക.

2. കൊതുകുനിവാരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

3. മാതൃ-ശിശു സംരക്ഷണത്തിനുള്ള ആരോഗ്യപദ്ധതികൾ ആവിഷ്കരിക്കുക.

4. പാടശേഖരങ്ങളിലെ അമിതവിഷപ്രയോഗം കുറയ്ക്കുക.

5. തോടുകളിലെ പോളകളും മാലിന്യങ്ങളും മാറ്റി നീരൊഴുക്ക് സുഗമമാക്കാനുള്ള പദ്ധതിയാവിഷ്കരിക്കുക.

**വാർഡ് - 2**

ഈ വാർഡിലെ ജനങ്ങൾ ചികിത്സാ സൗകര്യത്തിനായി വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നു. ആയതിനാൽ ഒരു സർക്കാർ ഡിസ്പൻസറി സ്ഥാപിക്കേണ്ടതാണ്. ഇതിനു വേണ്ടി 30% സാമ്പത്തികം പൊതുജനങ്ങൾ വഹിക്കുവാൻ തയ്യാറാണ്. ബാക്കി തുക പഞ്ചായത്ത് വഹിക്കുവാൻ തയ്യാറാകണം. ഈ വാർഡിൽ ജപ്പാൻ ജ്വരം പോലുള്ള രോഗങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതുപോലുള്ള രോഗങ്ങൾ തടയുവാൻ ജനങ്ങളിൽ ബോധവൽക്കരണം, മെഡിക്കൽ ക്യാമ്പ്, സൗജന്യ ചികിത്സാ സൗകര്യം, കൊതുകുനിവാരണം തുടങ്ങിയ കർമ്മപരിപാടികൾ ഉണ്ടാകണം. രണ്ടാം വാർഡിൽ കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ്

### Immunization report of Vazhappally Panchayat from 1992-93 to 1996
### Report of Health Centres and Anganwadis

| Year | BCG | DPT | | | B | OPV | | | Booster | | DT | Measels | Mothers T.T | | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | I | II | III | | I | II | III | I | II | I | | I | II | |
| 1992-93 | 263 | 193 | 183 | 148 | 110 | 707 | 604 | 299 | 492 | 443 | 107 | 157 | 294 | 289 | |
| 1993-94 | 280 | 209 | 203 | 283 | 189 | 780 | 630 | 398 | 512 | 463 | 122 | 203 | 239 | 169 | |
| 1994-95 | 307 | 288 | 322 | 329 | 208 | 820 | 643 | 420 | 580 | 490 | 138 | 268 | 235 | 193 | |
| 1995-96 | 398 | 302 | 400 | 408 | 281 | 850 | 750 | 523 | 600 | 531 | 180 | 290 | 250 | 203 | |
| Total | 1247 | 992 | 1108 | 1168 | 788 | 3157 | 2627 | 1640 | 2184 | 1926 | 547 | 918 | 1018 | 854 | 20176 |
| | | | | **Report of Private Hospitals** | | | | | | | | | | | |
| 1992-93 | 497 | 531 | 301 | 284 | 194 | 531 | 301 | 284 | 194 | 103 | 108 | 245 | 405 | 309 | |
| 1993-94 | 590 | 541 | 287 | 293 | 189 | 451 | 287 | 293 | 189 | 109 | 129 | 203 | 439 | 327 | |
| 1994-95 | 601 | 584 | 329 | 302 | 202 | 584 | 329 | 302 | 202 | 113 | 113 | 235 | 425 | 397 | |
| 1995-96 | 603 | 545 | 411 | 351 | 224 | 545 | 411 | 351 | 229 | 136 | 126 | 187 | 411 | 378 | |
| Total | 2291 | 2201 | 1328 | 1230 | 814 | 2201 | 1328 | 1230 | 814 | 461 | 476 | 870 | 1680 | 1471 | 18735 |

നിർമ്മിക്കുവാൻ 25% പണം വ്യക്തികളും ബാക്കി പഞ്ചായത്തും നൽകണം.

വാർഡ് - 3

പ്രദേശം 50% വീടുകളിൽ കക്കൂസില്ല. നിർമ്മാണ ച്ചിലവിന്റെ ഒരു ഭാഗം ആവശ്യക്കാർ വഹിക്കും. ബാക്കി പഞ്ചായത്തു നൽകണം. C.S.I. പള്ളിക്കു സമീപം പഞ്ചായത്തു വക സ്ഥലം ഉള്ളതിനാൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ ഇവിടെ അത്യാവശ്യമാണ്. ഒരു ആശുപത്രി അത്യന്താപേക്ഷിതം. പോഷകാഹാരത്തെ സംബന്ധിച്ച് ആളുകൾ അജ്ഞരാണ്. ബോധവൽക്കരണം ആവശ്യമാണ്.

വാർഡ് - 4

രണ്ടാം വാർഡിൽ ഇപ്പോൾ പ്രവർത്തിക്കുന്ന പബ്ലിക്ക് ഹെൽത്ത് സെൻററിന്റെ പ്രവർത്തനം വികസിപ്പിക്കുക. കൊതുകുനിവാരണ പരിപാടികൾ നടപ്പിലാക്കുക. പരിസ രമലിനീകരണം ഒഴിവാക്കാൻ ബോധവൽക്കരണക്ലാസ്സു കൾ സംഘടിപ്പിക്കുക.

വാർഡ് - 5

പൊതുകക്കൂസ് പ്രായോഗികമല്ലാത്തതിനാൽ കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുവാൻ ആവശ്യമായ തുകയുടെ 40% ഗുണഭോക്താക്കൾക്ക് മനുഷ്യശേഷിയുൾപ്പടെ കണ്ടെത്താനാവും. ആരോഗ്യപരമായി പിന്നോക്കം നിൽക്കുന്നതിനാലും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതിനാലും ഒരു ഹെൽത്ത് സെൻറർ അനുവദിക്കുക. അതിനാവശ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കും. വൈദ്യപരിശോധന മാസത്തിലൊരിക്കലെങ്കിലും നടത്തുക.

വാർഡ് - 6

ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കണം. ഹെൽത്ത് ഉദ്യോഗസ്ഥർ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും വീടുകൾ സന്ദർശിച്ച് ആരോഗ്യപരിപാലനത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടതാണ്. സഹായസഹകരണങ്ങൾ ജനങ്ങളിൽ നിന്നുണ്ടാകും. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് കുറഞ്ഞ ചിലവിൽ കക്കൂസ് നിർമ്മിച്ചു കൊടുക്കണം. 5-ാം വാർഡിൽ പ്രവർത്തിക്കുന്ന ഫാക്ടറിയിൽ നിന്നു വരുന്ന മലിനജലവും ദുർഗന്ധവും നിമിത്തം പരിസര മലിനീകരണം അസഹനീയമാണ്. പരിഹാരമാർഗ്ഗം കണ്ടെത്തണം. കൊതുകു നശീകരണ പരിപാടികൾ നടപ്പാക്കണം.

വാർഡ് - 7

മലമൂത്രവിസർജനത്തിന് ആളുകൾ ബുദ്ധിമുട്ടുന്നു. കക്കൂസ് ഇല്ലാത്ത ഭവനങ്ങൾ ധാരാളം. ഹെൽത്ത് സെൻററിന്റെ ആവശ്യം അനിവാര്യം. കൊതുകു നിവാരണത്തി നുള്ള ഏർപ്പാടുകൾ നടപ്പിലാക്കണം. ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കണം. പാരച്ചിറ പ്രദേശത്ത് പൊതു കക്കൂസ് നിർമ്മിക്കണം.

വാർഡ് - 8

ശുദ്ധജലവിതരണം വഴി ആരോഗ്യപരിപാലനവും സാധ്യമാണ്. പൊതുജനാരോഗ്യ സംരക്ഷണത്തിനാവശ്യമായ ബോധവൽകരണം അത്യാവശ്യമാണ്. പൊതുപ്രവർത്തകർ ഇക്കാര്യം ഏറ്റെടുത്ത് നടപ്പാക്കണം. പകർച്ച വ്യാധികളുടെ വ്യാപനം തടയുവാൻ പരിസരശുചീകരണവും കൊതുകു നിവാരണമാർഗ്ഗങ്ങളും നടപ്പാക്ക ണം. പുതുച്ചിറ ഭാഗത്തു പൊതു കക്കൂസ് നിർമ്മിക്കണം.

വാർഡ് - 9

പേപ്പട്ടിശല്യവും പൂച്ചകളുടെ ശല്യവും ഒരു ഭീഷണിയായി മാറിയിരിക്കുന്നു. അലഞ്ഞു തിരഞ്ഞു നടക്കുന്ന നായ്ക്കളെ പിടികൂടി നശിപ്പിച്ചില്ലെങ്കിൽ മാരകവിപത്തിന് പൊതുജനങ്ങൾ ഇരയായിത്തീരും. കൊതുകുനശീകരണ പ്രവർത്തനങ്ങൾ നടപ്പാക്കണം. പുതുച്ചിറ ഭാഗത്തുള്ള കോളനിപോലുള്ള അടുത്തടുത്ത വീടുകൾക്ക് കക്കൂസ് ഇല്ലാതെ വിഷമിക്കുന്നു. പൊതുകക്കൂസ് അത്യാവശ്യ മാണ്. ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കണം. ഒരു ഹോമിയോ ആശുപത്രിയുടെ ആവശ്യം അനിവാര്യം.

വാർഡ് - 10

പത്താം വാർഡിൽ തിങ്ങിപ്പാർക്കുന്ന ജനങ്ങൾ ആരോഗ്യപരമായി പിന്നിലാണ്. മലമൂത്രവിസർജനം നടത്തുവാൻ പരിസരപ്രദേശങ്ങളിലെ പുരയിടങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് രോഗങ്ങൾ പടർന്നു പിടിക്കുന്നു. വൃത്തിഹീനമായ ഈ അന്തരീക്ഷത്തിൽ കൊതുകുശല്യം സഹിക്കവയ്യ. മലമൂത്ര വിസർജനത്തിനുള്ള കക്കൂസുകൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥാപിക്കണം. കൊതുകു നിവാരണമാർഗ്ഗങ്ങൾ നടപ്പിലാക്കണം. അനുവദിച്ചി രിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രം അത്യാവശ്യമായി തുറന്നു പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

വാർഡ് - 11

പഞ്ചായത്തിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ സമീപവാർഡുകളിലെ ജനങ്ങൾക്കും ഉപയുക്ത മായ രീതിയിൽ ഒരു മിനി ഹോസ്പിറ്റൽ പ്രാവർ ത്തികമാക്കണം. കക്കൂസില്ലാത്ത വീടുകൾ നിരവധി. അടിയന്തിരമായി താത്കാലികമായെങ്കിലും കോളനി പ്രദേശത്തും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തും കക്കൂസുകൾ നിർമ്മി ക്കുവാൻ വേണ്ട നടപടികൾ ഉണ്ടാവണം. പരിസര ശുചീകരണതിനു വേണ്ടി ആളുകളെ ബോധവാന്മാരാക്കി എലി, കൊതുക്, മുതലായ ജീവികളെ നശിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം. മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും നടത്തണം. വാർഡുകളിലെ യുവാക്കളുടെ രക്തനിർണ്ണയ ക്യാമ്പുകൾ സംഘ ടിപ്പിച്ച് രക്തഗ്രൂപ്പു നിർണ്ണയിച്ച് സൂക്ഷിക്കുന്ന പ്രക്രിയ നമ്മുടെ പഞ്ചായത്തിലെ ആളുകൾക്ക് അവശ്യം ഉപയുക്തമാക്കാം.

വാർഡ് - 12

തേവലക്കര ശാന്തിനഗർ റോഡിൽ പഞ്ചായത്ത് നിരോ ധിച്ചിരിക്കുന്ന അറവുശാലയ്ക്കു ചുറ്റും, റോഡിൻെറ വടക്കുവശത്തുള്ള പൂവത്തുപറമ്പിലും പൂവത്തുപറമ്പിലുള്ള ഉപയോഗ്യശൂന്യമായ കിണ റുകളിലും വഴിക്കും അറവുശാലയിൽ നിന്നുള്ള അവ ശിഷ്ടങ്ങൾ കൊണ്ട് നിക്ഷേപിക്കുന്നുണ്ട്. ഈ അവശിഷ്ടങ്ങൾ ചീഞ്ഞ് അതീവ ദുർഗന്ധങ്ങൾ ഉണ്ടാ ക്കുന്നതിനാൽ വഴിയാ ത്രപോലും അസഹ്യമാണ്. അയൽവാസികളും വളരെ ക്ലേശിക്കുന്നു. മറ്റു കിണറുകളും മലിനമായി മാറുന്നു. തൊട്ടടുത്തുള്ള ഒരു വീട്ടിൽ മൃഗക്കൊഴുപ്പ് ഉരുക്കു ന്നതിനാൽ വായു മലിനമാകുന്നു. പഞ്ചായത്ത് കർശനനട പടികൾ സ്വീകരിക്കുവാൻ അപേക്ഷി ക്കുന്നു. 12-ാം വാർഡിൽ പൊതുജനസഹകര ണത്തോടു കൂടി ഒരു ജനറൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേ ശിക്കുന്നു. ഈ വിഷയം പിന്നാലെ ചർച്ച ചെയ്ത് തീരുമാനിക്കാം.



# ഗതാഗതം - ഊർജ്ജം

## ഗതാഗതം

**ഭൂസ്ഥിതി :** ഈ പഞ്ചായത്ത് ചങ്ങനാശേരി പട്ടണത്തിന്റെ പടിഞ്ഞാറും വടക്കും അതിരുകൾ ചേർന്നു സ്ഥിതി ചെയ്യുന്നു. പടിഞ്ഞാറേറ്റത്തായി ഒന്നും രണ്ടും വാർഡുകൾ തെക്കു വടക്കു അതിരുകൾ മുട്ടിയും കുട്ടനാടൻ പ്രദേശത്തിന്റെ ഭാഗമായും കിടക്കുന്നു. വടക്ക് നീലംപേരൂർ, കുറിച്ചി പഞ്ചായത്തുകളും, കിഴക്ക് മാടപ്പള്ളി, വാകത്താനം പഞ്ചായത്തുകളും അതിരുകൾ തീർത്തിരിക്കുന്നു.

**ഗതാഗതമാർഗ്ഗങ്ങൾ:** റയിൽ, ജലം, റോഡ് എന്നീ മൂന്നു ഗതാഗതമാർഗ്ഗങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

*റയിൽ ഗതാഗതം:* അഞ്ചും ആറും വാർഡുകളിൽ കൂടി ഏകദേശം 1 കി.മീ. നീളത്തിൽ റയിൽപാത കടന്നു പോകുന്നു. ചങ്ങനാശേരി റയിൽവേ സ്റ്റേഷനിൽ നിന്നും ഈ പഞ്ചായത്തിന്റെ അതിർത്തിയിലേക്കുള്ള ഏറ്റവും കൂടിയ ദൂരം 6 കിലോമീറ്ററും കുറഞ്ഞ ദൂരം 1.5 കിലോമീറ്ററും ആയതിനാൽ റയിൽ ഗതാഗതം പഞ്ചായത്തു നിവാസികൾക്ക് സൗകര്യപ്രദമാണ്. എന്നാൽ, വടക്കേക്കരയിലുള്ള ലവൽ ക്രോസ്സിംഗ് റോഡുഗതാഗതത്തിനു പലപ്പോഴും തടസ്സം സൃഷ്ടിക്കുന്നു. ജനസാന്ദ്രതയുള്ള പ്രദേശം, സ്കൂൾകുട്ടികൾ, വൃദ്ധജനങ്ങൾ, രോഗികൾ തുടങ്ങിയവർക്കൊക്കെ യാത്ര ചെയ്യേണ്ടുന്ന ഒരു പ്രധാന റോഡ് എന്നീ ഘടകങ്ങൾ പരിഗണിച്ച് ഗതാഗതം സുഗമമാക്കാൻ വടക്കേക്കര ലെവൽ ക്രോസ്സിംഗിൽ ഒരു ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

*ജലഗതാഗതം:* ചങ്ങനാശേരി ചന്തക്കടവിൽ നിന്നും ആരംഭിച്ച് 1-ാം വാർഡിന്റെ തെക്കുഭാഗത്തു കിടക്കുന്ന ചങ്ങനാശേരി - കിടങ്ങറ തോട് പായിപ്പാട് പഞ്ചായത്തുമായും, പടിഞ്ഞാറു ഭാഗത്തുള്ള മുട്ടാർ - നീലംപേരൂർ തോട് ഈ പഞ്ചായത്തിനെ ആലപ്പുഴ ജില്ലയുമായും വേർതിരിക്കുന്നു. ഇത് പടിഞ്ഞാറേ അതിർത്തിയിലുള്ള പ്രധാന ജലഗതാഗത മാർഗ്ഗവുമാണ്. ചന്തക്കടവിൽ നിന്നും ആരംഭിക്കുന്ന ചങ്ങനാശേരി - പറാൽ - കുറ്റിശ്ശേരിക്കടവ് - കുമരങ്കരി തോടും, കടംപാടം, തുമ്പ്രം പാടശേഖരങ്ങളുടെ കിഴക്കരികിൽ കൂടി വടക്കോട്ടു തോട്ടുങ്കൽ വഴി നീലംപേരൂർ ഭാഗത്തേക്കു ചേരുന്ന തോടും (കോട്ടയം - ചങ്ങനാശേരി തോട്), അപ്രധാനമല്ലാത്ത ജലമാർഗ്ഗങ്ങൾ എന്നതിലുപരി 1-ാം വാർഡിനേയും 2-ാം വാർഡിനേയും പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും വേർതിരിച്ച് ദ്വീപുകളാക്കിത്തീർക്കുകയും ചെയ്യുന്നവയാണ്. ചാലച്ചിറ തോട്, ചെത്തിപ്പുഴക്കടവ് തോട്, പുറക്കടവു തോട് എന്നിവ പടിഞ്ഞാറോട്ടു വന്ന് കണ്ണമ്പേരൂർ പാലത്തിനു താഴെക്കൂടി കോട്ടയം - ചങ്ങനാശേരി തോട്ടിൽ ചേരുന്നു. വടക്കു വിഴക്കു ഭാഗത്തേ അതിർത്തിയായി ചാലച്ചിറ തോടു കടന്നു പോകുന്നു. ചെത്തിപ്പുഴക്കടവു തോടിന്റെ തെക്കുഭാഗം ചങ്ങനാശേരി മുനിസിപ്പാലിറ്റിയാണ്.

കാർഷികോല്പന്നങ്ങളുടെ കയറ്റിറക്ക്, വെള്ളപ്പൊക്ക നിയന്ത്രണം, മനുഷ്യസമ്പത്തു സംരക്ഷിക്കൽ തുടങ്ങിയവയുടെ പ്രാധാന്യം കണക്കിലെടുത്ത് നിലവിലുള്ള തോടുകൾ കൂടുതൽ വികസിപ്പിച്ചു സംരക്ഷിക്കേണ്ടതുണ്ട്.

*റോഡു ഗതാഗതം:*

*എം.സി. റോഡ്:* ഈ പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ നിന്നും തുരുത്തി - കണ്ണമ്പേരൂർചിറ വഴി ചങ്ങനാശേരി മുനിസിപ്പൽ അതിർത്തിയിൽ സന്ധിക്കുന്ന 250 കി. മീ. ദൂരം വരുന്ന എം. സി. റോഡ് ഒരു പ്രധാന ഗതാഗതമാർഗ്ഗമാണ്. വളരെയേറെ വാഹനത്തിരക്കുള്ള ഈ റോഡിനെ വികസിപ്പിച്ച് ദേശീയപാതയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ജില്ലാ ആസ്ഥാനമായ കോട്ടയത്തിനും താലൂക്ക് ആസ്ഥാനമായ ചങ്ങനാശേരിക്കും ഇടയിൽ 2500 മീറ്റർ നീളമാണ് വാഴപ്പള്ളി പഞ്ചായത്തിൽ ഇതിനുള്ളത്. എങ്കിലും അടുത്തും അകലെയുമുള്ള പ്രധാനപ്പെട്ട പല വാണിജ്യ കേന്ദ്രങ്ങളും കുട്ടനാടൻ പ്രദേശങ്ങളും ഈ പാതയുമായി ബന്ധപ്പെട്ടു കിടക്കുന്നു.

*മറ്റു പാതകൾ:* പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി എട്ടു പ്രധാന വഴികൾ പൊതുമരാമത്തു വകുപ്പിന്റെ അധികാര പരിധിയിൽ പെട്ടവയായി ഉണ്ട്. അവ ചുവടെ.

1. ചങ്ങനാശേരി - വാഴൂർ റോഡിൽ കുരിശുംമൂടു മുതൽ കണ്ണോട്ട പാലം വരെയുള്ള 3500 മീറ്റർ ദൈർഘ്യമുള്ള ഭാഗം.

2. ചങ്ങനാശേരി - വാഴൂർ റോഡിൽ വലിയകുളത്തു നിന്നു തുടങ്ങി തെങ്ങണ - ഞാലിയാകുഴി റോഡിൽ എത്തുന്ന വഴിയിൽ 3600 മീറ്റർ ദൈർഘ്യം വരുന്ന നാലുന്നാക്കൽ വരെയുള്ള ഭാഗം. (വലിയകുളം - നാലുന്നാക്കൽ റോഡ്)

3. ചങ്ങനാശേരി - വാഴൂർ റോഡിൽ കുരിശുംമൂട്ടിൽ നിന്നു തുടങ്ങി മാളികക്കടവിലെത്തുന്ന 7 കി. മീ. റോഡ് (കുരിശുംമൂട് - മാളികക്കടവ് റോഡ്).

4. 3-ാം നമ്പറായി മേൽ വിവരിച്ചിരിക്കുന്ന റോഡിൽ കുരിശുംമൂടിനടുത്ത് മുന്തിരിക്കവലയിൽ നിന്നാരംഭിച്ച് റെയിൽവേ ലൈൻ മുറിച്ചു എം. സി. റോഡിൽ കണ്ണമ്പേരൂർചിറയിൽ എത്തുന്ന 3300 മീറ്റർ വരുന്ന റോഡ് (മുന്തിരിക്കവല - കണ്ണമ്പേരൂർചിറ റോഡ്).

5. തുരുത്തി ഭാഗത്ത് എം. സി. റോഡിൽ പുന്നമൂട്ടിൽ നിന്നാരംഭിക്കുന്നതും, ആലപ്പുഴ ജില്ലയിൽ മുളയ്ക്കാംതുരുത്തി - കൃഷ്ണപുരം റോഡിൽ ചെന്നു ചേരുന്നതും 2700 മീറ്റർ ദൈർഘ്യം വരുന്നതുമായ റോഡ് (തുരുത്തി - മുളയ്ക്കാംതുരുത്തി റോഡ്).

6. എം. സി. റോഡിൽ തുരുത്തി പുന്നമൂട് ജംഗ്ഷനിൽ നിന്നും അഞ്ചൽക്കുറ്റി വരെയുള്ള 900 മീറ്റർ ദൂരം വരുന്ന പഴയ എം. സി. റോഡു ഭാഗം.

7. എം. സി. റോഡിൽ തുരുത്തി പുന്നമൂട് ജംഗ്ഷനിൽ നിന്നും ബ്ലോക്കുപടി വരെയുള്ള 1250 മീറ്റർ ദൂരം വരുന്ന പഴയ എം. സി. റോഡ്.

8. PWD അടുത്തനാളിൽ ഏറ്റെടുത്ത 2500 മീറ്റർ ദൈർഘ്യമുള്ള പറാൽ - കുമരങ്കരി റോഡ്.

ജന-വാഹന ബാഹുല്യം നിമിത്തമുള്ള തിരക്കുകൾ ഈ വഴികളെയും ബാധിക്കുന്നുണ്ട്. പലപ്പോഴും മേൽവിവരിച്ച റോഡുകളുടെ പലഭാഗങ്ങളും കേടുവന്ന് സഞ്ചാരയോഗ്യമല്ലാതായിത്തീരുന്നുണ്ട്. അധികാരികളുടെ സത്വരശ്രദ്ധ പതിയേണ്ട ഒരു മേഖലയാണിത്. ഏതു പ്രദേശത്തിന്റെയും പുരോഗതിയെപ്പറ്റി ചിന്തിക്കുമ്പോൾ റോഡുകൾ സർവ്വഥാ സഞ്ചാരയോഗ്യമാക്കി നിലനിർത്തേണ്ടുന്നതിന്റെ പ്രധാന്യം വർദ്ധിക്കുന്നു. ഇവയെല്ലാം തന്നെ വളരെയേറെ വാണിജ്യ പ്രാധാന്യമുള്ള റോഡുകളുമാണ്. ചങ്ങനാശേരി - വാഴൂർ റോഡ് കിഴക്കൻ മേഖലയുമായി പഞ്ചായത്തിനെ ബന്ധിപ്പിക്കുമ്പോൾ പടിഞ്ഞാറു ഭാഗത്തെ തുരുത്തി - മുളയ്ക്കാംതുരുത്തി റോഡ് നെൽകൃഷി മേഖലയായ കുട്ടനാടൻ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നു. കാർഷിക-വ്യാവസായിക ഉല്പന്നങ്ങളുടെ സുഗമമായ പോക്കു വരവിന് ഈ പാതകൾ സഹായകമാകുന്നു.

*പഞ്ചായത്തു റോഡുകൾ:* പഞ്ചായത്തിലെ ഒന്നു മുതൽ 12 വരെയുള്ള വാർഡുകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ടും വെളിയിലുള്ള പ്രദേശങ്ങളെ പഞ്ചായത്തുമായി ബന്ധിപ്പിച്ചുകൊണ്ടും കുറെ റോഡുകൾ നിലവിലുണ്ട്. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള ആവശ്യങ്ങൾ പരിശോധിച്ചാൽ ഇവയിൽ ബഹുഭൂരിപക്ഷവും പൊട്ടിപ്പൊളിഞ്ഞതും സഞ്ചാരസൗകര്യമില്ലാത്തവയുമാണ്. ഈ റോഡുകളെല്ലാം തന്നെ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കേണ്ടതാണ്.

ഗ്രാമസഭകളിൽ നിന്നും അടിയന്തിര പ്രാധാന്യം കൊടുത്ത് പുതിയ പല റോഡുകളുടെയും നടവഴികളുടെയും ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

വശങ്ങളിൽ ആവശ്യമായ ഓടകളില്ലാത്തതും നീരൊഴുക്കിന് ആവശ്യമായ കലുങ്കുകളില്ലാത്തതും നിലവിലുള്ള റോഡുകളുടെ പ്രധാനപ്പെട്ട പോരായ്മകളാണ്. കൂടുതൽ റോഡുകളും മെറ്റലിട്ട് ഉറപ്പി ക്കാത്തതും ടാർ ചെയ്യാത്തതുമാണ് എന്നതും വേഗത്തിൽ പൊട്ടിപ്പൊളിഞ്ഞ് സഞ്ചാരയോഗ്യ മല്ലാതാകാൻ കാരണമാകുന്നു. നിലവിലുള്ള റോഡുകളുടെ താഴെ കാണുന്ന പട്ടിക ഇതു വിശദമാക്കുന്നു.

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിൻെറ പേര് | വീതി മീറ്റർ | നീളം മീറ്റർ | ടാർ ചെയ്ത ദൂരം മീറ്റർ | മെറ്റൽ ചെയ്ത ദൂരം മീറ്റർ | മെറ്റൽ ചെയ്യാൻ ശേഷിക്കുന്ന ദൂരം മീറ്റർ |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| I | 1 | റാവുത്തർപടി - തെക്കേചിറ | 2.2 | 287 | - | - | 287 |
| | 2 | തുരുത്തേൽപാലം - വെട്ടിത്തുരുത്ത് | 5.7 | 540 | - | - | 540 |
| | 3 | കുരിശടി ജംഗ്ഷൻ - കളപ്പുരയ്ക്കപ്പടി | 3.4 | 375 | - | - | 375 |
| | 4 | വലിയപറമ്പുചിറ - കളപ്പുരയ്ക്കൽ | 3.0 | 130 | - | - | 130 |
| | 5 | കോംകേരി ബണ്ട് - സർക്കുലർ | 2.0 | 372 | - | - | 372 |
| | 6 | കാർത്തികപ്പള്ളി - കുളിക്കടവ് | 2.5 | 120 | - | - | 120 |
| | 7 | വെട്ടിത്തുരുത്ത് - കുരിശടി ജംഗ്ഷൻ | 3.4 | 840 | - | - | 840 |
| | 8 | കളപ്പുരയ്ക്കൽ - കളത്തിൽ | 3.0 | 60 | - | - | 60 |
| | 9 | SNDP ജംഗ്ഷൻ - പൂവക്കാട്ടുപടി | 2.5 | 90 | - | - | 90 |
| | 10 | പഞ്ചായത്തു ജട്ടി - തെക്കേപ്പുര | 3.0 | 350 | - | - | 350 |
| | 11 | ചേതയ്ക്കൽമുക്ക് - SNDP ജംഗ്ഷൻ | 2.5 | 210 | - | - | 210 |
| | 12 | SNDP ജംഗ്ഷൻ - തുപ്രം ബണ്ട് | 4.0 | 1060 | - | - | 1060 |
| | 13 | കളരിയ്ക്കൽമുക്ക് - പാറത്തറ റോഡ് | 2.5 | 150 | - | - | 150 |
| | 14 | AKCHMS ജംഗ്ഷൻ - വെള്ളൂർക്കടവ് | 2.0 | 120 | - | - | 120 |
| | 15 | അംഗൻവാടി - കണ്ടൻകരി | 2.5 | 45 | - | - | 45 |
| | 16 | കുളങ്ങരമാടംമുക്ക് - ലക്ഷംവീട് | 2.0 | 150 | - | - | 150 |
| | 17 | മുണ്ടോടിപ്പടി - പൂവരശുംമൂക്ക് | 1.5 | 190 | - | - | 190 |
| | 18 | പോളപറമ്പ് - കൊടുപ്പുന്ന പോളയ്ക്കൽ | 4.0 | 620 | - | - | 620 |
| | 19 | മാതൃശിശുസംരക്ഷണകേന്ദ്രം - കൊടുപ്പുന്നപ്പടി | 2.5 | 210 | - | - | 210 |
| | 20 | വിവേകാനന്ദ സ്കൂൾ - തുരുത്തേൽപാടം | 3.0 | 864 | - | - | 864 |
| | 21 | കൈതക്കുളം ജംഗ്ഷൻ - പറാൽ പാലം | 3.0 | 313 | - | - | 313 |
| II | 22 | ഇരട്ടക്കുളം (കോതകുളം) - മേത്തശ്ശേരി | 2.1 | 160 | - | - | 160 |
| | 23 | ആലുംമൂട് - കളത്തിക്കടവ് | 3.7 | 213 | - | - | 213 |
| | 24 | ആലുംമൂട് - അരീസാക്കൽ | 3.5 | 740 | 40 | 650 | 50 |
| | 25 | പറപ്പള്ളിപ്പടി - കാവുനട | 3.0 | 40 | - | - | 40 |
| | 26 | വേമ്പനാട്ടുപടി - ചെറുവള്ളിക്കാവ് | 2.2 | 160 | - | - | 160 |
| | 27 | വെൽഫെയർ സെൻറർ - ചിറമുഖം | 3.0 | 200 | - | - | 200 |
| | 28 | പാലാത്രപടി - കല്ലുപുരയ്ക്കൽപടി | 3.0 | 180 | - | - | 180 |
| | 29 | മുളയ്ക്കാംതുരുത്തിറോഡ് - തത്തനപ്പള്ളി | 2.0 | 90 | - | - | 90 |
| | 30 | മുളയ്ക്കാംതുരുത്തി റോഡ് - വാളനാടി | 3.0 | 170 | - | - | 170 |
| | 31 | ആലഞ്ചേരിപ്പടി - പുത്തേട്ടുപടി | 3.0 | 50 | - | - | 50 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | 32 | ആലഞ്ചേരിപ്പടി - കൊച്ചുപുരയ്ക്കൽ | 2.5 | 75 | - | - | 75 |
| | 33 | ആലഞ്ചേരിപ്പടി - മണിയൻകുളം | 2.0 | 85 | - | - | 85 |
| | 34 | ആലഞ്ചേരിപ്പടി - കല്ലുപുരയ്ക്കൽ | 3.0 | 105 | - | - | 105 |
| | 35 | മുളയ്ക്കാംതുരുത്തി റോഡ് - ആലഞ്ചേരിൽ | 3.0 | 50 | - | - | 50 |
| | 36 | മുളയ്ക്കാംതുരുത്തി റോഡ് - മേക്കര | 3.0 | 115 | - | - | 115 |
| | 37 | മുളയ്ക്കാംതുരുത്തി റോഡ് - വാതപ്പള്ളി | 1.5 | 60 | - | - | 60 |
| | 38 | പറത്തോട് - പനയ്ക്കപ്പള്ളി ബണ്ട് | 1.5 | 60 | - | - | 60 |
| | 39 | ശാസ്താക്ഷേത്രം - മേക്കര | 2.0 | 60 | - | - | 60 |
| | 40 | ശ്രാമ്പിക്കൽ - വെച്ചൂത്ര മഠം | 2.0 | 90 | - | - | 90 |
| | 41 | ശാസ്താംകടവ് - അട്ടിക്കടവ് | 3.5 | 270 | - | - | 270 |
| | 42 | ശാസ്താക്ഷേത്രം - തൊണ്ടൻവേലി | 4.0 | 315 | - | - | 315 |
| | 43 | ഇളവൻകുളം - പാലിപ്രം | 2.0 | 75 | - | - | 75 |
| | 44 | മാളികയിൽ - പുലിപ്ര | 1.5 | 150 | - | - | 150 |
| | 45 | മു. തുരുത്തി റോഡ് - അംഗൻവാടി പു. പറമ്പ് | 1.5 | 240 | - | - | 240 |
| | 46 | ഇല്ലത്തുപടി - ചെറുനക്കര - അംഗൻവാടി | 3.0 | 180 | - | - | 180 |
| | 47 | മുളയ്ക്കാംതുരുത്തി റോഡ് - തോണിപ്പറമ്പ് | 2.75 | 150 | - | - | 150 |
| | 48 | മറ്റപ്പള്ളി ജംഗ്ഷൻ - തൊണ്ടൻവേലി | 2.0 | 150 | - | - | 150 |
| | 49 | വള്ളേക്കളം - ഞാറപ്പറമ്പ് ബണ്ട് | 2.0 | 240 | - | - | 240 |
| | 50 | തുപ്രം ബണ്ട് റോഡ് | 3.0 | 200 | - | - | 200 |
| | 51 | മു. തുരുത്തി റോഡ് - വാണിയപ്പുര - അ. ചിറ | 2.5 | 150 | - | - | 150 |
| | 52 | നീലംപേരൂർ - ചാമയിൽ | 6.0 | 250 | - | - | 250 |
| III | 53 | മിഷ്യൻപള്ളി - കളത്തിൽപടി | 4.0 | 705 | - | - | 705 |
| | 54 | ഇറമ്പാതുക്കൽ - ചി. കടവ് - വേലിത്തറപ്പാടം | 5.6 | 150 | - | - | 150 |
| | 55 | പുത്തൻപറമ്പിൽപടി - മണിവേലിൽ | 2.4 | 130 | - | - | 130 |
| | 56 | പൊക്കത്തിൽപടി - മണിവേലിതാഴ്ചപ്പാടം | 3.5 | 240 | - | - | 240 |
| | 57 | നേര്യൻപറമ്പ്മുക്ക് - ചി. കടവ് പടിഞ്ഞാറെ മുക്ക് | 2.1 | 240 | - | - | 240 |
| | 58 | ചി. കടവ് കിഴക്കെമുക്ക് - ചാമക്കടവു ജംഗ്ഷൻ | 2.5 | 160 | - | - | 160 |
| | 59 | ചാമക്കുളം ജംഗ്ഷൻ - കോളനി ജംഗ്ഷൻ | 2.0 | 65 | - | - | 65 |
| | 60 | കണ്ടൻകരി - കോളനി ജംഗ്ഷൻ | 2.0 | 60 | - | - | 60 |
| | 61 | CSI ചർച്ച് - ചെട്ടിശ്ശേരി റോഡ് | 3.0 | 385 | - | - | 385 |
| | 62 | എം.സി. റോഡ് - ചെട്ടിശ്ശേരി പാലം | 4.2 | 870 | - | 210 | 660 |
| | 63 | നേര്യംപറമ്പ് - മുട്ടത്തിൽ - കടയ്ക്കൽ | 3.8 | 265 | - | - | 265 |
| | 64 | ഇരട്ടക്കുളം ജംഗ്ഷൻ - പുളിമൂട്ടിൽ | 3.5 | 250 | - | - | 250 |
| | 65 | കൃഷ്ണവിലാസം - കട്ടത്തറമുക്ക് | 3.6 | 45 | - | - | 45 |
| | 66 | സെൻറ് തോമസ് പമ്പ് ഹൗസ് - വേളാശ്ശേരി | 3.5 | 237 | - | - | 237 |
| | 67 | കൊച്ചീത്ര ജംഗ്ഷൻ - കൊച്ചീത്ര ബണ്ട് | 3.5 | 450 | - | - | 450 |
| | 68 | നടുവേലിപ്പറമ്പ് - മണ്ണാട്ടുമുക്ക് | 3.5 | 160 | - | - | 160 |
| | 69 | പുളിമൂട്ടിൽമുക്ക് - പുത്തൻപറമ്പിൽ | 3.0 | 150 | - | - | 150 |
| | 70 | മണിപ്പുഴ മുക്ക് - കാലായിൽപറമ്പ് | 2.3 | 190 | - | - | 190 |
| | 71 | മണികണ്ഠഭവൻ - പുത്തൻപറമ്പ് | 3.0 | 90 | - | - | 90 |
| | 72 | പാറയിൽ പു. മുക്ക് - വെമ്പഴശ്ശേരിക്കണ്ടം | 2.2 | 130 | - | - | 130 |
| | 73 | വെമ്പഴശ്ശേരിമുക്ക് - മുളവന ഇല്ലം | 2.8 | 150 | - | - | 150 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | 74 | കക്കുറിഞ്ഞി - കറുകശ്ശേരിൽ | 3.2 | 430 | - | - | 430 |
| | 75 | കാർത്തികമുക്ക് - ചെട്ടിശ്ശേരിൽ | 2.5 | 450 | - | - | 450 |
| | 76 | ശ്രേയസ്ഭവൻമുക്ക് - ചൊ. കാവിൽജംഗ്ഷൻ - പുത്തൻപറമ്പ് | 3.0 | 165 | - | - | 165 |
| | 77 | ഈശാനത്തുകാവ് - ചൊ. കാവിൽ ജംഗ്ഷൻ - കളത്തിപ്പറമ്പ്മുക്ക് | 3.0 | 240 | - | - | 240 |
| | 78 | വെമ്പഴക്കാട്ടു ജം. - തുണ്ടിപ്പറമ്പ്മുക്ക് | 2.2 | 105 | - | - | 105 |
| | 79 | വൃന്ദാവനം - പുഴക്കരപറമ്പ് | 2.0 | 90 | - | - | 90 |
| | 80 | കൊച്ചീത്ര - കൃഷ്ണഭവൻ | 2.2 | 90 | - | - | 90 |
| | 81 | ലതാഭവൻ - അരയശ്ശേരിൽ | 3.0 | 60 | - | - | 60 |
| IV | 82 | M.C. റോഡ് - മാറാട്ടുകളം | 1.8 | 210 | - | - | 210 |
| | 83 | നെടുത്തറപ്പടി - അകത്തെപള്ളം | 1.8 | 90 | - | - | 90 |
| | 84 | M.C. റോഡ് - അകത്തെപള്ളം | 2.2 | 180 | - | - | 180 |
| | 85 | M.C. റോഡ് - കല്ലുതറ | 1.6 | 51 | - | - | 51 |
| | 86 | M.C. റോഡ് - കുറുവേലിപ്പാടം | 2.0 | 30 | - | - | 30 |
| | 87 | M.C. റോഡ് - ചക്കായിൽപടി | 2.0 | 30 | - | - | 30 |
| | 88 | M.C. റോഡ് - പുറത്തേരിപ്പാടം | 3.3 | 370 | - | - | 370 |
| | 89 | പോരുക്കര - അജിത്ഭവൻ ലൂപ്പ് | 3.6 | 60 | - | - | 60 |
| | 90 | M.C. റോഡ് - ഇലഞ്ഞിപ്പടവു പാടം | 2.4 | 210 | - | - | 210 |
| | 91 | M.C. റോഡ് - കുറുവേലിപ്പാടം | 3.2 | 90 | - | - | 90 |
| | 92 | M.C. റോഡ് - നേരൻപറമ്പ് | 3.8 | 495 | - | - | 495 |
| | 93 | കാഞ്ഞിരത്തുംമൂട് - മഠംപടി | 6.0 | 135 | - | - | 135 |
| | 94 | നേര്യൻപറമ്പ്പടി - കുന്നേൽപടി | 5.0 | 960 | - | - | 960 |
| | 95 | M.C. റോഡ് - ഇരട്ടക്കുളം | 6.0 | 390 | - | - | 390 |
| | 96 | M.C. റോഡ് - മനത്തുകടവ് ബണ്ട് | 4.0 | 170 | - | - | 170 |
| | 97 | സെ. മേരീസ് UPS ജംഗ്. - കുന്നത്തുപടി | 3.0 | 135 | - | - | 135 |
| | 98 | M.C. റോഡ് - കട്ടത്തറപ്പടി | 3.7 | 310 | - | - | 310 |
| | 99 | പോട്ട റോഡ് (ഡിൻ റോഡ്) | 3.5 | 180 | - | - | 180 |
| | 100 | M.C. റോഡ് - മുളയ്ക്കാംതുരുത്തി റോഡ് | 2.1 | 50 | - | - | 50 |
| | 101 | M.C. റോഡ് - പ്ലാംമൂടു ജംഗ്ഷൻ | 3.5 | 210 | - | - | 210 |
| | 102 | കുന്നേൽ - പുത്തൻപുരയ്ക്കൽ | 2.8 | 170 | - | - | 170 |
| | 103 | പതിയിൽ - കളത്തിപ്പറമ്പ് | 2.2 | 115 | - | - | 115 |
| | 104 | M.C. റോഡ് - ചാമക്കുളം ജംഗ്ഷൻ | 3.0 | 260 | - | - | 260 |
| | 105 | M.C. റോഡ് - ശങ്കരമന്ദിരം | 2.2 | 90 | - | - | 90 |
| | 106 | M.C. റോഡ് - പാറയിൽപടി | 2.8 | 135 | - | - | 135 |
| | 107 | ഇളങ്കാവ് - പുന്നമൂട് | 7.0 | 225 | 225 | - | - |
| | 108 | പുന്നമൂട് ജംഗ്ഷൻ - പുത്തൻവാര്യം | 3.2 | 220 | - | - | 220 |
| V | 109 | കൊച്ചുപറമ്പിൽപടി - തോപ്പിൽമുക്ക് | 2.5 | 235 | - | - | 235 |
| | 110 | പാടിയത്തിൽപടി - ലക്ഷംവീട് റോഡ് | 2.5 | 132 | - | - | 132 |
| | 111 | മംഗ്ലാവിൽമുക്ക് - പടനിലം റോഡ് | 2.5 | 90 | - | - | 90 |
| | 112 | മതിച്ചിപറമ്പിൽ - മങ്ങാട്ടുപാടം റോഡ് | 4.0 | 580 | - | - | 580 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | 113 | മാറാട്ടുകളംമുക്ക് - മങ്ങാടുപാടം റോഡ് | 3.3 | 170 | - | - | 170 |
| | 114 | പുതുക്കുടി - ചക്കാലപ്പറമ്പിൽപടി | 3.0 | 145 | - | - | 145 |
| | 115 | കൈലാത്തുപടി - കാവാലംപടി | 3.2 | 165 | - | - | 165 |
| | 116 | നെടുമ്പറമ്പിൽപടി - ചാത്തനാട്ടുപാടം | 3.4 | 210 | - | - | 210 |
| | 117 | പാലാത്രപ്പടി - തെക്കേക്കര റോഡ് | 3.1 | 135 | - | - | 135 |
| | 118 | കക്കാട്ടു റോഡ് | 1.8 | 60 | - | - | 60 |
| | 119 | അംഗൻവാടി - പുല്ലുകാട് റോഡ് | 3.1 | 165 | - | - | 165 |
| | 120 | കാർമൽടെക് - കോയിപ്പുറംറോഡ് | 3.0 | 135 | - | - | 135 |
| | 121 | ചെത്തിപ്പുഴക്കടവ് - കാനറാ പേപ്പർ മിൽസ് | 6.5 | 695 | 695 | - | - |
| | 122 | മാറാട്ടുകളംപടി - കോയിപ്പുറം | 2.1 | 120 | - | - | 120 |
| | 123 | കുലിപ്പുരയ്ക്കൽപടി - ചതികാലായിൽപടി | 3.9 | 313 | - | - | 313 |
| | 124 | ആറ്റുവാക്കരി ജംഗ്ഷൻ - മാറാട്ടുകളംപടി | 4.0 | 390 | - | - | 390 |
| | 125 | കിഴക്കുംവേലിത്തറമുക്ക് - കോലത്താവേലി | 2.0 | 180 | - | - | 180 |
| | 126 | വള്ളിയാട്ട് - കടുപ്പിൽ റോഡ് | 2.0 | 120 | - | - | 120 |
| | 127 | കാളിയാപറമ്പിൽ | 2.5 | 30 | - | - | 30 |
| | 128 | തുണ്ടിയിൽ - മൂലക്കാടുകടവ് | 3.6 | 290 | - | - | 290 |
| | 129 | മാമൂട്ടിൽപടി - നമ്പിമഠം റോഡ് | 3.0 | 190 | - | - | 190 |
| | 130 | ഇളത്തുപടി - താഴൂർ റോഡ് | 3.6 | 205 | - | - | 205 |
| | 131 | കല്ലൻപറമ്പ് - തോപ്പിൽ റോഡ് | 2.0 | 30 | - | - | 30 |
| | 132 | വടക്കേക്കര - അൽഫോൻസാ ആശുപത്രി ജംഗ്ഷൻ - കണ്ണമ്പാടം - മാവേലിത്താഴെപാടം | 3.1 | 220 | - | - | 220 |
| | 133 | മഞ്ചേരിക്കളം - കൃഷി ഭവൻ റോഡ് | 2.5 | 75 | - | - | 75 |
| | 134 | കളത്തിൽ - വളളവൻതറ റോഡ് | 3.3 | 200 | - | - | 200 |
| | 135 | കൈതാരം - മാറാട്ടുകളംമുക്ക് | 3.0 | 120 | - | - | 120 |
| | 136 | ചെത്തിപ്പുഴപള്ളി - മൂലയിൽ റോഡ് | 3.0 | 115 | - | - | 115 |
| | 137 | വടക്കേക്കര അമ്പലം ജംഗ്. - പാറേൽ കോളനി | 3.0 | 380 | - | - | 380 |
| | 138 | ചന്ദ്രമംഗലം - മംഗലത്ത് റോഡ് | 2.5 | 80 | - | - | 80 |
| | 139 | ICDP ജംഗ്ഷൻ - നമ്പിമഠം റോഡ് | 2.0 | 35 | - | - | 35 |
| | 140 | റയിൽവേ ക്രോസ് ജംഗ്. - പാലാത്ര റോഡ് | 3.0 | 240 | - | - | 240 |
| | 141 | നമ്പിമഠംപടി - മൂത്തവിള റോഡ് | 3.5 | 135 | - | - | 135 |
| | 142 | വടക്കേക്കര സെ. മേരീസ് ചർച്ച് - കണ്ണമ്പടം - മാവേലിപ്പാടം റോഡ് | 2.3 | 255 | - | - | 255 |
| | 143 | അയത്തിൽ - ചെറ്റയ്ക്കാട്ടു കണ്ണമ്പടം - മാവേലിപ്പാടം റോഡ് | 3.6 | 60 | - | - | 60 |
| | 144 | മഞ്ചേരിക്കളം - മണലടി 45ൽ പാടം റോഡ് | 3.0 | 240 | - | - | 240 |
| VI | 145 | വെരൂർചിറ - വാടയിൽപടി ആയുർവേദ ആശു. | 6.5 | 550 | 365 | - | 185 |
| | 146 | മറ്റത്തിൽപടി - താഴത്തേർ റോഡ് | 3.5 | 230 | - | - | 230 |
| | 147 | കുന്നന്താനം - പുത്തൻപുരപടി | 3.5 | 280 | - | - | 280 |
| | 148 | മുട്ടിത്തറ - കറുകപ്പള്ളി | 3.25 | 390 | - | - | 390 |
| | 149 | നമ്പിമഠം - നെടുമ്പറമ്പ് | 4.5 | 570 | 240 | - | 330 |
| | 150 | അരികത്തിൽപടി - കളത്തിൽ | 2.5 | 106 | - | - | 106 |
| | 151 | നെടുമ്പറമ്പ് - മുട്ടുചിറ | 3.5 | 165 | - | - | 165 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | 152 | മുട്ടാർകുളങ്ങര - പുറക്കടവു റോഡ് | 3.5 | 450 | - | - | 450 |
| | 153 | കറുകപ്പള്ളി - കുരിശുങ്കൽ | 3.0 | 130 | - | - | 130 |
| | 154 | അൽഫോൻസാ ഭവൻ - അറയ്ക്കൽ | 3.0 | 150 | - | - | 150 |
| | 155 | നെടുമ്പറമ്പ് - പുറക്കടവ് | 3.5 | 465 | - | - | 465 |
| | 156 | തെക്കേക്കിഴക്കേതിൽ - പന്നക റോഡ് | 3.5 | 380 | - | - | 380 |
| | 157 | വടക്കേക്കര സ്കൂൾ - തൊമ്മച്ചൻപടി | 3.5 | 310 | - | - | 310 |
| | 158 | പറപ്പള്ളി - മുക്കാട്ടുപടി | 3.7 | 310 | - | - | 310 |
| | 159 | കടംതോട് - കണ്ണമ്പേരൂർപടി | 2.5 | 245 | - | - | 245 |
| | 160 | മാളേക്കൽ - പറപ്പള്ളി | 3.5 | 425 | - | - | 425 |
| | 161 | ഇല്ലത്തുപടി - കളത്തിക്കടവ് | 3.7 | 505 | - | - | 505 |
| | 162 | തോപ്പിൽപടി - മ്ലാവടിപാടം | 3.5 | 160 | - | - | 160 |
| | 163 | തോപ്പിൽ പടി - പുളിക്കൽ | 2.5 | 170 | - | - | 170 |
| | 164 | S.H. കോൺവെൻറ് - മാവേലിക്കടവ് | 3.0 | 180 | - | - | 180 |
| | 165 | മാവേലി - കല്ലുകടവ് | 3.25 | 290 | - | - | 290 |
| | 166 | പുത്തൻകുളങ്ങര - നെച്ചാട്ട് | 5.3 | 315 | - | - | 315 |
| | 167 | കൈതക്കളം - വണ്ടാനം | 3.0 | 300 | - | - | 300 |
| | 168 | വണ്ടാനം - മണിപ്പുഴ | 3.2 | 75 | - | - | 75 |
| | 169 | മിത്രൻകുന്ന് - ചേന്നൻപടവ് | 3.2 | 570 | 375 | 195 | - |
| | 170 | റയിൽവേക്രോസ് - തോപ്പിൽപടി | 2.5 | 240 | - | - | 240 |
| | 171 | തോട്ടാശ്ശേരി - കറുകപ്പള്ളി | 2.5 | 205 | - | - | 205 |
| | 172 | മുല്ലശ്ശേരി - S.H. കോൺവെൻറ് | 2.5 | 190 | - | - | 190 |
| | 173 | നമ്പിമഠം - കുരീക്കാട് | 3.0 | 202 | - | - | 202 |
| VII | 174 | കുന്നന്താനം - ഇക്കോമുക്ക് | 6.2 | 552 | 200 | - | 352 |
| | 175 | പുറക്കടവ് - ഇക്കോമുക്ക് | 4.8 | 372 | - | - | 372 |
| | 176 | മുണ്ടേട്ട് ഹനീഫാമുക്ക് - കാപ്പിച്ചിറപടി | 2.8 | 100 | - | - | 100 |
| | 177 | ഒറ്റപ്ലാംമൂട്ടിൽമുക്ക് - പുരയ്ക്കൽപാടം | 2.5 | 133.2 | - | - | 133.2 |
| | 178 | കതകമ്പള്ളിമുക്ക് - പാറയ്ക്കൽപാടം | 1.8 | 264 | - | - | 264 |
| | 179 | മാമൂക്കാപടി - കല്ലുകടവ് | 3.1 | 222 | - | - | 222 |
| | 180 | ഞാറക്കാട്ടിൽമുക്ക് - മുട്ടിത്തറമുക്ക് | 1.8 | 250 | - | - | 250 |
| | 181 | മറ്റത്തിൽപ്പറമ്പുപടി - കണ്ണമ്പള്ളിൽ | 2.0 | 60 | - | - | 60 |
| | 182 | കോട്ടയ്ക്കപ്പറമ്പിൽ - കളരിയ്ക്കപ്പടി | 2.0 | 105 | - | - | 105 |
| | 183 | ഇക്കോമുക്ക് - പട്ടത്താനത്തുമുക്ക് | 5.3 | 503.5 | - | - | 503.5 |
| | 184 | കുമരംതറമുക്ക് - മുട്ടത്തുപാറപ്പടി | 5.5 | 55 | - | - | 55 |
| | 185 | ഏനാച്ചിറ - ദാവൂദ് ഇസ്ലാം മസ്ജിദ് | 6.0 | 585 | - | - | 585 |
| | 186 | അമ്പലത്തുങ്കൽപടി - തെക്കുംതുരുത്തിപ്പാടം | 4.7 | 305 | - | - | 305 |
| | 187 | ചാരംകോട്ടു കലുങ്ക് - ദാവൂദ് ഇസ്ലാം മസ്ജിദ് | 3.0 | 200 | - | - | 200 |
| | 188 | ഷാജിമൻസിൽ മുക്ക് - പോളയ്ക്കൽപടി | 4.5 | 175 | - | - | 175 |
| | 189 | കുന്നുംപുറത്തുപടി - പാലാത്ര | 3.2 | 285 | - | - | 285 |
| | 190 | വാഴക്കൂട്ടത്തിൽമുക്ക് - കോച്ചേരിപ്പടി | 6.0 | 375 | - | - | 375 |
| | 191 | ചിറയിൽമുക്ക് - അമ്പാട്ടുപടി | 5.0 | 255 | - | - | 255 |
| | 192 | മാറാട്ടുകളംമുക്ക് - കുന്നുംപുറത്തുപടി | 2.4 | 82.2 | - | - | 82.2 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | 193 | അയത്തിപ്പറമ്പ് - പാലമൂട് | 3.0 | 60 | - | - | 60 |
| | 194 | കുറിഞ്ഞിയിൽപടി - S.H. നഴ്സറി | 3.0 | 315 | - | - | 315 |
| | 195 | വാലുപറമ്പിൽപടി - കോച്ചേരിപറമ്പിൽ | 2.2 | 256 | - | - | 256 |
| | 196 | ഏനാചിറ - ആശാഭവൻ | 3.7 | 430 | - | - | 430 |
| | 197 | പുളിയ്ക്കൽ - തോണിക്കടവ് | 3.1 | 117 | - | - | 117 |
| | 198 | അരമനത്തോട്ടം - വാഴയിൽപടി | 2.5 | 90 | - | - | 90 |
| | 199 | മാത്തൻപറമ്പ് - ചാമപ്പറമ്പ് | 3.7 | 146 | - | - | 146 |
| | 200 | കുതിരപ്പടി - വലിയകുളംപടി | 4.5 | 621.5 | - | - | 621.5 |
| | 201 | ലിസ്യു ജംഗ്ഷൻ - ലിസ്യു സ്കൂൾ | 7.0 | 456 | - | - | 456 |
| | 202 | പവ്വത്തിൽമുക്ക് - മണത്തുരുത്തി | 1.8 | 136 | - | - | 136 |
| | 203 | കുടത്തിൽപടി - കുരിശുപള്ളിമൂലംകുന്ന് | 3.5 | 450 | - | - | 450 |
| | 204 | മൂലംകുന്നം ജംഗ്ഷൻ - പാറച്ചിറ - ഏനാചിറ | 7.6 | 258 | - | - | 258 |
| | 205 | ഏനാചിറ കുരിശു ജംഗ്ഷൻ - ലിസ്യു ജംഗ്ഷൻ | 6.5 | 400.7 | 200 | 125 | [illegible] |
| | 206 | കുടത്തിൽ ജംഗ്ഷൻ - മകത്തിൽപടി | 5.0 | 260 | - | - | 260 |
| VIII | 207 | വക്കച്ചൻപടി - ക്രിസ്തുജ്യോതി | 5.0 | 600 | - | - | 600 |
| | 208 | ആറ്റുവാക്കേരി - വെരൂർചിറ | 6.0 | 351 | - | - | 351 |
| | 209 | G.S. ഭവൻ - സോണിവില്ലാപടി | 2.1 | 161 | - | - | 161 |
| | 210 | പാണാട്ടിൽപടി - നജിംമൻസിൽപടി | 1.7 | 112 | - | - | 112 |
| | 211 | വഞ്ചിപ്പറമ്പ്മുക്ക് - നമ്പിമഠംപടി | 3.3 | 111 | - | - | 111 |
| | 212 | വക്കച്ചൻമുക്ക് - കാർമൽ | 3.5 | 378 | - | - | 378 |
| | 213 | കുരിശുംമൂട് - കാർമൽ റോഡ് | 3.5 | 500 | - | 200 | 300 |
| | 214 | കാർമൽ - വലിയകാലായിൽപടി | 3.1 | 158 | - | - | 158 |
| | 215 | പട്ടാണിച്ചിറ - പുതുച്ചിറ MP റോഡ് | 5.0 | 829 | - | - | 829 |
| | 216 | പുതുച്ചിറ - മണക്കുന്നേൽപടി | 2.0 | 70 | - | - | 70 |
| | 217 | കുന്നന്താനം ചാപ്പൽ - പുതുച്ചിറ | 6.0 | 543 | 400 | - | 143 |
| | 218 | കുന്നന്താനം ചാപ്പൽ - മുട്ടുചിറ | 3.3 | 293.7 | - | - | 293.7 |
| | 219 | കുന്നേൽപടി - പുതുപ്പറമ്പിൽപാടം | 3.3 | 216 | - | - | 216 |
| | 220 | കുന്നേൽമുക്ക് - പുതുച്ചിറപാടം | 3.8 | 80 | - | - | 80 |
| | 221 | ടാഗോർ - മറ്റം റോഡ് | 4.0 | 359.4 | - | - | 359.4 |
| | 222 | ചെക്കർമുക്ക് - പുതുച്ചിറപാടം | 4.0 | 379 | - | - | 379 |
| | 223 | കണിച്ചേരിൽമുക്ക് - കോട്ടപ്പുറം | 3.3 | 228 | - | - | 228 |
| | 224 | മുളമൂട്ടിൽമുക്ക് - പുളിക്കശ്ശേരിമുക്ക് | 3.4 | 125 | - | - | 125 |
| | 225 | നെല്ലിവേലിമുക്ക് - മാറാട്ടുകളംമുക്ക് | 3.0 | 101.2 | - | - | 101.2 |
| | 226 | അഞ്ചുവീട്ടിൽ - കണ്ടങ്കരിപ്പടി | 2.0 | 285 | - | - | 285 |
| | 227 | പുരയ്ക്കൽ ജംഗ്ഷൻ - പുതുച്ചിറപ്പാടം | 3.0 | 135 | - | - | 135 |
| | 228 | കുന്നന്താനം - ലിസ്യു ജംഗ്ഷൻ | 7.0 | 1100 | 1100 | - | - |
| | 229 | ആയിരമല റോഡ് | 2.6 | 105.4 | - | - | 105.4 |
| | 230 | സങ്കേതം റോഡ് - പുതുച്ചിറപാടം | 4.8 | 342 | - | - | 342 |
| | 231 | മുട്ടത്തുവർക്കി റോഡ് | 3.2 | 531 | - | - | 531 |
| | 232 | മുസ്ലീം പള്ളി - ചെമ്പകത്തുമുക്ക് | 3.7 | 513 | - | - | 513 |
| | 233 | പാടിയത്തിൻമുക്ക് - ഏത്തയ്ക്കാട്ടുപടി | 3.3 | 102 | - | - | 102 |
| | 234 | നെല്ലുവേലിൽ - പുതുച്ചിറക്കണ്ടം | 2.7 | 142 | - | - | 142 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | 235 | മാർട്ടിൻ ലൂഥർ - പെരൂർചിറ | 3.7 | 243 | - | - | 243 |
| | 236 | പാതിരാപ്പള്ളിമുക്ക് - പാലത്തുങ്കൽപടി | 3.5 | 702 | - | - | 702 |
| | 237 | ഐക്കരപ്പടി - പോസ്റ്റാഫീസ്മുക്ക് | 3.2 | 179 | - | - | 179 |
| | 238 | കുരിശുങ്കൽപറമ്പുമുക്ക് - വലിയപറമ്പിൽമുക്ക് | 3.5 | 167 | - | - | 167 |
| | 239 | പുതുശ്ശേരിൽപടി - മൈലത്തുപടി | 5.9 | 189 | - | - | 189 |
| | 240 | ഉതുപ്പാശ്ശേരിമുക്ക് - കൊച്ചുപറമ്പിൽപടി | 2.0 | 108 | - | - | 108 |
| IX | 241 | പുതുച്ചിറ - പമ്പ് ഹൗസ് റോഡ് | 4.0 | 1463 | - | - | 1463 |
| | 242 | കാലായിപ്പടി - പുതുച്ചിറക്കണ്ടം | 4.0 | 367 | - | - | 367 |
| | 243 | വാഴേപ്പറമ്പിൽ - പുതുച്ചിറ | 3.0 | 380 | - | - | 380 |
| | 244 | മേലേട്ടുപടി - പുതുച്ചിറ | 4.0 | 270 | - | - | 270 |
| | 245 | പൂവത്തുപടി - പാലയ്ക്കൽപടി (ഡിവൈൻ നഗർ) | 4.2 | 500 | - | 500 | - |
| | 246 | ഉലഹന്നാൻ മാപ്പിള റോഡ് | 3.2 | 844 | 185 | - | 659 |
| | 247 | വലിയവീട്ടിൽപടി - കൈനിക്കര | 5.2 | 444 | - | - | 444 |
| | 248 | അറയ്ക്കപ്പടി - പോളച്ചിറ | 4.0 | 520 | - | - | 520 |
| | 249 | ഇരവിമംഗലം - എഴുകാട്ടിൽപടി | 4.3 | 54 | - | - | 54 |
| | 250 | തേവലക്കരപ്പടി | 1.6 | 270 | - | - | 270 |
| | 251 | തൈക്കളത്തിൽ - ഓലിപ്രക്കാട്ടുപടി | 4.0 | 204 | - | - | 204 |
| | 252 | പാത്തിക്കൽചിറ - പുതുപറമ്പിൽ | 3.2 | 178 | - | - | 178 |
| | 253 | പുതുപ്പറമ്പിൽപടി - കാട്ടാമ്പള്ളിമുക്ക് | 3.4 | 104 | - | - | 104 |
| | 254 | പനങ്ങോടത്തുമുക്ക് - പൊയ്കപ്പറമ്പ് - കിഴക്കേവീട്ടിൽപടി | 3.6 | 351 | - | - | 351 |
| | 255 | മഞ്ചേരിക്കളം - മംഗലത്തുമുക്ക് | 7.0 | 380 | - | - | 380 |
| | 256 | ആലപ്പുറത്തുകാട് - മുട്ടത്തുപാറ | 4.0 | 120 | - | - | 120 |
| | 257 | കടന്തോട് - പുതുച്ചിറക്കണ്ടം | 2.5 | 200 | - | - | 200 |
| | 258 | മുറിയായ്ക്കൽപടി - പുതുച്ചിറക്കണ്ടം | 2.5 | 180 | - | - | 180 |
| | 259 | ആയിരമല - പുതുച്ചിറക്കണ്ടം | 2.5 | 147 | - | - | 147 |
| | 260 | കണ്ടത്തിപറമ്പിൽ - മണക്കുന്നേൽപടി | 3.0 | 155 | - | - | 155 |
| | 261 | മണമേൽപ്പടി - പുല്ലുകാട്ടു റോഡ് | 3.0 | 280 | - | - | 280 |
| | 262 | കൂട്ടുമ്മേൽ - പുല്ലുകാട്ടുചിറ | 2.5 | 285 | - | - | 285 |
| | 263 | ചെറുവേലിൽ - മറ്റപ്പറമ്പ് | 2.0 | 55 | - | - | 55 |
| | 264 | കവലേൽച്ചിറ - കുത്തുകല്ലുങ്കൽപടി | 2.6 | 170 | - | - | 170 |
| | 265 | ഉാകപ്പറമ്പിൽ - കുത്തുകല്ലുങ്കൽപടി | 2.0 | 250 | - | - | 250 |
| | 266 | നാല്പതാംകളം - പമ്പ് ഹൗസ് | 4.5 | 675 | 425 | 250 | - |
| X | 267 | ഉമ്പുക്കാട്ട് - കൊച്ചുപറമ്പ്പാടം | 3.7 | 280 | - | - | 280 |
| | 268 | ചീരംചിറ - വട്ടച്ചാൽ റോഡ് | 5.0 | 390 | - | - | 390 |
| | 269 | ഉമ്പുക്കാട്ട് - ഓണാട്ടുറോഡ് | 3.2 | 150 | - | - | 150 |
| | 270 | ചീരംചിറ - മൂലേപ്പടി | 3.3 | 360 | - | - | 360 |
| | 271 | സാൽവേഷൻ ആർമി റോഡ് | 3.3 | 495 | - | - | 495 |
| | 272 | ചീരംചിറസ്കൂൾ ജംഗ്ഷൻ - പുതുച്ചിറ | 6.0 | 780 | - | - | 780 |
| | 273 | ചീരംചിറ - നാല്പതിൽപാടം | 5.0 | 868 | - | - | 868 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | 274 | മുണ്ടപ്ലാംമൂട് - തലക്കുളം | 3.7 | 180 | - | - | 180 |
| | 275 | അരിക്കത്തിമുക്ക് - കൊച്ചേരിക്കടവ് | 3.9 | 630 | - | - | 630 |
| | 276 | ചീരംചിറ - കൊല്ലമറ്റം | 7.5 | 930 | - | 180 | 750 |
| | 277 | ഇടത്തറമുക്ക് - വാര്യത്തുകടവ് | 2.6 | 210 | - | - | 210 |
| | 278 | ചീരംചിറ സ്കൂൾ ജംഗ്. - ഇടത്തറമുക്ക് | 4.7 | 475 | - | - | 475 |
| | 279 | തലക്കുളം - ഇടത്തറമുക്ക് | 2.8 | 533 | - | - | 533 |
| XI | 280 | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - മണ്ണാത്തിപ്പാറ | 4.0 | 541.5 | 348 | - | 193.5 |
| | 281 | ഉമ്പുക്കാട്ടു മനോജ്ഭവൻ - മണ്ണാത്തിപ്പാറ | 3.8 | 1041 | - | - | 1041 |
| | 282 | പാത്തിക്കൽമുക്ക് - മടുക്കുംമൂട് | 3.7 | 588 | - | - | 588 |
| | 283 | കല്ലുറുമ്പ - കാടാത്തുകളം | 3.5 | 332 | - | - | 332 |
| | 284 | പടനിലംപടി - വെരൂർപള്ളി | 3.3 | 698.5 | - | - | 698.5 |
| | 285 | ലക്ഷംവീട് കോളനി - മണമേൽപ്പടി | 3.8 | 636 | - | - | 636 |
| | 286 | IPC ജംഗ്ഷൻ - മണ്ണാത്തിപ്പാറ | 3.5 | 275 | - | - | 275 |
| | 287 | ലക്ഷംവീട് കോളനി റോഡ് | 3.0 | 107 | - | - | 107 |
| | 288 | കിടങ്ങുത്തറ - വണ്ടാനത്തുപടി | 3.0 | 116.6 | - | - | 116.6 |
| | 289 | മണ്ണാത്തിപ്പാറ - പുല്ലാട്ടുപടി | 3.3 | 250.5 | - | - | 250.5 |
| | 290 | തെക്കേക്കരപ്പടി - | 3.5 | 280 | - | - | 280 |
| | 291 | മണ്ണാത്തിപ്പാറ ജംഗ്ഷൻ - ബാങ്ക്പടി | 5.6 | 273 | 273 | - | - |
| | 292 | താരാപ്പടി - പള്ളിമുക്ക് | 4.2 | 392 | - | - | 392 |
| | 293 | താരാപ്പടി - മുക്കടപ്പറമ്പ് | 2.1 | 406 | - | - | 406 |
| | 294 | കാലായിൽപടി - തുണ്ടിയിൽപടി | 3.5 | 173 | - | - | 173 |
| | 295 | SNDP ജംഗ്ഷൻ - മറ്റത്തിൽപ്പടി | 2.5 | 166 | - | - | 166 |
| | 296 | സാംസ്കാരികനിലയം - വാണി കോംപ്ലക്സ് | 3.0 | 541 | - | - | 541 |
| | 297 | വയലാറ്റുപടി - മാവേലിപ്പാടം | 3.6 | 541 | - | - | 541 |
| | 298 | വടക്കേവയലാറ്റുപടി - മാവേലിപ്പാടം | 2.7 | 504 | - | - | 504 |
| | 299 | മവേലിപ്പാടം - ചീരംചിറപള്ളി | 3.7 | 120.6 | - | - | 120.6 |
| XII | 300 | കുരിശുംമൂട് - ശാന്തിനഗർ | 4.8 | 847 | 847 | - | - |
| | 301 | തേവലക്കരപ്പടി - കടമാഞ്ചിറ | 5.5 | 315 | - | - | 315 |
| | 302 | കടമാഞ്ചിറ - സെറ്റിൽമെൻറ് കോളനി - കൊട്ടാരത്തിൽപടി | 4.0 | 285 | - | - | 285 |
| | 303 | ആലപ്പുറത്തുകാട്ടിൽ - കൊട്ടാരത്തിൽ ജംഗ്ഷൻ | 4.3 | 120 | - | - | 120 |
| | 304 | ശാന്തിനഗർ ജംഗ്ഷൻ - കടമാഞ്ചിറ | 4.4 | 555 | 150 | - | 405 |
| | 305 | അമ്പാട്ട് - കൈനിക്കര | 2.8 | 150 | - | - | 150 |
| | 306 | ആലപ്പുറത്തുകാട്ടിൽ - നാകത്ത് | 4.0 | 270 | - | - | 270 |
| | 307 | ഫ്രണ്ട്സ് കോർണർ - മടുക്കുംമൂട് | 3.4 | 375 | - | 100 | 275 |
| | 308 | ഏറ്റുമാനൂർപടി - മേതമംഗലംമുക്ക് | 3.0 | 285 | - | - | 285 |
| | 309 | ശാന്തിനഗർ - കൈനിക്കരപ്പടി | 4.0 | 330 | - | 100 | 230 |
| | 310 | വലിയകുളം ജംഗ്ഷൻ - ചേന്നാട്ടുപടി | 3.0 | 315 | 55 | - | 260 |
| | 311 | മണമേൽ 39 - കോയിപ്പള്ളിമുക്ക് | 3.7 | 165 | - | - | 165 |
| | 312 | പ്ലാമൂട്ടിൽപടി - മുളകുപ്പാടം | 3.0 | 195 | - | - | 195 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | 313 | ചേരിക്കൽ - പീടിയേക്കൽപടി - കൂടലിൽപടി | 3.5 | 660 | - | - | 660 |
| | 314 | മണക്കുന്നേൽ ജംഗ്ഷൻ - പള്ളിക്കൽപടി | 4.5 | 315 | - | - | 315 |
| | 315 | 3-ാം മൈൽ - പള്ളിക്കൽ | 4.5 | 165 | 165 | - | - |
| | 316 | പുന്നശ്ശേരിപ്പടി - മുളകുപ്പാടത്തുപടി | 3.3 | 345 | - | - | 345 |
| | 317 | വെരൂർ ലൈബ്രറി - മടുക്കുംമൂട് പള്ളി | 3.5 | 264 | - | - | 264 |
| | 318 | കളരിയ്ക്കൽപടി - മണക്കുന്നേൽപടി | 3.6 | 339 | - | - | 339 |
| | 319 | കുന്നുപറമ്പിൽപടി - മടുക്കുംമൂട് ജംഗ്ഷൻ | 6.0 | 510 | - | - | 510 |
| | 320 | മരിയ സർക്കുലർ റോഡ് | 1.8 | 146 | - | - | 146 |
| | 321 | ഉല്ലാസ് നഗർ റോഡ് | 4.2 | 215.5 | - | - | 215.5 |

മുകളിൽ കൊടുത്തിട്ടുള്ള പട്ടിക പരിശോധിക്കുമ്പോൾ നിലവിൽ ഈ പഞ്ചായത്തിന്റെ അധികാരത്തിൽ 89509 മീറ്റർ ദൈർഘ്യമുള്ള 321 റോഡുകൾ 12 വാർഡുകളിലായി ഉണ്ട് എന്നു കാണുന്നു. മൊത്തം ദൈർഘ്യത്തിന്റെ 10.96% മാത്രം മെറ്റൽ ചെയ്തപ്പോൾ മെറ്റൽ ചെയ്തതിന്റെ 75% മാത്രമാണു ടാർ ചെയ്തിട്ടുള്ളത്. മെറ്റൽ ചെയ്തതിന്റെ 25% ടാർചെയ്യാൻ അവശേഷിക്കുമ്പോൾ 89% റോഡും മെറ്റൽ ചെയ്യാൻ അവശേഷിക്കുകയാണ്. മൊത്ത ദൈർഘ്യത്തിന്റെ 89.04% ഗ്രാവൽസ് റോഡായി ശേഷിക്കുകയാണ്. ഈ കണക്കു വ്യക്തമാക്കുന്നത് പഞ്ചായത്തിലെ വെറും 8% റോഡു മാത്രമേ ആധുനിക വൽക്കരിക്കാൻ കഴിഞ്ഞിട്ടുള്ളു എന്നാണ്.

വാണിജ്യ പ്രധാനമായ പല കേന്ദ്രങ്ങളുടെ സാമീപ്യവും അവയുമായുള്ള ബന്ധവും ഉറപ്പിച്ചിട്ടുള്ള ഒരു പ്രദേശം എന്ന നിലയിൽ ഈ റോഡുകളുടെ അവസ്ഥ ഇവിടെ അധിവസിക്കുന്ന ജനങ്ങളെ ബാധിക്കുന്നതാണ്, സമീപസ്ഥമായ പട്ടണങ്ങളും തൊഴിൽ മേഖലകളുമായും ബന്ധപ്പെട്ട ജീവിത ശൈലിയാണ് വലിയ വിഭാഗം ജനങ്ങൾക്കുമുള്ളത്. അതു കൊണ്ടു തന്നെ റോഡുകൾ അവരുടെ ജീവിത ക്രമവുമായി പൊരുത്തപ്പെടത്തക്കവിധം സഞ്ചാരയോഗ്യമാക്കി നില നിർത്തേണ്ടതാണ്.

ഗ്രാമസഭകളിൽ നിന്നും റോഡുകളുടെ അപാകതകൾ പരിഹരിക്കണമെന്നുള്ള ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. വാർഡുതിരിച്ചുള്ള അവലോകനം സഭകളിൽ ഉയർന്നു വന്നിട്ടുള്ള ആവശ്യം ശരിവയ്ക്കും വിധമാണ്. താഴെ കൊടുത്തിരിക്കുന്ന വാർഡുകൾ തിരിച്ചുള്ള പട്ടികയിൽ നിന്നും അതുമനസ്സിലാക്കാം.

ഈ പട്ടിക വെളിപ്പെടുത്തുന്നത് ഒന്നാം വാർഡിൽ 7096 മീറ്റർ റോഡു നിർമ്മിച്ചിട്ടും ഒരു മീറ്റർ പോലും ടാർ ചേയ്തിട്ടില്ലെന്നാണ്. പത്താം വാർഡിൽ 6287 മീറ്ററും പന്ത്രണ്ടാം വാർഡിൽ 7166.5 മീറ്ററും റോഡുകളുണ്ടെങ്കിലും യഥാക്രമം 18. മീ. 200.മീ. എന്നീ ക്രമത്തിൽ മാത്രമേ ടാർ ചെയ്തിട്ടുള്ളു എന്നു കാണാം. രണ്ടും മൂന്നും വർഡുകളിൽ യഥാക്രമം 10% 3% മാത്രമാണു മെറ്റൽ ചേയ്ത റോഡുള്ളത്. 4-ാം വാർഡിൽ 11%, 5-ാം വാർഡിൽ 9% 6-ാം വാർഡിൽ 9%, 9-ാം വാർഡിൽ 6%, 8-ാം വാർഡിൽ 15%, 9-ാം വാർഡിൽ 14%, 11-ാം വാർഡിൽ 8%, 12-ാം വാർഡിൽ 17% എന്നിങ്ങനെയാണ് ടാർ ചെയ്തിട്ടു

പട്ടിക 2

| ക്രമ നമ്പർ | വാർഡു നമ്പർ | റോഡുകളുടെ എണ്ണം | ദൈർഘ്യം (മീറ്ററിൽ) | ടാർ ചെയ്തത് മീറ്ററിൽ | മെറ്റൽ ചെയ്തത് മീറ്ററിൽ | മെറ്റൽ ചെയ്യാനുള്ളത് മീറ്ററിൽ | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | I | 21 | 7096 | - | - | 7096 | - |
| 2 | II | 31 | 4863 | - | 650.00 | - | - |
| 3 | III | 30 | 7307 | - | 210.00 | 7097 | - |
| 4 | IV | 27 | 5571 | 615 | - | 4956 | - |
| 5 | V | 36 | 7015 | 695 | - | 6320 | - |
| 6 | VI | 29 | 8558 | 905 | - | 7653 | - |
| 7 | VII | 33 | 8875.1 | 525 | 799.7 | 7550.4 | - |
| 8 | VIII | 33 | 9938.7 | 155 | 200.00 | 9583.7 | |
| 9 | IX | 26 | 8846 | 1269 | 750.00 | 6827 | - |
| 10 | X | 13 | 6287 | - | - | 62107 | - |
| 11 | XI | 20 | 7985.7 | 621 | - | 7364.7 | - |
| 12 | XII | 22 | 7166.5 | 1217 | 200.00 | 5749.5 | |
| | | **321** | **89509.00** | **7347** | **2439.70** | **79722.3** | |

ള്ളതിന്റെ കണക്ക്. മെറ്റൽ ചെയ്യാത്ത ഭാഗങ്ങൾ മെറ്റൽ ചെയ്യാനും തുടർന്നു ടാർ ചെയ്യാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## പുതിയ റോഡുകൾ

നിലവിൽ 89509 മീറ്റർ റോഡുണ്ടായിരുന്നിട്ടും ഗ്രാമവാസികളുടെ സഞ്ചാര സൗകര്യം അപര്യാപ്തമായി തുടരുന്നു എന്നതാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള ആവശ്യങ്ങൾ കാണിക്കുന്നത്. സഭകളിൽ വന്നിട്ടുള്ള പുതിയ റോഡുകൾക്കുള്ള നിർദ്ദേശങ്ങൾ ഈ കാര്യം വ്യക്തമാക്കുന്നു.

## ശാസ്ത്രി നഗർ - അമ്പലം റോഡ്

പന്ത്രണ്ടു വാർഡുകളിൽ നിന്നുമായി 79 റോഡുകളുടെ ആവശ്യം ഉയർന്നിട്ടുണ്ട്. ഈ റോഡുകൾക്കൊന്നിനും വീതിയും നീളവും വ്യക്തമാക്കിയിട്ടില്ല. എന്നാൽ സ്ഥല വാസികളുടെ അടിയന്തിരാവശ്യങ്ങളാണ് ആ നിർദ്ദേശങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്നതെന്നു കാണാം. ഏകദേശം 19251 മീറ്റർ ദൈർഘ്യം വരുന്ന പുതിയ റോഡുകൾ പഞ്ചായത്തിലൊട്ടാകെ നിർമ്മിക്കേണ്ടിയിരിക്കുന്നതായി കണക്കാക്കുന്നു. നിലവിലുള്ള റോഡുകളിൽ മെറ്റലിംഗിനു ശേഷിക്കുന്നത് 79722.3 മീറ്ററാണ്. ഗ്രാമ സഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ 98973.3 മീറ്റർ റോഡ് മെറ്റൽ ചെയ്യാനും 10632.3 മീറ്റർ ടാർ ചെയ്യാനും ഉണ്ടാകുമെന്നു കാണാം. ഈ പണികൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ എത്രയും വേഗം കൈക്കൊള്ളേണ്ടതുണ്ട്.

## ഗ്രാമസഭകളിൽ നിന്നുള്ള മാറ്റാവശ്യങ്ങൾ

Ward I
1. കുമരങ്കരി- പറാൽ- ചങ്ങനാശ്ശേരി റോഡിൽ ഇപ്പോഴുള്ള കുഴലുകൾ മാറ്റി കലുങ്കുകൾ പണിയുക.
2. ഓടേറ്റി വടക്കേ ബ്ലോക്കു പാടശേഖരത്തിന്റെ പടക്കു പടിഞ്ഞാറുമുള്ള ബണ്ടുകളിലെ മടകൾക്കു മുകളിൽ 4 അടി വീതിയിൽ കോൺക്രീറ്റ് സ്ലാബ് ഇടുക.
3. വെട്ടിത്തുരുത്തു ഭാഗത്തുള്ള റോഡുകളിൽ നിലവിലുള്ള കുഴലുകൾക്കു വീതി കൂട്ടുക.

Ward II
1. ചിറത്തറ മുക്കും തൂമ്പ്രം പാടശേഖരവും ബന്ധിച്ച് നടപ്പാതയും പാലവും പണി കഴിപ്പിക്കുക.
2. അമ്പഴത്തിനാടി ചിറതൊണ്ടൻ വേലി അറുപതു പാടശേഖരത്തിന്റെ ബണ്ടിൽ നിന്നും കോണം ആര്യാടം പാക്ക പാടത്തിന്റെ ബണ്ടിലേക്ക് പാലം പണികഴിപ്പിക്കുക.
3. നത്തനാടിച്ചിറയിൽ നിന്നും 1-ാം വാർഡുമായി ബന്ധിപ്പിച്ചു പാലം പണിയിക്കുക.
4. വേളാച്ചങ്ങളം ബണ്ടിന്റെ എർത്തുവർക്കു പൂർത്തിയാക്കുക.
5. ചേരിക്കലകം പാടവും വാലടി പാടവുമായി ബന്ധിപ്പിക്കുന്ന നടപ്പാലം

Ward V
1. ചെത്തിപ്പുഴ കടവിൽ 200 മീറ്റർ നീളത്തിൽ കല്ലു കെട്ടുക

Ward VI
1. ഇല്ലത്തു പടി റോഡിൽ കലുങ്ക്
2. വെരൂർ ചിറ - വാടയിൽ പടി റോഡിൽ കോൺവെൻറ് മുതൽ - കലുങ്കു വരെ റീടെയിനിംഗം വാൾ കെട്ടുക

Ward VII
1. ഇളങ്കാവു ക്ഷേത്രം ഭാഗത്തേക്ക് റോഡും നടപ്പാലവും

Ward VIII
പട്ടാണിച്ചിറയിൽ കലുങ്ക് നിർമ്മിച്ച് നടുത്തോടിന്റെ വശങ്ങളിൽ Ret : wall പുതുച്ചിറക്കുഴി വരെ കെട്ടുക.

Ward IX
1. ലിസ്യൂ ജംഗ്ഷൻ - പാത്തിക്കൽ മുക്കു റോഡിന്റെ മദ്ധ്യത്തിലുള്ള പോസ്റ്റു റോഡിന്റെ വശത്തേയ്ക്കു മാറ്റിയിടുക.
2. പുതുച്ചിറ ബണ്ടിന്റെ വശങ്ങളിൽ സ്ലാബ് ഇടുക

3. പുല്ലുകാട്ടുചിറ ബണ്ടിൻെറ പണി പൂർത്തിയാക്കുക.

Ward X 1. വെട്ടുക്കാട്ടുമറ്റം പാടശേഖരത്തു കൂടി പുതിച്ചിറയ്ക്കുള്ള റോഡിനു കലുങ്കു നിർമ്മിക്കുക.

2. കൊല്ലമറ്റം പാടശേഖരത്തിൻെറ മദ്ധ്യത്തിലുള്ള തോടിനു പൊങ്ങൻ പുഴ ഭാഗത്തു സ്ലാബ് വാർത്തിടുക.

3. ചീരംചിറ കൊല്ലമറ്റം റോഡിൻെറ റിടെയിനിംഗ് വാൾ പൂർത്തിയാക്കുക. നിലവിലുള്ളതു കിളത്തി ഫില്ലു ചെയ്യുക.

4. തലക്കുളം അരിക്കത്തിൽമുക്കുറോഡ് അടിയന്തിരമായി മെയിൻെറനൻസ് ചെയ്യുക.

5. ചീരംചിറ - സ്കൂൾ ജംഗ്ഷൻ പുതുച്ചിറ റോഡിൻെറ മദ്ധ്യഭാഗം റിട്ടെയിനിംഗ് വാൾ കെട്ടി ചീരംചിറ പള്ളി ഭാഗത്തെ കയറ്റം വെട്ടി താഴ്ത്തണം.

6. ചീരംചിറ കൊല്ലമറ്റം റോഡും ചീരംചിറ നടച്ചാൽ റോഡും പണിപൂർത്തിയാക്കുക.

Ward XI റോഡിനു നടുവിൽ ഗതാഗതത്തിനു തടസ്സമായി നില്ക്കുന്ന പോസ്റ്റു മാറ്റി സ്ഥാപിക്കുക. ടാർ ഇടാത്ത എല്ലാ വഴികളും ടാർ ചെയ്യണം

XII 1. തേവലക്കരപടി- ശാന്തിനഗർ റോഡ് കുരിശുംമൂട് - കടമാൻചിറ റോഡ് ഇവ റീടാർ ചെയ്യാൻ നടപടി സ്വീകരിക്കണം.

• മേൽ നിർദ്ദേശങ്ങൾ മുഴുവനും ദൈനംദിന ജനജീവിതവുമായി ബന്ധമുള്ളമുള്ളതാണ്. ഇവയൊക്കെ അടിയന്തിര പ്രാധാന്യം കൊടുത്തു പൂർത്തീകരിക്കേണ്ടതാണ്.

## വികസനത്തിൻെറ പാതയിലെ രണ്ടു പദ്ധതികൾ

ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചാലോചിക്കുമ്പോൾ ഈ പഞ്ചായത്തിൻെറ സർവ്വതോന്മുഖമായ പുരോഗതിക്കു വെളിച്ചം വീശുന്ന രണ്ടു പദ്ധതികൾ പരിഗണിക്കേണ്ടതാണ്.

### 1. ചങ്ങനാശ്ശേരി ബൈപാസ്

മൂന്നും നാലും വാർഡുകളുടെ മദ്ധ്യത്തിൽ കൂടി പുന്നമൂടുമുതൽ ബ്ലോക്കുപടിവരെയുള്ള റോഡ് പഴയ M.C. റോഡിൻെറ ഭാഗമാണ്. ഈ റോഡിൻെറ ദൈർഘ്യം 1250 മീറ്ററാണ്. പുന്നമൂടു ജംഗ്ഷനിൽ നിന്നാരംഭിക്കുന്ന ഈ റോഡ് ബ്ലോക്കുപടിയിൽ നിന്നും തെക്കോട്ട് വാഴപ്പള്ളി ഹരിജൻ കോളനി വഴി ചങ്ങനാശ്ശേരി പറാൽ റോഡിലേക്കും അവിടെനിന്നും ആലപ്പുഴ ചങ്ങനാശ്ശേരി റോഡിലേയ്ക്കോ ഇടിഞ്ഞില്ലത്തേക്കോ ബന്ധിപ്പിച്ചാൽ ചങ്ങനാശ്ശേരിയിലെ ഗതാഗതക്കുരുക്കു ഇല്ലാതാക്കുന്നതിനു കഴിയും. റോഡിനാവശ്യമായ സ്ഥലം ലഭിക്കാൻ എളുപ്പമാവും. പുന്നമൂടു-ബ്ലോക്കുപടി ജംഗ്ഷൻ പഴയ M.C. റോഡിൻെറ ഭാഗമായതിനാൽ ഈ ബൈപാസിന് അത്രയും സ്ഥലം പുതുതായി കണ്ടെത്തേണ്ടതുമില്ല.

### 2. നീലമ്പേരൂർ റോഡിൽ നിന്നും മുളയ്ക്കാംതുരുത്തി വഴി പറാൽ - ചങ്ങനാശ്ശേരി - കുമരങ്കരി റോഡിലേയ്ക്ക് റോഡു നിർമ്മിക്കുക.

ഈ റോഡുമൂലം കാർഷികമേഖലയിൽ ബന്ധപ്പെട്ടു കഴിയുന്നവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാനും മുളയ്ക്കാംതുരുത്തി പാലത്തിനു സമീപമുള്ള കടവ് കാർഷികോല്പന്നങ്ങളുടേയും മറ്റും കയറ്റിറക്കിനുവേണ്ടി സജ്ജമാക്കി നിലനിർത്താനും കഴിയും.

## പരിസ്ഥിതി പ്രശ്നങ്ങൾ

റോഡുനിർമ്മാണം പരിസ്ഥിതിയെ ബാധിക്കുന്നു എന്ന കാര്യം പരിഗണിക്കേണ്ടതാണ്. നിലവിലുള്ള റോഡുകൾ മൂലം ഉണ്ടായിട്ടുള്ളതും പുതിയ റോഡുകൾ മൂലം ഉണ്ടാകാവുന്നതുമായ പരിസ്ഥിതി പ്രശ്നങ്ങൾക്കു പരിഹാരം കാണേണ്ടതുണ്ട്. റോഡുനിർമ്മാണത്തിനുവേണ്ടി മരം മുറി

ച്ചുമാറ്റുന്നതാണ് പ്രധാന പ്രശ്നം. പഞ്ചായത്തിന് ഒരു പരിധിവരെ ഇതു പരിഹരിക്കാൻ കഴിയും. നിലവിലുള്ള റോഡുകളുടെ പാർശ്വങ്ങളിൽ കഴിയുന്ന ഭാഗങ്ങളിലൊക്കെ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതിക്കു രൂപം കൊടുക്കാവുന്നതാണ്. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ മുറിച്ചുമാറ്റേണ്ടി വരുന്ന മരങ്ങൾക്കുപകരം റോഡിൻെറ പാർശ്വങ്ങളിൽ മരം വച്ചുപിടിപ്പിക്കുന്നതിനു നടപടി ഉണ്ടാകണം. റോഡുനിർമ്മാണവേളയിൽ നീരൊഴുക്കു തടസ്സപ്പെടാതിരിയ്ക്കുന്നതിനുള്ള മുൻകരുകതലുണ്ടാകണം.

റോഡുനിർമ്മാണവേളയിലെ മുൻകരുതലില്ലായ്മ റോഡുകൾ വേഗത്തിൽ പൊട്ടിപ്പൊളിഞ്ഞ് ഉപയോഗശൂന്യമാകുന്നതിനു കാരണമാകുന്നുണ്ട്. മഴക്കാലത്തു വെള്ളം പൂർണ്ണമായി വാർന്നു പോകാതിരിക്കുന്നതും കുത്തി ഒഴുകുന്നതും റോഡുകളിൽ കേടുപാടുകളുണ്ടാകുന്നു. ഇതൊഴിവാക്കാൻ പാർശ്വങ്ങളിൽ സൗകര്യപ്രദമായ ഓടകൾ തീർക്കണം. നീരൊഴുക്കു തടസ്സപ്പെടാത്തവിധം ആവശ്യമായ കലുങ്കുകൾ നിർമ്മിക്കണം. ആവശ്യമായ വീതി റോഡിനുണ്ടെങ്കിലേ ഇവയൊക്കെ നിർമ്മിക്കാൻ കഴിയൂ എന്നതു വസ്തുതയാണ്. പുതിയ റോഡു നിർമ്മികുമ്പോൾ കുറഞ്ഞത് 4 മീറ്ററെങ്കിലും വീതി ഉണ്ടായിരിക്കുന്നത് അഭികാമ്യമാണ്. ഈ വീതി ലഭിക്കുവാൻ സാദ്ധ്യതയില്ലാത്ത അത്യാവശ്യനടപ്പാതകൾക്ക് ഈ വ്യവസ്ഥയിൽ അയവു വരുത്തുകയും ചെയ്യണം.

## ഊർജ്ജം

ഊർജ്ജത്തിൻെറ സ്രോതസ്സ് പല ഘടകങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പരമപ്രാധാന്യം വൈദ്യുതിയ്ക്കു തന്നെ. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീടുകളിലും വിറകാണു ഇന്ധനാവശ്യത്തിനുപയോഗിക്കുന്നത്. ഇക്കാര്യത്തിൽ ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നിവയെ ആശ്രയിക്കുന്നവർ താരതമ്യേന കുറവാണെന്നു പറയാം.

പഞ്ചായത്തതിർത്തിക്കുള്ളിൽ വൻകിട വ്യവസായങ്ങളൊന്നും തന്നെയില്ല. ചെറുകിട വ്യവസായസ്ഥാപനങ്ങളും സർക്കാർ ഓഫീസുകൾ, സ്കൂളുകൾ തുടങ്ങി പൊതുസ്ഥാപനങ്ങളുമാണുള്ളത്.

ഗാർഹികോപഭോക്താക്കളിൽ ബഹുഭൂരിപക്ഷത്തിനും വൈദ്യുതിയുടെ കാര്യത്തിൽ പരാതിയാണുള്ളത്. പഞ്ചായത്തിലെ 12 വാർഡുകളിലും ഏറിയും കുറഞ്ഞും ഗാർഹിക, വാണിജ്യ, വ്യാപാര, കാർഷികമേഖലകളിൽ വൈദ്യുതി ആവശ്യഘടകമാണ്. പഞ്ചായത്തുപ്രദേശങ്ങളിൽ തെങ്ങണാ, ചങ്ങനാശ്ശേരി, കുറിച്ചി, കിടങ്ങറ എന്നീ KSEB സെക്ഷൻ ഓഫീസുകളിൽ നിന്നുമാണ് വൈദ്യുതിവിതരണം നടത്തുന്നത്. ഗ്രാമസഭകളിൽ നിന്നുമുള്ള പരാതി പരിശോധിച്ചാൽ പഞ്ചായത്തിലെ മിക്കവാറും ഭാഗങ്ങളിൽ വൈദ്യുതിവിതരണം നല്ല രീതിയിൽ നടക്കുന്നില്ലെന്നാണു കാണുന്നത്. കോളനിവാസികളുടെ പരാതിയും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുള്ള പരാതിയുടെ സത്വരപരിഹാരം കാണണം.

## വൈദ്യുതിവിതരണ സംവിധാനം

പഞ്ചായത്തുപ്രദേശത്ത് കുറ്റമറ്റതും മെച്ചപ്പെട്ടതുമായ വൈദ്യുതിവിതരണ സംവിധാനം ക്രമപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. 5000 - ൽ കൂടുതൽ ഉപഭോക്താക്കളുണ്ടെങ്കിൽ അവിടെ മേജർ സെക്ഷൻ ഓഫീസ് പ്രവർത്തിക്കണമെന്നുള്ളത് ഇലക്ട്രിസിറ്റി ബോർഡിൻെറ പ്രഖ്യാപിത നയമാണ്. പഞ്ചായത്തിലുള്ള ഉപഭോക്താക്കൾക്ക് ഇപ്പോൾ വൈദ്യുതി സംബന്ധമായി പല ഓഫീസുകളെയാണു ബന്ധപ്പെടേണ്ടി വരുന്നത്. ചില ആഫീസുകൾ പഞ്ചായത്തിനു വെളിയിലാണെന്നതും ശ്രദ്ധേയമാണ്. ഇലക്ട്രിസിറ്റി ബോർഡിൻെറ പ്രഖ്യാപിതനയമനുസരിച്ചുള്ള ഓഫീസ് സംവിധാനം പഞ്ചായത്തതിർത്തിക്കുള്ളിലുണ്ടായാൽ വൈദ്യുതി സംബന്ധമായ പരാതി ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയും. അതിനുള്ള ശ്രമം ആരംഭിക്കേണ്ടതാണ്.

## ഗ്രാമസഭകളിലെ ആവശ്യങ്ങൾ

Ward I

1. I, II വാർഡുകളിലെ വൈദ്യുതിവിതരണം കിടങ്ങറ പുഞ്ച സെക്ഷനിൽ നിന്നും മാറ്റി ചങ്ങനാശ്ശേരി ടൗൺ ഓഫീസിൻെറ കീഴിലാക്കുക.

2. വാർഡിൽ സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്ത ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ഇടുക.
3. ത്രീഫേസ് ലൈൻ വലിക്കുക.
4. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
5. പറാൽ മുസ്ലീം പള്ളി മുതൽ സെൻറ് ആൻറണീസ് ദേവാലയം വരെ വൈദ്യുതി ലൈൻ വലിക്കുക.
6. തോടിൻെറ ഇരു കരകളിലുമുള്ളവർക്കു കണക്ഷൻ ലഭ്യമാക്കുക.

Ward II

1. പുലിപ്രഭാഗത്തു വഴിവിളക്കുകൾ ലഭ്യമാക്കുക.
2. ശാസ്താക്ഷേത്രം മുതൽ അട്ടിക്കടവു വരെ വഴിവിളക്കുകൾ സ്ഥാപിക്കുക.
3. വെള്ളേക്കളം - ഞാറപ്പറമ്പു റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
4. അറയ്ക്കപ്പറമ്പു മുതൽ അംഗൻവാടി വരെ വഴിവിളക്കുകൾ സ്ഥാപിക്കുക
5. പാറയിൽ വഴിയിൽ 8 വീട്ടുകാർക്കു വൈദ്യുതി ലഭ്യമാക്കണം.
6. ആലഞ്ചേരി - കൊച്ചുപുരയ്ക്കൽ റോഡിൽ വഴിവിളക്കുകൾ.
7. ശാസ്താക്ഷേത്രത്തിനു പടിഞ്ഞാറുള്ള വഴിയിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

Ward III

1. കയറത്തിമുതൽ പടിഞ്ഞാറോട്ടുള്ള വഴിയിൽ വഴിവിളക്കുകൾ

Ward IV വഴിവിളക്കുകളില്ലാത്തിടങ്ങളിൽ അവ ലഭ്യമാക്കണം.

Ward V

1. ആറ്റുവാക്കരി - പാലാത്ര - ചാത്തനാടി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
2. സൊസൈറ്റി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക

Ward VI

1. മുട്ടിത്തറ - കറുകപ്പള്ളി റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
2. വടക്കേക്കര - പുറക്കാവു റോഡിൽ വഴിവിളക്കുകൾ
3. മിത്രംകുന്ന് - ചേന്നംപടവു റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
4. മറ്റത്തിൽ പടി - താഴത്തേൽ റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
5. തെക്കേകിഴക്കേതിൽ - പന്നകം റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
6. വാടയിൽ പടി - വെരൂർചിറ റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

Ward VII

1. എടയാടി തോണിക്കടവു റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
2. തൈക്കൂട്ടത്തിൽ നിന്നും തെക്കോട്ടു പാടശേഖരത്തിലേക്കുള്ള വഴിയിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

Ward VIII

1. പുതുച്ചിറ - പട്ടാണിച്ചിറ പ്രദേശങ്ങളിൽ വൈദ്യുതി ലഭ്യമാക്കണം.
2. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
3. ആവശ്യമായ സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.

Ward IX

1. പട്ടാണിച്ചിറ കോളനിയിൽ വൈദ്യുതി ലഭ്യമാക്കണം.
2. അറയ്ക്കപ്പടി - പുതുച്ചിറ റോഡിൽ വഴിവിളക്കുകൾ

Ward X ആവശ്യമായ സ്ഥലങ്ങളിൽ വഴിവിളക്കുകൾ ലഭ്യമാക്കണം.

Ward XI

1. ആവശ്യമായ സ്ഥലങ്ങളിൽ വഴിവിളക്കുകൾ ലഭ്യമാക്കണം.

2. മണ്ണാത്തിപ്പാറ - ഉമ്പുക്കാട്ടുറോഡിൽ വഴിവിളക്കുകൾ

3. എസ്റ്റേറ്റുപടി - മണ്ണാത്തിപ്പാറ റോഡിൽ വഴിവിളക്കുകൾ

Ward XII

1. ശാന്തിനഗർ - മലൂർക്കാവു റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

2. വ്യാപകമായുള്ള വോൾട്ടേജുക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുക.

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങളാണ് മുകളിൽ ചേർത്തത്. വഴിവിളക്കുകൾ സ്ഥാപിക്കണമെന്നും വോൾട്ടേജുക്ഷാമം പരിഹരിക്കണമെന്നുമുള്ള ആവശ്യം വ്യാപകമാണ്. അതിനാവശ്യമായ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കോളനികൾ വൈദ്യുതീകരിക്കണമെന്നുള്ള ആവശ്യവും ഉയർന്നുവന്നിട്ടുണ്ട്. കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള നടപടി അടിയന്തിര പ്രാധാന്യത്തോടെ ചെയ്യേണ്ടതുണ്ട്. വഴിവിളക്കുകൾ സ്ഥാപിക്കുക, റോഡിൽ സഞ്ചാരസൗകര്യം തടസ്സപ്പെടുത്തുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങളും സത്വരമായി നടപടി ഉണ്ടാകേണ്ടതാണ്.

ഊർജ്ജനഷ്ടം ഒഴിവാക്കുക, ചിലവുകുറഞ്ഞ രീതിയിലുള്ള ഊർജ്ജസ്ത്രോതസ്സുകൾ ഉപയോഗിക്കുക തുടങ്ങിയ കാര്യങ്ങളിൽ ബോധവൽക്കരണത്തിനുള്ള സംവിധാനം നടപ്പിലാക്കേണ്ടതാണ്.

## വീടുവൈദ്യുതീകരണം

ഹരിജനങ്ങൾ, ദുർബലജനവിഭാഗങ്ങൾ തുടങ്ങിയവരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുന്നതിനും ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനും അടിയന്തിര പ്രാധാന്യം നല്കി നടപടി സ്വീകരിക്കേണ്ടതാണ്.

## സ്വകാര്യമേഖലയിൽ വൈദ്യുതി ഉല്പാദനം

വൈദ്യുതി ഉദ്പാദനത്തിന് സ്വകാര്യമേഖലയിൽ ലളിതമായ വ്യവസ്ഥകളോടുകൂടി അനുമതി നല്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. ഈ രംഗത്ത് സ്വകാര്യസംരംഭകരെ കൂടി പ്രോത്സാഹിപ്പിക്കുക വഴി മാത്രമേ ഇന്നുള്ള വൈദ്യുതി പ്രശ്നത്തിന് ഒട്ടെങ്കിലും പരിഹാരം കാണുവാൻ കഴിയൂ.

## സൗരോർജ്ജ വിളക്കുകൾ - സോഡിയം വേപ്പർ ലാമ്പുകൾ

പഞ്ചായത്തിലെ പ്രധാന കവലകളിലും M.C. റോഡ്, ചങ്ങനാശ്ശേരി - വാഴൂർ റോഡ് എന്നിവിടങ്ങളിലും ആവശ്യാനുസരണം സൗരോർജ്ജവിളക്കുകളോ സോഡിയം വേപ്പർ ലാംമ്പുകളോ സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്.

## വഴിവിളക്കുപ്രകാശിപ്പിക്കൽ കാര്യക്ഷമമാക്കുക

ഇന്ന് പഞ്ചായത്തു പ്രദേശത്ത് ഒട്ടാകെയുള്ള വഴിവിളക്കുകളിൽ അധികപങ്കും കത്തുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. ഇത് പൊതുവായ പ്രശ്നമാണുതാനും. ഇതിനു പരിഹാരം കാണണമെങ്കിൽ വഴിവിളക്കുകൾ യഥാസമയം മാറ്റി ഇടുന്നതും പ്രകാശിപ്പിക്കുന്നതുമായ ജോലികൾ പഞ്ചായത്തുവഴി ചെയ്തു തീർക്കുന്നതിനു കഴിയണം. ആവശ്യമായ സാങ്കേതിക വിദഗ്ധരെ പഞ്ചായത്തിൽ ലഭ്യമാക്കണം. ഈ നിർദ്ദേശം പ്രാവർത്തികമാക്കാൻ സർക്കാർതലത്തിൽ തീരുമാനമുണ്ടാകണം.



# പാർപ്പിടവും - സാമൂഹ്യക്ഷേമവും

സാമ്പത്തിക ഭദ്രതയുള്ളവരും ഇടത്തരക്കാരും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരും ഇടചേർന്ന് ജീവിച്ചു പോരുന്ന പ്രദേശങ്ങളാണ് ഇവിടത്തെ ഗ്രാമങ്ങൾ. അതിൽ വ്യാപാരികളും ഉദ്യോഗസ്ഥരും തൊഴിലാളികളും കർഷകരും ഉൾപ്പെടുന്നു. വിദേശത്തു ജോലി സമ്പാദിച്ച് ഏറെ വരുമാനമുണ്ടാക്കി മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ളവർ നിരവധിയുണ്ട്. കുട്ടനാടൻ പ്രദേശങ്ങളിൽ നിന്ന് വെള്ളപ്പൊക്കക്കെടുതികളാൽ, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളുള്ളതുകൊണ്ട്, ചങ്ങനാശ്ശേരി പട്ടണത്തോടു ചേർന്നു കിടക്കുന്ന ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി വീടുകൾ തീർത്ത് നിരവധി കുടുംബങ്ങൾ പുതിയതായി വന്നു താമസം തുടങ്ങിയിരിക്കുന്നു. ഭൂമിയുടെ വില കുതിച്ചുകയറുന്നതിന് ഇതൊരു കാരണമാവാം. പഴയ കൃഷിഭൂമികൾ മിക്കതും തുണ്ടുപാർപ്പിടങ്ങളായിത്തീർന്നിരിക്കുന്നു. തന്മൂലം ഇവിടത്തെ പാവപ്പെട്ടവന്റെയും സാധാരണക്കാരന്റെയും പാർപ്പിട പ്രശ്നം നാൾക്കുനാൾ സങ്കീർണ്ണമായിത്തീരുന്നു. പണിയെടുക്കുന്നവന് തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും ഗണ്യമായി കുറയുന്നു. ദരിദ്രൻ വീണ്ടും വീണ്ടും പാപ്പരീകരിക്കപ്പെട്ടുപോകുന്നു. പുറം പോക്കുകളിലും നിലങ്ങളൂടെ ചിറകളിലും ചതുപ്പു പ്രദേശങ്ങളിലും, മറ്റെങ്ങും ഒരിടം വാങ്ങാൻ പറ്റാത്തതിനാൽ, കുടിൽ കെട്ടി കഴിഞ്ഞുകൂടുന്നവർ പൊതുവേ എല്ലാ വാർഡു പ്രദേശങ്ങളിലുമുണ്ട്. വീടില്ലാത്തവർക്കായി ഭവന നിർമ്മാണ പദ്ധതികൾ പലതുണ്ടെങ്കിലും ദരിദ്ര വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾക്ക് അതൊന്നും ശാശ്വത പരിഹാരമാർഗ്ഗമാവുന്നില്ല. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ കൂട്ടായ ശ്രമം - സർക്കാർ, സ്ഥാപനങ്ങൾ, സാമൂഹ്യ

സാംസ്ക്കാരിക സന്നദ്ധസംഘടനകൾ, വ്യക്തികൾ എല്ലാം - പ്രശ്നപരിഹാരത്തിന് അനിവാര്യമായിത്തീർന്നിരിക്കുന്നു.

## വീടു വയ്ക്കാൻ സ്ഥലം കണ്ടെത്തൽ

കൃഷിയോഗ്യമായ നിലങ്ങൾ നികത്തി ഉയർത്തിയെടുക്കുന്ന ഏർപ്പാട് വ്യാപകമായിരിക്കയാണ്. യഥാർത്ഥ ആവശ്യം എന്തെന്ന് ഉറപ്പാക്കുന്നതിനായി, വീടുവയ്ക്കുന്നതിന്/വ്യവസായാവശ്യത്തിന്/മറ്റാവശ്യത്തിന് എന്നിങ്ങനെ ആവശ്യമായ അനുമതി നല്കുന്നതിന് പ്രാദേശിക സ്വയം ഭരണ സ്ഥാപനത്തെ ചുമതലപ്പെടുത്തുന്ന നിയമം ഉണ്ടാവേണ്ടതാണ്. പാർപ്പിടപ്രശ്ന പരിഹാരത്തിനായി ഭൂമി വാങ്ങാൻ നിയമമനുവദിക്കുന്നുണ്ടെങ്കിലും സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഭൂമിവില തീരെ അപര്യാപ്തമാണ്. അതിനാൽ വിലനിർണ്ണയാവകാശം നിയമഭേദഗതിയിലൂടെ പഞ്ചായത്തുകൾക്കു ലഭിക്കേണ്ടതാണ്.

## ഭവന നിർമ്മാണ ഏജൻസികൾ

ഭവന നിർമ്മാണ രംഗത്ത് പല ഗവൺമെൻറ് ഏജൻസികൾ നിലവിലുണ്ട്. എങ്കിലും വായ്പ ലഭിക്കുവാനുള്ള നിയമതടസ്സങ്ങൾ ഏറെയാണ്. ഗുണഭോക്താവിന് സാമ്പത്തികസഹായം ലഭിക്കുവാൻ വളരെ കാലതാമസം നേരിടുന്നു. ഇങ്ങനെ പലവിധ കാരണങ്ങളാൽ സ്വന്തമായി ഒരു വീട് എന്ന പാവപ്പെട്ടവൻെറ സങ്കല്പം പലപ്പോഴും സാക്ഷാത്കരിക്കപ്പെടാതെ പോവുന്നു. അതിനാൽ ഭവന നിർമ്മാണ വായ്പകൾ അർഹതപ്പെട്ടവന് യഥാകാലം ലഭിക്കത്തക്കവിധം നിയമവ്യവസ്ഥകൾ ഏറെ ലളിതവും ഉദാരവുമാക്കേണ്ടിയിരിക്കുന്നു. ചില നിർദ്ദേശങ്ങൾ ചുവടെ:

1. അപേക്ഷകൻ വസ്തുസംബന്ധമായ ഉടമസ്ഥാവകാശരേഖ പഞ്ചായത്തിലായിരിക്കണം സമർപ്പിക്കേണ്ടത്. വായ്പത്തുക അനുവദിച്ചു നല്കേണ്ടതും പഞ്ചായത്തിൽ നിന്നാവണം.
2. ആകെ ചെലവിൻെറ 10% വരുന്ന തുക അപേക്ഷകൻ മുൻകൂറായി നിക്ഷേപിക്കേണ്ടതാണ്. സ്വന്തം അധ്വാനമൂല്യം 15% എങ്കിലും ഉണ്ടായിരിക്കണം.
3. വായ്പതുകയ്ക്ക് തുച്ഛമായ പലിശനിരക്കു മാത്രമേ ഈടാക്കാവൂ.
4. ഗുണഭോക്താവിൻെറ താത്പര്യപ്രകാരമായിരിക്കണം തിരിച്ചടവിൻെറ കാലാവധിയും തവണയും തുകയും തിട്ടപ്പെടുത്തേണ്ടത്.
5. മാനുഷിക പരിഗണന അർഹിക്കുന്നവർക്ക് ഉപാധിരഹിതമായി തുക അനുവദിക്കണം.

### പഞ്ചായത്തിലെ നിലവിലുള്ള വീടുകളുടെ പട്ടിക I

| വാർഡ് നമ്പർ | കോൺക്രീറ്റ് | ഓട് | കുടിൽ | ആകെ |
|---|---|---|---|---|
| 1. | 98 | 378 | 391 | 867 |
| 2. | 116 | 212 | 97 | 425 |
| 3. | 176 | 218 | 125 | 519 |
| 4. | 174 | 280 | 109 | 563 |
| 5. | 176 | 311 | 221 | 708 |
| 6. | 120 | 352 | 207 | 679 |
| 7. | 62 | 283 | 220 | 565 |
| 8. | 324 | 420 | 246 | 990 |
| 9. | 143 | 318 | 188 | 649 |
| 10. | 97 | 134 | 188 | 649 |
| 11. | 147 | 367 | 195 | 709 |
| 12. | 211 | 266 | 65 | 542 |

### സ്വന്തമായി പാർപ്പിടം ഇല്ലാത്തവർ പട്ടിക II (വാസയോഗ്യം)

| വാർഡ് നമ്പർ | വീടില്ലാത്തവർ ആകെ | വിധവകൾ | നിത്യരോഗികൾ | വികലാംഗർ | SC/ST | മറ്റുള്ളവർ |
|---|---|---|---|---|---|---|
| 1 | 129 | 10 | 25 | 1 | 30 | 63 |
| 2 | 48 | 12 | 10 | 2 | 10 | 14 |
| 3 | 62 | 6 | 5 | 1 | 15 | 35 |
| 4 | 49 | 2 | 4 | 1 | 4 | 38 |
| 5 | 71 | 6 | 7 | - | 10 | 48 |
| 6 | 67 | 7 | 5 | 1 | 5 | 49 |
| 7 | 62 | 12 | 10 | 2 | 30 | 8 |
| 8 | 182 | 10 | 5 | 2 | 25 | 140 |

| | | | | | | |
|---|---|---|---|---|---|---|
| 9 | 65 | 5 | 12 | 1 | 13 | 34 |
| 10 | 76 | 7 | 11 | 3 | 12 | 43 |
| 11 | 71 | 3 | 4 | 4 | 10 | 50 |
| 12 | 32 | 4 | 5 | - | 2 | 21 |
| ആകെ | 914 | 84 | 103 | 18 | 167 | 372 |

ഈ പദ്ധതി നടപ്പാക്കുമ്പോൾ അർഹതപ്പെട്ട വരുടെയും ആവശ്യക്കാരുടെയും മുൻഗണനാക്രമം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആകെയുള്ള 914 കുടുംബങ്ങൾക്കും പാർപ്പിടസൗകര്യം ഒരുക്കിക്കൊടുക്കേണ്ടത് സാമൂഹ്യമായ ആവശ്യവും പഞ്ചായത്തിന്റെ ഉത്തരവാദിത്വവുമാണ്. ഫ്ലാറ്റുസംവിധാനം കൂടുതൾ മെച്ചപ്പെട്ടതും ആദായകരവുമായ പാർപ്പിടനിർമ്മാണ രീതിയായിരിക്കും. വീടും അനുബന്ധ സകര്യങ്ങളും ഉറപ്പാക്കിയാൽ ഇക്കൂട്ടരുടെ വിദ്യാഭ്യാസ, സാമ്പത്തിക പുരോഗതിയും അതുവഴി സാമൂഹ്യ സാംസ്കാരിക പുരോഗതിയും കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും.

## വിദഗ്ദ്ധ തൊഴിലാളികളുടെ അപര്യാപ്തത

വീടുകളുടെ എണ്ണത്തിലുണ്ടാകുന്ന പെരുപ്പത്തിനാനുപാതികമായ വർദ്ധനവ് വിദഗ്ദ്ധതൊഴിലാളികളുടെ കാര്യത്തിൽ ഉണ്ടാകുന്നില്ല. പാരമ്പര്യ തൊഴിലാളികൾ ഏറെപ്പേരുടെയും മക്കൾ വിദ്യാഭ്യാസം നേടുകയും മറ്റു തൊഴിൽരംഗങ്ങളിൽ പോവുകയും ചെയ്യുന്നു. ഇതു കണക്കിലെടുത്ത് ഈ രംഗത്ത് ശ്രദ്ധയും താത്പര്യവും വളർത്തിയെടുക്കാൻ നമ്മുടെ യുവാക്കൾക്കു വേണ്ട പ്രേരണ ചെലുത്തുവാനും അങ്ങനെ തൊഴിലില്ലായ്മ ഒരളവുവരെ പരിഹരിക്കുവാനും കഴിയണം. അതിനാവശ്യമായ ബോധവല്ക്കരണമാണ് പ്രധാനമായും ഉണ്ടാവേണ്ടത്.

## വിദഗ്ദ്ധതൊഴിലാളിയുടെ കൂലിനിരക്ക്

1972-ൽ വിദഗ്ദ്ധ തൊഴിലാളിയുടെ കൂലി 12 രൂപയായിരുന്നു 1975-ൽ 15 രൂപയായി ഉയർന്നു. 1985-ൽ 60 രൂപയും 1995-ൽ 150 രൂപയായും വർദ്ധിച്ചിരിക്കുന്നു. ഏറ്റവുമധികം തൊഴിൽ സാധ്യതയും കൂടുതൽ തൊഴിൽദിന ലഭ്യതയും ഉള്ളതിനാൽ യുവാക്കളെ ഈ രംഗത്തു കടന്നു വരുവാൻ പ്രേരിപ്പിക്കണം.

## അവിദഗ്ദ്ധ തൊഴിലാളികൾ

കാർഷിക രംഗത്തെ മുരടിപ്പും അസ്ഥിരതയും മൂലം തൊഴിലാളികളും ആ രംഗം വിട്ട മട്ടാണ്. നിർമ്മാണരംഗത്ത് ഏറെപ്പേർ കടന്നു കൂടിയിരിക്കുന്നു. 1975-ൽ ഇവരുടെ കൂലിനിരക്ക് 7 രൂപയായിരുന്നത് 1985-ൽ 50 രൂപയായും 1995 ആയപ്പോൾ 100 രൂപയായും ഉയർന്നിരിക്കുന്നു. ഈ രംഗത്ത് ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം ഏറെ വർദ്ധിച്ചിട്ടുണ്ടെങ്കിലും അവരുടെ കൂലിനിരക്ക് പുരുഷതൊഴിലാളിയുടേതിനേക്കാൾ വളരെ കുറവാണ്. ഈ അന്തരം പാടില്ലാത്തതാണ്.

## പാർപ്പിടപ്രശ്നവും ചില പരിഹാര നിർദ്ദേശങ്ങളും:

1. പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണസഹകരണസംഘം രൂപീകരിക്കുക.
2. എഞ്ചിനീയർ മുതൽ ലേബർ വരെ സപ്ലൈ ചെയ്യുന്നതിനുള്ള ഒരു ലേബർ സംഘടന രൂപീകരിക്കുക. ആ സംഘടന വഴി കൂടുതൽ പേർക്ക് പരിശീലനം നല്കാനും കഴിയണം.
3. കെട്ടിട നിർമ്മാണ സാമഗ്രികൾ ഭവന നിർമ്മാണ സംഘം വഴി നല്കുക.
4. പഞ്ചായത്തു മുഖാന്തരം സബ്സിഡി നിരക്കിൽ സാധന സാമഗ്രികൾ നല്കുക.
5. ഭവന നിർമ്മാണത്തിന് അപേക്ഷ സമർപ്പിക്കലും പഞ്ചായത്തിന് അനുമതി നല്കൽ അവകാശവും നിയമമാക്കുക.
6. വീടുകളുടെ ചെലവിന് പരിധി നിർണ്ണയിക്കാവുന്നതും അതിൽ കവിഞ്ഞുള്ളവയ്ക്ക് അധികച്ചുങ്കം ഈടാക്കാവുന്നതുമാണ്.
7. സ്റ്റേജ് സർട്ടിഫിക്കറ്റ് ഗ്രാമസഭ മെമ്പറുമാർ നൽകുക.
8. ചെലവുകുറഞ്ഞ വീടുകൾക്കു പ്രചാരം നൽകുക.

9. പഞ്ചായത്തുകൾ വഴി നിർമ്മിച്ചു കൊടുക്കുന്ന വീടുകൾ 20 വർഷം വരെ കൈമാറ്റം ചെയ്യുവാൻ പാടില്ല.

10. പ്രകൃതിക്ഷോഭം മുഖാന്തരം കേടുപാടുകൾ വന്ന വീടുകൾ പുതുക്കി പണിയുമ്പോൾ, പണിയുന്നത് ഏറ്റവും ബലവത്തായ രീതിയിലും, അതിന് അനുവദിക്കുന്നത് പണത്തിന് പകരം സിമൻറ്, കല്ല്, ഇഷ്ടിക, കമ്പി എന്നീ ഇനത്തിലുമായിരിക്കണം.

## ഭൂമിയില്ലാത്ത ഭവനരഹിതർക്ക്

1. 3 സെൻറിൽ കുറയാത്ത ഭൂമി പഞ്ചായത്തുകൾ നൽകുക.
2. ഈ ഭൂമിയുടെ കൈമാറ്റ അവകാശം പഞ്ചായത്തിനുമാത്രമായിരിക്കും ഉപയോഗ അവകാശം മാത്രം വ്യക്തികൾക്കു നൽകുക.
3. ആ കെട്ടിടം ഉപയോഗിക്കാനുള്ള ആജീവനാന്ത അവകാശം അനുവദിക്കുന്ന വ്യക്തികൾക്കും അവരുടെ തലമുറയ്ക്കും ലഭ്യമാക്കണം.
4. ഇങ്ങനെയുള്ള വീടുകൾക്കുവേണ്ടി വരുന്ന ചെലവിൻെറ ഒരു ഭാഗം അവകാശികൾ അല്ലെങ്കിൽ സാമൂഹിക സംഘടനകൾ നൽകിയാൽ മതി.

## പഞ്ചായത്തുതലത്തിൽ നിർമ്മിക്കേണ്ട കക്കൂസുകൾ

| I | II | III | IV | V | VI |
|---|---|---|---|---|---|
| 416 | 250 | 200 | 50 | 125 | 50 |
| VII | VIII | IX | X | XI | XII |
| 100 | 200 | 150 | 263 | 200 | 150 |

ആകെ 2054 എണ്ണം നിർമ്മിച്ചു നൽകണം. ഇതിലൂടെ നമ്മുടെ പഞ്ചായത്ത് സമ്പൂർണ്ണ കക്കൂസ് സൗകര്യമുള്ള ഒരു പഞ്ചായത്തായി ത്തീരും. ഈ പദ്ധതി പൂർണ്ണമായും നടപ്പിലാകും.

## സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖയ്ക്കു താഴെ ഉള്ളവരെ ഉയർത്തിക്കൊണ്ടു വരുവാനും, അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനും, പല ക്ഷേമപദ്ധതികളും കൈക്കൊണ്ടിട്ടുണ്ട്. ഇത് ദരിദ്ര ജനവിഭാഗങ്ങൾ അറിയുന്നില്ല. ഇവർ പലപ്പോഴും ചൂഷണത്തിനു വിധേയരാകുന്നു. പല ഓഫീസുകളിലെയും നടപടിക്രമങ്ങൾ പോലും ദരിദ്രവിഭാഗങ്ങൾക്ക് അറിവില്ല. ഇത് പരിഹരിക്കുവാൻ പഞ്ചായത്ത് മുഖാന്തരം നടപടികൾ കൈക്കൊള്ളണം.

## സ്വയം തൊഴിൽ പരിശീലനം

18 മുതൽ 35 വരെയുള്ള യുവതീയുവാക്കളെ സ്വയം തൊഴിൽ പരിശീലനം നൽകുന്നതിന് സ്കൂൾ ഓഫ് ടെക് എന്ന പേരിൽ, പരിശീലന കേന്ദ്രം പഞ്ചായത്തു തലത്തിൽ തുടങ്ങുക.

## പരിശീലനം തുടങ്ങേണ്ട മേഖലകൾ

വീടുപണി, മൊസൈക്ക്, തടിപ്പണി, ഇഷ്ടിക പണി, കമ്പി പണി, Food ഉല്പന്നങ്ങൾ, പാലുല്പന്നങ്ങൾ, പഴവർഗ്ഗങ്ങൾകൊണ്ടുള്ള, നെല്ല്, അരി ഇവ കൊണ്ടുള്ള സാധനങ്ങൾ, തയ്യൽ, കുടകൾ, തഴപ്പാ, മൺപാത്രം, കലാരൂപം, സിമൻറ് ഇഷ്ടിക നിർമ്മാണം, കിണർ, കക്കൂസ് റിങ്ങ് എന്നിങ്ങനെ ഭവനനിർമ്മാണത്തോടും മറ്റ് അനുബന്ധകാര്യങ്ങളെ സംബന്ധിച്ചും.

## തൊഴിൽ ഉപകരണം – വായ്പ അടിസ്ഥാനത്തിൽ നൽകുക

ഗ്രാമീണ തൊഴിലുകാർക്ക് നവീന തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് Tool Bag എന്ന പദ്ധതി തുടങ്ങുക. ഈ പദ്ധതി കൊണ്ടുള്ള ഗുണം സൂചി മുതൽ തൂമ്പാ വരെയുള്ള ഉപകരണം ലഭ്യമാകും എന്നുള്ളതാണ്. ഇതുകൊണ്ട് വിവിധ തൊഴിലുകൾ ചെയ്യുന്നവർക്കും, പുതിയതായി തൊഴിലിൽ പ്രവേശിക്കുന്നവർക്കും ഗുണം ചെയ്യും.

## പെൻഷൻ ആനുകൂല്യം

സാമൂഹ്യക്ഷേമരംഗത്ത് റവന്യുവകുപ്പ് പല പെൻഷൻ പദ്ധതികളും നടപ്പാക്കിയിട്ടുണ്ടെങ്കിലും അർഹരായ മുഴുവൻപേർക്കും ആനുകൂല്യം കിട്ടുന്നില്ല. അനർഹരായ കുറേപേർ ആനുകൂല്യം കൈപ്പറ്റുന്നുണ്ട്. ഇത് തടയപ്പെടേണ്ടതാണ്. അർഹരായ ഗുണഭോക്താക്കൾക്ക് ആനുകുല്യങ്ങൾ കൃത്യമായി ലഭിക്കുന്നില്ലായെന്ന പരാതിയുണ്ട്. ഇങ്ങനെയുള്ള ആനുകുല്യംകിട്ടുന്നവരെയെല്ലാം ചേർത്ത് ഒരു സഹായനിധി സെക്ഷൻ പഞ്ചായത്തുതലത്തിൽ തുടങ്ങണം.

## നിലവിൽ പഞ്ചായത്തുവഴി നല്കി വരുന്ന പെൻഷൻ

വാർദ്ധക്യകാലപെൻഷൻ - 33

വിധവാപെൻഷൻ - 87

# ക്ഷേമനിധികളെ സംബന്ധിച്ച്

## നിർമ്മാണതൊഴിലാളിക്ഷേമനിധി

പഞ്ചായത്തിലെ നിർമ്മാണരംഗത്തു പ്രവർത്തിക്കുന്ന മുഴുവൻ ആളുകളെയും അംഗങ്ങൾ ആക്കുവാനുള്ള നിർബ്ബന്ധ ശ്രമം ഉണ്ടാകണം. ഇടമവിഹിതം പിരിക്കുന്നില്ലയെന്ന പരാതിയും നിലനില്ക്കുന്നു. തൊഴിൽ മേഖലയിൽ നിന്നും തൊഴിലാളികൾ 55 വയസ്സിൽ പിരിയാൻ നിർബന്ധിതരാകുന്നു. അനാരോഗ്യമാണ് കാരണം. അതുകൊണ്ട് പെൻഷൻ പ്രായം 55 ആയിചുരുക്കുക. മുഴുവൻ ആളുകളെയും നിയമം മൂലം ക്ഷേമ നിധിയിൽ അംഗങ്ങളാക്കുകയും വേണം.

## ആഭരണ തൊഴിലാളിക്ഷേമനിധി

വളരെ ചുരുക്കം പേർ മാത്രമെ ഈ പദ്ധതിയിൽ ചേർന്നിട്ടുള്ളു. അവശേഷിക്കുന്നവരെ ക്ഷേമനിധിയിൽ പങ്കാളികളാക്കാനുള്ള വിപുലശ്രമം ഉണ്ടാകണം.

## കൈത്തൊഴിലാളി - വിദഗ്ധ തൊഴിലാളി ക്ഷേമനിധി .

തയ്യൽക്കാർ, ബാർബർ, കൊല്ലന്മാർ, മരംകയറ്റക്കാർ, ബീഡിത്തൊഴിലാളികൾ, വാച്ചർ, സൈക്കിൾ റിപ്പയറർമാർ, ഫോട്ടോഗ്രാഫർമാർ, വർക്ക്ഷോപ്പ് നടത്തുന്നവർ തുടങ്ങിയവർ നമ്മുടെ പഞ്ചായത്തിൽ ധാരാളം ഉണ്ട്. അവരെയെല്ലാം ഈ പദ്ധതിയിൽ കൊണ്ടുവരുവാൻ കഴിയണം.

സാമൂഹിക കാര്യങ്ങൾ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുവാൻ 10 വീട്ടുകാർക്ക് ഒരു അയൽക്കൂട്ടം എന്ന തോതിൽ വാർഡുകളിൽ ഗ്രൂപ്പ് സമിതികൾ രൂപീകരിച്ചു പ്രവർത്തിക്കണം.

## പൊതുവിതരണം

പഞ്ചായത്തിലാകെ 11 റേഷൻഷാപ്പുകൾ പ്രവർത്തിക്കുന്നു. ചിലവാർഡുകളിൽ ഇന്നും റേഷൻഷോപ്പ് ഇല്ലായെന്നുള്ളതും പ്രസ്താവ്യമാണ്. ഈ ഷോപ്പുകൾ വഴി നിത്യോപയോഗ സാധനങ്ങൾ കൂടി വിതരണം ചെയ്താൽ വിലക്കയറ്റം ഒരു പരിധിവരെ തടയുവാൻ സാധിക്കും.

## മാവേലിസ്റ്റോർ

പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് പഞ്ചായത്തുപ്രദേശത്തെ മുഴുവൻ പേർക്കും പ്രയോജനപ്രദമായനിലയിൽ രണ്ടു മാവേലിസ്റ്റോറുകൾ ആരംഭിക്കാൻ നടപടിസ്വീകരിക്കേണ്ടതാണ്.



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

## സ്ഥിതിവിവര കണക്ക്

വാഴപ്പള്ളി പഞ്ചായത്തിൽ 12 വാർഡുകളിലായി 476 പട്ടികജാതി കുടുംബങ്ങളും 3435 അംഗങ്ങളുമുണ്ട്.

| വാർഡ് | കുടുംബങ്ങൾ | അംഗങ്ങൾ |
|---|---|---|
| 1 | 74 | 520 |
| 2 | 90 | 660 |
| 3 | 70 | 490 |
| 4 | 40 | 290 |
| 5 | 39 | 265 |
| 6 | 36 | 195 |
| 7 | 40 | 290 |
| 8 | 60 | 240 |
| 9 | 25 | 155 |
| 10 | 20 | 140 |
| 11 | 25 | 160 |
| 12 | 17 | 120 |

## സാമൂഹികസ്ഥിതി

ചരിത്രപരമായ കാരണങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ദീർഘകാലം അകറ്റി നിർത്തപ്പെട്ട ഒരു ജനവിഭാഗം എന്ന നിലയിൽ അധഃസ്ഥിതത്തിൽ ആണ്ടുപോയ ഇവരെ ഉദ്ധരിക്കേണ്ടതിന്റെ ആവശ്യകത കണ്ടറിഞ്ഞ് ഭരണഘ

ടനയിലൂടെ പരിരക്ഷകൾ ഉറപ്പുവരുത്തി പലവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെങ്കിലും ഇക്കൂട്ടരുടെ സാമൂഹ്യസ്ഥിതി ഇന്നും ശോചനീയമാണെന്നാണ് ഈ പഞ്ചായത്തിലെ പഠനങ്ങൾ വെളിവാക്കുന്നത്. അയിത്തം, ജാതിപരമായ അകറ്റിനിർത്തൽ ഇവ പ്രകടമായരൂപത്തിൽ നിലനില്ക്കുന്നതായി അറിവില്ല എങ്കിലും ഇവ പാടേ നിർമ്മാർജ്ജനം ചെയ്യപ്പെട്ടുകഴിഞ്ഞോ എന്നത് അതിസൂക്ഷ്മമായ പഠനത്തിന് വിഷയീഭവിക്കേണ്ടതാണ്.

പഞ്ചായത്തിലെ ഒന്ന്, രണ്ട് വാർഡുകളിലെ വെള്ളക്കെട്ടുപ്രദേശങ്ങളിലെ പട്ടികജാതി കുടുംബങ്ങൾ, 3-ാം വാർഡിലെ ശങ്കരമംഗലം ചിറയിലെ 9 കുടുംബങ്ങൾ, അഞ്ചും ആറും വാർഡിലെ റെയിൽവേ പുറംപോക്കു ഭൂമിയിലെ കുടികിടപ്പുകാരായ പട്ടികജാതിക്കാർ എന്നിവരുടെ സ്ഥിതി തീർത്തും കാരുണ്യപ്രവർത്തനങ്ങൾ അർഹിക്കുന്നവയാണ്. ഇക്കൂട്ടരുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ സത്വര നടപടികൾ വേണ്ടതാണ്.

## സാമ്പത്തികരംഗം

സാമ്പത്തികരംഗത്ത് ഈ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാരുടെയും സ്ഥിതി തീർത്തും പിന്നോക്കമാണ്. നിത്യവൃത്തിക്കായിപ്പോലും സ്ഥിരവരുമാനമാർഗ്ഗങ്ങളില്ല. 70% ത്തോളം ആൾക്കാർ കാർഷികമേഖലയിലെ തൊഴിലിനെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. ഈ മേഖലയിൽ സീസണൽ ജോലികൾ മാത്രമായതിനാൽ തൊഴിലില്ലാത്ത ദിവസങ്ങളുടെ എണ്ണം ഏറെയാണ്. അന്നു തേടിയാൽ അന്നു കഴിക്കാം, അല്ലെങ്കിൽ പട്ടിണി. അതാണ് ഈ 70 ശതമാനത്തിന്റെയും അവസ്ഥ.

## വിദ്യാഭ്യാസ രംഗം

ഏറിയ പങ്കും സാക്ഷരരാണെന്നതാണ് ഏക ആശ്വാസം. എന്നാൽ പ്രശസ്തനിലയിൽ ഉന്നത വിദ്യാഭ്യാസം നേടാനോ തദ്വാരാ ഉയർന്ന ഉദ്യോഗങ്ങളിൽ കയറിപ്പറ്റാനോ കഴിഞ്ഞവർ വിരളമാണ്. ശാസ്ത്രസാങ്കേതിക വിഷയങ്ങളിൽ പരിജ്ഞാനം നേടാനോ അവ പ്രയോജനപ്പെടുത്തി ജീവിതനിലവാരം മെച്ചപ്പെടുത്താനോ കഴിയുന്നവരായി ഈ പഞ്ചായത്തിൽ ആരും തന്നെയില്ല എന്നാണ് പഠനങ്ങളിൽ നിന്നും ഗ്രഹിക്കാൻ കഴിയുന്നത്.

## സർക്കാരുദ്യോഗങ്ങൾ

0.5% ത്തിൽ താഴെ മാത്രമാണ് പട്ടികജാതി വർഗ്ഗത്തിൽപെട്ട സർക്കാരുദ്യോഗസ്ഥർ ഈ പഞ്ചായത്തിലുള്ളത്. അർദ്ധസർക്കാർസ്ഥാപനങ്ങളിലെ ഉദ്യോഗകാര്യങ്ങളിലും സ്ഥിതിമെച്ചമല്ല. സ്ഥിരവരുമാനമുള്ള മറ്റു മേഖലകളിൽ പണിയെടുക്കുന്നവരായി ആരും തന്നെയില്ല. ഫാക്ടറികൾ ഈ പഞ്ചായത്തിൽ കുറവായതിനാൽ ആ വിഭാഗത്തിലും ഇക്കൂട്ടർ തീരെയില്ല.

### ഡോക്ടർമാർ

ആരുംതന്നെ ഇല്ല.

### എൻജിനീയർമാർ

തുരുത്തിയിലുള്ള ഒരു കുട്ടി എൻജിനിയറിംഗിന് പഠിക്കുന്നുണ്ട്.

### ശാസ്ത്രജ്ഞർ

ആരും തന്നെ ഇല്ല.

## വാണിജ്യരംഗം

വാണിജ്യരംഗത്ത് ഈ പഞ്ചായത്തിൽ പട്ടികജാതി ജനവിഭാഗം തീരെയില്ല.

## വ്യവസായരംഗം

വാണിജ്യരംഗം പോലെ തന്നെ വ്യവസായരംഗത്തും പഞ്ചായത്തിൽ ഒറ്റ പട്ടികജതിക്കാരൻ പോലും ഇല്ല. ഈ കൂട്ടരുടെ സാമ്പത്തിക ശോച്യാവസ്ഥയും സാങ്കേതിക പരിജ്ഞാനക്കുറവും ഈ രംഗത്തുനിന്ന് അവരെ അകറ്റിമാറ്റുന്നു.

## രാഷ്ട്രീയരംഗം

രാഷ്ട്രീയ പ്രബുദ്ധതയുടെയും രാഷ്ട്രീയ പ്രവർത്തനങ്ങളുടെയും കാര്യത്തിൽ ഇവർ എടുത്തു പറയത്തക്ക രീതിയിൽ മുന്നേറ്റം നടത്തുന്നതായാണ് പഠനത്തിൽ നിന്നും വ്യക്തമാകുന്നത്. മുഴുവൻ ജനതയ്ക്കും അവനവന്റേതായ വ്യക്തമായ രാഷ്ട്രീയ പാർട്ടി വിശ്വാസം ഇക്കൂട്ടരിൽ

നിലനില്ക്കുന്നു. അവസരവാദപരമായ രാഷ്ട്രീയ ചാഞ്ചാട്ടം ഇക്കൂട്ടരിൽ തീരെയില്ല എന്നത് എടുത്തു പറയേണ്ടുന്ന പ്രത്യേകതയാണ്.

ഭരണഘടന നല്കുന്ന പരിരക്ഷയും സംവരണവും കൊണ്ട് സമിതികളിൽ അർഹമായ പ്രാതിനിധ്യവും ഇക്കൂട്ടർക്കുണ്ട്. പട്ടികജാതിക്കാരൻെറ പേരിൽ അർഹതതേടി തെരെഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ രാഷ്ട്രീയപാർട്ടികളുടെ വിനിപ്പനുസരിച്ച് പട്ടികജാതിക്കാരൻെറ താല്പര്യങ്ങൾ വരുമ്പോൾ നിശബ്ദത പാലിക്കുന്ന അംഗങ്ങളാണ് അധികമുള്ളതെന്ന ആക്ഷേപം പോലും നിലനില്ക്കുന്നു.

സമ്മതിദാനാവകാശം വിവേചനപൂർവ്വം ഉപയോഗിക്കുന്ന ഇക്കൂട്ടരുടെ പൗരബോധം വളരെ ഉയർന്നതായിട്ടാണ് കാണുവാൻ കഴിയുന്നത്.

പഞ്ചായത്തിലെ പഠനം സൂചിപ്പിക്കുന്നത് ഇതരജനവിഭാഗങ്ങൾക്കൊപ്പമെത്താൻ ഇനിയും ഇക്കൂട്ടർ ബഹുദൂരം സഞ്ചരിക്കേണ്ടതായിട്ടുണ്ടെന്നാണ്. അതിനായി അവരെ കൈകൊടുത്തുയർത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതായിട്ടുണ്ട്. കേവലമായ ചടങ്ങ് എന്ന തോതിൽ നടത്തുന്ന പദ്ധതികൾക്കുപകരം ദീർഘവീക്ഷണത്തോടെ പ്രതിജ്ഞാ ബദ്ധമായി ഈ വിഭാഗം ജനതയുടെ ഉന്നതിക്കുതകുന്ന തരം പദ്ധതികളായിരിക്കണം ഈ പഞ്ചായത്ത് ആവിഷ്കരിച്ചു നടപ്പാക്കേണ്ടത്.

ഇതിനായി ഇവിടെ ആവിഷ്കരിച്ച് നടപ്പാക്കേണ്ട പദ്ധതികളെ രണ്ടായി തരംതിരിക്കാം. ഒന്ന് - ശാശ്വതഫലദായക പദ്ധതി (Far reaching Result oriented plan) രണ്ട് - തത്കാല ഫലദായക പദ്ധതി (Immediate result Oriented plan)

## A. ശാശ്വത ഫലദായക പദ്ധതി (Far reaching result oriented plan)

1. അടിസ്ഥാന വിദ്യാഭ്യാസ ലഭ്യതയ്ക്ക് അവസര സമത്വം ഉറപ്പാക്കൽ.

സമൂലമായ പരിവർത്തനവും ഇക്കൂട്ടരുടെ പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ട് ആരംഭിക്കേണ്ട പരമപ്രധാനമായ പദ്ധതി ഇവരുടെ കുട്ടികൾക്ക് മറ്റുകുട്ടികൾക്കൊപ്പം അടിസ്ഥാന വിദ്യാഭ്യാസം ലഭിക്കാനുള്ള അവസരസമത്വം ഉറപ്പുവരുത്താൻ വേണ്ടതായിരിക്കണം. Pre-Primary, Primary വിദ്യാഭ്യാസരംഗമാണ് ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ടത്.

Pre-Primary, Primary വിദ്യാഭ്യാസ മേഖല മുഖ്യമായും സ്വകാര്യമേഖല കയ്യടക്കിയിരിക്കുന്നു. L.K.G. U.K.G എന്നീ ക്രമത്തിൽ English Medium School കളിലൂടെ വർദ്ധിച്ച ഫീസ് നൽകി മെച്ചപ്പെട്ട രീതിയിൽ പഠിച്ചു വരുന്ന കുട്ടികൾക്കൊപ്പം ഇതിനൊന്നും നിവൃത്തിയില്ലാതെ, നിലവാരം കുറഞ്ഞ സ്കൂളുകളിൽ നിന്ന് പഠിച്ചുവരുന്ന കുട്ടികൾ തുടർവിദ്യാഭ്യാസത്തിൽ, കടുത്ത മത്സരത്തെ നേരിടേണ്ടി വരുന്നു. മറ്റു കുട്ടികൾക്കൊപ്പം മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാൻ കഴിയാതെ ഈ കുട്ടികൾ നിസ്സഹായരായി പിൻതള്ളപ്പെട്ടുപോകുന്നു.

അംഗീകരിക്കത്തക്ക പ്രകടനം കാഴ്ചവയ്ക്കാൻ ഒന്നുമില്ലാതെ ഈ കുട്ടികൾ പഠനം ഇടയ്ക്കു വച്ചു നിർത്താൻ ബാദ്ധ്യസ്ഥരാകുന്നു. ക്രമേണ വേതനം ലഭിക്കുന്ന ചെറിയ ചെറിയ ജോലികളിൽ ഏർപ്പെടുകയും കുടുംബ ബാദ്ധ്യതകൾ തന്നെ ഏറ്റെടുത്ത് ചിലപ്പോൾ അച്ഛനമ്മമാരെ സഹായിക്കാൻ അകാലത്ത് കഷ്ടപ്പാടിലേക്കു നീങ്ങേണ്ടിയും വരുന്നു.

Primary, Pre-primary തലങ്ങളിൽ സ്വകാര്യ മേഖലയിൽ ഇവിടെ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ, റസിഡൻഷ്യൽ സ്കൂളുകൾ, Nursary കൾ എന്നിവ നിലനില്ക്കുന്നിടത്തോളം കാലം അവിടെ ചേരാനും പഠിക്കാനും സാമ്പത്തികമായിക്കഴിവില്ലാത്ത ബഹുഭൂരിപക്ഷം ഇങ്ങനെ വിദ്യയുടെ മേഖലയിൽനിന്നും പിന്തള്ളപ്പെടും. ഇത് ഏറ്റവും ദോഷകരമായി ബാധിക്കുന്നത് പട്ടികജാതി ജനവിഭാഗങ്ങളുടെ പുരോഗതിയെ ആകയാൽ ഇതിനെ അതിജീവിക്കാനുള്ള പദ്ധതി ആണ് ആവശ്യമായിട്ടുള്ളത്.

അതിനാൽ ഈ പഞ്ചായത്തിലെ 12 വാർഡുകളെ രണ്ട് സെൻററുകളായി തിരിച്ച്. L.K.G മുതൽ നാലാം സ്റ്റാൻഡാർഡു വരെ ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം ചെയ്യുന്നതിനായി രണ്ടു സ്കൂളുകൾ ആരംഭിക്കുക. ഈ കുട്ടികൾക്ക് വിദ

ഗ്ദ്ധരായ അദ്ധ്യാപകരെക്കൊണ്ട് മെച്ചപ്പെട്ട ശിക്ഷണം നൽകുക. മറ്റു സ്ഥാപനങ്ങളിലെപോലെ ആധുനിക സിലബസ്സും പഠിപ്പിക്കുക. ഈ സ്ഥാപനത്തിൽ എല്ലാ പട്ടികജാതി കുട്ടികൾക്കും സൗജന്യമായി വിദ്യാഭ്യാസം നല്കണം.

ഈ കുട്ടികളുടെ കൂടെ സ്കൂളുകളിൽ ജാതി മതഭേദമെന്യേ കുട്ടികളെ ചേർത്തു പഠിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. എന്നാൽ പട്ടികജാതിയിൽപെട്ടവരല്ലാത്ത കുട്ടികളിൽ നിന്നും ഫീസ്സ് ഈടാക്കേണ്ടതാണ്. ഈ ഫീസ്സ് മറ്റു സ്ഥാപനങ്ങളിലേക്കാൾ താരതമ്യേന കുറവായിരിക്കേണ്ടതാണ്. ഒരേ തരം വസ്ത്രം (uniform) ധരിച്ചും എല്ലാ വിഭാഗം കുട്ടികളും ഒരുമിച്ചുല്ലസിച്ചു പഠിച്ചു വളരാൻ അവസരമൊരുക്കുന്ന ഈ സ്ഥാപനം വാഴപ്പള്ളി പഞ്ചായത്തിന് എന്നെന്നും അഭിമാനിക്കാവുന്നതായിരിക്കും. കേരളത്തിൽ തന്നെ ഒരു പുതിയ സംരംഭവുമായിരിക്കും.

## സാദ്ധ്യതകൾ

ഒന്നാമത്തെ സെൻറർ ഒന്നു മുതൽ 5 വരെ വാർഡുകൾക്ക് പ്രയോജനപ്രദമാകത്തക്കവണ്ണം തുരുത്തിയിൽ ആരംഭിക്കുക. തുരുത്തിയിൽ Govt L P സ്കൂളിൻെറ ഇപ്പോൾ ഉപയോഗമില്ലാത്ത തെക്കെ കെട്ടിടം ഇതിനായി ഉപയോഗിക്കാവുന്നതാണ്. ആവശ്യമായ കളിസ്ഥലം, ഗതാഗത സൗകര്യം, ഓഫീസ് സൗകര്യം എല്ലാം ഇവിടെയുള്ളതിനാൽ ആ വക കാര്യത്തിൽ പ്രാരംഭച്ചെലവായി വരുന്ന വലിയ ഒരു തുക ലാഭിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽ നിന്നുതന്നെ യോഗ്യരായ അഭ്യസ്തവിദ്യരെ ആവശ്യമായ പരിശീലനം നല്കി ഇവിടെ അദ്ധ്യാപകരായി നിയമിക്കാവുന്നതാണ്. ഒരളവുവരെ ഇത് അഭ്യസ്തരായ ഏതാനും ആളുകളുടെ തൊഴിലില്ലായ്മ പ്രശ്നത്തിനൊരു പരിഹാരമാകും. തുടർവിദ്യാഭ്യാസത്തിനു സഹായകമായ പാരലൽ ടീച്ചിംഗ് ടീമിനെ കൂടി പ്രത്യേകം സജ്ജമാക്കാവുന്നതാണ്.

രണ്ടാമത്തെ സെൻറർ 5 മുതൽ 12 വരെ വാർഡുകളിലെ കുട്ടികൾക്കായി വടക്കേക്കര ഗവൺമെൻറ് സ്കൂളിൽ സ്ഥാപിക്കണം.

മുകളിൽ ഒന്നിൽ നിർദ്ദേശിക്കും പ്രകാരം ഇവിടെയും സ്ഥാപനം പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കുക.

പട്ടികജാതിവർഗത്തിൽപ്പെട്ട കുട്ടികളുടെ പഠനപുരോഗതിക്കും തദ്വാര സാമൂഹ്യവളർച്ചയ്ക്കും ഉതകുന്ന ഈ പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കുക.

II അതിശീഘ്രം ഗമിക്കുന്ന ശാസ്ത്രപുരോഗതിയുടേയും സങ്കേതികവിദ്യയുടേയും ഗുണഭോക്താക്കളാകാൻ ഇനിയും ഇക്കൂട്ടർക്കു കഴിഞ്ഞിട്ടില്ല. വളരെയേറെ തൊഴിൽ സാധ്യതയുള്ള കംപ്യൂട്ടർ രംഗത്ത് ഈ വിഭാഗം ജനങ്ങളെ പരിശീലിപ്പിച്ചെടുക്കേണ്ടതാണ്. ഇന്ന് കംപ്യൂട്ടറിൻെറ ഉപയോഗം സർവ്വസാധാരണമാണ്. അതിലുള്ള പരിജ്ഞാനം ഉപജീവനത്തിനു വഴിതെളിക്കുമെന്നതിനാൽ പഞ്ചായത്തിൽ ഏറ്റവും കുറഞ്ഞത് രണ്ടു കംപ്യൂട്ടർ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക. മുകളിൽ L.K.G., U.K.G മുതൽ നാലാംതരംവരെയുള്ള സ്കൂളുകൾ സ്ഥാപിക്കാനായി നിശ്ചയിച്ച സ്ഥലങ്ങൾ തന്നെ സൗകര്യപൂർവ്വം ഇതിനായും നിർദ്ദേശിക്കുന്നു. തുടക്കത്തിൽ ആഴ്ചയിൽ രണ്ടു ദിവസത്തെ എങ്കിലും പരിശീലനം കിട്ടത്തക്കവിധത്തിൽ സ്ഥാപിക്കാവുന്നതാണ്. സ്കൂളുകൾക്ക് അവധി നല്കുന്ന ശനി, ഞായർ ദിവസങ്ങളിലായാൽ ഉത്തമമായിരിക്കും.

S.S.L.C പരീക്ഷ പാസ്സായിട്ടുള്ളവർക്കും കോളേജിൽ തുടർന്നു പഠിക്കുന്നവർക്കുമായി ഈ പരിശീലനകേന്ദ്രങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്. ഈ സ്ഥാപനത്തിൽ ഇതര ജാതി വിഭാഗങ്ങളിലുള്ള വിദഗ്ദ്ധരെ ആദ്യം നിയമിക്കേണ്ടതും പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് വൈദഗ്ദ്ധ്യം നേടിയ പട്ടികജാതി ആൾക്കാരെ പരിശീലകരായി നിയമിക്കാവുന്നതുമാണ്.

## B. തത്കാലഫലദായക പദ്ധതികൾ (Immediate Result Oriented Plans)

സഹകരണസംഘങ്ങളുടെ സഹായത്തോടെ നടപ്പാക്കാൻ കഴിയുന്ന പദ്ധതികൾ ഈ ഇനത്തിൽ അനവധിയാണ്.

ആയതിനായി ആദ്യം വേണ്ടത് ഏഴാം വാർഡിൽ ഇന്നു നിലവിലുള്ള സഹകരണസംഘം നമ്പർ K. 734- നെ പരിപോഷിപ്പിക്കുകയാണ്.

ഇതുകൂടാതെ വാർഡ് ഒന്നു മുതൽ അഞ്ചു വരെ സ്ഥലങ്ങളിൽ താമസിക്കുന്നവർക്കായി തുരുത്തി കേന്ദ്രമാക്കി മറ്റൊരു സഹകരണസംഘം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## സാദ്ധ്യതകൾ

ഒന്നു മുതൽ അഞ്ചുവരെ വാർഡുകളിലുള്ള രണ്ടായിരത്തോളം അംഗങ്ങളെ ചേർത്ത് ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുവാൻ തദ്ദേശത്തെ സന്നദ്ധസംഘങ്ങളുടെ സേവനം പ്രയോജനപ്പെടുത്താം. ഇതിൻെറ പരിധിയിൽ സഹകരണാടിസ്ഥാനത്തിൽ വിവിധയിനം ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിയുന്നതാണ്.

## C. വിവിധ വർഡുസമിതികളിൽ ഗ്രൂപ്പു ചർച്ചകളിലൂടെ രൂപപ്പെട്ട ആവശ്യങ്ങൾ പ്രത്യേക ലിസ്റ്റായി ചേർത്തിരിക്കുന്നു

## പ്രത്യേക ആവശ്യം

പട്ടികജാതി പട്ടികവർഗ്ഗത്തിൻെറ പഠനം, ഗവേഷണം, സംഘംചേരൽ, വ്യക്തിത്വവികസനം ഇത്യാദികൾക്കുതകുന്ന തരത്തിൽ ഒരു പട്ടികജാതി പട്ടികവർഗ്ഗവികസന കേന്ദ്രം ആരംഭിക്കുന്നതിനായ സ്ഥലവും കെട്ടിടവും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തിത്തരിക.

5-ാം വർഡിലെ വെളുത്തേടത്തു പാറകോളനി (സെറ്റിൽമെൻറ്)ക്ക് രജിസ്റ്റർ നമ്പർ എത്രയും വേഗം നൽകുക. 8-ാം വാർഡിലെ പുതുച്ചിറ കോളനി സെറ്റിൽമെൻറ് കോളനിയായി പ്രഖ്യാപിക്കുക.

എല്ലാ പട്ടികജാതി കോളനികളെയും IHDP കോളനികളായി ഉയർത്തുക. എല്ലാ വകുപ്പുകളുടെയും വികസനപ്രവർത്തനങ്ങൾ ലഭ്യമാക്കുവാൻ ഇത് സഹായിക്കും.

ആവശ്യമായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ എന്നിവ നല്കുക.

ട്രൈസം പദ്ധതിപ്രകാരം പുതിയ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുകയും പരിശീലനം നേടിയവർക്ക് തൊഴിൽ ഉറപ്പുവരുത്തുകയും ചെയ്യുക.

സ്വന്തമായി ഭൂമിയുള്ള എല്ലാ പട്ടികജാതിക്കാർക്കും കിണർ കഴിക്കുന്നതിനുള്ള ധനസഹായം സൗജന്യമായി നൽകുക. ഉള്ള ഭൂമിയുടെ മണ്ണൊലിപ്പ് തടയുന്നതിന് കയ്യാലകൾ,ബണ്ട് എന്നിവ നിർമ്മിക്കുന്നതിനുള്ള ഗ്രാൻറുകൾ നൽകുക.

മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീടുകൾ സൗജന്യമായി അനുവദിക്കുക.

## 1 മുതൽ 12 വരെ വാർഡുകളുടെ ഗ്രൂപ്പ് ചർച്ചയിലൂടെ രൂപീകരിച്ച ആവശ്യങ്ങൾ

A. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

B. ഭൂമി, വീട്

1. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും നൽകുക.
2. വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുക
3. മിച്ചഭൂമി വിതരണത്തിൽ ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്ക് മുൻഗണന നൽകുക.
4. റെയിൽവേ പുറംപോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസം
5. റോഡുപുറംപോക്കിൽ താമസിക്കുന്നവർക്ക് പുനരധിവാസം.

C. ശ്മശാനം

1. പൊതുശ്മശാനം
2. പുലയ സമുദായത്തിൻെറ വകയായുള്ള ശ്മശാനത്തിലേക്ക് റോഡു നിർമ്മിക്കുക.

D. **തൊഴിൽ**

1. പരമ്പരാഗത തൊഴിൽ ചെയ്യുന്നതിനുള്ള സാമ്പത്തികസഹായം ചെയ്യുക.
2. റബ്ബർചെരിപ്പ് നിർമ്മാണം
3. കോഴി വളർത്തൽ സഹായം
4. ആദായകരമായ കുടിൽ വ്യവസായത്തിനു വേണ്ട സാങ്കേതിക വിദ്യ ലഭ്യമാക്കുക.
5. പരിശീലനം നേടിയവർക്ക് റെഡിമെയിഡ് വസ്ത്രനിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം ചെയ്യുക.
6. തൊഴിൽ രഹിതരായ പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ, കാർ, വാൻ, ടെമ്പോ തുടങ്ങിയ വാഹനങ്ങൾ ലോണായി നല്കുക.

E. **ഹാൾ നിർമ്മിക്കുക**

1. വാർഡുകൾക്കായി (II, III, IV) തുരുത്തി KPMSന്റെ വകയായുള്ള സ്ഥലത്ത് കൂട്ടായ്മക്കായി ഒരു ഹാൾ പണിയുക.
2. 5 മുതൽ 12 വരെ വാർഡുകൾക്കായി പുതുച്ചിറ കേന്ദ്രമാക്കി ഹാൾ പണിയുക.

F. **കൃഷി**

1. കൃഷിക്കാവശ്യമായ വിത്തും വളവും നൽകുക
2. ബണ്ടു നിർമ്മിക്കുക.
3. ട്രാക്ടറുകൾ ലോണായി നൽകുക

G. **വായനശാല**

1. കോളനിയിൽ വായനശാല സ്ഥാപിക്കുക.

H. **പെൻഷൻ, സഹായനിധി**

1. കർഷകതൊഴിലാളി പെൻഷൻ
2. വിവാഹ സഹായനിധി

I. **നാടൻ കലാരൂപങ്ങളെ പോഷിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുക.**

J. **കലാ-കായിക പുരോഗതിക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുക**

K. **ന്യായവില ഷോപ്പ്**

1. പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്നിടത്ത് നിത്യോപയോഗ സാധനങ്ങളുടെ ന്യായവില ഷോപ്പ് തുടങ്ങുക. ഇതിന്റെ ലൈസൻസ് പട്ടികജാതിക്കാരായ തൊഴിൽ രഹിതർക്കു നല്കുക.

L. **വൈദ്യസഹായം നല്കുക**

M. **സംസ്കാരികരംഗം**

1. സംസ്കാരിക പുരോഗതിക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുക
2. ടി.വി. അനുവദിക്കുക.
3. പട്ടികജാതിവിദ്യാർത്ഥികൾക്ക് കലാകായിക കഴിവുകളെ പ്രോത്സാഹിപ്പിക്കാൻ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക.

N. **സൊസൈറ്റി**

1. കോ-ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിക്കുക
2. സൊസൈറ്റിക്ക് വേണ്ട സ്ഥലവും കെട്ടിടവും നല്കുക.

O. **സർക്കാർ അനുവദിക്കുന്ന സഹായ പദ്ധതികൾ യഥാകാലം പട്ടികജാതിക്കാരെ അറിയിക്കാൻ സംവിധാനം ഏർപ്പെടുത്തുക.**

P. **സെറ്റിൽമെന്റ് കോളനി അനുവദിക്കുക.**

Q. **പൊതുകിണർ അനുവദിക്കുക**

R. **അംഗൻവാടി ഏർപ്പെടുത്തുക.**

## നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

A. പാർപ്പിടം, കുടിവെള്ളം, വെളിച്ചം, ഗതാഗതം ഇവയ്ക്കായി IRDP പദ്ധതികൾ പ്രയോജനപ്പെടുത്തുക.

B. സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്ക് അവ ലഭ്യമാക്കാൻ പലിശരഹിതമായ ദീർഘ കാലവായ്പ നല്കുക. ഭൂവിലനിശ്ചയിച്ചു തീരുമാനിക്കാനുള്ള അവകാശം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നല്കുക.

C. കൂടുതൽ വാർഡുകൾക്ക് ഉപകരിക്കുമാറ് 8.ാം വാർഡിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുക.

രണ്ടാം വാർഡിൽ പാടത്തിൻെറ നടുവിൽ കിടക്കുന്ന ശ്മശാനത്തിലേയ്ക്ക് ഒരു approach road നിർമ്മിക്കുക. നിർമ്മാണപ്രവർത്തനങ്ങൾ ഈ പ്രദേശത്തെ ആളുകൾ സന്നദ്ധരായി ചെയ്തു തരുന്നതാണ്. വഴിക്കാവശ്യമായ സ്ഥലം ഏറ്റെടുത്തു നല്കുക.

D. പരമ്പരാഗതതൊഴിലും സ്വയം തൊഴിലും ചെയ്യാനവസരം ലഭിക്കുന്നതോടെ ജീവസന്ധാരണം സുഗമമാകും. സാമ്പത്തികസഹായങ്ങൾ ഏതെങ്കിലും ഏജൻസിയിൽ നിന്നും ലഭ്യമാക്കുക.

E. വിവാഹം, മറ്റാവശ്യങ്ങൾ ഇവയ്ക്കുതകുന്ന തരത്തിലുള്ള Common hall തുരുത്തി KPMS ൻെറ സ്ഥത്ത് പണിതുകൊടുക്കുന്നതു 2, 3, 4 എന്നീ വർഡുകളിലെ ജനങ്ങൾക്കു വളരെ പ്രയോജനപ്രദമായിരിക്കും. പലിശരഹിത ദീർഘകാലവായ്പയായി ഇതിനാവശ്യമായ തുക ലഭ്യമാക്കുക.

F. സാദ്ധ്യമായ സഹായങ്ങൾ ലഭ്യമാക്കുക.

G. സംസ്കാരിക പുരോഗതിക്ക് വളരെയേറെ പ്രയോജനം ചെയ്യുമെന്നതിനാൽ റഫറൻസു ഗ്രന്ഥങ്ങളുൾപ്പെടെ വായനശാലകൾ സ്ഥാപിച്ചു കൊടുക്കുക.

H. നിർദ്ധനരായ രക്ഷിതാക്കൾ പ്രായപൂർത്തിയായ പെൺകുട്ടികളെ വിവാഹം കഴിപ്പിക്കാൻ വളരെയേറെ പ്രയാസപ്പെടുന്നു. ഇക്കൂട്ടർക്ക് സഹായധനം വായ്പയായിട്ടാണെങ്കിൽ പോലും നല്കേണ്ടതാണ്.

I. കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന തനതുസംസ്കാര രൂപങ്ങളായ നാടൻ കലകളെ പ്രോത്സാഹിപ്പിക്കേണ്ടത് നാടിൻെറ സംസ്കാര പരമ്പര്യത്തിനു തന്നെ മുതൽകൂട്ടാകയാൽ ഈ വിഷയം പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു.

J. "തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും വച്ചിട്ടും" രത്നങ്ങളായി അനവധി കായിക പ്രതിഭകൾ, കലാപ്രതിഭകൾ ഈ ജനവിഭാഗത്തിലുണ്ട്. അവരിലെ കാലാകായിക കഴിവുകൾ കണ്ടറിഞ്ഞ് പരിപോഷിപ്പിക്കുവാൻ നടപടികൾ എടുക്കുന്നതു നാട്ടിൽതന്നെ നേട്ടമുണ്ടാക്കും.

K. പകൽ മുഴുവൻ ജോലി ചെയ്തു കിട്ടുന്ന കൂലികൊണ്ട് അന്നന്നത്തെ നിത്യോപയോഗസാധനങ്ങൾ വാങ്ങുന്ന ഇക്കൂട്ടരെ കച്ചവടക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുവാൻ കഴിയുന്നത്ര അവശ്യ സാധനങ്ങളുടെ വിതരണ കേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്. സഹകരണാടിസ്ഥാനത്തിലായാൽ ഏറ്റവും നന്ന്.

L. മാരകമായ രോഗങ്ങൾ പോലും കണ്ടുപിടിക്കാൻ കഴിയാതെ മരണപ്പെട്ടു പോകുന്നവരുടെ പട്ടിക ഇക്കൂട്ടരുടെ ഇടയിൽ ധാരാളമാണ്. സൗജന്യ വൈദ്യപരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ച രോഗ നിർണ്ണയം നടത്തി ചികിത്സാ രീതികൾ കാലേക്കൂട്ടി നിർദ്ദേശിക്കാനും നൽകാനും പഞ്ചായത്തടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഉണ്ടാക്കണം. ആരോഗ്യമുള്ള ജനത നാടിൻെറ സമ്പത്താണ്.

M. സാംസ്ക്കാരിക പുരോഗതിക്കായി എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കേണ്ടതാണ്.

N. സഹകരണസംഘങ്ങൾ രൂപീകരിച്ച് വിവിധ പദ്ധതികളാവിഷ്ക്കരിച്ചു നടപ്പാക്കാൻ അതിലേക്കാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാർഗ്ഗനിർദ്ദേശങ്ങൾ മാത്രമാണിക്കാര്യത്തിൽ പഞ്ചായത്തിൽ നിന്നും ലഭ്യമാകേണ്ടത്. മറ്റു കാര്യങ്ങളെല്ലാം സന്നദ്ധസേവനമായി ഇക്കൂട്ടർ തന്നെ ചെയ്തുകൊള്ളുന്നതാണ്.

O. സർക്കാർ പ്രഖ്യാപിക്കുന്ന പലവിധ സഹായ പദ്ധതികളെപ്പറ്റി യഥാകാലം അറിയാൻ കഴി

ശേഷം പേജ് 94-ൽ



# ചേരികൾ കോളനികൾ

വാഴപ്പള്ളി പഞ്ചായത്ത് ചങ്ങനാശ്ശേരി പട്ടണത്തിനു സമീപം സ്ഥിതിചെയ്യുന്ന പ്രദേശമാകയാൽ പട്ടണത്തിന്റെ വളർച്ചയിൽ തുരത്തിമാറ്റപ്പെടുന്നവർ വാഴപ്പള്ളി പഞ്ചായത്തിന്റെ ഗ്രാമപ്രദേശങ്ങളിൽ അഭയം തേടുന്നു. ഭൂപരിഷ്കരണ നിയമത്തിന്റെ പിൻബലത്തിൽ പത്തുസെൻറിന്റെ അവകാശികളായ കുടിയാൻമാർ അവർക്കുകിട്ടിയ ചെറുതുണ്ടു ഭൂമികൾ വീണ്ടും ചെറുതുണ്ടുകളാക്കി മാറ്റുന്നു. കാർഷിക മേഖലയിലെ തൊഴിലില്ലായ്മയും കൂലിക്കുറവും പട്ടണത്തിലെ തൊഴിൽ സാദ്ധ്യതകൾ തേടി ആളുകൾ പട്ടണത്തിലെത്തിപ്പെടുവാൻ കാരണമായി. ഇങ്ങനെ പലവിധകാരണങ്ങളാൽ പട്ടണത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ കിടക്കാൻ കൂരതേടി അലഞ്ഞ പണിയാളസമൂഹം, വാഴപ്പള്ളി പഞ്ചായത്തിലെ പലപ്രദേശത്തും ചേക്കേറി. ചിലർ റയിൽവേ പുറമ്പോക്കുകളിലും, റോഡുപുറമ്പോക്കുകളിലുമായി എത്തിപ്പെട്ടപ്പോൾ മറ്റു ചിലർ ഈ പഞ്ചായത്തു പ്രദേശത്തുള്ള ചതുപ്പു നിലങ്ങളിലും, പാടശേഖരങ്ങളിലും മൊട്ടക്കുന്നുകളിലും, കൂരകൾകൂട്ടി. പട്ടണത്തിന്റെ വളർച്ചയുടെ ഗുണഫലങ്ങൾ തേടിയെത്തിയ സമ്പന്നന്റെ കോൺക്രീറ്റു സൗധങ്ങൾക്കു സമീപമുണ്ടായിരുന്ന പാവപ്പെട്ടവരുടെതുണ്ടുഭൂമികൾ വൻവില കൊടുത്തുവാങ്ങി. അവരെ പട്ടണങ്ങളിൽനിന്നും സമ്പന്നന്റെ സാമീപ്യങ്ങളിൽനിന്നും അകറ്റി നിർത്തി. അവരുടേതായ കോളനികൾ രൂപപ്പെട്ടു.

ഇത്തരത്തിൽ രൂപപ്പെട്ട നിരവധി കോളനികൾ വാഴപ്പള്ളി പഞ്ചായത്തിൻെറ പലഭാഗങ്ങളിലും കണ്ടെത്താം. ജീവിക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾപോലും ഇല്ലാതെ ദുരന്ത വികസനത്തിൻെറ ബലിയാടുകളാകാൻ വിധിക്കപ്പെട്ട ഇവർ ഒരു പ്രദേശത്തിലെ ഭൂരിപക്ഷ ജനതയുടെ പ്രത്യേക പരിഗണനന ലഭിക്കേണ്ടവരാണ്. റയിൽ വേ ലൈൻ ഇരട്ടിക്കുമ്പോൾ കുടി ഒഴിഞ്ഞുപോകേണ്ടവരും, റോഡിനു വീതികൂട്ടുമ്പോൾ തെരുവിലാക്കപ്പെടുന്നവരുമായ 125 ഓളം കുടംബങ്ങൾ തന്നെ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ലക്ഷം വീടുകോളനികളുടെ ദുസഹമായ സാഹചര്യങ്ങളിൽ ജീവിതം തള്ളി നീക്കപ്പെടുന്നവർ 150 ഓളം കുടുംബങ്ങൾ. സെറ്റിൽ മെൻറുകോളനികളിൽ കഴിഞ്ഞുകൂടുന്ന ഹരിജനങ്ങൾ വെള്ളപ്പൊക്കക്കാലത്ത് വീടുകൾ വിട്ട് കരഭൂമി തേടാൻ വിധിക്കപ്പെട്ടവർ. പാടശേഖരങ്ങളിൽ തുണ്ടുഭൂമികൾ കുത്തിപ്പൊക്കി കൂരകെട്ടി താമസമാക്കുന്ന നൂറുകണക്കിനു കുടുംബങ്ങൾ. വാർഡുകളിലെ സമ്പന്നരുടെ സൗകര്യങ്ങളിൽ നിന്നകന്നുമാറി യാത്രാ സൗകര്യങ്ങളും, വൈദ്യുതി, ശുദ്ധജല ലഭ്യത ഇവയൊന്നുമില്ലാതെ ഗ്രാമത്തിൻെറ ഇരുണ്ടമൂലയിലായി കഴിഞ്ഞു കൂടുന്ന ഒരു വിഭാഗം ആളുകളിൽ സമൂഹത്തിലെ ദരിദ്രരും അസംഘടിതരുമായവരെ അടുത്ത പദ്ധതിക്കാലത്തെങ്കിലും പ്രത്യേകമായി പരിഗണിക്കുകയും അവരുടെ സമഗ്രമായ വികസനത്തിനും ശക്തീകരണത്തിനുമുള്ള പദ്ധതികൾ തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്.

സാംസ്ക്കാരികമായും, വിദ്യാഭ്യാസപരമായും പിറകോട്ടടിക്കപ്പെടുന്ന ഈ സമൂഹത്തിൻെറ അടുത്ത തലമുറയെ സമൂഹത്തിൻെറ പൊതു ധാരയിലെത്തിക്കുന്നതിനുള്ള തീവ്ര ശ്രമങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിൻെറ ഇരുണ്ടതും ഒറ്റപ്പെട്ടതുമായ കോളനികളിൽ തമസ്ക്കരിക്കപ്പെട്ടവൻെറ പ്രതിഷേധങ്ങൾ ഒരു ജനാധിപത്യ സമൂഹത്തിൻെറ ദുരന്തങ്ങളായി മാറാതിരിക്കുവാൻ നമുക്കിവരെ മുൻഗണനയോടെ പരിഗണിക്കാം.

## റെയിൽവേ പുറമ്പോക്കുകൾ

ഈ പഞ്ചായത്തിൻെറ 5-ാം വാർഡിൽ തട്ടാരപ്പള്ളി റെയിൽവേ പുറമ്പോക്കിൽ 39 വീടുകളിലായി 225 ആളുകൾ കുടിൽ കെട്ടി താമസിക്കുന്നു.

13 പട്ടിക ജാതി കുടുംബങ്ങളും 16 പിന്നോക്ക സമുദായ കുടുംബങ്ങളും അടക്കം 39 വീട്ടുകാരാണ് ഒരേക്കറോളം വരുന്ന ഈ കുന്നിൽ താമസിക്കുന്നത്. ഓലമേഞ്ഞ്, മണ്ണ്, പനമ്പ്, എന്നിവയുടെ ചുവരുകളും മെഴുകിയ തറയുമുള്ള കൂരകളിൽ ഇവർ കഴിഞ്ഞു കൂടുന്നു. പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ലാത്ത ഈ വീടുകളിലെ അമ്മമാരും സഹോദരിമാരും ഇരുട്ടിൻെറ മറയിൽ റെയിൽവേ ട്രാക്കിൻെറ ഇരുവശങ്ങളിലുമായി തങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നു. വൈദ്യുതി ഇല്ല. കുടിവെള്ളത്തിനായി ഈ പ്രദേശത്തുള്ള ഒരു പൊതു ടാപ്പിൽ വല്ലപ്പോഴും എത്തുന്ന അത്ഭുത ജലധാരയേ പ്രതീക്ഷിക്കാതെ കോളനിക്കാരെ അസ്പർശ്യരായി കാണാത്ത വീടുകളിലെ കിണറുകൾ തേടിപ്പോകുന്നു.

6-ാം വാർഡിലെ റെയിൽവേട്രാക്കിൻെറ വശങ്ങളിലായി 19 വീടുകളിലായി 110 ഓളം ആളുകൾ താമസിക്കുന്നു. ഇവരുടെയും ജീവിത സാഹചര്യങ്ങൾ മേൽ വിവരിച്ചതു തന്നെ.

റെയിൽവേയുടെ വികസന സർവ്വേ നടക്കുമ്പോൾ റെയിൽവേ പുറമ്പോക്കുകാർ അവരുടെ കൂരകൾ പൊളിച്ചു മാറ്റുന്ന നിമിഷങ്ങൾ പ്രതീക്ഷിച്ചു ഭയത്തോടു കൂടി കഴിഞ്ഞുകൂടുന്നു.

## റോഡു പുറമ്പോക്കു താമസക്കാർ

5-ാം വാർഡിൽ ചെത്തിപ്പുഴകടവ് റോഡ് സൈഡിൽ 9 കുടുംബങ്ങൾ താമസിക്കുന്നു, പുത്തൻ കുളങ്ങരയിൽ 1 കുടുംബവും താമസമുണ്ട്.

4-ാം വാർഡിൽ പഴയ M.C റോഡുപുറമ്പോക്കിൽ 9 വീടുകളുണ്ട്.

7-ാം വാർഡിൽ ചങ്ങനാശ്ശേരി കോട്ടയം റോഡിൽ കുന്നന്താനം ഭാഗത്ത് 3 - കുടുംബങ്ങൾ റോഡു പുറമ്പോക്കിൽ താമസക്കാരായുണ്ട്.

8-ാം വാർഡിൽ മുന്തിരിക്കവല കണ്ണമ്പേരൂർ ചിറ റോഡിൻെറയും, ചങ്ങനാശ്ശേരി കോട്ടയം റോഡിൻെറയും വശങ്ങളിലായി ചെത്തിപ്പുഴ ഭാഗത്ത് 54 വീടുകൾ റോഡു പുറമ്പോക്കിൽ ഉണ്ട്.

9-ാം വാർഡിൽ പാത്തിക്കൽമുക്ക് - ഏനാചിറ റോഡ് സൈഡിൽ മൂന്നു കുടുംബങ്ങൾ താമസിക്കുന്നു.

11-ാം വാർഡിൽ I.E നഗറിൽ ചങ്ങനാശ്ശേരി വാഴൂർ റോഡ് സൈഡിൽ 11 വീടുകൾ ഉണ്ട്.

12-ാം വാർഡിൽ കടമാൻചിറ റോഡിൽ 3 വീടുകളുണ്ട്.

പുറമ്പോക്കു നിവാസികളെ ഒട്ടാകെ പുനരധിവസിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതി ആവിഷ്ക്കരണത്തോടൊപ്പം പുറമ്പോക്കു കയ്യേറ്റങ്ങൾ കർശനമായി തടയേണ്ടതുമാണ്.

പുനരധിവാസ പദ്ധതികൾക്കു തടസ്സമായി നിൽക്കുന്ന പ്രാധാന കാരണം ഭൂമിയുടെ വില നിർണ്ണയമാണ്. ഗവ: നിശ്ചയിച്ചിരിക്കുന്ന ഭൂമിവില ഈ പഞ്ചായത്തു പ്രദേശത്ത് പ്രായോഗികമല്ലാത്തതു കൊണ്ട് ഭൂരഹിത പുനരധിവാസത്തിനു ഭൂമി വാങ്ങുന്നതിനും വില നിശ്ചയിക്കുന്നതിനുമുള്ള അവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വിട്ടു കിട്ടാൻ വേണ്ട നടപടികൾ ആവശ്യമാണ്. പുനരധിവാസ പദ്ധതിക്ക് 2 സെൻറിലെങ്കിലും കുറയാത്ത ഭൂമി, യാത്രാ സൗകര്യം, വൈദ്യുതി, കുടിവെള്ളം ഇവയുടെ സൗകര്യത്തോടു കൂടി പുറമ്പോക്കു വാസികളുടെ തൊഴിൽ സാഹചര്യങ്ങൾ നഷ്ടപ്പെടാത്ത വിധത്തിൽ നടത്തേണ്ടതുണ്ട്. നോൺ ഗവൺമെൻറ് ഓർഗനൈസേഷനുകളുടെയും ഗവൺമെൻറ് പദ്ധതികളുടെയും സഹായത്തോടെ ഇവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വീടുകൾ നിർമ്മിച്ചു കൊടുക്കേണ്ടതാണ്.

## സെറ്റിൽമെൻറു കോളനികൾ

| | | |
|---|---|---|
| പറാൽ ഈസ്റ്റ് | 12 വീടുകൾ | 60 ആളുകൾ |
| പറാൽ വെസ്റ്റ് | 12 വീടുകൾ | 51 ആളുകൾ |
| വടക്കേക്കര | 20 വീടുകൾ | 115 ആളുകൾ |
| പുതുച്ചിറ | 30 വീടുകൾ | 180 ആളുകൾ |
| പാത്തിക്കൽചിറ | 18 വീടുകൾ | 120 ആളുകൾ |
| മണ്ണാത്തിപ്പാറ | 25 വീടുകൾ | 174 ആളുകൾ |
| കടമാൻചിറ നോർത്ത് | 12 വീടുകൾ | 55 ആളുകൾ |

മേൽപറഞ്ഞ കോളനികളിൽ ഇനിയും സെറ്റിൽമെൻറ് കോളനിയായി അംഗീകരിക്കപ്പെടാത്തവയെ അപ്രകാരം അംഗീകരിക്കാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

ഇത്രയും പട്ടികജാതി പട്ടികവർഗ്ഗസെറ്റിൽമെൻറുകോളനികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത് സെറ്റിൽമെൻറു കോളനികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ടി കോളനികളെ I H.D.P. യിൽ (ഇൻറൻസീവ് ഹാബിറ്റാറ്റ് ഡവലപ്മെൻറ് പ്രോഗ്രാം) ഉൾപ്പെടുത്തി വികസന ക്ഷേമ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. ടി കോളനികളിലെ എല്ലാ കുടുംബങ്ങൾക്കും പ്രാഥമികാവശ്യ സൗകര്യങ്ങളോടുകൂടിയുള്ള വീടുകൾ ഉറപ്പാക്കണം.

സെറ്റിൽമെൻറു കോളനികളിലെ താമസക്കാരുടെ കുട്ടികളുടെ വിദ്യാഭ്യാസപരമായ ഉന്നമനത്തെലാക്കാക്കിയുള്ള പഠനപ്രോത്സാഹനപദ്ധതികളും, വൈദ്യപരിശോധനാ ശുശ്രൂഷാ സൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടതാണ്.

## ലക്ഷം വീടുകോളനികൾ

| | | |
|---|---|---|
| 1-ാം വാർഡ് | പറാൽ പാലപ്പറമ്പ്/ വേളൂർ കോളനികൾ | 16 വീടുകൾ |
| 3-ാം വാർഡ് | ചെമ്പകശ്ശേരി കോളനി | 28 വീടുകൾ |
| 5-ാം വാർഡ് | ചെത്തിപ്പുഴ കോളനി | 10 വീടുകൾ |
| 7-ാം വാർഡ് | പുറക്കടവ് പാറത്താഴെ കോളനി | 12 വീടുകൾ |
| 11-ാം വാർഡ് | മണ്ണാത്തിപ്പാറ കോളനി | 26 വീടുകൾ |

ടി കോളനികളിലെ ഇരട്ടവീടുകൾ ഒറ്റവീടുകളായി പുനർ നിർമ്മിക്കേണ്ടതുണ്ട്. കക്കൂസുകൾ ഇല്ലാത്തവർക്ക് അടിയന്തിരമായി അവ നൽകണം. അപകടനിലയിലായിരിക്കുന്ന വീടുകൾ അടിയന്തിരമായി പുതുക്കി പണിയണം. പഞ്ചായത്തിൻെറ പദ്ധതി എന്ന നിലയിൽ ഈ പദ്ധതി വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ടി കോളനികളുടെ സമഗ്രമായ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രത്യേക പദ്ധതികളും പഞ്ചായത്തുതലത്തിലുള്ള മേൽനോട്ട സംവിധാനവും

ഉണ്ടാകേണ്ടതാണ്. വീടുകൾക്ക് വൈദ്യുതിലഭിക്കുന്നതിനും, കുടിവെള്ളം ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടാകണം. ടി കോളനികളിൽ പൊതു സേവനകേന്ദ്രങ്ങൾ തുടങ്ങാനുള്ള സ്ഥലങ്ങൾ കണ്ടെത്താനും അവ സ്ഥാപിക്കാനും ശ്രമം നടത്തേണ്ടതാണ്.

ലക്ഷം വീടുകോളനികളിൽ പ്രത്യേക ശുദ്ധജലവിതരണ സംവിധാനം ഉണ്ടാക്കാൻ ടാപ്പുകൾ അനുവദിക്കണം.

## കോളനികളായി രൂപപ്പെടുന്നവ

1-ാം വാർഡിൻെറ വടക്കേ വെട്ടിത്തുരുത്ത് പ്രദേശം 2 സെൻറു ഭൂമി വീതമുള്ള സ്ഥലത്ത് ചെറുകുടിൽ കെട്ടി താമസമാക്കിയവർ വളരെ കൂടുതലുണ്ട്. 60 വീടുകൾ. 3-ാം വാർഡിൽ ശങ്കരമംഗലം കോളനി 7 വീടുകൾ. നെടുന്തറകോളനി (6 വീട്) 5-ാം വാർഡിൽ ചെത്തിപ്പുഴ കടവുപടിഞ്ഞാറു ഭാഗം (17) വെളുത്തേടത്തു പാറ (12) മിത്രംകുന്നു ഭാഗങ്ങൾ (14), കാവുകാട്ടുനഗർ (20), പഴയകാളച്ചന്ത (9)

6-ാം വാർഡിൻെറ റെയിൽവേ പടിഞ്ഞാറുവശം പട്ടിത്താനം പാടശേഖര ചിറയിൽ. കൂനന്താനം പടിഞ്ഞാറുവശം പാടശേഖരം

7-ാം വാർഡിൽ പുറക്കടവു ചേരിക്കൽ, ഏനായിറ ചേരിക്കൽ, പാറച്ചിറ പാറ, വാലുചിറ ചേരിക്കൽ.

8-ാം വാർഡിൽ പുതുച്ചിറപാടശേഖരം, സങ്കേതം, കൂനന്താനം അഞ്ചുവീട്ടിൽ കോളനി.

9-ാം വാർഡിൽ പട്ടാണിച്ചിറ പാടത്തുരൂപപ്പെടുന്ന കോളനി.

10-ാം വാർഡിൽ കഞ്ഞിക്കണ്ടം കോളനി 1, വട്ടക്കുന്നു കോളനി, വെട്ടിക്കാട്ടുമറ്റം, മേട്ടേപ്പറമ്പ്, കൊതുമ്പുചിറ, മുണ്ടപ്ലാമ്മൂട്, പാറക്കണ്ടം, പതിനാപ്ര പ്രദേശങ്ങൾ

11-ാം വാർഡിലെ മണ്ണാത്തിപ്പാറ.

12-ാം വാർഡിലെ കടമാൻചിറ ഭാഗം.

വാഴപ്പള്ളി പഞ്ചായത്തിൻെറ എല്ലാവാർഡുകളിലും രൂപപ്പെട്ടുവരുന്നതും രൂപപ്പെടാൻ സാദ്ധ്യതയുള്ളതുമായ കോളനി പ്രദേശങ്ങൾ കണ്ടെത്തി ടി പ്രദേശങ്ങളെ കേന്ദ്രീകരിച്ചുള്ള പ്രത്യേകപദ്ധതികൾ രൂപപ്പെടുത്തുകയും വേണം. കോളനിപ്രദേശത്ത് രൂപപ്പെടുന്ന ചെറുവീടുകൾ വൃത്തിയുള്ളവയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നവയും ആയിരിക്കണം ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും, മാർഗ്ഗനിർദ്ദേവും നൽകാനുതകുന്ന സംവിധാനങ്ങൾ പഞ്ചായത്തുതലത്തിൽ രൂപപ്പെടുത്തണം, നിർമ്മിതി, ശാസ്ത്ര സാഹിത്യ പരിഷത് തുടങ്ങിയ സംഘടനകളുടെ സാങ്കേതിക സഹായം നേടാവുന്നതാണ്.

കോളനിപ്രദേശങ്ങൾക്ക് വഴികൾ, വൈദ്യുതവിതരണപദ്ധതികൾ ഇവയ്ക്കു മുൻഗണന നൽകണം. ടി പ്രദേശങ്ങളിലെ സ്ത്രീകളുടെ സംഘടിതശക്തി രൂപപ്പെടുത്തുന്നതിന് വനിതാസമാജങ്ങൾ ഉണ്ടാവണം സമാജങ്ങളുടെ നേതൃത്വത്തിൽ കോളനിപ്രദേശത്തെ ശുചിത്വം, ആരോഗ്യം, കുട്ടികളുടെ വിദ്യാഭ്യാസം ഇവയ്ക്കാവശ്യമായ പരിശീലനവും, പദ്ധതികളും നടപ്പാക്കാവുന്നതാണ്. കോളനിപ്രദേശങ്ങളിൽ കാലാകാലങ്ങളിൽ സൗജന്യ വൈദ്യപരിശോധനാസൗകര്യങ്ങൾ ഏർപ്പെടുത്തണം. കുട്ടികളുടെ വിദ്യാഭ്യാസസാംസ്കാരിക നിലവാരം ഉയർത്തത്തക്കരീതിയിൽ ഫിലിംഷോകൾ, വീഡിയോപ്രദർശനങ്ങൾ ഇവയ്ക്കാവശ്യമായ ഓഡിയോവിഷ്വൽ സംവിധാനങ്ങൾ പഞ്ചായത്തുതലത്തിൽ രൂപപ്പെടുത്തണം.

എല്ലാകോളനികളിലും ശുദ്ധജല സൗകര്യങ്ങൾ എത്തിക്കാൻ വേണ്ടപ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം നൽകേണ്ടതാണ്. കോളനികൾ രൂപപ്പെടുന്ന സ്ഥലങ്ങളിൽ വീടുവയ്ക്കുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു കോളനി പ്ലാൻ തന്നെ രൂപപ്പെടുത്തുന്നതുനന്നായിരിക്കും.

പഞ്ചായത്തുപ്രദേശത്ത് വീടുകൾ നിർമ്മിക്കുന്നതിന് പഞ്ചായത്തിൻെറ അനുവാദം ആവശ്യമാക്കുന്ന ലളിതമായ ഒരു നിയമസംവിധാനം ഉണ്ടായാൽ കോളനികളിലെ വീടുകളുടെ നിർമ്മാണപ്രവർത്തനത്തിൽ ഇടപെടുന്നതിനും കോളനിയുടെ പൊതു ആവശ്യങ്ങൾ, ഭംഗി, ക്രമം, ഇവരുപപ്പെടുത്തുന്നതിനും പഞ്ചായത്തുകൾക്കുകഴിയും.

കോളനികളുടെയും ചേരികളുടെയും വികസനത്തിനാവശ്യമായ പണം പഞ്ചായത്തതിർത്തിയിൽനിർമ്മിക്കുന്ന വൻ വീടുകളിൽ നിന്നും ഇടാക്കാവുന്നതാണ്. വീടുകൾക്ക് അമിതമായിപണം ചിലവാക്കുന്നതുതടയുവാനും കോൺക്രീറ്റുവനങ്ങൾ വളരാതിരിക്കുവാനും ഇത്തരം ഒരു സെസ് നന്നായിരിക്കും.

കോളനികളെ ബന്ധപ്പെടുത്തുന്ന ഒരു സഞ്ചരിക്കുന്ന ലൈബ്രറി ഉണ്ടാവുന്നതു നല്ലതാണ്.

സമൂഹത്തിൻെറ ആർത്തിപൂണ്ട വൈകല്യ വികസനത്തിന് ഇരകളായി പൊതുധാരയിൽ നിന്നും നാടിൻെറ ഇരുളടഞ്ഞ കോണുകളിലേക്കു തൂത്തുകൂട്ടപ്പെടുന്ന ഈ മനുഷ്യക്കൂട്ടങ്ങളുടെ സമഗ്രമായ വളർച്ചയ്ക്കും മനുഷ്യത്വപരമായ ഉന്നമനത്തിനും ഉതകുന്ന പദ്ധതികൾ ഉണ്ടാകണം.

◆◆

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പേജ് 89 തുടർച്ച....

യാത്തതുകൊണ്ട് അത്തരം പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ ഇക്കൂട്ടർക്കു കഴിയുന്നില്ല. എന്നതുമാത്രമല്ല പ്രസ്തുത പദ്ധതിക്കു മാറ്റിവച്ച തുക വർഷാവസാനം ലാപ്സായിപ്പോകുന്നതായും അറിയുന്നു. അതൊഴിവാക്കാൻ യഥാസമയം ഇത്തരം സഹായപദ്ധതികളെ പട്ടികകളാക്കി ജനവിഭാഗങ്ങളെ അറിയിക്കുവാൻ സംവിധാനം ഉണ്ടാകേണ്ടതാണ്.

P.Q.R. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പൊതുകിണർ ആവശ്യമായ സ്ഥലത്ത് നിർമ്മിച്ച് നല്കുകയോ ശുദ്ധ ജലം ലഭ്യമാകാൻ മറ്റുമാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. കുട്ടികളെ പരിപാലിക്കുന്നതിനായി അംഗൻ വാടികൾ ഏർപ്പെടുത്തുക.

നാടിൻെറ സാമ്പത്തിക സന്തുലിതാവസ്ഥയ്ക്കായി എന്നെന്നും അദ്ധ്വാനിക്കുന്ന അടിസ്ഥാനവർഗ്ഗമായ പട്ടികജാതി പട്ടികവർഗ്ഗത്തിൻെറ ക്ഷേമത്തിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ വാഴപ്പള്ളി പഞ്ചായത്ത് പ്രതിജ്ഞാബദ്ധരാകുമെന്ന് പ്രത്യാശിച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നു. ●



# വനിതാക്ഷേമം

**തൊ**ണ്ണൂറുകോടി ജനം വസിക്കുന്ന ഒരു മഹാരാജ്യത്താണു നാം ജീവിക്കുന്നത്. ഇവിടെ സ്ത്രീകളുടെ സംഖ്യ പകുതിയിലധികമാണ്. സാക്ഷരതയുടെ കാര്യത്തിൽ ഒന്നാമതു നില്ക്കുന്ന കേരളത്തിൽ സ്ത്രീകളുടെ ജീവിത നിലവാരം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു ഭേദപ്പെട്ട നിലയിലാണ്. എങ്കിലും ഒരിക്കലും തിരയടങ്ങാത്ത കടൽ പോലെ ജീവിത പ്രശ്നങ്ങൾ സ്ത്രീകൾക്കു ചുറ്റും ഇരമ്പുന്നു.

പുരുഷ കേന്ദ്രീകൃതമായ ഒരു സമൂഹമാണിത്. സ്വന്തം വീട്ടിലും പറമ്പിലും പണിയെടുക്കുന്ന സ്ത്രീകളുടെ അദ്ധ്വാന മൂല്യം പലപ്പോഴും കണക്കാക്കപ്പെടുന്നില്ല. മാർക്കറ്റിൽ വില്ക്കാവുന്ന എന്തെങ്കിലും ഉല്പന്നങ്ങളുടെ നിർമ്മിതികളിൽ ഭാഗഭാക്കാകുകയോ, ഒരു സംയുക്ത സംരംഭത്തിൽ പങ്കാളിയായി സ്വന്തമായ വരുമാനമാർഗ്ഗം കണ്ടെത്തുകയോ ചെയ്യുന്നതുവഴി സ്ത്രീകളുടെ ആത്മവിശ്വാസം വളർത്തിയെടുക്കാൻ സാധിക്കും. സ്വാതന്ത്ര്യബോധവും സ്വയം പര്യാപ്തതയും സ്ത്രീകളുടെ സാമൂഹിക നിലയിൽ മാറ്റം വരുത്തും.

വാഴപ്പള്ളി പഞ്ചായത്തിലെ പന്ത്രണ്ടു വാർഡുകളിലെയും പ്രാഥമിക വിവരശേഖരണവും റിപ്പോർട്ടുകളും ഗ്രാമസഭാ റിപ്പോർട്ടുകളും നല്കുന്ന പൊതുചിത്രം വച്ചുകൊണ്ടാണിതു പറയുന്നത്.

പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചവരും, കോളജുതലത്തിൽ പഠിച്ച് ബിരുദങ്ങൾ സമ്പാദിച്ചവരുമായ

തൊഴിൽ രഹിതർ നൂറുകണക്കിനുണ്ട്. ഇവരെല്ലാം സ്വന്തമായ തൊഴിൽ മാർഗ്ഗങ്ങൾ അന്വേഷിക്കുന്ന വരാണ്. വീടിനോടു ചേർന്നുതന്നെ എന്തെങ്കിലും ആദായമാർഗ്ഗങ്ങൾ കണ്ടെത്താനാവുമോ എന്നി വർ ചിന്തിക്കുന്നു. മാറ്റങ്ങളുടെയും പുരോഗതി യുടെയും ദിശാസൂചനകൾ നല്കുന്ന ചിന്തകളാ ണിതെന്നതിൽ തർക്കമുണ്ടാവാനിടയില്ല.

വളരെ കൃത്യമായി, ശുഷ്ക്കാന്തിയോടെ മു മ്പോട്ടുകൊണ്ടുപോകേണ്ട പ്രവർത്തനങ്ങൾകൊ ണ്ടേ എന്തെങ്കിലും പുരോഗതിയുണ്ടാക്കാൻ സാ ധിക്കൂ. ആദ്യമായി വേണ്ടത് സ്ത്രീകളുടെ ബോധ വത്ക്കരണമാണ്. ഗ്രാമസഭകളിൽ നടന്നതുപോ ലെയുള്ള ചർച്ചകൾ മുടങ്ങാതെ നടത്തണം.

## 1. പ്രശ്നങ്ങൾ - സാദ്ധ്യതകൾ

സ്ത്രീകൾക്ക് ഒത്തുകൂടാൻ വേദികളുണ്ടാ വണം. നമ്മുടെ പഞ്ചായത്തിലെ 5 വായനശാല കളോടു ചേർന്ന് ഇതിനുള്ള സൗകര്യങ്ങളുണ്ടാ ക്കാം. തകർന്നു കിടക്കുന്ന മഹിളാസമാജങ്ങൾ പുനരുജ്ജീവിപ്പിക്കണം. എട്ടാം വാർഡിൽ തന്നെ ഇത്തരം മൂന്ന് സമാജങ്ങളുണ്ട്. അവ പ്രവർത്തി ക്കുന്ന കെട്ടിടങ്ങളുടെ ജീർണ്ണാവസ്ഥ മാറ്റിയെ ടുക്കണം. അംഗൻ വാടികളോടു ചേർന്നും സ്ത്രീ സംഘങ്ങൾക്കു പ്രവർത്തിക്കാം.

## 2. പഞ്ചായത്തിൽ ഒരു ക്രെഡിറ്റ് സൊസൈറ്റി രൂപീകരിക്കുക

12 വാർഡുകളിൽ ഇതിന്റെ ഓരോ യൂണിറ്റ് നിലനിർത്തുക. അംഗങ്ങളെ ചേർക്കുകയും മാസം തോറും ഒരു നിശ്ചിത തുക പിരിച്ചെടുത്ത് സംഘം വക കേന്ദ്ര ആഫീസിൽ ഏല്പിക്കുകയും ചെയ്യു ക. ഒരു വർഷമെങ്കിലും കൃത്യമായി പണമടയ് ക്കുന്നവർക്ക് വായ്പ നല്കുവാനുള്ള സംവിധാ നമുണ്ടാക്കിയെടുക്കാം.

കേരള, കേന്ദ്ര ഗവൺമെൻറ് ഏജൻസികളുടെ സഹായം ഇതിനു ലഭിക്കും.

കേരളത്തിൽ വനിതകളുടെ ഏറ്റം മികച്ച ക്രെ ഡിറ്റ് സൊസൈറ്റിയായ വണ്ടൻമേട് ഡവലപ്മെൻറ് സൊസൈറ്റിയെ ഇക്കാര്യത്തിൽ മാതൃകയാക്കാ വുന്നതാണ്.

## 3. ബോധവത്ക്കരണം

ക്രെഡിറ്റ് സൊസൈറ്റികൾ, മഹിളാ സമാജ ങ്ങൾ, വായന ശാലകൾ തുടങ്ങിയവ മുഖേന സ്ത്രീകൾക്കായി ചർച്ചാ ക്ളാസുകളും സെമിനാറു കളും സംഘടിപ്പിക്കുക. ബോധവത്ക്കരണം നവീ നമായ ഒരു സാമൂഹിക ബോധമുണ്ടാക്കിയെടു ക്കും. തങ്ങൾ അനുഭവിക്കുന്ന നിരവധിയായ പീഡ നങ്ങൾക്കും, അസ്വാതന്ത്ര്യത്തിനുമെതിരായ സ്വയം ചെറുത്തു നില്പിനു സ്ത്രീകൾക്കു പ്രാപ്തിയുണ്ടാ കണം.

## 4. വിദഗ്ദ്ധ പരിശീലനം നലകുക

ചെറിയ മുതൽ മുടക്കിൽ സ്ത്രീകൾക്കു ചെ യ്യാവുന്ന തൊഴിലുകൾ

1) തയ്യൽ, എംബ്രോയിഡറി
2) ആട്, കോഴി വളർത്തൽ/കാലിവളർത്തൽ
3) അടുക്കള തോട്ടം
4) വാഷിംഗ് സോപ്പ് നിർമ്മാണം
5) കൂൺകൃഷി
6) പായ്, കൊട്ട, വട്ടി നെയ്ത്ത്
7) നെല്ലു പുഴുക്ക്
8) കൈത്തറി യൂണിറ്റുകൾ
9) മെഴുകുതിരി
10) റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.

5. സ്ത്രീകൾക്കു ലഭിക്കാവുന്ന അവകാശങ്ങൾ, ആനുകൂല്യങ്ങൾ എന്നിവയെപ്പറ്റി വിപുലമായ പ്രചരണം നല്കുക. വാർഡുകളിൽ ഇതിനാ യി നോട്ടീസ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

6. സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങൾ ക്കെതിരെ പ്രതികരിക്കാൻ സ്ത്രീകളെ പ്രാപ് തരാക്കുക. സ്ത്രീ പുരുഷ സമത്വമെന്ന ആശ യം പ്രചരിപ്പിക്കുക. ഇതെല്ലാം തന്നെ ഏതെ ങ്കിലും തരത്തിൽപ്പെട്ട ചെറു സംഘങ്ങളുടെ രൂപീകരണത്തിലൂടെയും പ്രവർത്തനങ്ങളിലൂ ടെയും മാത്രമേ സാധ്യമാവൂ.

7. തൊഴിൽ മേഖലയിൽ വനിതകൾക്കും വിദഗ്ദ്ധ പരിശീലനം നല്കുക. പഞ്ചായത്തു തലത്തിലും ഗവ:തലത്തിലും വനിതാ തൊഴിൽ സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നല്കുക.

8. ഇത്തരം കേന്ദ്രങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വിപണന സൗകര്യങ്ങൾ ഉണ്ടാക്കുക.

9. സ്ത്രീകളുടെ ആരോഗ്യം സമൂഹത്തിന്റെ ആരോഗ്യമാണ്. ആരോഗ്യം നിലനിർത്താൻ സ്ത്രീകളുടെ അദ്ധ്വാനഭാരം കുറയേണ്ടിയിരിക്കുന്നു. വീട്ടുകാര്യങ്ങളിൽ സ്ത്രീകളോടൊപ്പം പുരുഷന്മാരും പങ്കാളികളാകണം. ഇതിനാവശ്യമായ ബോധവൽക്കരണം നടത്തണം.

10. തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് തുല്യ പങ്കാളിത്തം ലഭിക്കേണ്ടതാണ്. ഇതിനാവശ്യമായ നിയമനിർമ്മാണ നടപടികൾ ആരംഭിക്കണം.

11. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബഭാരം വഹിക്കുന്ന സ്ത്രീകൾക്ക് വിശേഷിച്ചും വിധവകൾക്ക് സാമ്പത്തിക സഹായം ഉറപ്പാക്കേണ്ടതാണ്.

12. സ്ത്രീകൾക്കു സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായങ്ങളും, സംവിധാനങ്ങളും പഞ്ചായത്തു തലത്തിൽ ഉണ്ടാകണം.

13. സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അംഗൻവാടികൾക്ക് പുറമ്പോക്കു ഭൂമിയോ, സൗകര്യപ്രദമായ മറ്റുഭൂമിയോ കണ്ടെത്തി കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അംഗൻവാടി, ബാലവാടി ജീവനക്കാർക്ക് ഇപ്പോൾ നല്കുന്ന നാമമാത്രമായ വേതനം കാലോചിതമായി പരിഷ്ക്കരിക്കേണ്ടതാണ്.

14. മഹിളാ സമാജങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കണം. അഭ്യസ്തവിദ്യരായ സ്ത്രീകളെ കൂടുതൽ പ്രവർത്തന മണ്ഡലത്തിൽ കൊണ്ടുവരണം. പ്രവർത്തനത്തിനാവശ്യമായ സഹായ സഹകരണങ്ങൾ പഞ്ചായത്തു നല്കണം.

15. സ്ത്രീ പീഡനം, സ്ത്രീധന പീഡനം തുടങ്ങിയവയ്ക്ക് പരിഹാര നിർദ്ദേശങ്ങൾ നല്കുന്നതിന് പഞ്ചായത്തു തലത്തിൽ വനിതാ കർമ്മ സമിതി രൂപീകരിക്കുക. വാർഡു തലത്തിലും പ്രവർത്തനം സംഘടിപ്പിക്കുക.

16. സ്ത്രീധനത്തിനെതിരെ കൂട്ടായ ജനമുന്നേറ്റം സംഘടിപ്പിക്കുക.

17. താലൂക്ക് ആശുപത്രിയിലെ പ്രസവവാർഡിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 29527 |
|---|---|
| സ്ത്രീകൾ | 14892 |
| പുരുഷന്മാർ | 14635 |
| പട്ടിക ജാതിക്കാർ | 1766 |
| പട്ടിക സ്ത്രീകൾ | 893 |
| പട്ടിക പുരുഷന്മാർ | 873 |
| പട്ടിക വർഗ്ഗം | 12 |
| പട്ടിക സ്ത്രീകൾ | 6 |
| പട്ടിക പുരുഷന്മാർ | 6 |



# സഹകരണം

കാർഷിക പ്രധാനമായ നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ സാധാരണക്കാരായ കർഷകരെ കൂട്ടായ പ്രവർത്തനത്തിലൂടെ തങ്ങളുടെ സംരക്ഷകരായി മാറ്റുക എന്ന ഉദ്ദേശത്തോടെയാണ് സഹകരണ പ്രസ്ഥാനം ഭാരതത്തിൽ തുടക്കം കുറിക്കപ്പെടുന്നത്. 1904ൽ ആയിരുന്നു ഇതിന്റെ ആരംഭം. ഈ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഒരു പരിധിവരെ വിജയിച്ച ചരിത്രമാണ് നമ്മുടെ സഹ കരണമേഖലയുടേത്. വാഴപ്പള്ളി പഞ്ചായത്തിലെ സഹകരണത്തിന്റെ തുടക്കം പരസ്പരസഹായസഹകരണസംഘങ്ങളുടെ രൂപത്തിലായിരുന്നു. തുരുത്തിയിലാണ് ഇതിന്റെ ആരംഭം. 1927ൽ (1702) ഫിലിപ്പ് നെടുംപറമ്പിൽ, ചെറിയത് മത്തായി നേര്യംപറമ്പിൽ എന്നിവരുൾപ്പെടെ 27 അംഗങ്ങളുടെ നേതൃത്വത്തിലായിരുന്നു അത്. സംഘത്തിന്റെ ഒന്നാം നമ്പർ അംഗമായ ചെറിയതു മത്തായി പിന്നീട് ആദ്യ പ്രസിഡണ്ടുമായി. 1928ലാണ് (1103) ചീരഞ്ചിറ സംഘത്തിന്റെ ആവിർഭാവം. മൂലയിൽ മാത്യു കോരുളയുടെ നേതൃത്വത്തിലാണ് പ്രവർത്തനമാരംഭിച്ചത്. അദ്ദേഹമായിരുന്നു ആദ്യ പ്രസിഡണ്ട്. ഇടത്തറ കുരുവിള മത്തായി ആയിരുന്നു ആദ്യ സെക്രട്ടറി. 1960-61 കാലഘട്ടത്തിൽ ഇവ സർവ്വീസ് സഹകരണ ബാങ്കുകളായി ഉയർത്തപ്പെട്ടു.

ഏതാണ്ട് ഇതേ കാലയളവിൽതന്നെ രൂപം പ്രാപിച്ച സംഘങ്ങളാണ് ചങ്ങനാശ്ശേരി അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സഹകരണസംഘവും, വാഴപ്പള്ളി റൂറൽ ഹൗസിംഗ് സൊസൈറ്റിയും. കപ്പകൃഷിക്കാരെ ഉദ്ധരിക്കുന്നതിനായി, ഗ്രാമങ്ങളിലെ കപ്പസംഘങ്ങളുടെ ഒരു കേന്ദ്രം എന്ന നിലയിലാണ് മാർക്കറ്റിംഗ് സൊസൈറ്റി ആരംഭിച്ചത്. കപ്പ മാർക്കറ്റിംഗ് സൊസൈറ്റി എന്നായിരുന്നു ഇതിന്റെ ആരംഭകാലത്തെ പേര്. ജോസഫ് കൊണ്ടോടി, മുക്കാടൻ മത്തായിച്ചൻ, കരപ്പാറ കറിയാച്ചൻ എന്നിവരായിരുന്നു നേതൃത്വം നൽകി. ഗ്രാമങ്ങളിലെ സാധാരണക്കാരെ വീടുനിർമ്മാണത്തിൽ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹൗസിംഗ് സഹകരണ സംഘത്തിന് രൂപം നൽകിയത്. സഹകരണവകുപ്പ് ഉദ്യോഗസ്ഥനായിരുന്ന പിൽക്കാലത്ത് ജോയിന്റ്

രജിസ്ട്രാറായി റിട്ടയർ ചെയ്ത ശ്രീ വി.കെ. ജോസഫിന്റെ സേവനം മേൽപറഞ്ഞ എല്ലാ സംഘങ്ങളുടെയും രൂപീകരണത്തിൽ വളരെയധികം സഹായകമായി.

കൂടാതെ വലിയകുളം കേന്ദ്രമായി മെറ്റൽ ആൻഡ് അലൈഡ് ഇൻഡസ്ട്രി എന്ന വ്യാവസായിക സഹകരണ സ്ഥാപനവും, വടക്കേക്കര, പാറാൽ, തുരുത്തി എന്നിവിടങ്ങളിൽ ക്ഷീരസഹകരണസംഘങ്ങളും, ഏനാച്ചിറ കേന്ദ്രമാക്കി പട്ടികജാതി സഹകരണ സംഘവും, വടക്കേക്കര ഗവൺമെന്റ് ഹൈസ്കൂൾ, തുരുത്തി സെന്റ് മേരീസ് യു.പി.സ്. എന്നിവിടങ്ങളിൽ സ്കൂൾ കോ–ഓപ്പറേറ്റീവ് സംഘങ്ങളും പ്രവർത്തിക്കുന്നു. ചെത്തിപ്പുഴ കേന്ദ്രമായി ഒരു ഉപഭോക്തൃ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സഹകരണസംഘങ്ങൾ ഇത്തരത്തിൽ വളരെ കാലം മുമ്പേ ആരംഭിച്ചതാണെങ്കിലും പ്രവർത്തനമാന്ദ്യം എല്ലാ സംഘങ്ങളെയും ബാധിച്ചു എന്നത് വസ്തുതയാണ്. മാത്രമല്ല കാലോചിതമായ വളർച്ച നേടുന്നതിനും കൂടുതലാളുകളെ സഹകരണസംഘത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനും കഴിഞ്ഞിട്ടില്ല. തന്മൂലം പഞ്ചായത്തിലെ കാർഷിക കാർഷികേതര മേഖലകളിൽ ശ്രദ്ധേയമായ ഭാഗഭാഗിത്വം വഹിക്കുവാൻ ഈ സംഘങ്ങൾക്ക് സാധിച്ചിട്ടില്ല.

### സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷികമേഖലയിൽ ചീരഞ്ചിറ സർവ്വീസ് സഹകരണ ബാങ്ക് സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. ഇവിടെ കാർഷിക വായ്പകൾ യഥാസമയം നല്കപ്പെ ടുന്നു. പഞ്ചായത്തിലെ 5 മുതൽ 12 വരെ 8 വാർഡുകൾ ഈ ബാങ്കിന്റെ പരിധിയിൽ ഉൾപെടുന്നു. വിസ്തൃതമായ ഈ മേഖലയിലുള്ള മുഴുവൻ ആളുകൾക്കും ഈ ബാങ്കിന്റെ സേവനങ്ങൾ ശരിക്കും പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. 11–ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ ബാങ്കിൽ നിന്നും ഏറെ അകലെയാണ് V, VI, VII, VIII, വാർഡുകൾ ഉൾപ്പെടുന്ന വടക്കേക്കര, കൂന്നന്താനം, ഇത്തിത്താനം പ്രദേശങ്ങൾ. തന്മൂലം ഈ പ്രദേശത്തുളള ആളുകൾക്ക് ബാങ്കുമായി ബന്ധപ്പെടുന്നതിനും ബാങ്ക് നൽകുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തുവാനും കഴിയാത്ത അവസ്ഥയാണ്. 80–83 കാലയളവിൽ നടന്ന ധനാപഹരണം ബാങ്കിന് സാമ്പത്തിക നഷ്ടം വരുത്തി. അതോടൊപ്പം പ്രവർത്തനത്തിനും വളരെയധികം തടസ്സങ്ങൾ സൃഷ്ടിച്ചു. 86 മുതൽ അധികാരമേറ്റ ഭരണസമിതികളുടെ നേതൃത്വത്തിൽ ബാങ്ക് വളരെയധികം മുന്നേറിയെങ്കിലും ഓഡിറ്റ് കാലാനു സൃതമായി നടക്കാത്തതിനാൽ വളർച്ചയ്ക്ക് ഡിപ്പാർട്ട്മെന്റ് തലത്തിൽ അംഗീകാരം ലഭിക്കുന്നതിനും അനതിനനുസൃതമായ തലങ്ങളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കു ന്നതിനും തടസ്സമുണ്ടായിട്ടുണ്ട്. ഓഡിറ്റ് കഴിഞ്ഞെങ്കിൽ മാത്രമെ ബ്രാഞ്ചുകൾ സ്ഥാപിച്ച് വിവിധ സ്ഥലങ്ങളി ലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിച്ച് മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിനും സാധിക്കൂ എന്ന അവസ്ഥയിലാണിപ്പോൾ.

ആദ്യം രൂപീകരിക്കപ്പെട്ടതെങ്കിലും പ്രവർത്തനങ്ങളിൽ തുരുത്തി സർവ്വീസ് സഹകരണബാങ്ക് വളരെ പിന്നിലാണ്. 1 മുതൽ 4 വരെ 4 വാർഡുകളാണ് ബാങ്കിന്റെ പരിധിയിലുള്ളത്. പറാൽ, വെട്ടിത്തുരുത്ത് പ്രദേശങ്ങൾ ഉൾപ്പെടുന്ന ഒന്നാം വാർഡ് ബാങ്കിൽ നിന്നും വളരെ അകലെ ആയതിനാലും ഈ പ്രദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഗതാഗത സൗകര്യങ്ങൾ ഇല്ലാത്തതിനാലും ആ പ്രദേശക്കാർക്ക് ബാങ്കിന്റെ സേവനങ്ങൾ ലഭിക്കുന്നില്ല എന്നു തന്നെ പറയാം. സ്ഥലവും കെട്ടിടവും സ്വന്തമായി ഉണ്ടെങ്കിലും സ്ട്രോംഗ് റൂം ചെയ്യപ്പെട്ട കൗണ്ടർ, ഓഫീസ് സൗകര്യങ്ങൾ ഇവ ഇല്ലാത്തത് ബാങ്കിന്റെ ഒരു പോരായ്മയായി നിലനിൽക്കുന്നു. വായ്പാ കുടിശിവശതമാനം വളരെ ഉയർന്നു നിൽക്കുന്നതും ബാങ്കിന്റെ വളർച്ചയ്ക്ക് ഒരു തടസ്സമാണ്. മേൽപറഞ്ഞ കാരണങ്ങളാൽ ആളുകളിൽ നിന്നും കൂടുതൽ നിക്ഷേപങ്ങൾ ആർജ്ജിക്കുന്നതിനും, വായ്പകൾ യഥാസമയം നൽകുന്ന തിനും സാധിക്കുന്നില്ല. കാർഷികമേഖലയെങ്കിലും വർഷത്തിൽ ഒരു തവണ മാത്രമാണ് കാർഷിക വായ്പകൾ നൽകുന്നത്. ഇടക്കാലത്ത് നടന്ന മോഷണം 20000ത്തോളം രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാക്കി എന്നതിലേക്കാളേറെ ആളുകളുടെ വിശ്വാസം നഷ്ട പ്പെടുത്തി എന്നതാണ് വസ്തുത. ബാങ്കിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയെങ്കിൽ മാത്രമേ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ കഴിയൂ.

സഹകരണവിപണന സംഘമായി രൂപം കൊണ്ട ചങ്ങനാശ്ശേരി അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സഹകരണസംഘത്തിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. എം.സി. റോഡരുകിൽ 30 സെന്റോളം സ്ഥലവും ഒന്നാംതരം കെട്ടിടവും (ഗോഡൗൺ ഉൾപ്പെടെ) സ്വന്ത മായുള്ള (ഏകദേശം 35 ലക്ഷം രൂപ വിലമതിക്കുന്നത്) സംഘത്തിന് കാര്യമായി

ും കർഷകർക്കുവേണ്ടി ചെയ്യാൻ കഴിഞ്ഞിട്ടില്ല. നാശ്ശേരി താലൂക്ക് മുഴുവൻ പ്രവർത്തനപരിയുള്ള സ്ഥലം ആരംഭകാലത്ത് ചില വർഷങ്ങ കപ്പസംഭരണം നടത്തിയിരുന്നു. പിന്നീട് 1980ക ഒരു തവണ കൊപ്രാസംഭരണവും ഒരു തവണ പണ്ടി സംഭരണവും നടത്തിയതൊഴിച്ചാൽ നും ചെയ്തിട്ടില്ല. ഇപ്പോൾ സംഘംവക കെട്ടിട ഒരു ജൈവവള നിർമ്മാണയൂണിറ്റിന് നാമമാത്ര യ്ക്ക് നൽകിയിരിക്കുന്നു. ഇതു കെട്ടിടത്തിന്റെ സ്സിനെ ദോഷകരമായി ബാധിക്കുമെന്നതാണ് ാർത്ഥ്യം. പ്രവർത്തനത്തിന് വിപുലമായ ്യതയുണ്ടായിട്ടും ഒന്നും ചെയ്യാതിരുന്നത് സമിതികളുടെ കെടുകാര്യ സ്ഥതയാണ്.

മറ്റ് സംഘങ്ങളെപ്പോലെ ആരംഭശൂരത്വം കാട്ടിയ സംഘങ്ങളാണ് മെറ്റൽ ആന്റ് അലൈഡ് സൊസൈറ്റിയും, വാഴപ്പള്ളി റൂറൽ ഹൗസിംഗ് സൊസൈറ്റിയും. ആരംഭിച്ചതിനുശേഷവും വളരെക്കാലം കാര്യമായ പ്രവർത്തനങ്ങളില്ലാതെകിടന്നു ഈ സംഘങ്ങൾ. ഇപ്പോൾ മെച്ചപ്പെട്ടു വരുന്നു എന്നു പറയാമെങ്കിലും ഒരു തടിമില്ലും, ഓട്ടോമൊബൈൽ വർക്ക്ഷോപ്പും മറ്റും മെറ്റൽ അൻഡ് അലൈഡിൽ പ്രവർത്തിക്കുന്നു. റൂറൽ ആൻഡ് ഹൗസിംങ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളും ഇപ്പോൾ മെച്ചപ്പെട്ടു വരുന്നു. സ്വന്തമായി സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും കെട്ടിടം പണിയുന്നതിന് സംഘത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല.



ഹരിതസമൃദ്ധിയിലേയ്ക്ക്....
നാമ്പിടുന്ന പ്രതീക്ഷകൾ.

## കാർഷിക മേഖല - വായ്പാസൗകര്യങ്ങൾ

ഏകദേശം അയ്യായിരത്തോളം കർഷകകുടുംബങ്ങളുള്ള പഞ്ചായത്താണ് വാഴപ്പള്ളി. നെല്ല്, വാഴ, റബ്ബർ, പച്ചക്കറി കൃഷികളാണ് ഈ പ്രദേശത്ത് പ്രധാനമായും ഉള്ളത്. ജലസേചനസൗകര്യങ്ങൾ ഫലപ്രദമായ രീതിയിൽ ഇവിടെ നിലവിലില്ല. കാർഷികാവശ്യങ്ങൾക്ക് ആളുകൾ പഞ്ചായത്തിലെ രണ്ടു സഹകരണബാങ്കുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. കാർഷിക കാർഷികേതര വായ്പകൾ രണ്ടു ബാങ്കുകളും വിതരണം ചെയ്യുന്നുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് ഹ്രസ്വകാല വായ്പകളാണ് നല്കുന്നത്. നെല്ല് 9 മാസം വാഴ 11 മാസം എന്നിങ്ങനെ. റബ്ബർ പച്ചക്കറി കൃഷിക്കാർക്കായി പ്രത്യേക വായ്പാ പദ്ധതികൾ കാര്യമായി നിലവിലില്ല എന്നുതന്നെ പറയാം.

### a. ഹ്രസ്വകാലവായ്പ

രണ്ടു ബാങ്കുകളിലുമായി ഏകദേശം ഏഴായിരത്തി അഞ്ഞൂറോളം ആളുകളാണ് അംഗങ്ങളായിട്ടുള്ളത്. ജില്ലാ ബാങ്കിൽനിന്നു ലഭിക്കുന്ന ഹ്രസ്വകാല വായ്പകളാണ് ബാങ്കുകൾ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നത്.

#### 1. ചീരഞ്ചിറ സർവ്വീസ് സഹകരണബാങ്ക്

8 വാർഡുകളിലെ 4911 ആളുകളാണ് ഈ ബാങ്കിൽ അംഗത്വമെടുത്തിട്ടുള്ളത്. പരസ്പരജാമ്യത്തിൽ ഒരു വ്യക്തിക്ക് 2,000 രൂപ വരെ എന്ന ക്രമത്തിൽ കാർഷികാവശ്യത്തിന് ഹ്രസ്വകാലവായ്പ നല്കുന്നു. 95-96 ൽ ഏകദേശം 22,39,000 രൂപ. ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. വായ്പാ വിതരണത്തിലും തിരിച്ചടവിലും അതീവശ്രദ്ധ പുലർത്തുന്നതിനാൽ കുടിശ്ശിക ശതമാനം വളരെ കുറവാണ്. (10 ൽ താഴെ മാത്രം) കാർഷികാവശ്യത്തിന് പ്രയോജനകരമായ രീതിയിൽ വളവും വിതരണം ചെയ്യുന്നുണ്ട്. മിക്കവാറും എല്ലാ മാസങ്ങളിലും വായ്പ വിതരണം ചെയ്യുന്നു.

#### 2. തുരുത്തി സർവ്വീസ് സഹകരണ ബാങ്ക്

പ്രധാനമായും 3 വാർഡിലെ കാർഷികാവശ്യങ്ങളാണ് ബാങ്കിന്റെ ചുമതലയിലുള്ളത്. അംഗങ്ങളുടെ എണ്ണം 2601 കുടിശ്ശിക ശതമാനം വളരെ കൂടുതലും നിക്ഷേപങ്ങൾ കുറവും ആയതിനാൽ യഥാസമയം വായ്പകൾ നല്കുന്നതിന് സാധിക്കാറില്ല. വർഷത്തിൽ ഒരു തവണയാണ് വായ്പാ വിതരണം. 95-96ൽ വിതരണം ചെയ്ത വായ്പാ തുക 5,20,550 രൂപ മാത്രമാണ്. കുടുശ്ശിക പിരിച്ചെടുക്കുന്നതിനും നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജിതമായ ശ്രമങ്ങൾ നടന്നു കാണുന്നില്ല. തന്മൂലം മുഴുവൻ കർഷകരുടെയും വായ്പാവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിന് കഴിയുന്നില്ല. 96-ലെ പുഞ്ചകൃഷിക്ക് നെല്ല് സംഭരണം നടത്തിയിരുന്നു. തൽഫലമായി കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് സാധിച്ചു. കർഷകർക്ക് വളവും ബാങ്കു വിതരണം ചെയ്യുന്നുണ്ട്.

പട്ടിക - 1

**കാർഷിക വായ്പാസംഘങ്ങൾ**

| | 1. | 2. |
|---|---|---|
| സംഘത്തിന്റെ പേര് | ചീരംചിറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1626 | തുരുത്തി സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം 1486 |
| പ്രവർത്തനം ആരംഭിച്ച വർഷം | 1928 | 1927 |
| പ്രവർത്തന പരിധി | V, VI, VII, VIII, IX, X, XI, XII വാർഡുകൾ | I, II, III, IV |
| വ്യക്തി അംഗത്വം | 4911 | 2601 |
| ഓഹരി മൂലധനം 000 | 1000 | 370 |
| നിക്ഷേപം 000 | 16851 | 12967 |
| വായ്പകൾ - | | |
| കാർഷിക | 2239 | 520 |
| കാർഷികേതര | 17316 | 844 |
| **ജീവനക്കാർ -** | | |
| സ്ഥിരം | 5 | 4 |
| മറ്റുള്ളവർ | - | - |

b. ദീർഘകാലവായ്പ

പഞ്ചായത്ത് പ്രദേശത്ത് ദീർഘകാല കാർഷി കവായ്പ ലഭ്യമാകുന്നത് കോട്ടയം ജില്ലാ കാർഷിക വികസന ബാങ്കാണ്. പലിശ നിരക്ക് കൂടുതലായ തിനാലും വായ്പാ നടപടികൾ ലളിതമല്ലാത്തതിനാ ലും കർഷകർ വളരെയധികമായി വികസന ബാങ്കി നെ സമീപിച്ചു കാണുന്നില്ല.

## കാർഷികേതര മേഖല

ഈ മേഖലയിൽ ഇന്നു പ്രധാനമായും നില വിലുള്ള സ്ഥാപനങ്ങൾ മെറ്റൽ & ആലൈഡ്, റൂറൽ സഹകരണസംഘം സ്കൂൾ സഹകരണ സംഘങ്ങൾ (ഉപഭോക്തൃസംഘം) എന്നിവയാണ്. ചെറിയ തോതിൽ പ്രവർത്തിക്കുന്ന എന്നതിലപ്പുറം പ്രദേശത്തിന്റെ വ്യാവസായികവികസനം അടി സ്ഥാനസൗകര്യങ്ങളുടെ വർദ്ധനവ്, വിപണനസൗ കര്യ വർദ്ധനവ്, തൊഴിൽ സാദ്ധ്യത ഇവയ്ക്കൊ ന്നും കാര്യമായ സംഭാവനകൾ നല്കുന്ന തലത്തി ലേയ്ക്കുയരുവാൻ ഈ സംഘങ്ങൾക്കു കഴിഞ്ഞിട്ടി ല്ല.

പട്ടിക 2

### ക്ഷീരസഹകരണസംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ശേഖരിച്ച പാൽ 000 | വിറ്റ പാൽ 000 | പുറത്തേയ്ക്കുള്ള പാൽ 000 |
|---|---|---|---|---|---|---|---|
| 1. | വടക്കേക്കര ക്ഷീരോല്പാദക സഹ കരണസംഘം ക്ലിപ്തം നമ്പർ K. 68 (D) ആപ്കോസ് | 1988 | വാർഡ് V | 137 | 86 | 37 | 49 |
| 2. | പറാൽ ക്ഷീരോല്പാദക സഹക രണസംഘം ക്ലിപ്തം നമ്പർ K 124 (D) ആപ്കോസ് | 1988 | വാർഡ് I | 149 | 48 | 19 | 19 |
| 3. | തുരുത്തി ക്ഷീരോല്പാദക സഹ കരണസംഘം ക്ലിപ്തം നമ്പർ | 1991 | വാർഡ് II, III, IV | 173 | 54 | 18 | 36 |

## വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

### കാർഷികമേഖല

1. ചീരംചിറ സഹകരണ ബാങ്ക് 30-06-'96 ലെ കണക്കുകളനുസരിച്ച് 16,299 രൂപ ലാഭത്തിൽ നില്ക്കുന്നു. ദീർഘനാളത്തെ പരിശ്രമത്തി ലൂടെയാണ് നഷ്ടം ഇല്ലാതാക്കി ഈ അവസ് ഥയിലെത്തിയിട്ടുള്ളത്. എന്നാൽ തുരുത്തി സർവ്വീസ് സഹകരണ ബാങ്ക് ഇക്കാലയള വിൽ നാലു ലക്ഷത്തോളം രൂപയുടെ നഷ് ടത്തിലാണ് നില്ക്കുന്നത്. ഈ നഷ്ടം നിക ത്താതെ വികസനപ്രവർത്തനങ്ങളിലേയ്ക്ക് കടക്കുന്നതിന് ബാങ്കിനു സാധ്യമല്ല. അതി നാൽ നഷ്ടം നികത്തുന്നതിനായി നഷ്ടത്തി ന് തുല്യമായ തുക പലിശരഹിത ദീർഘകാ ലവായ്പയായോ ഓഹരി മൂലധനമായോ അ നുവദിക്കുക.

2. കുടിശ്ശിഖ ശതമാനം വർദ്ധിച്ചു നില്ക്കുന്നതാ ണ് നഷ്ടത്തിനു പ്രധാന കാരണം. ആയതി നാൽ പിഴ പലിശ ഇളവു നല്കിയും മറ്റും കുടിശ്ശിഖ നിവാരണത്തിന് അടിയന്തിരനട

പടികൾ സ്വീകരിക്കുക. ജപ്തി നടപടികളും യഥാവസരം നടത്തുക.

3. നിക്ഷേപസമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക. സ്വർണ്ണപ്പണയ വായ്പ, കൺസ്യൂമർ വായ്പ, ഭവനനിർമ്മാണ വായ്പ ഇവ നടപ്പിലാക്കാവുന്നതാണ്.

4. കെട്ടിടം പുതുക്കി പണിത് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

5. എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

6. ധനാപഹരണത്തിൽപെട്ട തുക വസൂലാക്കുന്നതിന് ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കണം.

7. ബാങ്ക് കൂടുതൽ തവണയുള്ള ചിട്ടികൾ നടത്തുകയും ചിട്ടിനിയമ വ്യവസ്ഥകൾ ലഘൂകരിക്കുകയും വേണം.

8. ബാങ്കുകൾ കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളടങ്ങുന്ന ലിസ്റ്റ് തയ്യാറാക്കുകയും അതനുസരിച്ച് ഓരോ വർഷവും ആവശ്യമായി വരുന്ന വായ്പ തുക കണക്കാക്കുകയും ചെയ്യുക.

9. ഓരോ കർഷകനും ഒരു വർഷത്തേയ്ക്ക് ആവശ്യമായി വരുന്ന തുക എത്രയെന്ന് മുൻകൂർ കണക്കാക്കി അത് പാസ്സാക്കി ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

10. ജില്ലാ ബാങ്ക് നബാർഡ് തുടങ്ങിയ കാർഷിക ഏജൻസികളുടെ വിവിധ വായ്പാ പദ്ധതികൾ യഥാസമയം കർഷകരുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

11. കർഷകർക്ക് സർക്കാരിൽ നിന്നും അനുവദിക്കുന്ന പലിശ സബ്സിഡി അവർക്ക് യഥാകാലം ലഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിലും ബാങ്കു തലത്തിലും സ്വീകരിക്കുക.

12. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷികവായ്പാനിധി കാലാനുസൃതമായി വർദ്ധിപ്പിക്കുകയും വായ്പാനടപടികൾ ലളിതമാക്കുകയും ചെയ്യുക.

13. കൃഷിക്കനുസൃതമായ വളം, കീടനാശിനി മറ്റു വസ്തുക്കൾ കാർഷികോപകരണങ്ങൾ ഇവയുടെ വിതരണം മെച്ചപ്പെടുത്തണം.

14. കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും സ്ഥിരമായ സംവിധാനമുണ്ടാക്കണം. കാർഷികകോളനികളുടെ സംസ്ക്കരണത്തിനും അനുബന്ധ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും നടപടികളെടുക്കണം. പ്രവർത്തനരഹിതമായി കിട്ടുന്ന മാർക്കറ്റിംങ് സഹകരണസംഘത്തെ ഈ ആവശ്യത്തിലേയ്ക്ക് സജ്ജമാക്കണം.

15. ഉല്പന്നങ്ങൾക്ക് വിലയിടിവുണ്ടാകുമ്പോൾ കൃഷിക്കാരുടെ ഉല്പന്നങ്ങൾ സെക്യൂരിറ്റിയായി സ്വീകരിച്ച് വായ്പ നല്കണം.

16. പറാൽ, വെട്ടിത്തുരുത്ത് പ്രദേശങ്ങൾക്കു മാത്രമായി ഒരു സഹകരണബാങ്ക് ആരംഭിക്കണം.

17. വാഴപ്പള്ളി സർവ്വീസ് സഹകരണബാങ്ക് ചീരംചിറ ബാങ്കിന്റെ പ്രവർത്തനപരിധിയിൽപ്പെടുന്ന V, VI വാർഡുകളിൽ കടന്ന് പ്രവർത്തിക്കുന്നുണ്ട്. ഈ പ്രവണത അവസാനിപ്പിക്കണം.

18. ചീരംചിറ സർവ്വീസ് സഹകരണബാങ്ക്, വടക്കേക്കര, ഏനാചിറ, കുന്നന്താനം, ഇത്തിത്താനം പ്രദേശത്തുള്ളവരുടെ സൗകര്യാർത്ഥം ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

19. ജീവനക്കാരുടെ കുറവ് ചീരഞ്ചിറ സകരണ ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിരിക്കുന്നു. ആവശ്യത്തിനു ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ഓഡിറ്റ് യഥാസമയം നടക്കാത്തതാണ് ഇതിനുതടസ്സമായിനില്ക്കുന്നത്. ഡിപ്പാർട്ട്മെന്റ് അടിയന്തിരമായി ഇടപെട്ട് നിയമനത്തിന് അനുമതിനല്കേണ്ടതാണ്.

20. നെല്ല്, തെങ്ങ്, മേഖലകളിൽ ഗ്രൂപ്പ്ഫാമിങ് തലങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെ

ടുത്തണം. മുഴുവൻ കർഷകരെയും ഇതിൽ അംഗങ്ങളാക്കണം. വിവിധകൃഷികൾക്ക് സർക്കാർ നല്കുന്ന സബ്സിഡി വർദ്ധിപ്പിക്കണം. കൂടാതെ മേൽത്തരം വിത്ത്, വളം, കിടനാശിനി, ട്രാക്ടർ, ടില്ലർ, കൊയ്ത്ത്- മെതിയന്ത്രങ്ങൾ എന്നിവയും ലഭ്യമാക്കണം.

21. നെല്പാടങ്ങൾ മത്സ്യകൃഷി അദായകരമായിനടത്താൻ സാധ്യതയുള്ളതിനാൽ എല്ലാ പാടശേഖരങ്ങളിലും രണ്ടാം കൃഷിയായി മത്സ്യകൃഷി നടത്തണം.

22. തേങ്ങ കൂടുതലായി ഉല്പാദിപ്പിക്കപ്പെടുന്ന പ്രദേശത്ത് ഇന്നത്തെ നിലയിൽ വെളിച്ചെണ്ണ ഉല്പാദനത്തിനയുള്ള ഒരു യൂണിറ്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘത്തിൽ തുടങ്ങണം. ഇതിനായി കേരഫെഡ് നാളികേരവികസന ബോർഡ് എന്നിവയുടെ സഹായം തേടണം.

23. ദീർഘകാല വായ്പ നല്കുന്ന കോട്ടയം കാർഷികവികസനബാങ്കിൻെറ വായ്പാ നയം ഉദാരമാക്കണം. കാർഷിക വികസനബാങ്കിൻെറ ഒരു ശാഖ പഞ്ചായത്തിൽ ആരംഭിക്കണം.

## ക്ഷീരസഹകരണ സംഘങ്ങൾ

പാൽ സംഘത്തിൻെറ പരിധി 1-ാം വാർഡാണ്. വാർഡിൽ പശുവളർത്തൽ പ്രോത്സാഹിപ്പിക്കുകയും മുഴുവൻ വീട്ടുകാരെയും ഈ സംഘത്തിൽ അംഗങ്ങളാകത്തക്ക തരത്തിൽ നടപടികൾ സ്വീകരിക്കുകയും വേണം.

തുരുത്തി സംഘം മൂന്നു വാർഡുകളിലായി പ്രവർത്തിക്കുന്നു. അതിനനുസൃതമായ വളർച്ച സംഘത്തിൽ ഉണ്ടാകുന്നതിനായി നടപടികളെടുക്കണം. കാലിവളർത്തൽ വ്യാപിപ്പിക്കണം

വടക്കേക്കര സംഘം 5-ാം വാർഡിൽ മത്രമായിട്ട് പ്രവർത്തിക്കുന്നു. ഇതിൻെറ പ്രവർത്തന മേഖല വിപുലപ്പെടുത്തണം. 6-ാം വാർഡുകൂടി ഇതിൻെറ പരിധിയിൽ ഉൾപ്പെടുത്തണം.

7 മുതൽ 12 വരെ വാർഡുകൾക്കായി പുതിയസംഘങ്ങൾ ആരംഭിക്കണം.

കന്നുകാലികളെ വാങ്ങുന്നതിനും കൂടുകെട്ടുന്നതിനും മറ്റുമായി വായ്പ ക്ഷീരസംഘങ്ങൾ വഴി അർഹരായവർക്കുനല്കണം.

പഞ്ചായത്തിൽ ഒരു ചെറുകിട കാലിത്തീറ്റനിർമ്മാണഫാക്ടറി സ്ഥാപിക്കണം.

പുൽകൃഷി എല്ലാ മേഖലകളിലും വ്യാപിപ്പിക്കണം. പാൽ ഉല്പാദനം വർദ്ധിപ്പിക്കുകയും പാൽ ഉപയോഗിക്കുകയും വേണം സംഘങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടികളെടുക്കണം.

കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം യഥാസമയം ലഭ്യമാക്കണം.

## കൺസ്യൂമർ മേഖല

നിലവിലുള്ള ചെത്തിപ്പുഴ കൺസ്യൂമർ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ വ്യാപിപ്പിക്കണം. നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യണം.

നിലവിലുള്ള സഹകരണബാങ്കുകളോടനുബന്ധിച്ച് കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിക്കണം. ഇവ നടത്തുന്നതിന് ഓരോവർഷവും കമ്മീഷൻ വ്യവസ്ഥയിൽ സ്വകാര്യവ്യക്തികൾക്ക് അനുമതിനല്കണം.

കൺസ്യൂമർ സ്റ്റോറുകളിൽ നഷ്ടമുണ്ടായൽ അതു പരിഹരിക്കുവാൻ സർക്കാരിൽ നിന്നും സബ്സിഡി അനുവദിക്കേണ്ടതാണ്.

സ്കൂൾ സഹകരണ സംഘങ്ങളിൽ കൂടി ഇപ്പോൾ പുസ്തകങ്ങൾ മാത്രമേ വിതരണം ചെയ്യുന്നുള്ളു. ഇതുകൂടാതെ കുട്ടികൾക്കാവശ്യമായ യൂണിഫോമുകൾ, സ്റ്റേഷനറി സാധനങ്ങൾ ഇവയും വിതരണം ചെയ്യണം. ഇതിലൂടെ ഒരു സംഘത്തിൽ ഒരാൾക്കു വീതം തൊഴിൽ സാദ്ധ്യതയുണ്ടാകുന്നു.

എല്ലാ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും നിർബ്ബന്ധമായും ഈ സംഘത്തിൽ അംഗങ്ങളാക്കണം.

## പട്ടികജാതി സഹകരണസംഘം

നിലവിലുള്ള പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം. 1984-ൽ ആരംഭിച്ച ഈ സംഘം ഒരു തവണ വായ്പ നല്കിയിട്ടുണ്ട് (1986-ൽ) പിന്നീട് നല്കിയിട്ടില്ല. അംഗങ്ങൾ തിരിച്ചടയ്ക്കാത്തതും പ്രവർത്തനമൂലധനം ആവശ്യത്തിനില്ലാത്തതുമാണ് കാരണം. സർക്കാർ ഓഹരി കൂടുതലായി നല്കണം. മുഴുവൻ പട്ടികജാതിക്കാരെയും അംഗങ്ങളാക്കണം. പട്ടികജാതിക്കാരുടെ ക്ഷേമത്തിനും കൂടുതൽ തൊഴിലവസരങ്ങൾ നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

## ലേബർ കോൺട്രാക്റ്റ് സഹകരണസംഘം

IV-ാം വാർഡ് K 233-ാം നമ്പരായി ഒരു സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാര്യമായ പ്രവർത്തനങ്ങളില്ല. അസംഘടിതരായ മുഴുവൻ തൊഴിലാളികളെയും ഉൾക്കൊള്ളിച്ചു കൊണ്ട് സംഘത്തിന്റെ പ്രവർത്തനം വിപുലമാക്കണം. പഞ്ചായത്തിന്റെ മരാമത്തുജോലികൾ ഏറ്റെടുക്കൽ നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം ഇവയിലേർപ്പെടുവാൻ സാധിക്കും.

## വ്യവസായ സഹകരണസംഘം

വ്യവസായമേഖലയിൽ ഇപ്പോൾ നിലവിലുള്ളത് മെറ്റൽ & ആലൈഡ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. ചങ്ങനാശ്ശേരി താലൂക്കാണ് ഇതിന്റെ പ്രവർത്തനപരിധി. വിപുലമായ പ്രവർത്തനങ്ങൾ പക്ഷേ നിലവിലില്ല. ഇക്കാലത്ത് പ്രവർത്തനരഹിതമായി കിടന്നതിനുശേഷം ഇപ്പോൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. ഒരു തടിമില്ല് ഈ സ്ഥാപനത്തിന്റേതായി പ്രവർത്തിക്കുന്നു. മറ്റു ചില സ്ഥാപനങ്ങൾ വാടകയ്ക്കും. പഞ്ചായത്തിന്റെ വ്യാവസായിക വികസനത്തിന് അനുയോജ്യമായ നടപടികൾ സംഘം സ്വീകരിക്കണം.

ചെറുകിട വ്യവസായയൂണിറ്റുകൾ വാർഡുകളിൽ ആരംഭിക്കുകയും അവയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിതരണം, ഉല്പന്നങ്ങളുടെ വിപണനം ഇവയ്ക്ക് നടപടികളെടുക്കുകയും വേണം.

ഫർണിച്ചർ, ഇരുമ്പുപണി തുടങ്ങിയവയിൽ തൊഴിൽരഹിതർക്ക് പരിശീലനം നല്കുന്നതിന് സംഘം കോഴ്സുകൾ ആരംഭിക്കണം.

## ഹൗസിംഗ് സഹകരണസംഘം

വാഴപ്പള്ളി ഉൾപ്പെടെ നാലു പഞ്ചായത്തുകളിലായിട്ടാണ് റൂറൽ ഹൗസിംഗ് സഹകരണസംഘം പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ സംഘത്തിന്റെ പ്രവർത്തനങ്ങൾ അത്ര വിപുലമല്ല.

പട്ടിക 3

| സംഘത്തിന്റെ പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | വാഴപ്പള്ളി പഞ്ചായത്തിൽ | |
|---|---|---|---|---|---|
| | | | | തുക ലഭിച്ചവർ | തുക 000 |
| വാഴപ്പള്ളി റൂറൽ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ K 150 | 1960 | വാഴപ്പള്ളി തൃക്കൊടിത്താനം കുറിച്ചി പായിപ്പാട് പഞ്ചായത്തുകൾ | 617 | 7 | 403 |

വായ്പാ നടപടികൾ ഉദാരമാക്കി കൂടുതൽ ആളുകൾക്കു വായ്പ നല്കുവാൻ ശ്രദ്ധിക്കണം.

## കോഴി വളർത്തൽ സഹകരണസംഘം

കോഴി ഇറച്ചി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം ഇന്നു നമ്മുടെ സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നു. എന്നാൽ ഇതിനുവേണ്ടി നാം ഇന്ന് മറ്റു സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കുന്നു. നമ്മുടെ പഞ്ചായത്തിൽതന്നെ നമുക്ക് ആവിഷ്കരിക്കാവുന്ന ഒന്നാണ് കോഴിവളർത്തൽപദ്ധതി. ഈ ആവശ്യത്തിലേക്ക് ഒരു സഹകരണ സംഘത്തിനു രൂപം നല്കിയാൽ കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിനു സാധിക്കും. ഈ സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ ചെറിയ യൂണിറ്റുകളായി കോഴിവളർത്തുന്നതിനു സാ

ധിക്കും. അതിനാവശ്യമായ മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനവും സാമ്പത്തിക സഹായം, വിപണന സഹായം തുടങ്ങിയവയും സംഘം ലഭ്യമാക്കണം.

## മത്സ്യകർഷക സഹകരണസംഘങ്ങൾ

മത്സ്യം വളർത്തൽ നമ്മുടെ പഞ്ചായത്തിൽ അത്ര പ്രചാരം നേടിയിട്ടില്ലെങ്കിലും ഭാവിയിൽ വളരെയധികം സാധ്യതകളുള്ള ഒരു മേഖലയാണിത്. 11-ാം വാർഡിൽപെട്ട തൂമ്പ്രം പാടശേഖരത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മത്സ്യകൃഷി വമ്പിച്ച വിജയമായിരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെയെങ്കിൽ അനതിവിദൂരഭാവിയിൽ നമ്മുടെ പഞ്ചായത്തിനും മിക്ക പാടശേഖരങ്ങളിലും മത്സ്യകൃഷി നടത്താനാവും. മത്സ്യകൃഷി വ്യാപകമാകുന്നെങ്കിൽ ഒരു സഹകരണസംഘവും ആവശ്യമായിവരും. ഉല്പാദിപ്പിക്കുന്ന മത്സ്യം കേടുകൂടാതെ സംഭരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും വിപണനം നടത്തുന്നതിനും മേൽനോട്ടം സംഘം നടത്തണം. മത്സ്യക്കുഞ്ഞുങ്ങളുടെ വളർത്ത, മത്സ്യതീറ്റ നിർമ്മാണം മത്സ്യവള നിർമ്മാണം എന്നീ കാര്യങ്ങളിലും സംഘത്തിനു ശ്രദ്ധ ചെലുത്തുന്നതിനു കഴിയും.

## വനിതാ സഹകരണസംഘം

നമ്മുടെ പഞ്ചായത്തിൽ ഇത്തരം സംഘങ്ങൾ നിലവിലില്ല. എന്നാൽ വളരെയധികം സാധ്യതകളുള്ള ഒന്നാണു വനിതാ മേഖല. ചില വാർഡുകളിലെങ്കിലും ഇപ്പോൾ വനിതാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം വനിതാ സമാജങ്ങളെ വനിതാ സഹകരണസംഘങ്ങളാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തന സജ്ജമാക്കിയാൽ പല ശ്രദ്ധേയമായ പ്രവർത്തനങ്ങളും കാഴ്ച വയ്ക്കാനാകും. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, പലഹാരം, അച്ചാർ നിർമ്മാണം, കറിപൗഡർ നിർമ്മാണം എന്നിവ വനിതാ സഹകരണസംഘങ്ങൾക്ക് പ്രവർത്തിക്കാവുന്ന മേഖലയാണ്. ഇതിലൂടെ വനിതകളുടെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്താനാകും.

## തൊഴിൽ സാധ്യതകൾ

സഹകരണരംഗം മെച്ചപ്പെട്ടാൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യതകളുണ്ടാകുന്നു. രണ്ട് സഹകരണബാങ്കുകളിലായി ഏഴോളം പുതിയ തസ്തികകൾ അഞ്ചു വർഷത്തിനുള്ളിൽ ഉണ്ടാകുന്നതാണ്.

മാർക്കറ്റിംഗ് സഹകരണസംഘത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടാൽ 3 പേർക്കും കൺസ്യൂമർ വിഭാഗത്തിൽ 4 പേർക്കും. പട്ടികജാതി സഹകരണസംഘത്തിലൂടെ 3 പേർക്കും ഹൗസിംഗ് സഹകരണസംഘത്തിൽ രണ്ടാൾക്കും ക്ഷീരോല്പാദക സംഘങ്ങളിലൂടെ 4 പേർക്കും തൊഴിൽ സാധ്യതയുണ്ട്.

കൂടാതെ വനിതാ സഹകരണസംഘം, മത്സ്യകാർഷിക സഹകരണസംഘം, കോഴി വളർത്തൽ സഹകരണസംഘം, വ്യവസായ സഹകരണസംഘം, ലേബർ കോൺട്രാക്ട് സംഘം എന്നിവയിലൂടെ പ്രവർത്തനമേഖല വിപുലപ്പെടുത്തിയാൽ പ്രത്യക്ഷമായി മുന്നൂറോളം പേർക്കും പരോക്ഷമായി നൂറോളം പേർക്കും തൊഴിൽ ലഭിക്കുന്നതാണ്. ഇത്തരത്തിൽ സഹകരണമേഖലയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കപ്പെടുന്നതിലൂടെ ഉല്പാദനം ഗണ്യമായി വർദ്ധിക്കുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സാധ്യതയുണ്ടാകുന്നു.

സഹകരണ രംഗത്തെ വിവിധ മേഖലകളിലെ വളർച്ചയ്ക്ക് ആവശ്യമായി ഈ പഞ്ചായത്തിൽ മൊത്തം 592 ലക്ഷം രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു. ഇത്രയും തുക മുതൽ മുടക്കുക വഴി 43 പേർക്ക് പ്രത്യക്ഷമായും 550 പേർക്ക് പരോക്ഷമായും ജോലി സാധ്യതയുണ്ടാകുന്നു. ഇതുവഴി വാഴപ്പള്ളി പഞ്ചായത്തിലെ 5000 ത്തോളം കുടുംബങ്ങൾക്ക് സാമ്പത്തികാഭിവൃദ്ധി ഉണ്ടാകുകയും ചെയ്യും. രാഷ്ട്രപിതാവ് വിഭാവനം ചെയ്ത സ്വാശ്രയഗ്രാമം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനു സഹകരണ മേഖലയുടെ വളർച്ചയിലൂടെ സാധിക്കും. ജനങ്ങളുടെ ഐക്യവും കൂട്ടായ പ്രവർത്തനവും ഈ സാഹചര്യങ്ങളൊരുക്കുന്നതിന് അനിവാര്യമാണ്. ഇന്നിന്റെ മുഖലക്ഷണമായി മാറിയിരിക്കുന്ന അഴിമതി ഈ രംഗത്തുനിന്നും നിർമ്മാർജനം ചെയ്യപ്പെടണം. ജനങ്ങളുടെ ഐക്യബോധത്തിലൂടെ സഹകരണമേഖലയെ കൈപിടിച്ചുയർത്താനും നാടിന്റെ വളർച്ചയ്ക്ക് വഴിയൊരുക്കാനും കഴിയുമെന്നു പ്രത്യാശിക്കാം. ●



# വിഭവസമാഹരണം

വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനം സ്വരൂപിക്കൽ അതിപ്രധാനമായ കാര്യമാണ്. പഞ്ചായത്തിന്റെ തനതു വരുമാനം കൂടാതെ ഉപാധിരഹിതഫണ്ടായും വിവിധ ഇനം ഗ്രാൻറുകളായും ലഭിക്കുന്ന തുകയും ഒൻപതാം പദ്ധതി വിഹിതമായി ലഭിക്കുന്ന തുകയും നമ്മുടെ പ്രദേശത്തെ ജനങ്ങളുടെ ആകെ അദ്ധ്വാനശേഷിയും വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഗുണഭോക്താക്കളുടെ വിഹിതമായി നീക്കിവയ്ക്കപ്പെടുന്ന തുകയും ഒട്ടാകെ പദ്ധതി കാലയളവിലെ നമ്മുടെ വികസനാവശ്യങ്ങൾക്കായി വിനിയോഗിക്കാനും ചിട്ടയായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വമ്പിച്ച നേട്ടങ്ങൾ കൈവരിക്കാനും നമുക്കു കഴിയും.

ജനങ്ങളുടെ പ്രധാന വരുമാന മേഖലകൾ കൃഷി, വ്യവസായം എന്നിവയാണ്. നെൽകൃഷിയോടു താല്പര്യം കുറഞ്ഞുവരുന്നതായും നാണ്യവിളകളിൽ റബ്ബറിനോടു താല്പര്യം ഏറിവരുന്നതായും കാണാം. പഞ്ചായത്തിന്റെ വ്യവസായ ഭൂപടത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് നിർണ്ണായക പ്രാധാന്യം ഉണ്ട്. സ്വകാര്യസംരംഭങ്ങളിൽ നിറപറ ഫ്ലവർമിൽ, നിറദീപം, മോഡേൺ റൈസ് മിൽ, കാനറാ പേപ്പർമിൽ തുടങ്ങിയവ മുന്നിട്ടു നില്ക്കുന്നു. കൂടുതൽ ശ്രദ്ധപതിപ്പിച്ചാൽ വ്യവസായിക രംഗത്ത് നമ്മുടെ പഞ്ചായത്തിന് ഗണ്യമായി മുന്നേറാൻ കഴിയും.

## പഞ്ചായത്തിൻെറ വരവ് (1995 - `96)

| ഇനം | ധനാഭ്യർത്ഥന |
|---|---|
| കെട്ടിടനികുതി | 3,53,265.00 |
| സർവ്വീസ് നികുതി | 1,30,763.00 |
| തൊഴിൽ നികുതി | 1,58,069.00 |
| ലൈസൻസ് ഫീസ് | 28,500.00 |
| വസ്തു കൈമാറ്റ നികുതി 75% | 2,00,000.00 |
| വസ്തു കൈമാറ്റ നികുതി 25% | 1,00,000.00 |
| മറ്റുഗ്രാൻറുകൾ | 7,00,000.00 |
| ഡെപ്പോസിറ്റ് | 15,000.00 |
| മറ്റുളളവ | 1,75,000.00 |
| ആകെ | 18,60,588.00 |

## ചെലവ്

| | |
|---|---|
| ഭരണം | 3,50,000.00 |
| പൊതുമരാമത്ത് | 5,01,234.00 |
| വിദ്യാഭ്യാസം | 5,000.00 |
| ജലവിതരണം, പൊതുജനാരോഗ്യം | 10,000.00 |
| തെരുവുവിളക്ക്, വൈദ്യുതി | 1,25,000.00 |
| മറ്റിനങ്ങൾ | 8,56,229.00 |
| ആകെ | 18,47,463.00 |

## *നിർദ്ദേശങ്ങൾ*

1. കെട്ടിടനികുതി നിശ്ചയിക്കുമ്പോൾ ബന്ധപ്പെട്ട നിയമം കർശനമായി പാലിച്ച് നികുതി ചുമത്തുക.
2. അടിസ്ഥാനനികുതി സെൻെറാന്നിന് 20 പൈസ എന്ന നിരക്കിൽ റവന്യു വകുപ്പു വഴിപിരിച്ച് പഞ്ചായത്തിനു ലഭ്യമാക്കുന്നത് വർദ്ധിപ്പിക്കുക.
3. ദേശീയ സമ്പാദ്യ പദ്ധതിയിൽ സമാഹരണ കാലയളവിൽ നിക്ഷേപിക്കപ്പെടുന്ന പണത്തിൻെറ 20% വികസനപ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകൾക്കു നല്കുന്ന സംവിധാനം എല്ലാകാലയളവിലേക്കും ബാധകമാക്കി നടപ്പാക്കുക.
4. ഇപ്പോൾ വ്യാപകമായി വരുന്ന കേബിൾ ടി.വി ഓപ്പറേറ്റർമാരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കണം. കൂടാതെ കണക്ഷനെടുക്കുന്ന വീട്ടുകാരിൽ നിന്നും കുറഞ്ഞത് 25 രൂപയെങ്കിലും വാർഷിക നികുതി ഈടാക്കണം.
5. തെരുവു വിളക്കുകൾക്ക് ഉപയോഗിക്കുന്ന കറണ്ടിനു മാത്രം ചാർജ്ജ് നല്കാൻ കഴിയുമാറ് പ്രത്യേക മീറ്റർ സംവിധാനം ഏർപ്പെടുത്തുക.
6. അറവുശാല നിർമ്മിച്ച് ലേലം ചെയ്യുക.
7. മാംസവില്പന ശാലകൾ സ്ഥാപിച്ചു നടത്തുന്നതിനുള്ള അവകാശം പ്രത്യേകം ലേലം ചെയ്തു നല്കുക.
8. വഴിയോരങ്ങളിൽ മത്സ്യകച്ചവടം നടത്തുന്നതു നിരോധിച്ച് ഇതിനായി പ്രത്യേക സ്ഥലം കണ്ടെത്തി ലേലം ചെയ്തു നല്കുക.
9. പഞ്ചായത്തിൽ ഒരു മാർക്കറ്റ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുക.
10. വിവാഹ റജിസ്ട്രേഷൻ സംബന്ധിച്ച് എല്ലാ മതവിഭാഗങ്ങൾക്കും ബാധകമായ നിയമനിർമ്മാണം നടത്തുക. വിവാഹരജിസ്ട്രേഷന് ഫീസ് ഈടാക്കുക.
11. അഞ്ചുലക്ഷം രൂപയിൽ കൂടുതൽ ചെലവുചെയ്തു നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അധികനികുതി ചുമത്തി അതിൽ നിന്നുള്ള വരുമാനം ഭവനനിർമ്മാണത്തിനായി നീക്കി വയ്ക്കുക.
12. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിപോലെ പഞ്ചായത്തു പ്രസിഡൻറിൻെറ ദുരിതാശ്വാസനിധി എന്ന പേരിൽ ജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ച് ഒരു നിധി രൂപീകരിക്കുക. പ്രസ്തുതനിധിയിൽ നിന്നും അടിയന്തിര സാഹചര്യങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്കു സഹായമെത്തിക്കുക.

# ഉപസംഹാരം

സമഗ്രജനകീയ ആവശ്യങ്ങളിൽ ഊന്നിനിന്ന് പഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് വിശേഷാൽ റിപ്പോർട്ടുരൂപത്തിൽ ക്രോഡീകരിച്ച് ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി ജീവിച്ചിരിക്കുന്ന പ്രായം ചെന്നവരിൽ നിന്ന് ശേഖരിച്ച വിവരങ്ങളും, അറിവുകളും, കൂട്ടിച്ചേർത്താണ് സാമൂഹ്യസാംസ്ക്കാരിക ചരിത്രം എന്ന അദ്ധ്യായം തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമപ്രവർത്തനങ്ങൾ, മെച്ചപ്പെട്ട ജീവിതനിലവാരം എന്നിവയിലെല്ലാം കേരളം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുൻപന്തിയിലാണ്. പക്ഷേ, തൊഴിലില്ലായ്മ, പാർപ്പിടം, എന്നീ അടിസ്ഥാന പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരുടെ എണ്ണം നമ്മുടെ സംസ്ഥാനത്ത് നാൾക്കുനാൾ ഏറിവരുന്നു. ഇതിനൊരു പരിഹാരം കാണേണ്ടിയിരിക്കുന്നു.

9-ാം പഞ്ചവത്സര പദ്ധതി ഇന്നലെ വരെയുള്ള എട്ടു പദ്ധതികളിൽ നിന്ന് പാടേ വ്യത്യസ്തമാണ്. ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിന്റേയും, ഭൂമിശാസ്ത്രപരമായ സവിശേഷതകളും, അവിടുത്തെ ജനവിഭാഗങ്ങളുടെ സാമൂഹ്യ, സാംസ്ക്കാരിക, സാമ്പത്തിക, വിദ്യാഭ്യാസ, തൊഴിൽ പരമായ അവസ്ഥയും വിഭിന്നങ്ങളാണ്. ജനങ്ങൾ അവരുടെ ആവശ്യങ്ങൾ കൂട്ടായിചർച്ച ചെയ്തു, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. അങ്ങനെ ജനങ്ങൾക്കു വേണ്ടി ജനങ്ങൾതന്നെ ആവശ്യങ്ങൾ നിരത്തുകയും, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും അതിനുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും, നിർവഹണം സാധിക്കുകയും ചെയ്യുക എന്നതാണ് ജനകീയാസൂത്രണ പദ്ധതിയുടെ ലക്ഷ്യം ഈ നവീനശൈലിയുടെ വിജയം സുനിശ്ചിതമാകുന്നത് ഗുണഭോക്താക്കളായ ജനങ്ങളുടെ സജീവമായ പങ്കാളിത്തത്തിലൂടെയാണ്. അധികാരം ജനങ്ങൾക്ക് എന്ന മുദ്രാവാക്യം കേരളത്തിൽ ത്രിതല പഞ്ചായത്തുകളുടെ സജീവമായ ഇടപെടലുകൾ വഴി സാർത്ഥമാകുമെന്നു നമുക്കു പ്രതീക്ഷിക്കാം. ഗ്രാമസ്വരാജ് എന്ന രാഷ്ട്രപിതാവിന്റെ സങ്കല്പം ഈ ബദൽ ശൈലിയിലൂടെ നമുക്കു യാഥാർത്ഥ്യമാക്കാം.।

## ഇത്രയും കൂടി.....

വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ടിന്റെ അവസാന പുറമാണിത്.
ഒട്ടനവധി ആളുകൾ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ
ഒറ്റയായും കൂട്ടായും നടത്തിയ അന്വേഷണ പഠനങ്ങളുടെ
ഏകദേശ ചിത്രം ഇതിലുണ്ട്.
കൈയെഴുത്തുകൾ അച്ചടി മഷിപുരട്ടികടലാസിലാക്കി
തുന്നിക്കൂട്ടിയെടുക്കാൻ ഏറെ അദ്ധ്വാനം വേണ്ടിവന്നു.
ഇതിനുവേണ്ടി ക്ലേശിച്ചവരും നൊമ്പരപ്പെട്ടവരും.....
അവരുടെ പേരെടുത്തു പറയേണ്ടതാണ്...
എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു.
വിവിധ വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ
പലതവണ വായിച്ചും തിരുത്തിയും പകർത്തിയും
രാവേറെ ക്ലേശിച്ച് പണിയെടുത്ത്
സമയ പരിമിതിയെ മറികടക്കാൻ ഞങ്ങൾ ശ്രമിച്ചു.
സമയം വലിയൊരു പ്രശ്നമായിരുന്നു.
അപൂർണ്ണതകളും കൈക്കുറ്റപ്പാടുകളും കണ്ടേക്കാം.
മനഃപൂർവ്വമല്ല അതെന്നെങ്കിലും ധരിക്കാനപേക്ഷ.
ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ
വരുംകാല പ്രവർത്തനങ്ങൾ ചിട്ടപ്പെടണം.
മരവിച്ച മലയാള മനസ്സിലും
മരുവല്ക്കരിക്കപ്പെടുന്ന മലയാള മണ്ണിലും
ഹരിതാഭ വിടർത്താനും പടർത്താനും
ജനകീയാസൂത്രണ പ്രസ്ഥാനത്തിനു കഴിയണം.
ഊഷരതകളിൽ നിന്ന് ഉർവ്വരതകളിലേക്കുള്ള
ഇരുട്ടിനപ്പുറം വെളിച്ചത്തിലേക്കുള്ള
പ്രയാണത്തിന്റെ ആരംഭമാകണം ഇത്
മഴമേഘങ്ങളുടെ സംഗീതവും
നക്ഷത്രങ്ങളുടെ പ്രകാശവും
ഈ യാത്രയിൽ
നമുക്കു കൂട്ടിനുണ്ടാവും.
തീർച്ച
അതു തിരിച്ചറിയുക—,
ആത്മാവിലേറ്റു വാങ്ങുക.....

ആശംസകളോടെ
സ്നേഹത്തോടെ
നന്ദിയോടെ

പത്രാധിപ സമിതി

## ജനകീയാസൂത്രണം-വിവിധ ഗ്രൂപ്പ് കൺവീനർമാർ.

1. ജോസുകുട്ടി വെള്ളേക്കളം – കൃഷി
2. ലോനപ്പൻ ചാലയ്ക്കൽ – വ്യവസായം
3. കെ. എം. മാമ്മൻ – കുടിവെള്ളം, പൊതുജനാരോഗ്യം
4. ഡി. അനിൽ കുമാർ – സംസ്കാരം
5. ജെയിംസ് പുത്തൻപുരയ്ക്കൽ – മൃഗസംരക്ഷണം
6. എ. ജെ. ജോർജ് ആലഞ്ചേരി – സഹകരണം
7. എൻ. ദാമോദരൻ – കോളനികൾ
8. പി. ഡി. പ്രസന്നകുമാർ – പാർപ്പിടം, സാമൂഹ്യക്ഷേമം
9. കെ. ഓ. ചാക്കോ – വിദ്യാഭ്യാസം
10. സി. ജി. രാമചന്ദ്രൻനായർ – ഗതാഗതം, ഊർജം
11. ആൻസമ്മ മാത്യു – വനിതാക്ഷേമം
12. എ. എം. തമ്പി – പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം.

## വികസന രേഖ തയാറാക്കാൻ സഹായിച്ചവർ

1. **കെ. ഓ. മാത്യു, കളപ്പുരക്കുന്നേൽ**
2. **മാത്യു മുളകുപ്പാടം**
3. **കെ. ഗോപിനാഥൻ, കാവാലംതുണ്ടിയിൽ**
4. **ജെയിംസ് വർഗ്ഗീസ് (റ്റോയി)**
5. **ആർ. നാരായണപിള്ള**
6. **വെരൂർ രാമകൃഷ്ണൻ**
7. **വി. കെ. കുട്ടപ്പൻ, വീ സദനം**
8. **ബിജു മുളകുപ്പാടം**
9. **കെ. ഓ. വർഗ്ഗീസ്, കാക്കനാട്**
10. **മറിയാമ്മ തോമസ്, കുത്തുകല്ലുങ്കൽ**
11. **പ്രൊഫ: ജെയിംസ് മണിമല** (എസ്. ബി. കോളജ്, മലയാളം വിഭാഗം).
12. **ഫിലിപ്പ് സെബാസ്റ്റ്യൻ, ചാലയ്ക്കൽ** (അസി. ഡയറക്ടർ റീ-സർവ്വേ, കോട്ടയം)

## പ്രവർത്തനങ്ങളിലെ മറ്റു സഹകാരികൾ

1. രാജീവ്. പി. കെ
2. ഗോപൻ ബീനാഭവൻ
3. പി. കെ. ഗംഗാധരപണിക്കർ
4. വി. സി. ജോസഫ് വലിയപറമ്പിൽ
5. കെ. എ. കുഞ്ഞു തമ്പാൻ
6. പി. വി. ജോസഫ് പാണ്ടിശേരി
7. കെ. സി. തോമസ് കിഴക്കേക്കുറ്റ്
8. ചാക്കോ സ്കറിയ
9. കെ. എൻ. കരുണാകരൻ
10. കെ. എ. തങ്കച്ചൻ
11. ടോം എൻ. ജെ. നേര്യമ്പറമ്പിൽ
12. രത്നമ്മ രാജു
13. ശാരദാമ്മാൾ
14. കെ. ആർ. തങ്കപ്പൻ
15. പി. കെ. ഗോപാലൻ
16. കുഞ്ഞുമോൾ ടോം
17. ഏലമ്മ മാറാട്ടുകളം
18. ഭാസ്കരൻ പാറപ്പറമ്പ്
19. വിശ്വനാഥൻ പി. ഡി. പ്ലാത്തറ
20. സിന്ധുമോൾ കുട്ടപ്പൻ
21. ഏത്സമ്മ മാത്യു
22. പി. വി. ഫ്രാൻസിസ്
23. ജേക്കബ് എം. പീറ്റർ
24. ഏലമ്മ ചെറിയാൻ
25. അമ്മിണിക്കുട്ടി രാജപ്പൻ
26. രാജപ്പൻ കോച്ചേരി.

## ഡി. ആർ. പി. മാർ

1. അഡ്വ. ജോസഫ് ഫിലിപ്പ് (ബ്ലോക്കു പഞ്ചാ. മെമ്പർ)
2. കെ. എ. എബ്രഹാം കാവിത്താഴെ (ഗ്രാമ പഞ്ചാ. മെമ്പർ)
3. തോമസ് ജോസഫ് നമ്പിമഠം "
4. സാബു സ്കറിയ "
5. അനിതാ സാബു "
6. പി. ആർ. വേദവ്യാസൻ
7. അന്ത്രയോസ് മാനാട്ടുകളം
8. എ. ജെ. സ്കറിയാ

## ഗ്രാമ പഞ്ചായത്ത് സ്റ്റാഫ്

1. കെ. ജി. സോമനാഥൻ നായർ (സെക്രട്ടറി)
2. പി. എസ്. തോമസ് (സൂപ്രണ്ട്)
3. കെ. ജെ. ജോസഫ്
4. പി. വി. രാജീവ്
5. എ. എസ്. സെയ്നബ ബീവി
6. പി. എം. രാധാകൃഷ്ണൻ
7. പി. എ. ഗോപിദാസ്
8. കെ. എസ്. മുഹമ്മദു ഷെറീഫ്
9. എൻ. ആർ. മുരളീധരൻ നായർ
10. സി. കെ. കുട്ടിയമ്മ
11. കെ. ശാന്തകുമാരി
12. കെ. ചെല്ലമ്മ
13. ജോസഫ് ജോൺ
14. എസ്. രമണി
15. സന്തോഷ് ജേക്കബ്
16. എൽ. ഒ. ബാബു.

## പഞ്ചായത്ത് ഉദ്യോഗസ്ഥർ



കേരളം വിളങ്ങുന്നു കോമളം
കേര വൃക്ഷക സങ്കുലം
സസ്യമേചക മേഖലാവൃതം
സഹ്യപർവത ലാളിതം
ഭൂവിലില്ലിതിൻ മീതെയൊരു
ഭൂവിഭാഗവും കാണുവാൻ
മാനനീയ ഗുണോജ്ജ്വലേ മമ
മാതൃഭൂവേ വിജയിക്കുക.

*Printed at cejo offset printers Changanacherry - 2 Ph. 0481 - 422932*